
# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 12**



*M.N. Ramaswamy Iyer Memorial Edition*


SRI RAM PUBLISHERS
North Village
MELARKODE - 678 703

# ശ്രീമദ് ഭാഗവതം

## ( പന്ത്രണ്ടാം സ്കന്ധം )

*(അന്വയക്രമ പരിഭാഷാസഹിതം)*

*By*


**S. V. PARAMESWARAN**

SAHITHYA SIROMANI

*സാഹിത്യ വിശാരദ*


**M. N. RAMASWAMY IYER MEMORIAL EDITION,**

Editor. M. R. NARASIMHAN


Published by:

**SRI RAM PUBLISHERS.**

**NORTH VILLAGE,**

**MELARKODE,**

**Pin - 678 703**

COPYRIGHT :-

**M. R. Narasimhan**

1st Edition
May 1993

**Price Rs. 650/- Per set**

*Distributors :*

Sree Guruvayoorappan
Sankeerthana Trust (Regd.)
Narayanalayam
Guruvayoor - 680 101

# പന്ത്രണ്ടാം സ്കന്ധം വിഷയാനുക്രമണികാ


1 കലിയുഗീയ രാജവംശവർണ്ണനം

2 കലിധർമ്മ നിരൂപണം, കല്ക്യവതാരസ്യ സമയഃ ച

3 ഭൂമിഗീതം കലിദോഷനിരാസോപായഃ
ഹരിനാമകീർത്തന മാഹാത്മ്യം

4 ചതുർവ്വിധ പ്രളയവർണ്ണനം

5 പരമാർത്ഥോപദേശേന പരീക്ഷിതോ ഭീതിനിവാരണം

6 പരീക്ഷിതോ ദേഹത്യാഗ

7 അഥർവ്വവേദ വിഭാഗഃ പുരാണലക്ഷണവർണ്ണനം ച

8 മാർക്കണ്ഡേയസ്യ തപസ്യാ തത്കൃത നരനാരായണ സ്തുതിശ്ച

9 മാർക്കണ്ഡേയകൃതം ഭഗവന്മായാ നിർമ്മിതമഹാപ്രളയ ലീലാദർശനം

10 മാർക്കണ്ഡേയായ ഭഗവത ശംകരസ്യ വരദാനം

11 സാംഗോപാംഗായുധസ്യ ഭഗവത സ്വരൂപവർണ്ണനം
സൂര്യവ്യൂഹവർണ്ണനം ച

12 ശ്രീമദ്ഭാഗവതോക്ത വിഷയാണാം സംക്ഷേപതോ വിവരണം

13 വിഭിന്നപുരാണാം ശ്ലോകസംഖ്യാ ശ്രീമദ് ഭാഗവത മഹത്വം ച

ഓം നമോ ഭഗവതേ വാസുദേവായ

# ശ്രീമദ് ഭാഗവതം ദ്വാദശസ്കന്ധം

## പന്ത്രണ്ടാം സ്കന്ധം 11, 12, 11

## പ്രഥമോദ്ധ്യായഃ

## ഒന്നാം അദ്ധ്യായം

തത്ര പ്രഥമേ ഭാവിമാർഗധാന്വയഭൂമിപാൻ
കലിഃ പ്രഭാവതഃ പ്രാഹ സംകരാദിമലീമസാൻ

ഈ പന്ത്രണ്ടാമത്തെ സ്കന്ധത്തിൽ പതിമൂന്ന അദ്ധ്യായങ്ങളിൽ സത്തായ് തോന്നുന്ന ഈ പ്രപഞ്ചത്തിന് ഈശ്വരൻ ആചാര്യനാകുന്നു എന്ന് പറയപ്പെടുന്നു. ആദ്യത്തെ ആറു അദ്ധ്യായങ്ങൾ ശ്രീ ശുകൻ പരീക്ഷിത്തിന് ഉപദേശിക്കുന്നതും ബാക്കിയെ സൂത പൌരാണികർ നൈമിശാരണ്യ വാസികൾക്ക് പല വിഷയങ്ങൾ ഉപദേശിക്കുന്നതും അവയിൽ ആദ്യത്തെ അദ്ധ്യായത്തിൽ കലിദോഷം കൊണ്ട് വർണ്ണസംകരം മുതലായവയാൽ മലിനമായ മഗധ വംശത്തിൽ വരാൻ പോകുന്ന രാജാക്കന്മാരെപ്പററി പറയുന്നു

രാജോവാച    രാജാവ് പറയുന്നു

1 സ്വധാമാനുഗതെ കൃഷ്ണെ യദുവംശ വിഭൂഷണെ
കസ്യവംശോ ഭവത് പൃഥ്വ്യാമേതദാചക്ഷ്വമേ മുനെ

| | | | |
|---|---|---|---|
| മുനെ | ഹെ മുനെ | പൃഥിവ്യാം | ഭൂമിയിൽ |
| യദുവംശവി-ഭൂഷണെ | യാദവകുലത്തിന് അലംകാരഭൂതനായ | കസ്യവംശഃ | ആരുടെ വംശം ആണ് |
| കൃഷ്ണേ | ശ്രീകൃഷ്ണഭഗവാൻ | അഭവത് | ഇരുന്നതു് |
| സ്വധാമാനു-ഗതെ | സ്വലോകത്തിലേക്ക് ചെന്നതിൽ പിന്നീട് | ഏതത് മെ | ഇതിനെ എനിക്ക് |
| | | ആചക്ഷ്വ | പറഞ്ഞാലും |

ശ്രീശുക ഉവാച    ശ്രീശുകൻ പറയുന്നു

2 യോऽന്ത്യഃ പുരഞ്ജയോ നാമ ഭവിഷ്യേ ബാർഹദ്രഥഃ!
തസ്യാമാത്യസ്തു ശുനകോ ഹത്വാ സ്വാമിനമാത്മജം "

3 പ്രദ്യോത സംജ്ഞം രാജാനം കർത്താ യത് പാലകഃ സുത !
വിശാഖയൂപസ്തത് പുത്രോ ഭവിതാ രാജകസ്തതഃ

| | | | |
|---|---|---|---|
| അന്ത്യഃ | അവസാനമായ് | പുരംജയഃ നാമ | പുരംജയൻ എന്ന |
| ബാരഹദ്രഥഃ ഭവിഷ്യഃ | ഭാവിയിൽ ബാരഹദ്രഥ വംശത്തിൽ ജനിക്കുവാൻ പോകുന്ന | യഃ | ഏതൊരു രാജാവു് ഉണ്ടായോ |
| | | തസ്യ | അവന്റെ |

## പന്ത്രണ്ടാം സ്കന്ധം ഒന്നാം അദ്ധ്യായം

| | | | |
|---|---|---|---|
| അമാത്യഃ | സചിവൻ | യത് സുതഃ | അവന്റെ പുത്രൻ |
| ശുനകഃ തു | ശുനകൻ | പാലകഃ | പാലകൻ എന്ന |
| സ്വാമിനം | രാജാവിനെ | തൽപുത്രഃ | അവന്റെ മകൻ |
| ഹത്വ | കൊന്ന് | വിശാഖയൂപഃ | വിശാഖയൂപൻ എന്ന |
| പ്രദ്യോത- | പ്രദ്യോതൻ എന്ന | തതഃ | അവനിൽ നിന്നും |
| സംജ്ഞം | പേരോടുകൂടിയ | | |
| ആത്മജം | തന്റെ മകനെ | രാജകഃ ജനിത | രാജകൻ എന്നറിയ- |
| രാജാനം | രാജാവായ് നിയമി | | പ്പെടുന്നവൻ ജനിക്കു |
| കർത്താ | ക്കുവാൻ പോകുന്നു | | വാൻ പോകുന്നു |

4 നന്ദിവർദ്ധനസ്തൽ പുത്രഃ പഞ്ചപ്രദ്യോതനാ ഇമെ
അഷ്ടത്രിംശോത്തരശതം ഭോക്ഷ്യന്തി പൃഥിവീം നൃപാഃ

| | | | |
|---|---|---|---|
| തത്പുത്രഃ | രാജകന്റെ പുത്രൻ | ഇമേ പഞ്ച | ഈ അഞ്ചു രാജാക്ക |
| | | നൃപഃ. | ന്മാരും |
| നന്ദിവർദ്ധനഃ | നന്ദിവർദ്ധനൻ എന്നവൻ | അഷ്ടത്രിം ശോത്തരം ശതം | 138 കൊല്ലങ്ങളോ |
| പ്രദ്യോതനാഃ | പ്രദ്യോതന്മാർ എന്നറിയപ്പെടുന്ന | പൃഥിവീം ഭോക്ഷ്യന്തി | ഭൂമിയെ പരിപാലിക്കുവാൻ പോകുന്നു.. |

5 ശിശുനാഗസ്തതോ ഭാവ്യഃ കാകവർണ്ണസ്തു തത്സുതഃ
ക്ഷേമധർമ്മാ തസ്യസുതഃ ക്ഷേത്രജ്ഞഃ ക്ഷേമധർമ്മജഃ

| | | | |
|---|---|---|---|
| തതഃ | അനന്തരം | ക്ഷേമധർമ്മാ | ക്ഷേമധർമ്മാ എന്നവൻ |
| ശിശുനാഗഃ | ശിശുനാഗൻ | | |
| ഭാവ്യഃ | രാജാവാകുവാൻ പോകുന്നു | തസ്യ സുതഃ | അവന്റെ മകൻ |
| | | ക്ഷേത്രജ്ഞഃ | ക്ഷേത്രജ്ഞൻ എന്ന- റിയപ്പെടുന്നവൻ |
| കാകവർണഃ തു | കാകവർണ്ണൻ എന്നറിയപ്പെടുന്ന | ക്ഷേമധർമ്മജഃ | ക്ഷേമധർമ്മന്റെ പുത്രൻ |
| തത്സുതഃ | അവന്റെ പുത്രൻ | | |

6 വിധിസാരഃ സുതസ്തസ്യാ ജാത ശത്രുർഭവിഷ്യതി
ദർഭകസ്തൽസുതോ ഭാവീ ദർഭകസ്യാജയഃ സ്മൃതഃ

| | | | |
|---|---|---|---|
| തസ്യ | ആ ക്ഷേത്രജ്ഞന്റെ | തത്സുതഃ | അവന്റെ പുത്രനായിട്ട് |
| സുതഃ | പുത്രൻ | ദർഭകഃ | ദർഭകൻ |
| വിധിസാരഃ | വിധിസാരൻ | ഭാവീ | ജനിക്കുവാൻ പോകുന്നു. |
| തസ്യ | വിധിസാരന്ന് | | |
| അജാതശത്രു | അജാത ശത്രു എന്ന് | അജയഃ | അജയൻ |
| ഭവിഷ്യതി | പുത്രൻ ജനിക്കുവാൻ പോകുന്നു | സ്മൃതഃ | എന്ന് അറിയ- പ്പെടുന്നു |

7 നന്ദിവർദ്ധന ആജേയോ മഹാനന്ദി സുതസ്തതഃ
ശിശുനാഗാ ദശൈവൈതേ ഷഷ്ട്യുത്തരശതത്രയം
സമാ ഭോക്ഷ്യന്തി പൃഥിവീം കുരുശ്രേഷ്ഠ കലൗ നൃപാഃ

| | |
|---|---|
| കുരുശ്രേഷ്ഠ | കൌരവന്മാരിൽ ശ്രേഷ്ഠനെ |
| ആജേയഃ | അജന്റെ പുത്രൻ |
| നന്ദിവർദ്ധനഃ | നന്ദിവർദ്ധനൻ |
| സുതഃ | അവന്റെ പുത്രൻ |
| മഹാനന്ദിഃ | മഹാനന്ദി |
| തനഃ | അങ്ങേപ്പോരം |
| ശിശുനാഗാഃ | ശിശുനാഗന്മാർ എന്നറിയപ്പെടുന്ന |
| ഏതേ ദശ നൃപാഃ ഏവ | ഈ പത്തു രാജാക്കന്മാർ തന്നെ |
| കലൌ | കലിയുഗത്തിൽ |
| ഷഷ്ട്യുത്തര ശതത്രയം | മുന്നൂററി അറുപത്ത് |
| സമാഃ | കൊല്ലങ്ങളാം |
| പൃഥിവീം ഭോക്ഷ്യന്തി | ഭൂപരിപാലനം ചെയ്യുവാൻപോകുന്നു |

8 മഹാനന്ദി സുതോ രാജൻ ശൂദ്രീഗർഭോൽഭവോ ബലീ 8
മഹാപദ്മപതിഃ കശ്ചിന്നന്ദഃ ക്ഷത്രവിനാശകൃത് !
തതോ നൃപാ ഭവിഷ്യന്തി ശൂദ്രപ്രായാസ്ത്വധാർമികാഃ 9

| | |
|---|---|
| രാജൻ | ഹേ രാജൻ |
| മഹാനന്ദിസുതഃ | മഹാനന്ദിയിൽ പുത്രനും |
| ശൂദ്രീഗർഭോൽഭവഃ | ശൂദ്രസ്ത്രീ ഗർഭത്തിൽ ജനിച്ചവനും |
| ബലീ | വളരെ ബലമുള്ളവനും |
| മഹാപദ്മ പതിഃ | മഹാപദ്മം എന്ന സംഖ്യക്കോ അല്ലെങ്കിൽ സേനക്കോ അധിപതിയായ |
| നന്ദഃ കശ്ചിത് | നന്ദൻ എന്ന ഒരുത്തൻ |
| ക്ഷത്രവിനാശകൃത് | ക്ഷത്രിയന്മാരെ നശിപ്പിക്കുവാൻ പോകുന്നു |
| തതഃ | അന്നു തുടങ്ങി |
| നൃപാഃ | രാജാക്കന്മാർ |
| ശൂദ്രപ്രായാഃ | ശൂദ്രന്മാരെപ്പോലെ |
| അധാർമ്മികാഃ | ധർമ്മരഹിതരായ് |
| ഭവിഷ്യന്തി | ഭവിക്കുവാൻ പോകുന്നു |

10 സ ഏകച്ഛത്രാം പൃഥിവീമനുല്ലംഘിത ശാസനഃ
ശാസിഷ്യതി മഹാപദ്മോ ദ്വിതീയ ഇവ ഭാർഗ്ഗവഃ!!

| | |
|---|---|
| മഹാപദ്മഃ | മഹാപത്മൻ എന്ന |
| സഃ | അവൻ |
| ദ്വിതീയഃ ഭാർഗ്ഗഃ ഇവ | രണ്ടാമത്തെ പരശുരാമൻ എന്നപോലെ |
| അനല്ലംഘിത ശാസന. | ആരും അവന്റെ കല്പനകളെ ഉല്ലംഘനം ചെയ്യാത്ത രൂപത്തിൽ |
| പൃഥിവീം | ഭൂമിയെ |
| ഏകച്ഛത്രതാം | ഏകച്ഛത്രാധിപതിയായി |
| ശാസിഷ്യതി | പരിപാലിക്കാൻ പോകുന്നു. |

11 തസ്യ ചാഷ്ടൌ ഭവിഷ്യന്തി സുമാല്യ പ്രമുഖാഃ സുതാഃ!
യ ഇമാം ഭോക്ഷ്യന്തി മഹീം രാജാനഃസ്മ ശതം സമാഃ!!

| | |
|---|---|
| തസ്യ ച | അവനും |
| സുമാല്യ-പ്രമുഖാഃ | സുമാല്യൻ മുതലായ |
| അഷ്ടൌ സുതാഃ | എട്ടു പുത്രന്മാർ |
| ഭവിഷ്യന്തി | ജനിക്കുവാൻ പോകുന്നു |
| യേ രാജാനഃ | ആ രാജാക്കന്മാർ |
| ശതം സമാഃ | 100 വർഷങ്ങളാം |
| ഇമാം മഹീം | ഈ ഭൂമിയെ |
| ഭോക്ഷ്യന്തിസ്മ | പാലിപ്പാൻ പോകുന്നു |

12 നവ നന്ദാൻ ദ്വിജഃ കശ്ചിത് പ്രപന്നാനുദ്ധരിഷ്യതി !
തേഷാമഭാവേ ജഗതീം മൌര്യാ ഭോക്ഷ്യന്തി വൈ കലൌ !!

| | | | |
|---|---|---|---|
| കശ്ചിത് ദ്വിജഃ | ചാണക്യൻ എന്ന) ഒരു ബ്രാഹ്മണൻ | തേഷാം അഭാവെ | അവർ മരിക്കുമ്പോൾ |
| പ്രപന്നാൻ | പ്രസിദ്ധന്മാരായ | കലൌ | കലിയുഗത്തിൽ |
| നവ നന്ദാൻ | പിതാവും എട്ടു പുത്രന്മാരുമായ നവനന്ദന്മാരേ | മൌര്യാഃ | മൌര്യന്മാർ |
| ഉദ്ധരിഷ്യതി | കൊല്ലുവാൻ പോകുന്നു | മഹീം | ഭൂമിയെ |
| | | ഭോക്ഷ്യന്തി– വൈഃ | പാലിക്കുവാൻ പോകുന്നു |

13 സ ഏവ ചന്ദ്രഗുപ്തം വൈ ദ്വിജോ രാജ്യേ ഭിഷേക്ഷ്യതി!
തൽസുതോ വാരിസാരസ്തു തതശ്ചാശോകവർദ്ധനഃ !!

| | | | |
|---|---|---|---|
| സ ഏവ ദ്വിജഃ | (ചാണക്യൻ എന്ന) ആ ബ്രാഹ്മണൻ തന്നെ | തൽസുതഃ തു | അവന്റെ പുത്രൻ |
| ചന്ദ്രഗുപ്തം | ചന്ദ്രഗുപ്തനെ | വാരിസാരഃ | വാരിസാരൻ |
| രാജ്യേ | രാജ്യത്തിൽ | തതഃ | അവന്റെ പുത്രൻ |
| അഭിഷേക്ഷ്യതി വൈ | പട്ടാഭിഷേകം ചെയ്യുവാൻ പോകുന്നു | അശോക– വർദ്ധനഃ | അശോകവർദ്ധനൻ |

14 സുയശാ ഭവിതാ തസ്യ സംഗതഃ സുയശഃ സുതഃ!
ശാലിശൂകസ്തതസ്തസ്യ സോമ ശർമ്മാ ഭവിഷ്യതി!!

| | | | |
|---|---|---|---|
| തസ്യ | അവന്ന് | തതഃ | അവനിൽ നിന്നും |
| സുയശാഃ | സുയശസ് എന്നവൻ | ശാലി ശൂകഃ | ശാലിശൂകനും |
| ജനിതാ | ജനിക്കുവാൻ പോകുന്നു | തസ്യ | ശാലിശൂകന്ന് |
| സംഗതഃ | സംഗതൻ | സോമശർമ്മാ | സോമശർമ്മാ എന്നവനും |
| സുയശസ്സുതഃ | സുയശസ്സിന്റെ പുത്രൻ | ഭവിഷ്യതി | ജനിക്കുവാൻ പോകുന്നു. |

15 ശത ധന്വ തതസ്തസ്യാ ഭവിതാ തത് ബൃഹദ്രഥഃ!
മൌര്യാ ഹ്യേതേ ദശ നൃപാഃ സപ്തത്രിംശച്ഛതോത്തരം !!
സമാഭോക്ഷ്യന്തി പൃഥിവീം കലൌ കുരുകുലോദ്വഹ !

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | ഏതേ ദശനൃപാഃ | ഉപര്യുക്തന്മാരായ 10 രാജാക്കന്മാർ |
| തസ്യ | അവന്ന് | കലൌ | കലിയുഗത്തിൽ |
| ശതധന്വാ | ശതധന്വൻ എന്നവനും | സപ്തത്രിംശച്ഛ തോത്തരം | നൂററിമുപ്പത്തി ഏഴ് |
| തത് | അവന്ന് | സമാഃ | കൊല്ലങ്ങളോളം |
| ബൃഹദ്രഥഃ | ബൃഹദ്രഥൻ എന്നവനും | പൃഥിവീം | ഭൂമിയെ |
| ഭവിഷ്യതി | ജനിക്കുവാൻ പോകുന്നു | ഭോക്ഷ്യന്തിഹി | പരിപാലിക്കുവാൻ പോകുന്നു |
| കുരുകുലോദ്വഹ | ഹേ കുരുശ്രേഷ്ഠനെ! | | |
| മൌര്യാഃ | മുരവംശത്തിൽ ജനിച്ച | | |

പ്രകൃത്തിൽ ഒമ്പതു മൌര്യന്മാരുടെ പേരുകൾ മാത്രമേ പറയപ്പെട്ടിട്ടുള്ളു എങ്കിലും വിഷ്ണുപുരാണത്തിൽ പരാശരൻ അഞ്ചാമതായി പറഞ്ഞ സംഗത പുത്രനും ദശരഥനും കൂടി പത്തു് എന്നറിയേണ്ടതാകുന്നു.

16 ഹത്വാ ബൃഹദ്രഥം മൌര്യം തസ്യ സേനാപതിഃ കലൌ
പുഷ്പമിത്രസ്തു ശുംഗാഹ്വഃ സ്വയംരാജ്യം കരിഷ്യതി.

| | | | |
|---|---|---|---|
| കലൌ | കലിയുഗത്തിൽ | ശുംഗാഹ്വഃ പുഷ്പമിത്രഃ | ശുംഗവംശജനായ പുഷ്പമിത്രൻ |
| ബൃഹദ്രഥം | ബൃഹദ്രഥൻ എന്ന | | |
| മൌര്യം | മൌര്യനെ | | |
| ഹത്വാ | കൊന്നു് | സ്വയം | താൻതന്നെ |
| തസ്യ സേനാ പതിഃ | അവന്റെ (ബൃഹദ്രഥന്റെ) സേനാപതിയായ | രാജ്യം കരിഷ്യതി | രാജ്യം പരിപാലിക്കാൻ പോകുന്നു |

16 അഗ്നിമിത്രസ്തതസ്തസ്മാത് സുജ്യേഷ്ഠോഥ ഭവിഷ്യതി

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | തസ്മാത് | അവനിൽ നിന്നു് |
| അഗ്നിമിത്രഃ | അഗ്നിമിത്രൻ രാജാവാകുവാൻ പോകുന്നു | സുജ്യേഷ്ഠഃ | സുജ്യേഷ്ഠൻ |
| | | ഭവിഷ്യതി | ജനിക്കുവാൻ പോകുന്നു. |
| അഥ | അതിനുശേഷം | | |

17 വസുമിത്രോ ഭദ്രകശ്ച പുലിന്ദോ ഭവിതാ തതഃ
തതോ ഘോഷാ സുതസ്തസ്മാത് വജ്രമിത്രോ ഭവിഷ്യതി!!

| | | | |
|---|---|---|---|
| തതഃ | അവന്നു് | തതഃ സുതഃ | അവന്റെ പുത്രൻ |
| വസുമിത്രഃ | വസുമിത്രനും | ഘോഷഃ | ഘോഷൻ |
| ഭദ്രകഃ | ഇവന്റെ പുത്രൻ ഭദ്രകനും | തസ്മാത് | അവനിൽ നിന്നു് |
| പുളിന്ദഃ ച | അവന്റെ പുത്രൻ പുളിന്ദനും | വജ്രമിത്രഃ | വജ്രമിത്രൻ |
| ഭവിഷ്യതി | ജനിക്കുവാൻ പോകുന്നു | ഭവിഷ്യതി | ജനിക്കുവാൻ പോകുന്നു. |

18 തതോ ഭാഗവതസ്തസ്മാ ദ്ദേവഭൂതിരിതി ശ്രുതഃ
ശുംഗാ ദശൈതേ ഭോക്ഷ്യന്തി ഭൂമിം വർഷശതാധികം

| | | | |
|---|---|---|---|
| തതഃ | അവന്നു് | ശുംഗാഃ | ശുംഗന്മാർ എന്നു് |
| ഭാഗവതഃ | ഭാഗവതൻ പുത്രൻ | 1 ഏതേദശ | ഈ പത്തു വ്യക്തികൾ |
| തസ്മാത് | അവനിൽ നിന്നു് | | |
| ദേവഭൂതിഃ ഇതി | ദേവഭൂതി എന്ന ഒരുവൻ | വർഷശതാധികം | ഒരു കൊല്ലങ്ങളിലധികം |
| ശ്രുതഃ | പ്രസിദ്ധിയോടുകൂടി ജനിക്കുവാൻ പോകുന്നു | ഭൂമിം ഭോക്ഷ്യന്തി | ഭൂമിയെ പരിപാലിക്കുവാൻ പോകുന്നു |

## പന്ത്രണ്ടാം സ്കന്ധം ഒന്നാം അദ്ധ്യായം

1 ബൃഹദ്രഥന്റെ സേനാധിപതിയായ പുഷ്പമിത്രൻ രാജാവിനെ കൊന്നു് സ്വയം രാജാവാകുവാൻ പോകുന്നു അവൻ ശുംഗന്മാരിൽ ആദ്യൻ ആകുന്നു. അവന്റെ പുത്രന്മാർ അഗ്നിമിത്ര പ്രഭൃതികൾ അവനേയും ചേർത്തു് അവർ പത്തുപേർ.

19 തതഃ കണ്വാനിയം ഭൂമിര്യാസ്യത്യൽപ്പഗുണാന്നൃപ
ശുംഗം ഹത്വാ ദേവഭൂതിം കണ്വോഽമാത്യസ്തു കാമിനം!!

20 സ്വയം കരിഷ്യതേ രാജ്യം വസുദേവോ മഹാമതിഃ !
തസ്യ പുത്രസ്തു ഭൂമിത്രസ്തസ്യ നാരായണഃ സുതഃ!

| | | | |
|---|---|---|---|
| നൃപ | രാജൻ | മഹാമതിഃ | വളരെ ബുദ്ധിമാനും |
| തതഃ | തദനന്തരം | അമാത്യഃ | മന്ത്രിയുമായ |
| ഇയം ഭൂമിഃ | ഈ ഭൂമി | വസുദേവഃ | വസുദേവൻ എന്നു് |
| അല്പഗുണാൻ | അല്പഗുണങ്ങളോടു കൂടിയ | കണ്വഃ | കണ്വൻ |
| കണ്വാൻ | കണ്വന്മാരെ പ്രാപിക്കുവാൻ പോകുന്നു | സ്വയം തു | താൻതന്നെ |
| | | രാജ്യം കരിഷ്യതേ | രാജ്യം ഭരിക്കുവാൻ പോകുന്നു |
| കാമിനം | പരസ്ത്രീലോലനായ | തസ്യ പുത്രഃ ഇ | അവന്റെ പുത്രൻ |
| ദേവഭൂതിം | ദേവഭൂതി എന്ന | ഭൂമിത്രഃ | ഭൂമിത്രൻ |
| ശുംഗം ഹത്വാ | ശുംഗനെ കൊന്നു് | തസ്യ സുതഃ | അവന്റെ മകൻ |
| | | നാരായണഃ | നാരായണൻ |

21 കണ്വായനാ ഇമേ ഭൂമിം ചത്വാരിംശച്ച പഞ്ച ച !
ശതാനി ത്രീണി ഭോക്ഷ്യന്തി വർഷാണാം ച കലൌ യുഗേ

| | | | |
|---|---|---|---|
| ഇമേ | വാസുദേവൻ മുതലായ | വർഷാണി ത്രീണി ശതാനി ച ചത്വാരിംശത് ച പഞ്ച ച | മുന്നൂററി നാൽപ്പത്തി അഞ്ചു കൊല്ലങ്ങൾ |
| കണ്വായനാഃ | കണ്വവംശജന്മാർ | | |
| കലൌ യുഗേ | കലിയുഗത്തിൽ | ഭൂമിം ഭോക്ഷ്യന്തി | ഭൂഭാരം ചെയ്യാൻ പോകുന്നു |

22 ഹത്വാ കാണ്വം സുശർമ്മാണം തദ്ഭൃത്യോ വൃഷലോ ബലീ!
ഗാം ഭോക്ഷ്യത്യന്ധ്രജാതീയഃ കഞ്ചിത്കാലമസത്തമഃ!!

| | | | |
|---|---|---|---|
| കണ്വം | കണ്വവംശത്തിൽ ജനിച്ച | അസത്തമഃ | വളരെ ദുഷ്ടനും |
| സുശർമ്മാണം | സുശർമ്മാ എന്നവൻ | വൃഷലഃ | ഒരു വൃഷലൻ |
| തദ്ഭൃത്യഃ | അവന്റെ സേവകനും | കഞ്ചിത് കാലം | ചില ദിവസങ്ങൾ |
| ബലീ | ബലിഷ്ഠനും | | |
| ആന്ധ്രജാതീയഃ | ആന്ധ്രജാതിയിൽ ജനിച്ചവനും | ഗാം ഭോക്ഷ്യതി | ഭൂമിയെ ഭരിക്കുവാൻ പോകുന്നു |

സുശർമ്മാ എന്ന വ്യക്തി കണ്വന്മാരിൽ നാലാമത്തെ രാജാവാകുന്നു.

23 കൃഷ്ണനാമാഥ തത്ഭ്രാതാ ഭവിതാപൃഥിവീ പതിഃ!
ശ്രീശാന്തകർണ്ണസ്തത് പുത്രഃ പൌർണ്ണമാസസ്തു തൽസുതഃ!!

| | | | |
|---|---|---|---|
| അഥ | അതിനുശേഷം | തത് പുത്രഃ | അവന്റെ മകൻ |
| കൃഷ്ണനാമാ | കൃഷ്ണൻ എന്ന പേരായ | ശ്രീ ശാന്ത കർണ്ണഃ | ശ്രീ ശാന്തകർണ്ണൻ |
| തത് ഭ്രാതാ | അവന്റെ അനുജൻ | ഇതത്സുതഃ | അവന്റെ മകൻ |
| പൃഥിവീ പതിഃ ഭവിതാ | രാജാവാകുവാൻ പോകുന്നു | പൌർണ്ണമാസഃ | പൌർണ്ണമാസൻ |

24 ലംബോദരസ്തു തത് പുത്രസ്തസ്മാച്ചിബിലകോ നൃപഃ!
മേഘസ്വാതി ശ്ചിബിലകാദട്ടമാനസ്തു തസ്യ ച !!

| | | | |
|---|---|---|---|
| തത് പുത്രഃ തു | അവന്റെ പുത്രൻ | ചിബില- കാത് ച | ചിബിലകന്നു ശേഷം |
| ലംബോദരഃ | ലംബോദരൻ | മേഘസ്വാതിഃ | മേഘസ്വാതി എന്ന രാജാവ് |
| തസ്മാത് | അവന്നു പിന്നീട് | തസ്യ തു | അവന്റെ പുത്രൻ |
| ചിബിലകഃ | ചിബിലകൻ എന്നവൻ | അടമാനഃ | അടമാനൻ |
| നൃപഃ | രാജാവ് | | |

25 അനിഷ്ടകർമ്മാ ഹാലേയസ്തലകസ്തസ്യ ചാത്മജഃ !
പുരീഷഭീരുസ്തത് പുത്രസ്തതോരാജാ സുനന്ദനഃ!!

| | | | |
|---|---|---|---|
| അനിഷ്ടകർമ്മാ | അടമാനന്റെ സുതൻ അനിഷ്ഠകർമ്മാ | തലകഃ | തലകൻ |
| ഹാലേയഃ | അവന്റെ പുത്രൻ ഹാലേയൻ | തത് പുത്രഃ | അവന്റെ പുത്രൻ |
| തസ്യ ആത്മജഃ ച | അവന്റെ പുത്രൻ | പുരിഷഭീരുഃ | പുരിഷഭീരു |
| | | തതഃ | അവന്നു പിന്നീട് |
| | | സുനന്ദനഃ | സുനന്ദനൻ എന്നവൻ |
| | | രാജാ | രാജാവായ് ഭവിക്കും |

26 ചകോരോ ബഹവോയത്ര ശിവസ്വാതിരരിന്ദമഃ !
തസ്യാപി ഗോമതീ പുത്രഃ പുരീമാൻ ഭവിതാ തതഃ!!

| | | | |
|---|---|---|---|
| ചാകോരഃ | സുനന്ദനന്റെ പുത്രൻ "ചാകോരൻ" | തസ്യാപി | അവന്നും |
| ബഹവഃ | അവന്നു പല നാമധേയങ്ങളോടു കൂടിയ എട്ടു പുത്രന്മാർ ജനിക്കുവാൻ പോകുന്നു | ഗോമതീ പുത്രഃ | ഗോമതീ എന്ന പുത്രൻ ജനിക്കുവാൻ പോകുന്നു |
| യത്ര | അവരിൽ വെച്ച് | തതഃ | അവനിൽ നിന്നു് |
| അരിന്ദമഃ | ശത്രുക്കളെ ജയിക്കുന്ന | പുരീമാൻ | പുരീമാൻ എന്ന വ്യക്തി |
| ശിവസ്വാതി | ശിവസ്വാതി എന്ന ഒടുവിലത്തെ പുത്രൻ | ഭവിതാ | ജനിക്കുവാൻ പോകുന്നു. |

27 മേഘശിരാഃ ശിവസ്കന്ദോ യജ്ഞശ്രീസ്തൽസുതസ്തതഃ
വിജയസ്തത്സുതോ ഭാവ്യശ്ചന്ദ്രവിജ്ഞഃ സലോമധിഃ!!

| | | | |
|---|---|---|---|
| തൽസുതഃ | അവന്റെ പുത്രൻ | തൽസുതഃ | അവന്റെ പുത്രൻ |
| മേഘശിരാഃ | മേഘശിരസ് എന്നവൻ | വിജയഃ | വിജയൻ |
| ശിവസ്കന്ദഃ | ശിവസ്കന്ദൻ | സലോമധിഃ | ലോമധിയോടുകൂടി |
| തതഃ | അവന്റെ പുത്രൻ | ചന്ദ്രവിജ്ഞഃ | ചന്ദ്രവിജ്ഞൻ |
| യജ്ഞശ്രീഃ | യജ്ഞശ്രീ എന്നവൻ | ഭവ്യ | അവന്റെ പുത്രനായ് ജനിക്കുവാൻ പോകുന്നു |

28 ഏതേ ത്രിംശന്നൃപതയശ്ചത്വാര്യബ്ദ ശതാനി ച!
ഷട് പഞ്ചാശച്ച പൃഥിവീം ഭോക്ഷ്യന്തി കുരുനന്ദന

| | | | |
|---|---|---|---|
| കുരുനന്ദന | കുരുവംശജന്മാരെ ആനന്ദിപ്പിക്കുന്നവനേ | ചത്വാരി അബ്ദശതാനി ഷട്പഞ്ചാശത് ച | നാനൂറ്റി അമ്പത്താറു കൊല്ലങ്ങളും അവസാനം വരെ |
| ഏതേ ത്രിംശത് നൃപതയഃ ച | ഈ മുപ്പതു രാജാക്കന്മാരും | പൃഥിവീം | ഇദിയെ |
| | | ഭോക്ഷ്യന്തി | പരിപാലിക്കുവാൻ പോകുന്നു. |

29 സപ്താഭീരാ ആവഭൃത്യാ ദശഗർദഭിനോ നൃപാഃ
കംകാഃ ഷോഡശഭൂപാലാ ഭവിഷ്യന്ത്യതിലോലുപാഃ

| | | | |
|---|---|---|---|
| ആവഭൃത്യാഃ | അവഭൃതി നഗരവാസികളായ | ഷോഡശ | പതിനാറു |
| സപ്ത ആഭീരാഃ | ഏഴ് ആഭീരന്മാരും | കംകാഃ | കാകന്മാർ എന്ന |
| കർദഭിനഃ | കർദഭികൾ എന്ന | | |
| ദശ നൃപാഃ | പത്തുരാജാക്കന്മാരും | ഭൂപാലാഃ | രാജാക്കന്മാർ |
| അതിലോലുപാഃ | വളരെ ചഞ്ചലചിത്തന്മാരായ | ഭവിഷ്യന്തി | ഉണ്ടാകുവാൻ പോകുന്നു |

30 തതോഷ്ടൗ യവനാ ഭാവ്യാശ്ചതുർദശ ഇരുഷ്കകാഃ
ഭൂയോ ദശ ഗുരുണ്ഡാശ്ച മൗനാ ഏകാദശൈവതു

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | ദശഗുരുണ്ഡശ്ച | പത്തു ഗുരുണ്ഡന്മാരും |
| അഷ്ടൗ യവനാഃ | എട്ട് യവനന്മാരും | ഏകാദശ | പതിനൊന്ന് |
| ചതുർദശ ഇരുഷ്കകാഃ | പതിനാല് ഇരുഷ്കന്മാരും | മൗനാഃ ഏവ തു | മൗനന്മാരും |
| ഭൂയഃ | അല്ലാതെ | ഭവ്യാഃ | ഭവിക്കുന്നതാകുന്നു. |

31 ഏതേ ഭോക്ഷ്യന്തി പൃഥിവീം ദശവർഷശതാനി ച
നവാധികാം ച നവതിം മൗനാ ഏകാദശക്ഷിതിം

32 ഭോക്ഷ്യന്ത്യബ്ദശതാന്യംഗ ത്രീണി തൈഃ സംസ്ഥിതേ തതഃ
കിലികിലായാം നൃപതയോ ഭൂതനന്ദോഽഥ വംഗിരിഃ !!

33 ശിശുനന്ദിശ്ച തത്ഭ്രാതാ യശോനന്ദിഃ പ്രവീരകഃ
ഇത്യേതേവൈ വർഷശതം ഭവിഷ്യന്ത്യധികാനിഷ്ട് !!

| | |
|---|---|
| അംഗ | ഹേ രാജൻ |
| ഏതേ | ഇവർ (മൌന അസുരർ) |
| ദശവർഷ- ശതാനി ച നവാധികാം- നവതി ച | ആയിരത്തി തൊള്ളായിരത്തി തൊന്നൂററൊമ്പതു കൊല്ലങ്ങളം |
| പൃഥിവീം- ഭോക്ഷ്യന്തി | ഭൂമിയെ പരിപാലിപ്പാൻ പോകുന്നു |
| ഏകാദശ മൌനാ ത്രീണി അബ്ദശതാനി | പതിനൊന്നു മൌനന്മാർ മൂന്നൂറു കൊല്ലങ്ങളം |
| ക്ഷിതിം ഭോക്ഷ്യന്തി | ഭൂപാലനം ചെയ്യുവാൻ പോകുന്നു |
| തൈഃ സംസ്ഥിതേ തതഃ | അവരുടെ മരണാനന്തരം |

| | |
|---|---|
| കിലി കിലായാം | കിലികില എന്ന നഗരത്തിൽ |
| ഭൂത നന്ദഃ | ഭൂതനന്ദനും |
| അഥവംഗിരിഃ | പിന്നീട് വംഗിരിയും |
| ശിശു നന്ദിഃ ച | ശിശു നന്ദിയും |
| തത് ഭ്രാതാ | അവന്റെ സഹോദരനായ |
| യശോനന്തിഃ | യശോനന്തിയും |
| പ്രവീരകഃ ഇതി | പ്രവീരകൻ എന്ന |
| ഏതെ | ഇവർ |
| വർഷശതം അധികാനി ഷട് വൈ | നൂററാറു കൊല്ലങ്ങളം |
| നൃപതയഃ ഭവിഷ്യന്തി | രാജ്യം ഭരിക്കുവാൻ പോകുന്നു |

34 തേഷാം ത്രയോദശ സുതാ ഭവിതാരശ്ച വാഹ്ലികാഃ!
പുഷ്പമിത്രോഽഥ രാജന്യോ ദുർമ്മിത്രോഽസ്യ തഥൈവ ച

35 ഏക കാലാ ഇമെ ഭൂപാഃ സപ്താന്ധ്രാഃ സപ്തകോസലാഃ
വിദൂര പതയോ ഭാവ്യാ നിഷധാസ്തത ഏവ ഹി!!

| | |
|---|---|
| തേഷാം | ആ ഭൂതനന്ദൻ മുതലായവർക്ക് |
| വാഹ്ലികാഃ | വാഹ്ലികന്മാർ എന്നു പ്രസിദ്ധരായ |
| ത്രയോ ദശ സുതാഃ ച | പതിമൂന്നുപുത്രന്മാർ |
| ഭവിതാരഃ | ജനിക്കുവാൻ പോകുന്നു |
| അഥ | അതിനുശേഷം |
| പുഷ്പമിത്രഃ | പുഷ്പമിത്രൻ എന്ന |
| രാജന്യഃ | ഒരു രാജാവു് വരാൻ പോകുന്നു |
| അസ്യ ച | അവന്റെ പുത്രൻ |
| ദുർമിത്രഃ | ദുർമിത്രൻ എന്നവൻ |

| | |
|---|---|
| തഥാ ഏവ | അപ്രകാരം തന്നെ |
| തതഃ ഏവ | ആ വാഹ്ലികന്മാർക്കു ശേഷം |
| സപ്ത ആന്ധ്രാഃ | ഏഴു തെലുങ്കു ദേശ രാജാക്കന്മാരും |
| സപ്ത കോസലാഃ | ഏഴു കോസല ദേശ രാജാക്കന്മാരും |
| വിദൂരപതയഃ | വിദൂരദേശ രാജാക്കന്മാരും |
| നിഷധാഃ | നിഷധ ദേശ രാജാക്കന്മാരും ആയ |
| ഏതേ ഹി | ഇവർ എല്ലാവരും |
| ഏക കാലാഃ ഭൂപാഃ | ഒരേ കാലത്തിൽ രാജാക്കന്മാരായ് |
| ഭവ്യാഃ | ഭവിക്കുന്നതാകുന്നു. |

36 മാഗധാനാം തു ഭവിതാ വിശ്വസ്ഫൂർജിഃ പുരഞ്ജയഃ
കരിഷ്യത്യപരോ വർണാൻ പുളിന്ദയദു മദ്രകാൻ!!

| | |
|---|---|
| മാഗധാനാം | മഗധദേശത്തിന്ന് |
| വിശ്വസ്ഫൂർജിഃ | വിശ്വസ്ഫൂർജി എന്നവൻ |
| ഭവിതാ | രാജാവാകുവാൻ പോകുന്നു |
| അപരഃ | പൂർവ്വോക്ത വ്യക്തിയേക്കാൾ അന്യനായ |
| പുരഞ്ജയഃ | പുരഞ്ജയൻ എന്നു പ്രസിദ്ധനായ അവൻ |
| വർണാൻ | ബ്രാഹ്മണർ മുതലായ ജാതിക്കാരെ |
| പുളിന്ദയദു മദ്രകാൻ | പുളിന്ദന്മാർ, യാദവന്മാർ മദ്രകന്മാർ എന്നറിയപ്പെടുന്ന മ്ലേച്ഛന്മാർക്ക് സമമായ് |
| കരിഷ്യതി | ചെയ്യുന്നതാകുന്നു |

37 പ്രജാശ്ചാബ്രഹ്മഭൂയിഷ്ഠാഃ സ്ഥാപയിഷ്യതി ദുർമ്മതിഃ
വീര്യവാൻ ക്ഷത്രമുത്സാദ്യ പദ്മവത്യാം സ വൈ പുരി
അനുഗംഗാമാപ്രയാഗം ഗുപ്താം ഭോക്ഷ്യതിമേദിനീം!

| | |
|---|---|
| ദുർമ്മതിഃ | ദുഷ്ട ബുദ്ധിയായ അവൻ |
| ആബ്രഹ്മ ഭൂയിഷ്ഠാഃ | ഏറ്റക്കുറെ വർണത്രയ രഹിതന്മാരായ് ത്തന്നെ |
| പ്രജാഃ | പ്രജകളെ |
| സ്ഥാപയിഷ്യന്തി ച | പരിപാലിക്കുവാൻ പോകുന്നു |
| വീര്യവാൻ | വീര്യവാനായ |
| സഃ | അവൻ |
| ക്ഷത്രം ഉത്സാദ്യ | ക്ഷത്രിയരെ നാശം ചെയ്ത് |
| പദ്മ വന്യാം പുരി | പദ്മവതി എന്നു പട്ടണത്തിൽ വസിച്ചുകൊണ്ട് |
| അനുഗംഗാം | ഗംഗാദ്വാരം തുടങ്ങി |
| ആ പ്രയാഗം | പ്രയാഗം വരെ |
| ഗുപ്താം | രക്ഷിക്കപ്പെട്ട |
| മേദിനീം ഭോക്ഷ്യതി | ഭൂപരിപാലനം ചെയ്യുവാൻ പോകുന്നു |

38 സൌരാഷ്ട്രാവന്ത്യാഭീരാശ്ച ശൂരാ അർബുദമാളവാഃ
വ്രാത്യാ ദ്വിജാ ഭവിഷ്യന്തി ശൂദ്രപ്രായാ ജനാധിപാഃ

| | |
|---|---|
| സൌരാഷ്ട്രാ-വന്ത്യാ ഭീരാഃ | സൌരാഷ്ട്രം, ആഭീരം അവന്തി എന്ന ദേശങ്ങളിൽ ജനിച്ചവരും |
| ശൂരാഃ | ശൂരദേശത്തിൽ ജനിച്ചവരും |
| അർബുദ മാലവാഃ | അർബുദം, മാലവം, എന്ന ദേശങ്ങളിൽ ജനിച്ചവരുമായ |
| ദ്വിജാഃ | ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ |
| വ്രാത്യാഃ | ഉപനയനം മുതലായ സംസ്കാരരഹിതരായും |
| ജനാധിപാഃ | രാജാക്കന്മാർ |
| ശൂദ്രപ്രായാഃ ച | മിക്കവാറും ശൂദ്രന്മാരായിട്ടും |
| ഭവിഷ്യതി | ഭവിക്കുവാൻ പോകുന്നു. |

39 സിന്ധോസ്തടം ചന്ദ്രഭാഗാം കൌന്തീം കാശ്മീരമണ്ഡലം
ഭോക്ഷ്യന്തി ശൂദ്രാവ്രാത്യാദ്യാ മ്ലേച്ഛാശ്ചാബ്രഹ്മവർചസഃ

| | |
|---|---|
| അബ്രഹ്മ വർച്ചസഃ | വേദാചാര ശൂന്യന്മാരും |
| വ്രാത്യാദ്യാഃ | വ്രാത്യന്മാർ മുതലായവരുമായ |
| ശൂദ്രാഃ | ശൂദ്രന്മാരും |
| മ്ലേച്ഛാഃ ച | മ്ലേച്ഛന്മാരും |
| സിന്ധോഃ തടം | സിന്ധുനദിക്കരയേയും |
| ചന്ദ്രഭാഗാം | ചന്ദ്രഭാഗാ എന്ന നദിയേയും |
| കൗന്തീം | കൗന്തീ നഗരത്തിനേയും |
| കാശ്മീര മണ്ഡലം | കാശ്മീര ദേശത്തിനേയും |
| ഭോക്ഷ്യന്തി | പരിപാലിക്കുവാൻ പോകുന്നു |

40 തുല്യകാലാ ഇമേ രാജൻ മ്ലേച്ഛപ്രായാശ്ച ഭൂഭൃതഃ
ഏതേ ഽധർമ്മാനൃതപരാഃ ഫൽഗുദാസ്തീവ്രമന്യവഃ

| | |
|---|---|
| രാജൻ | ഹേ രാജാവേ! |
| മ്ലേച്ഛപ്രായാഃ | മിക്കവാറും മ്ലേച്ഛന്മാരായ |
| ഇമേ ഭൂഭൃതഃ | ഈ രാജാക്കന്മാർ |
| തുല്യകാലാഃ | ഒരേ സമയം ജീവിച്ചിരിക്കുവാൻ പോകുന്നു |
| ഏതേ | ഇവർ |
| അധർമ്മാനൃത പരാഃ | അധർമ്മിഷ്ഠരും, അസത്യവാന്മാരും |
| ഫൽഗുദാഃ | സ്വല്പദാതാക്കന്മാരും |
| തീവ്രമന്യവഃ | ഉഗ്രകോപിഷ്ഠന്മാരായും |

41 സ്ത്രീബാലഗോദ്വിജഘ്നാശ്ച പരദാരധനാദൃതാഃ
ഉദിതാസ്തമിത പ്രായാ അൽപസത്വാല്പകായുഷഃ

| | |
|---|---|
| സ്ത്രീബാലഗോ ദ്വിജഘ്നഃ | സ്ത്രീകളേയും, ശിശുക്കളേയും പശുക്കളേയും ത്രൈവർണ്ണികരേയും കൊല്ലുന്നവരായും |
| പരദാരധനാ ദൃതാഃ | പരദാരങ്ങളിൽ ഇച്ഛയുള്ളവരായും പരദ്രവ്യേച്ഛുക്കളായും |
| ഉദിതാസ്തമിത പ്രായാഃ | സുഖദുഃഖ പൂരിതരായും |
| അല്പസത്വാല്പ കായുഷഃ | അല്പബലിഷ്ഠരായും അല്പായുസ്സുള്ളവരായിട്ടും ഇരിക്കുന്നതാകുന്നു |

42 അസംസ്കൃതാഃ ക്രിയാ ഹീനാ രജസാ തമസാ ഽവൃതാഃ
പ്രജാസ്തേ ഭക്ഷയിഷ്യന്തി മ്ലേച്ഛാ രാജന്യ രൂപിണഃ

| | |
|---|---|
| അസംസ്കൃതാഃ | ഗർഭാദാനാദി സംസ്കാര രഹിതന്മാരും |
| ക്രിയാഹീനാഃ | ക്രിയാഹീനന്മാരും |
| രജസാ തമസാ | രജോ തമോ ഗുണങ്ങളാൽ |
| ആവൃതാഃ | ആവൃതന്മാരും |
| രാജന്യ രൂപിണഃ | രാജവേഷം ധരിച്ചവരുമായ |
| തേ മ്ലേച്ഛാഃ | ആ മ്ലേച്ഛന്മാർ |
| പ്രജാഃ | പ്രജകളെ |
| ഭക്ഷയിഷ്യന്തി | ഉപദ്രവിക്കുവാൻ പോകുന്നു. |

43 തന്നാഥാസ്തേ ജനപദാസ്തച്ഛീലാചാര വാദിനഃ
അന്യോന്യതോ രാജഭിശ്ച ക്ഷയം യാസ്യന്തി പീഡിതാഃ

| | | | |
|---|---|---|---|
| തന്നാഥാഃ | അവരെ നാഥന്മാരായ് വരിച്ചവനും | അന്യോന്യതഃ | അന്യോന്യം |
| തച്ഛീലാചാര വാദിനഃ | അവന്മാരുടെ സ്വഭാവം ആചാരം വാക്ക് ഇവയോടുകൂടിയ | രാജഭിഃ ച | രാജാക്കന്മാരാലും |
| തേ ജനപദാഃ | ആ നഗരജനങ്ങളും | പീഡിതാഃ | ദ്രോഹിക്കപ്പെട്ടവരായിട്ട് |
| | | ക്ഷയം യാസ്യന്തി | ക്ഷയത്തെ പ്രാപിക്കവാൻ പോകുന്നു |

ഇതി ശ്രീമൽഭാഗവതം മഹാപുരാണം

പന്ത്രണ്ടാമത്തെ സ്കന്ധം ഒന്നാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകങ്ങൾ - 13576 പന്ത്രണ്ടാസ്കന്ധം - 43

## ദ്വിതീയോऽദ്ധ്യായഃ

## രണ്ടാം അദ്ധ്യായം

ദ്വിതീയേ തു കലേർദ്ദോഷ പ്രൗഢൌ കല്ക്യവതാരതഃ !
അധർമ്മിഷ്ഠേ ജനെ നഷ്ടേ പുനഃ കൃതയുഗാഗമഃ !!

രണ്ടാമദ്ധ്യായത്തിൽ കലിദോഷം അധികം ആയപ്പോൾ കൽകിയിൽ, അവതാരത്താൽ അധർമ്മിഷ്ഠരായ ജനങ്ങൾ നശിച്ചപ്പോൾ വീണ്ടും കൃതയുഗാഗമനം ഉപദേശിക്കപ്പെടുന്നു.

ശ്രീ ശുക ഉവാച — ശ്രീ ശുകൻ പറയുന്നു

1 തതശ്ചാനുദിനം ധർമ്മഃ സത്യം ശൌചം ക്ഷമാ ദയാ
കാലേന ബലിനാ രാജൻ നങ്ക്ഷ്യത്യായുർ ബലം സ്മൃതിഃ

| | | | |
|---|---|---|---|
| രാജൻ | ഓ രാജാവെ | ശൌചം ക്ഷമാ | ശൌചവും, ക്ഷമയും |
| തതഃ ച | അതിനുശേഷം | ദയാ ആയുഃ | ദയാ ആയുസ് |
| അനുദിനം | ഓരോ ദിവസവും | ബലം സ്മൃതിഃ | ബലവും സ്മൃതിയിവകൾ |
| ബലിനാ കാലേന | ബലിഷ്ഠമായ കലികാലത്താൽ | നംക്ഷ്യതി | നശിക്കവാൻ പോകുന്നു. |
| ധർമ്മഃ സത്യം | ധർമ്മം സത്യം | | |

2 വിത്തമേവ കലൌ നൄണാം ജന്മാചാര ഗുണോദയഃ
ധർമ്മന്യായ വ്യവസ്ഥായാം കാരണം ബലമേവ ഹി

| | |
|---|---|
| കലൌ | കലികാലത്തിൽ |
| വിത്തം ഏവ | ധനം ഒന്നുതന്നെയാണ് |
| നൃണാം | മനുഷ്യന്മാരുടെ |
| ജന്മാചാരഗുണോദയഃ | സൽകുലജനനം ഉയർന്ന നല്ല ആചാര വ്യവഹാരം ശ്രേഷ്ഠമായ ഗുണങ്ങളും ഇവക്കു് ഒരു അന്ത്യത്തിന്നു കാരണമാകുവാൻ പോകുന്നു. |
| ധർമ്മന്യായ വ്യവസ്ഥായാം ഹി | ധർമ്മന്യായങ്ങളുടെ വ്യവസ്ഥകളിലും |
| ബലം ഏവ | ബലം ഒന്നുതന്നെയാണ്. |
| കാരണം | കാരണമാകുവാൻ പോകുന്നതു് |

3 ദാമ്പത്യേഽഭിരുചിർഹേതുർമ്മായൈവ വ്യാവഹാരികേ
സ്ത്രീത്വേ പുംസ്ത്വേ ച ഹി രതിർവ്വിപ്രത്വേ സൂത്രമേവ ഹി.

| | |
|---|---|
| ദാമ്പത്യേ | ഭാര്യ ഭർത്താക്കളായിരിക്കുക എന്ന വിഷയത്തിങ്കൽ |
| അഭിരുചിഃ ഹേതുഃ | മനോഭിലാഷം ഒന്നേ കാരണം എന്നതല്ലാതെ കുലമോ ഗോത്രമോ അല്ല. |
| വ്യവഹാരികെ | സ്വീകരിക്കുന്നതിലും നിഷേധിക്കുന്നതിലും |
| മായാ ഏവ | ചതി ഒന്നുതന്നെയാണ് ഇരിക്കുന്നതു് |
| സ്ത്രീത്വേ പുംസ്ത്വേ ച | സ്ത്രീയുടെയോ പുരുഷന്റെയോ ശ്രേയസ്സിൽ |
| രതിഃ ഹി | രതികൌശലം തന്നെയാണ് കാരണം അല്ലാതെ കുലമോ ആചാരമോ അല്ല |
| വിപ്രത്വേ | ബ്രാഹ്മണ്യത്തിനു് |
| സൂത്രം ഏവ ഹി | യജ്ഞോപവീതം ധരിച്ചിരിക്കുക എന്നതല്ലാതെ വേദാധ്യയനം ചെയ്യുക എന്നതല്ല |

4 ലിംഗമേവാശ്രമഖ്യാതാവന്യോന്യാപത്തികാരണം!
അവൃത്ത്യാ ന്യായദൌർബല്യം പാണ്ഡിത്യേ ചാപലം വചഃ !!

| | |
|---|---|
| ലിംഗം ഏവ | ദണ്ഡം, അജിനം മുതലായ ചിഹ്നങ്ങളും തന്നെയാണ് |
| ആശ്രമഖ്യാതൌ | ആശ്രമത്തെ അറിയുന്നതിലും |
| അന്യോന്യാപത്തികാരണം | ഒരു ആശ്രമത്തിൽ നിന്നു മറ്റൊരു ആശ്രമത്തിലേക്ക് പ്രവേശിക്കുവാൻ കാരണമാകുന്നു എന്നല്ലാതെ വിശേഷമായ ആചാരം അല്ല. |
| അവൃത്ത്യാ | മുദ്രപത്രം കൈക്കൂലി മുതലായവ നല്കുവാൻ ശക്തി ഇല്ലാത്തപക്ഷം |
| ന്യായ ദൌർബല്യം | ന്യായത്തിങ്കൽ തോൽവി ഉണ്ടാകും |
| പാണ്ഡിത്യേ | പാണ്ഡിത്യത്തിൽ |
| ചാപലം വചഃ | ഈർഷ്യയായ് സംസാരിക്കുക എന്നതു കാരണമാകുന്നു |

5 അനാഢ്യതൈവാസാധുത്വേ സാധുത്വേ ദംഭ ഏവ തു
സ്വീകാര ഏവ ചോദ്വാഹേ സ്നാനമേവ പ്രസാധനം

| | |
|---|---|
| അസാധുത്വേ | മോഷണം മുതലായ ദോഷാരോപണത്തിങ്കൽ |
| അനാഢ്യതാ ഏവ | ദരിദ്രനായ് ഇരിക്കുക എന്നതു കാരണം |
| സാധുത്വേ | യോഗ്യനായ് ഇരിക്കുക എന്നതിൽ |
| ദംഭഃ ഏവ | ചതിയെ കാരണമാകുന്നു |
| ഉദ്വാഹേ ച | ശാസ്ത്രവിധിയോടെ വിവാഹം ചെയ്യുന്നതിലും |
| സ്വീകാരഃ ഏവ | അംഗീകരിക്കുക എന്നതു കാരണമാകുന്നു. |
| സ്നാനം | സ്നാനം |
| പ്രസാധനം ഏവ | അലംകാരം മാത്രമാണ് |

6 ദൂരേ വാര്യ്യയനം തീർത്ഥം ലാവണ്യം കേശധാരണം
ഉദരംഭരതാ സ്വാർത്ഥഃ സത്യത്വേ ധാർഷ്ട്യമേവഹി

| | |
|---|---|
| ദൂരെ | വളരെ ദൂരത്തിലിരിക്കുന്ന |
| വാര്യ്യയനം | തടാകം മുതലായ ജലാശയം തന്നെയാണ് |
| തീർത്ഥം | തീർത്ഥം ഗുരു മുതലായവരല്ല |
| കേശധാരണം | മുടിവളർത്തുന്നതു തന്നെയാണ് |
| ലാവണ്യം | സൌന്ദര്യം |
| ഉദരം ഭരതാ | ഉദരപൂരണം |
| സ്വാർത്ഥഃ | പുരുഷാർത്ഥം |
| സത്യത്വേ ഹി | സത്യഭാഷണത്തിൽ |
| ധാർഷ്ട്യ ഏവ | മനോദാർഢ്യംമേ കാരണം |

7 ദാക്ഷ്യം കുടുംബഭരണം യശോർത്ഥേ ധർമ്മസേവനം

| | |
|---|---|
| കുടുംബഭരണം | സ്വകുടുംബരക്ഷണം ഒന്നേ |
| ദാക്ഷ്യം | സാമർത്ഥ്യമാകുന്നു |
| യശോർത്ഥേ | യശസ്സിനു വേണ്ടി മാത്രം |
| ധർമ്മസേവനം | ധർമ്മാനുഷ്ഠാനം |

8 ഏവം പ്രജാഭിർദുഷ്ടാഭിരാകീർണ്ണേ ക്ഷിതിമണ്ഡലേ
ബ്രഹ്മവിട്ക്ഷത്രശൂദ്രാണാം യോ ബലീ ഭവിതാ നൃപഃ

| | |
|---|---|
| ഏവം | ഇപ്രകാരം |
| ദുഷ്ടാഭിഃ | ദുഷ്ടന്മാരായ |
| പ്രജാഭിഃ | പ്രജകളാൽ |
| ക്ഷിതി മണ്ഡലേ | ഭൂമണ്ഡലം |
| ആകീർണ്ണേ | നിറഞ്ഞപ്പോഴം |
| ബ്രഹ്മ വിട്- ക്ഷത്ര ശൂദ്രാണാം | ബ്രാഹ്മണൻ വൈശ്യൻ ക്ഷത്രിയന്മാർ ശൂദ്രന്മാർ ഇവരിൽ |
| യഃ | ആരു് |
| ബലീ | ബലിഷ്ഠനോ അവൻ തന്നെ |
| നൃപഃ ഭവിതാ | രാജാവായ് ഭവിക്കും |

9 പ്രജാ ഹി ലുബ്ധൈ രാജന്യൈർ നിർഘൃണൈർദസ്യുധർമ്മഭിഃ
ആച്ഛിന്നദാരദ്രവിണാ യാസ്യന്തി ഗിരികാനനം
ശാകമൂലാമിഷക്ഷൌദ്ര ഫലപുഷ്പാഷ്ടി ഭോജനാഃ

ലുബ്ധൈഃ ലുബ്ധന്മാരും
നിർഘൃണൈഃ ശിരസ്സില്ലാത്തവരും
ദസ്യുധർമ്മഭിഃ കള്ളന്മാരുടെ ധർമ്മ
ങ്ങളെ അനുഷ്ഠിക്കു
ന്നവരുമായ
രാജന്യൈഃ ഹി } രാജാക്കന്മാരാൽ തന്നെ
പ്രജാഃ പ്രജകൾ
ആച്ഛിന്നദാര ദ്രവിണാഃ } ഭാര്യാ, ധനം ഇത്യാദികൾ അപഹൃതരായി

ഗിരികാനനം മലയിലും,
കാട്ടുകളിലും
യാസ്യന്തി പോകുന്നതാകുന്നു.
ശാകമൂലാമിഷ ക്ഷൌദ്രഫല പുഷ്പഷ്ടി ഭോജനാഃ } ചീര, കിഴങ്ങ് മാംസം, തേൻ, പഴം, പുഷ്പം, ധാന്യം ഇവകളെ ഭക്ഷിക്കുന്നവരായും ഭവിക്കും

10 അനാവൃഷ്ട്യാ വിനങ്ക്ഷ്യന്തി ദുർഭിക്ഷകരപീഡിതാഃ
ശീതവാതാതപപ്രാവൃഡ്ഹിമൈരന്യോന്യതഃ പ്രജാഃ

അനാവൃഷ്ട്യാ മഴ വർഷിക്കാത്തതു
കൊണ്ട്
ദുർഭിക്ഷകര പീഡിതാഃ } ദുർഭിക്ഷം അധികനികുതി ഇവകളാൽ പീഡിതരായ
പ്രജാഃ പ്രജകൾ

ശീതവാതാതപ പ്രാവൃഡ്ഹിമൈഃ } ശീതം, കാററ്, വെയ്യിൽ, മഴ, മഞ്ഞു് ഇവകളാൽ
അന്യോന്യതഃ പരസ്പരം
വിനംക്ഷ്യന്തി നശിക്കുവാൻ
പോകുന്നു.

11 ക്ഷുത്തൃഡ്ഭ്യാം വ്യാധിഭിശ്ചൈവ സന്തപ്സ്യന്തേ ച ചിന്തയാ
ത്രിംശദ്വിംശതിവർഷാണി പരമായുഃ കലൌ നൃണാം

ക്ഷുത്തൃട്ഭ്യാം ച | പശിദാഹത്താലും
വ്യധിഭിഃ ഏവ പല വ്യാധികളാലും
ചിന്തയാ ച വിചാരത്താലും
സന്തപ്സ്യന്തെ ദുഃഖിക്കുവാൻപോകുന്നു.
കലൌ കലിയുഗത്തിൽ

നൃണാം മനുഷ്യന്മാർക്ക്
പരമായുഃ ആയുസിന്റെ
അവസാനം
ത്രിംശത് വിംശതി വർഷാണി } മുപ്പതും, ഇരു-പതും വർഷങ്ങൾ ആകും

12 ക്ഷീയമാണേഷു ദേഹേഷു ദേഹിനാം കലിദോഷതഃ
വർണ്ണാശ്രമവതാം ധർമ്മേ നഷ്ടേ വേദപഥേ നൃണാം

13 പാഖണ്ഡപ്രചുരേ ധർമ്മേ ദസ്യുപ്രായേഷു രാജസു
ചൌര്യാനൃതവൃഥാഹിംസാനാനാവൃത്തിഷു വൈ നൃഷു

14 ശൂദ്രപ്രായേഷു വർണ്ണേഷു ഛാഗപ്രായാസു ധേനുഷു
ഗൃഹപ്രായേഷ്വാശ്രമേഷു യൌന പ്രായേഷു ബന്ധുഷു

15 അണുപ്രായാസ്വോഷധീഷു ശമീപ്രായേഷു സ്ഥാസ്നുഷു
വിദ്യുത് പ്രായേഷു മേഘേഷു ശൂന്യ പ്രായേഷു സദ്മസു

16 ഇത്ഥം കലൌ ഗത പ്രായേ ജനേ തു ഖരധർമ്മിണി
ധർമ്മത്രാണായ സത്വേന ഭഗവാനവതരിഷ്യതി

16

കലിദോഷതഃ കലിദോഷത്താൽ
ദേഹിനാം പ്രാണികളുടെ
ദേഹേഷു ദേഹങ്ങൾ
ക്ഷീയമാണേഷു ക്ഷയംപ്രാപിച്ചും
വർണ്ണാശ്രമവതാം വർണ്ണാശ്രമധർമ്മങ്ങൾ
നൃണാം മനുഷ്യന്മാരുടെ
വേദപഥേ വേദമാർഗ്ഗാനുസാരമായ
ധർമ്മേ ധർമ്മം
നഷ്ടേ നശിച്ചതും
ധർമ്മേ ധർമ്മം
പാഖണ്ഡപ്രചുരേ പാഷണ്ഡന്മാർ നിറഞ്ഞതും
രാജസു രാജാക്കന്മാർ
ദസ്യുപ്രായേഷു തസ്കരതുല്യരായും
നൃഷു വൈ മനുഷ്യന്മാരും
ചൌര്യാനൃതവൃഥാഹിംസാനാനാവൃത്തിഷു കളവ്, നുണപറയുക വൃഥാഹിംസിക്കുക മുതലായ പലവിധ പണിയുള്ളവരായും
വർണ്ണേഷു ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ
ശൂദ്രപ്രായേഷു ശൂദ്രസമാനന്മാരായും
ധേനുഷു പശുക്കൾ
ഛാഗപ്രായാസു ആകൃതിയിലും ലിംഗത്തിലും, അജസദൃശമായും
ആശ്രമേഷു സന്യാസം മുതലായ ആശ്രമങ്ങൾ
ഗൃഹപ്രായേഷു പ്രതിഗ്രഹം മുതലായവയാൽ ഗൃഹസ്ഥാശ്രമസദൃശവും
ബന്ധുഷു ബന്ധുക്കൾ
യൌനപ്രായേഷു ശ്വശുരന്മാരും അളിയന്മാരും അധികസംവലയിൽ ഉള്ളതായും
ഓഷധീഷു നെൽ മുതലായ ഔഷധികൾ
അണുപ്രായാസു അണു തുല്യമായും
സ്ഥാസ്നുഷു മരങ്ങൾ
ശമീപ്രായേഷു നിഴൽ ഇല്ലാത്തതുകൊണ്ട് ശമീവൃക്ഷസദൃശവും
മേഘേഷു മേഘങ്ങൾ
വിദ്യുൽപ്രായേഷു മിന്നലിനു തുല്യമായും
സദ്മസു വീടുകൾ
ശൂന്യപ്രായേഷു ധർമ്മമില്ലാതെ ശൂന്യമായും
ജനേ ജനങ്ങൾ
ഖരധർമ്മിണി ദുസ്സഹമായ ദുഷ്ടന്മാരുടെ ജോലി ചെയ്യുന്നവരാഭവിച്ച്
ഇത്ഥം കലൌ ഇപ്രകാരം കലിയുഗവും
ഗതപ്രായേ മുഴുവനും അവസാനിക്കുമ്പോൾ
ധർമ്മത്രാണായ ധർമ്മരക്ഷണാർത്ഥം
സത്വേന സത്വഗുണപ്രധാനമായ്
ഭഗവാൻ ഈശ്വരൻ
അവതരിഷ്യതി അവതരിക്കുവാൻ പോകുന്നു

17 ചരാചരഗുരോർവിഷ്ണോരീശ്വരസ്യാഖിലാത്മനഃ
ധർമ്മത്രാണായ സാധൂനാം ജന്മ കർമ്മാപനുത്തയേ

ചരാചരഗുരോഃ ചരവും അചരവുമായ പ്രപഞ്ചത്തെ സൃഷ്ടിച്ചവനും
ഈശ്വരസ്യ സർവ്വേശ്വരനും
അഖിലാത്മനഃ സകലത്തിനും കാരണഭൂതനും അന്തരാത്മാവുമായ
വിഷ്ണോ ശ്രീ വിഷ്ണുവിന്റെ
ജന്മ തിരുവവതാരം
ധർമ്മത്രാണായ ധർമ്മരക്ഷണാർത്ഥവും
സാധൂനാം സജ്ജനങ്ങളുടെ മോക്ഷപ്രതിബന്ധകമായ കർമ്മങ്ങളെ നശിപ്പിക്കുവാൻ വേണ്ടി മാത്രം സംഭവിക്കുന്നതാണ്

18 ശംഭളഗ്രാമമുഖ്യസ്യ ബ്രാഹ്മണസ്യ മഹാത്മനഃ
ഭവനെ വിഷ്ണുയശസഃ കല്കിഃ പ്രാദുർഭവിഷ്യതി.

| | |
|---|---|
| ശംഭളഗ്രാമ മുഖ്യസ്യ | ശംഭളഗ്രാമത്തിൽ പ്രധാനനും |
| മഹാത്മനഃ | മഹാത്മാവുമായ |
| വിഷ്ണുയശസഃ | വിഷ്ണുയശസ് എന്ന |
| ബ്രാഹ്മണസ്യ ഭവനെ | ബ്രാഹ്മണന്റെ വീട്ടിൽ |
| കല്കിഃ പ്രാദുർഭവിഷ്യതി | കല്കി അവതരിക്കുവാൻ പോകുന്നു |

19 അശ്വമാശുഗമാരുഹ്യ ദേവദത്തം ജഗത്പതിഃ
അസിനാസാധുദമനമഷ്ടൈശ്വര്യഗുണാന്വിതഃ
വിചരന്നാശുനാക്ഷോണ്യാം ഹയേനാപ്രതിമദ്യുതിഃ
നൃപലിംഗച്ഛദോ ദസ്യൂൻ കോടിശോ നിഹനിഷ്യതിഃ

| | |
|---|---|
| അഷ്ടൈശ്വര്യ- ഗുണാന്വിതഃ | അണിമാദി അഷ്ട ഐശ്വര്യങ്ങളോടും സത്യസംകല്പാദി ഗുണങ്ങളോടു കൂടിയവനും |
| അപ്രതിമദ്യുതി | അതുല്യമായ കാന്തിയോടും |
| ജഗൽപതി | ലോകത്തെ രക്ഷിക്കുന്നവനുമായ ഭഗവാൻ |
| ദേവദത്തം | ഇന്ദ്രാദി ദേവന്മാരാൽ നല്കപ്പെട്ടതും |
| അസാധുദമനം | ദുഷ്ടന്മാരെ നിഗ്രഹിക്കുന്നതും |
| ആശുഗം | അതിവേഗമായ് പോകുന്നതുമായ |
| അശ്വം ആരുഹ്യ | കുതിരപ്പുറത്ത് കയറി |
| ക്ഷോണ്യാം | ഭൂമിയിൽ |
| ആശുനാ- ഹയേന | വളരെ വേഗഗതിയോടുകൂടിയ കുതിരപ്പുറത്ത് |
| വിചരൻ | സഞ്ചാരം ചെയ്തുകൊണ്ട് |
| നൃപലിംഗച്ഛദഃ | രാജവേഷത്തിൽ മറഞ്ഞിരിക്കുന്ന |
| കോടിശഃ ദസ്യൂൻ | കോടിക്കണക്കായ കള്ളന്മാരെ |
| അസിനാ | കത്തിയാൽ |
| നിഹനിഷ്യതി | വെട്ടിക്കൊല്ലുവാൻ പോകുന്നു. |

21 അഥ തേഷാം ഭവിഷ്യന്തി മനാംസി വിശദാനി വൈഃ
വാസുദേവാംഗരാഗാതി പുണ്യഗന്ധാനിലസ്പൃശാം
പൌരജാനപദാനാം വൈ ഹതേഷ്വഖിലദസ്യുംഷു

| | |
|---|---|
| അഖില ദസ്യുംഷു | കള്ളന്മാർ എല്ലാവരും |
| ഹതേഷു അഥ | കൊല്ലപ്പെട്ടപ്പോൾ |
| വാസുദേവാംഗ- രാഗാതിപുണ്യ- ഗന്ധാനില സ്പൃശാം | ശ്രീകൃഷ്ണഭഗവാന്റെ ചന്ദനലേപത്താൽ സുഗന്ധാധിക്യത്തോടുകൂടിയ കാററിനെ സ്പർശിക്കുന്ന |
| തേഷാം | ആ |
| പൌരജാന പദാനാം | പുരവാസികളും നഗരവാസികളുമായ ജനങ്ങളുടെ |
| മനാംസി | മനസ്സുകൾ |
| വിശദാനി വൈ | ശുദ്ധമായ് തന്നെ |
| ഭവിഷ്യന്തി | ഭവിക്കുവാൻ പോകുന്നു. |

22 തേഷാം പ്രജാവിസർഗ്ഗശ്ച സ്ഥവിഷ്ഠഃ സംഭവിഷ്യതി
വാസുദേവേ ഭഗവതി സത്വമൂർത്തൗ ഹൃദി സ്ഥിതേ

സത്വമൂർത്തൗ — സത്വമൂർത്തിയായ
വാസുദേവേ ഭഗവതി — ശ്രീ കൃഷ്ണഭഗവാൻ
ഹൃദി സ്ഥിതേ — ഹൃദയത്തിൽ സ്ഥിതനായിരിക്കുന്നതുകൊണ്ട്

തേഷാം — ആ ജനങ്ങളുടെ
പ്രജാവിസർഗഃ ച — പ്രജാസൃഷ്ടയും
സ്ഥവിഷ്ഠഃ ഭവിഷ്യതി — സ്ഥൂലമായ് ഉൽഭവിക്കവാൻ പോകുന്നു

23 യദാ വതീർണ്ണോ ഭഗവാൻ കല്കിർധർമ്മപതിർഹരിഃ
കൃതം ഭവിഷ്യതി തദാ പ്രജാസൂതിശ്ച സാത്വികീ

ധർമ്മപതി — ധർമ്മരക്ഷകനും
ഭഗവാൻ — സർവ്വജ്ഞനുമായ ഭഗവാൻ
ഹരിഃ — ശ്രീഹരി
യദാ — എപ്പോൾ
കല്കി — കല്കിയായി
അവതീർണ്ണഃ — അവതരിച്ചുവോ
തദാ — അപ്പോൾ

കൃതം — കൃതയുഗവും
സാത്വികീ — സത്വഗുണ പ്രധാനമായ
പ്രജാസൂതിഃ ച — പ്രജാസൃഷ്ടിയും
ഭവിഷ്യതി — സംഭവിക്കുവാൻ പോകുന്നു

24 യദാ ചന്ദ്രശ്ച സൂര്യശ്ച തഥാ തിഷ്യ ബൃഹസ്പതീ
ഏകരാശൗ സമേഷ്യന്തി തദാ ഭവതി തത്കൃതം

യദാ — എപ്പോൾ
ചന്ദ്രഃ ച — ചന്ദ്രനും
സൂര്യ ച — സൂര്യനും
തഥാ — അപ്രകാരംതന്നെ
തിഷ്യ ബൃഹസ്പതീ — പൂയം നക്ഷത്രവും വ്യാഴനും
ഏകരാശൗ — ഒരേക്കൂറിൽ കർക്കടകക്കൂറിൽ

സമേഷ്യന്തി — ഒന്നിച്ചുചേർന്ന് പ്രവേശിക്കുവാൻ പോകുന്നുവോ
തദാ — അപ്പോൾ
തത്കൃതം ഭവതി — ആ കൃതയുഗം സംഭവിക്കും

25 യേഽതീതാ വർത്തമാനായേ ഭവിഷ്യന്തി ച പാർത്ഥിവാഃ
തേ ത ഉദ്ദേശതഃ പ്രോക്താ വംശീയാഃ സോമസൂര്യയോഃ

സോമസൂര്യയോഃ വംശീയാഃ — ചന്ദ്രവംശത്തിലും സൂര്യവംശത്തിലും ഉൽഭവിച്ച്
അതീതാഃ — നശിച്ച
പാർത്ഥിവാഃ ഭുയ — ഏതു രാജാക്കന്മാർ ഉണ്ടോ

വർത്തമാനാഃ — തത്സമയം ജീവിച്ചിരിപ്പുണ്ടോ അവരും
യേ ഭവിഷ്യന്തി — ആരു് ജനിക്കവാൻ പോകുന്നുവോ
തെ തെ — അവർ നിനക്ക്
ഉദ്ദേശതഃ — ചുരുക്കത്തിൽ പറയപ്പെട്ടു

26 ആരഭ്യ ഭവതോ ജന്മയാവന്നന്ദാഭിഷേചനം
ഏതദ്വർഷസഹസ്രം തു ശതം പഞ്ചദശോത്തരം

| | | | |
|---|---|---|---|
| ഭവതഃ | തങ്ങളുടെ | ഏതത് | ഉള്ളകാലം |
| ജന്മആരഭ്യ | ജന്മപ്രഭൃതി | | |
| നന്ദാഭി | നന്ദന്മാരുടെ | വർഷ സഹസ്രം | ആയിരത്തിനൂററി |
| ഷേചനം | പട്ടാഭിഷേകംവരെ | പഞ്ചദശോ | പതിനഞ്ചര |
| യാവാത് | | ത്തരം ശതം തു | കൊല്ലങ്ങളാം ആകുന്നു |

ഇതു പൊതുവായ് പറഞ്ഞതാകുന്നു. മുമ്പ് പറഞ്ഞ കണക്ക് ശ്രദ്ധിച്ചാൽ 1498 കൊല്ലങ്ങളാം ആകുന്നു.

27 സപ്തർഷീണാം തു യൌ പൂർവ്വൌ ദൃശ്യേതേ ഉദിതൌദിവി
തയോസ്തു മദ്ധ്യേ നക്ഷത്രം ദൃശ്യതേ യത്സമം നിശി

28 തേനൈത ഋഷയോയുക്താസ്തിഷ്ഠന്ത്യബ്ദശതം നൃണാം
തേ ത്വദീയേ ദ്വിജാഃ കാലെ അധുനാ ചാശ്രിതാ മഘാഃ

| | | | |
|---|---|---|---|
| സപ്തർഷീണാം തു | മരീചി, അരുന്ധതി സഹിതനായ വസിഷ്ഠൻ, അംഗിരസ് അത്രി പുലസ്ത്യർ പുലർ ക്രതു എന്ന ഏഴ ഋഷികളിൽ | നിശി ദൃശ്യതെ | രാത്രി കാണപ്പെട്ട ന്നുവോ |
| ദിവി | ആകാശത്തിൽ | ഋഷയഃ | ആ സപ്തഋഷികളാം |
| യൌ | പുഹർ ക്രതു എന്നു രണ്ടു ഋഷികളാം | തേന ഏവ യുക്താഃ | അതേ നക്ഷത്രത്തോടു കൂടിയവരായ് |
| പൂർവ്വൌ ഉദിതൌ ദൃശ്യേതേ | മുമ്പ് ജനിച്ചവ രായ് കാണ പ്പെട്ടന്നുവോ | നൃണാം അബ്ദശതം | മനുഷ്യ വർഷങ്ങളിൽ 100 കൊല്ലങ്ങളാം |
| തയോഃ തു | അവർ രണ്ടുപേരിൽ | തിഷ്ഠന്തി | നിൽക്കുന്നു |
| മദ്ധ്യേ | നടുവിൽ | തേ ദ്വിജാഃ ച | ആ ഋഷികളും |
| യത് | ഏതു് നക്ഷത്രം | ത്വദീയെ കാലെ | നിന്റെ കാലത്തി കൽ |
| സമം | തെക്ക് വടക്ക രേഖക്ക് സമമായ് | അധുനാ | ഇപ്പോഴാം |
| | | മഘാഃ | മഘാ നക്ഷത്രത്തിൽ |
| | | ആശ്രിതാഃ | നിൽക്കുന്നു. |

ഒരു കാളവണ്ടിപോലെ കിഴക്കടിക്ക് നോക്കിനിൽക്കുന്ന ഒരു നക്ഷത്ര സമൂഹമാണ് സപ്തർഷിമണ്ഡലം എന്നതു്. അതിൽ അല്പം ഉയൎന്നു് കലപ്പയുടെ അഗ്രത്തിൽ ഇരിക്കുന്നതു് മരീചി. അതിന്റെ പടിഞ്ഞാറു് അൽപ്പം താഴ്ന്ന് നഖത്തടിപോലെ ഇരുന്നതു് അരുന്ധതിയോടുകൂടിയ വസിഷ്ഠർ അതിന്റെ പടിഞ്ഞാറു് ലേശം ഉയർന്നു് കലപ്പയുടെ മൂലത്തി കൽ ഇരിക്കുന്നതു് അംഗിരസ്. അതിന്റെ പിൻവശം ചതുഷ്കോണമായ് ഇരിക്കുന്ന (4) നാലു നക്ഷത്രങ്ങളാം ഈശാന കോണിൽ അത്രി. അതിന്റെ തെക്കിൽ പുലസ്ത്യർ പുലസ്ത്യരുടെ പിന്നിൽ പുലഹർ പുലഹരുടെ വടക്കിൽ ക്രതു.

29 വിഷ്ണോർ ഭഗവതോ ഭാനുഃ കൃഷ്ണാഖ്യോऽസൌ ദിവം ഗതഃ
തദാവിശത് കലിർലോകം പാപേ യദ്രമതെ ജനഃ

| | | | |
|---|---|---|---|
| വിഷ്ണോഃ ഭഗവതഃ | വിഷ്ണുഭഗവനായ | ജനഃ | ജനങ്ങളാം |
| കൃഷ്ണാഖ്യഃ | കൃഷ്ണൻ എന്ന പേരോടുകൂടി | പാപെരമതെ | പാപത്തിൽ ആഗ്രഹം ഉള്ളവരാകുന്നുവോ (ഇതു് കലിയുടെ ലക്ഷണം) |
| ഭാനു | ശുദ്ധസത്വസ്വരൂപമായ | | |
| അസൌ | ഈ ദേഹം | | |
| ദിവം ഗതഃ | എപ്പോൾ വൈകുണ്ഠം പ്രാപിച്ചുവോ | കലിഃ | ആ കലി |
| തദാ | അപ്പോൾ | | |
| യത് | ഏതൊരു കലിയുഗത്തിൽ | ലോകം അവിശത് | ലോകത്തിങ്കൽ പ്രവേശിച്ചു |

30 യാ വത്സപാദപത്മാഭ്യം സ്പൃശന്നാസ്തേ രമാപതിഃ
താവത് കലിർവൈ പൃഥിവീം പരാക്രാന്തും ന ചാശകത്

| | | | |
|---|---|---|---|
| സഃ രമാപതിഃ | ആ ശ്രീകാന്തൻ | താവത് | അതുവരെ |
| യാവത് | യാവത് പര്യന്തം | കലിഃ | കലിയും |
| പാദ പദ്മാഭ്യാം | തൻ തൃപ്പാദ കമലങ്ങളാൽ | (പൃഥിവീം) പരാക്രാന്തും | ഭൂമിയെ ആക്രമിക്കുവാൻ |
| പൃഥിവീം | ഈ ഭൂമിയെ | ന അശകത് ച | സാധിച്ചില്ല |
| സ്പൃശൻ ആസ്തേ | സ്പർശിച്ചു കൊണ്ടിരുന്നുവോ | വൈ | ഇതു തീർച്ചയാകുന്നു |

31 യദാ ദേവർഷയഃ സപ്ത മഘാസു വിചരന്തി ഹി
തദാ പ്രവൃത്തസ്തു കലിർദ്വാദശാബ്ദശതാത്മകഃ

| | | | |
|---|---|---|---|
| യദാ ഹി | എപ്പോൾ | തദാ തു | അപ്പോൾ |
| സപ്ത ദേവർഷയഃ | ദേവർഷിമാർ ഏഴുപേരും | കലി പ്രവൃത്തഃ | കലി ആരംഭിച്ചു് |
| മഘാസു | മഘാനക്ഷത്രങ്ങളിൽ | ദ്വാദശാബ്ദ ശതാത്മകഃ | ആയിരത്തു നൂറു കൊല്ലങ്ങളാം ആകുന്നു. |
| വിചരന്തി | സഞ്ചരിക്കുന്നുവോ | | |

32 യദാമഘാഭ്യോയാസ്യന്തി പൂർവ്വാഷാഢാംമഹർഷയഃ
തദാനന്ദാത് പ്രഭൃത്യേഷ കലിർവൃദ്ധിം ഗമിഷ്യതി

| | | | |
|---|---|---|---|
| യദാ | എപ്പോൾ | തദാ | അപ്പോൾ |
| മഹർഷയഃ | മഹർഷിമാർ | | |
| മഘാഭ്യഃ | മഘാനക്ഷത്രത്തിൽ ഇരുന്നു് | നന്ദാത് പ്രഭൃതി ഏവ | നന്ദൻ മുതൽതന്നെ |
| പൂർവ്വാഷാഢാം | പൂരാഢനക്ഷത്രത്തിൽ | കലിഃ | കലി |
| യാസ്യന്തി | പ്രവേശിക്കുവാൻ പോകുന്നുവോ | വൃദ്ധിം ഗമിഷ്യതി | വർദ്ധിക്കുവാൻ പോകുന്നു |

33 യസ്മിൻ കൃഷ്ണോ ദിവം യാതസ്തസ്മിന്നേവ തദാഹനി
പ്രതിപന്നം കലിയുഗമിതി പ്രാഹുഃ പുരാവിദഃ

| | |
|---|---|
| യസ്മിൻ | ഏതൊരുദിവസം |
| കൃഷ്ണഃ | ശ്രീകൃഷ്ണ ഭഗവാൻ |
| ദിവം യാതഃ | വൈകുണ്ഠം പ്രാപിച്ചുവോ |
| തസ്മിൻ ഏവ അഹനി | അതേ ദിവസം |
| തദാ | അതേ ക്ഷണം |
| കലിയുഗം പ്രതിപന്നം ഇതി | കലിയുഗം ആരംഭിച്ചു എന്ന് |
| പുരാ വിദഃ | പ്രാചീനജ്ഞാതാക്കൾ |
| പ്രാഹുഃ | പറയുന്നു. |

34 ദിവ്യാബ്ദാനാം സഹസ്രാന്തേ ചതുർത്ഥേതു പുനഃ കൃതം
ഭവിഷ്യതി യദാ നൃണാം മന ആത്മ പ്രകാശകം

| | |
|---|---|
| ദിവ്യാബ്ദാനാം | ദേവർഷങ്ങളാം |
| സഹസ്രാന്തെ | ആയിരം കഴിഞ്ഞപ്പോൾ |
| ചതുർത്ഥേ | നാലാമത്തെ കലിയുഗം അവസാനിച്ചതും |
| യദാ | എപ്പോൾ |
| നൃണാം മനഃ | മനുഷ്യരുടെ മനസ്സ് |
| ആത്മപ്രകാശകം | ആത്മപ്രകാശമായ് |
| ഭവിഷ്യതി | ഭവിക്കുമോ |
| തു | അപ്പോൾ |
| പുനഃ കൃതം | വീണ്ടും കൃതയുഗം ആരംഭിക്കുന്നു. |

35 ഇത്യേഷ മാനവോ വംശോ യഥാ സംഖ്യായതേ ഭുവി
തഥാ വിട് ശൂദ്രവിപ്രാണാം താസ്താജ്ഞേയാ യുഗേ യുഗേ

| | |
|---|---|
| ഇതി | ഇപ്രകാരം |
| ഏഷഃ | ഈ |
| മാനവഃ വംശഃ | മനുഷ്യക്ഷത്രിയ വംശം |
| ഭുവി | ഈ ഭൂമിയിൽ |
| യഥാ | എങ്ങിനെ ഉയർന്നതായും താഴ്ന്നതായും അറിയപ്പെടുന്നുവോ |
| തഥാ | അങ്ങിനെ തന്നെ |
| യുഗെ യുഗെ | ഓരോയുഗത്തിലും |
| വിട് ശൂദ്ര വിപ്രാണാം | വൈശ്യ ക്ഷത്രിയ ബ്രാഹ്മണന്മാരുടെയും |
| താഃ താഃ | പുരോഗതിയും അധോഗതിയും ആ അവസ്ഥകൾ |
| ജ്ഞേയാഃ | അറിയപ്പെടണം. |

36 ഏതേഷാം നാമലിംഗാനാം പുരുഷാണാം മഹാത്മനാം
കഥാമാത്രാവശിഷ്ടാനാം കീർത്തിരേവ സ്ഥിതാ ഭുവി

| | |
|---|---|
| മഹാത്മനാം | മഹാത്മാക്കളും |
| നാമലിംഗാനാം | നാമധേയം മാത്രം ഓർമ്മിക്കുന്നവരുമായ |
| കഥാമാത്രാവശിഷ്ടാനാം | കഥാമാത്രാവശിഷ്ടരുമായ |
| ഏതേഷാം പുരുഷാണാം | ഈ പുമാന്മാരുടെ |
| കീർത്തിഃ ഏവ | യശസ്സ് മാത്രം |
| ഭുവി | ഈ ലോകത്തിൽ |
| സ്ഥിതാ | സ്ഥിരമായിരിക്കുന്നു (അല്ലാതെ രാജ്യമോ പുത്രന്മാർ മുതലായവരോ അല്ല) |

37 ദേവാപിഃ ശന്തനോർഭ്രാതാ മരുശ്ചേക്ഷ്വാകുവംശജഃ
കലാപഗ്രാമ ആസാതേ മഹായോഗബലാന്വിതൌ

ശന്തനോഃ ശന്തനുവിന്റെ
ഭ്രാതാ സഹോദരനായ
ദേവാപിഃ ദേവാപിയും (ചന്ദ്ര വംശത്തിൽ ജനിച്ചവൻ)
ഇക്ഷ്വാകു, ഇക്ഷ്വാകുവിന്റെ (സൂര്യ) വംശജഃ വംശത്തിൽ ജനിച്ച
മരുഃ ച മരു എന്നവനും

മഹായോഗ കലാന്വിതൌ തീവ്രമായ യോഗ ശക്തിയോടു കൂടിയവരായ്
കലാപ ഗ്രാമെ യോഗികളുടെ നിവാസ സ്ഥലമായ കലാപ ഗ്രാമത്തിൽ
ആസാതെ ഇരിക്കുന്നു.

38 താവിഹൈത്യ കലേരന്തേ വാസുദേവാനുശിക്ഷിതൌ
വർണ്ണാശ്രമയുതം ധർമ്മം പൂർവ്വവത് പ്രഥയിഷ്യതഃ

തൌ അവർ
വാസുദേവാനു ശിക്ഷിതൌ ശ്രീകൃഷ്ണഭഗവാനാൽ പഠിപ്പിക്കപ്പെട്ടവരായ്
കലേഃ അന്തെ കലിയുടെ അവസാനം
ഇഹ ഏത്യ ഇവിടെവന്ന്

വർണാശ്രമ യുതം വർണാശ്രമങ്ങളോടു കൂടിയ
ധർമ്മം ധർമ്മത്തെ
പൂർവ്വവത് മുമ്പേ ചെയ്തപോലെ
പ്രഥയിഷ്യതഃ പ്രചരിപ്പാൻ പോകുന്നു

39 കൃതം ത്രേതാ ദ്വാപരം ച കലിശ്ചേതി ചതുര്യുഗം
അനേന ക്രമയോഗേന ഭുവി പ്രാണിഷു വർത്തതെ

കൃതം ത്രേതാ കൃതം, ത്രേതാ
ദ്വാപരം ദ്വാപരം
കലിഃ ഇതി ച കലി എന്നു്
ചതുര്യുഗം ചതുര്യുഗങ്ങളാം

അനേന ക്രമയോഗേന ഇതേക്രമത്തിൽ
ഭുവി ഈ ഭൂമിയിൽ ഉള്ള
പ്രാണിഷു വർത്താതെ ജന്തുക്കളോടു് പ്രവർത്തിക്കുന്നു.

40 രാജന്നേതേ മയാ പ്രോക്താ നരദേവാസ്തഥാപരേ
ഭൂമൌ മമത്വം കൃത്വാന്തേ ഹിത്വേമാം നിധനം ഗതാഃ

രാജൻ ഹേ രാജൻ
മയാപ്രോക്താ എന്നാൽ പറയപ്പെട്ട
ഏതേ നരദേവാഃ ഈ രാജാക്കന്മാരും
തഥാ അപരെ തഥാവിധം അന്യരും
ഭൂമൌ ഈ ഭൂമിയിൽ
മമത്വം എന്റേതു് എന്ന മമതാഭിമാനം

കൃത്വാ ചെയ്തു്
അന്തെ അവസാനം
ഇമാം ഹിത്വാ ഈ ഭൂമിയെ ത്യജിച്ചു്
നിധനംഗതാഃ മരണം പ്രാപിച്ചു.

41 കൃമിവിഡ്ഭസ്മ സംജ്ഞാന്തേ രാജനാമ്നോഽപി യസ്യ ച
ഭൂത ധ്രുക്തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യതഃ

രാജനാമ്ന അപി രാജാവു് എന്ന പേരോടു കൂടിയവനായാലും

യസ്യ ച ഏതുദേഹത്തിനു്
അന്തെ അവസാനം

കൃമിവിഡ്
ഭസ്മസംജ്ഞാഃ } കഴിച്ചു മൂടിയാൽ ക്രിമി എന്നും കുറുക്കൻ ഭക്ഷിച്ചാൽ മലം എന്നും ദഹിപ്പിച്ചാൽ ചാരം എന്നും പേരു പറയപ്പെടുന്നുവോ
തത് കൃതെ ആ ദേഹത്തിനുവേണ്ടി
യതഃ ഏതു ജീവഹിംസയിൽ നിന്നും

നിരയഃ നരകം ഉൽഭവിക്കുന്നുവോ
ഭൂതധ്രുക് ആ ജീവഹിംസ ചെയ്യുന്നവൻ
സ്വാത്ഥം സ്വാത്ഥത്തെ
വേദ കിം അറിഞ്ഞുവോ? അറിഞ്ഞതേ ഇല്ല.

42 കഥം സേയമഖണ്ഡാ ഭൂഃ പൂർവ്വൈർമേ പുരുഷൈർധൃതാ
മത് പുത്രസ്യ ച പൌത്രസ്യ മത്പൂർവ്വാ വംശജസ്യ വാ

മെ എന്റെ
പൂർവ്വൈഃ
പുരുഷൈഃ } പൂർവ്വീകന്മാരാൽ
ധൃതാ രക്ഷിക്കപ്പെട്ടതും
മത്പൂർവ്വാ ഇപ്പോഴും എന്നാൽ രക്ഷിക്കപ്പെടുന്നതുമായ
സാ ഇയം ഈ അഖണ്ഡ
അഖണ്ഡാ ഭൂഃ } ഭൂമണ്ഡലം

മത് പുത്രസ്യ എന്റെ പുത്രന്നും
മത് പൌത്രസ്യ
ച } എന്റെ പൌത്രന്നും
വംശജസ്യ വാ എന്റെ വംശത്തിൽ ജനിച്ചവന്നും
കഥം സ്യാത് എങ്ങിനെ അവിച്ഛിന്നമായ് വരും? എന്നു വിചാരിക്കുന്നു

43 തേജോഽബന്നമയം കായം ഗൃഹീത്വാഽത്മതയാബുധാഃ
മഹീം മമതയാ ചോഭൌ ഹിത്വാന്തേഽദർശനം ഗതാഃ

അബുധാഃ അജ്ഞർ (മൂഢന്മാർ)
തേജോ
ഽബന്നമയം } തേജോമയവും, ജലമയവും അന്നമയവും ആയ (പാഞ്ചഭൌതികയ)
കായം ദേഹം
ആത്മതയാ ആത്മാവെന്നും (താൻ എന്നും)

മഹീം ഭൂമി
മമതയാ ച എന്റേതു എന്നും
ഗൃഹീത്വാ വിചാരിച്ചുകൊണ്ടു
ഉഭൌ ഈ ദേഹത്തിനേയും ഭൂമിയേയും
ഹിത്വാ വെടിഞ്ഞു
അന്തെ അവസാനം
അദർശനംഗതാ അപ്രത്യക്ഷമാകുന്നു

44 യേ യേ ഭൂപതയോ രാജൻ ഭുഞ്ജന്തി ഭുവമോജസാ
കാലേന തേ കൃതാഃ സർവ്വേ കഥാമാത്രാഃ കഥാസു ച

രാജൻ ഓ രാജൻ
യേ യേ ഭൂപതയഃ ഏതേതു രാജാക്കന്മാർ
ഭുവം ഭൂമിയെ
ഓജസാ
ഭുഞ്ജതെ } പരാക്രമംകൊണ്ടു ഭരിക്കുന്നുവോ

തെ സർവ്വെ അവർ എല്ലാവരും
കാലേന കാലക്രമത്തിൽ
കഥാസു
കഥാമാത്രാഃ
കൃതാഃ } കഥകളിൽ പേരു മാത്രം അവശേഷിച്ചവരായ് ഭവിച്ചു (ചെയ്യപ്പെട്ടു)

ഇതി ശ്രീമത് ഭാഗവത മഹാപുരാണത്തിൽ പന്ത്രണ്ടാം സ്കന്ധം
രണ്ടാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകങ്ങൾ – 13620 പന്ത്രണ്ടാം സ്കന്ധം ആദിതഃ ശ്ലോകങ്ങൾ 87

## മൂന്നാം അദ്ധ്യായം

തൃതീയേ ഭൂമിശീതൈശ്വരാജ്യദോഷാദി വർത്ത്യതേ
കല്യൌച ദോഷഭൂയിഷ്ഠേ ദോഷഹൃച്ഛ്രീഹരൈർനുതീഃ

ഭൂമിശീതൈതയാൽ രാജ്യദോഷം മുതലായവയും ദോഷപൂർണ്ണമായ കലിയുഗത്താൽ ശ്രീഹരിയെ നമസ്കരിക്കുക എന്നതു തന്നെയാണ് ആ ദോഷ പരിഹാരം എന്നും മൂന്നാമദ്ധ്യായത്തിൽ പറയപ്പെടുന്നു.

ശ്രീശുക ഉവാച — ശ്രീ ശുകൻ പറഞ്ഞു

1 ദൃഷ്ട്വാത്മനിജയേ വ്യഗ്രാൻ നൃപാൻ ഹസതി ഭൂരിയം
അഹോ മാ വിജിഗീഷന്തി മൃത്യോഃ ക്രീഡനകാ നൃപാഃ

| | |
|---|---|
| ആത്മനി ജയെ തന്നെ ജയിക്കുവാൻ<br>വ്യഗ്രാഃ വ്യാപൃതരായ<br>നൃപാൻ ദൃഷ്ട്വാ രാജാക്കന്മാരെ നോക്കി<br>ഇയം ഭൂഃ ഈ ഭൂമി<br>അഹോ അത്ഭുതമായതാകുന്നു<br>മൃത്യോഃ ക്രീഡനകാഃ } മൃത്യുവിന്റെ കളിക്കോപ്പുകളായ | നൃപാഃ രാജാക്കന്മാർ<br>മാം വിജിഗീഷന്തി } എന്നെ ജയിക്കുവാൻ ആഗ്രഹിക്കുന്നു<br>ഹസതി എന്ന് പരിഹസിക്കുന്നു |

2 കാമ ഏഷ നരേന്ദ്രാണാം മോഘഃ സ്യാദ്വിദുഷാമപി
യേന ഫേനോപമേ പിണ്ഡേ യേƒതിവിശ്രംഭിതാ നൃപാഃ

| | |
|---|---|
| യേ നൃപാഃ ഏതു രാജാക്കന്മാർ<br>യേന കാമേന ഏതാഗ്രഹം കൊണ്ട്<br>ഫേനോപമേ കുമിഴിന്ന് പ്രത്യാതുല്യമായ<br>പിണ്ഡേ ഈ ശരീരത്തിങ്കൽ<br>അതി വിശ്രംഭിതാഃ } വിശ്വാസമുള്ളവരായി ഭവിച്ചുവോ | വിദുഷാമപി വിദ്വാന്മാരായിരുന്നാൽ പോലും<br>നരേന്ദ്രാണാം ആ രരജാക്കന്മാരുടെ<br>ഏഷഃ കാമഃ ഈ ആഗ്രഹം<br>മോഘഃ സ്യാൽ വ്യഥാവാകുന്നതാണ് |

3 പൂർവ്വം നിർജിത്യ ഷഡ്വർഗ്ഗം ജേഷ്യാമോ രാജമന്ത്രിണഃ
തതഃ സചിവ പൌരാപ്തകരീന്ദ്രാനസ്യ കണ്ടകാൻ

| | |
|---|---|
| പൂർവ്വം ആദ്യം<br>ഷഡ്വർഗ്ഗം } കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്ന അരി ഷഡ്-വർഗ്ഗങ്ങളെ | നിർജിത്യ ജയിച്ച് പിന്നീട്<br>രാജമന്ത്രിണഃ രാജാവിനേയും മന്ത്രിമാരേയും<br>തതഃ അതിനുശേഷം |

| | | | |
|---|---|---|---|
| കണ്ടകാൻ | അസ്യ | ശത്രുക്കളെ | ജയിച്ച് |
| സചിവ | പൌരാപ്ത കരീന്ദ്രാൻ | സചിവന്മാരേയും, പൌരജനങ്ങളേയും ബന്ധുക്കളേയും ആനപ്പാകന്മാരേയും | |
| ജേഷ്യമഃ | | നാം | ജയിക്കട്ടെ |

4 ഏവം ക്രമേണ ജേഷ്യാമഃ പൃഥ്വീം സാഗരമേഖലാം
ഇത്യാശാബദ്ധഹൃദയാ ന പശ്യന്ത്യന്തികേƒന്തകം

| | | | |
|---|---|---|---|
| ഏവം ക്രമേണ | ഇങ്ങനെ ക്രമമായ് | അന്തികെ | അടുത്തിരിക്കുന്ന |
| സാഗരമേഖലാം | കടലാൽ ആവൃതമായ | അന്തകം | മൃത്യുവിനെ |
| പൃഥ്വീം ജേഷ്യാമഃ | ഭൂമിയെ ജയിക്കാം | ന പശ്യന്തി | കാണുന്നില്ല (അറിയുന്നില്ല) |
| ഇതി ആശാ ബന്ധ ഹൃദയാഃ | എന്നു് മനസ്സിൽ ആഹം ഉള്ളവരായ് | | |

5 സമുദ്രാവരണം ജിത്വാ മാം വിശന്ത്യബ്ധിമോജസാ
കിയദാത്മജയ സ്യൈതന്മുക്തിരാത്മജയേ ഫലം

| | | | |
|---|---|---|---|
| സമുദ്രാവരണാം | കടലാൽ ആവൃതമായ | ആത്മജയസ്യ | മനോജയത്തിന്നു് |
| മാം ജിത്വാ | എന്നെ ജയിച്ചിട്ടു് | ക്രിയത് | എത്രമാത്രം (വളരെ തുച്ഛം) |
| ഓജസാ | പരാക്രമം കൊണ്ടു് | | |
| അബ്ധിം | (വേറു ദ്വീപങ്ങളെ ജയിപ്പാൻ ആഗ്രഹിച്ചു്) സമുദ്രത്തിൽ | മുക്തിഃ | മുക്തിയല്ലയോ |
| ഏതത് | ഇതു് | ആത്മജയെ ഫലം | ആത്മവിജയഫലം |

6 യാം വിസൃജ്യൈവ മനവസ്തത്സുതാശ്ച കുരുദ്വഹ
ഗതാ യഥാഗതം യുദ്ധേ താം മാം ജേഷ്യന്ത്യബുദ്ധയഃ

| | | | |
|---|---|---|---|
| കുരുദ്വഹ | ഹേ കുരുശ്രേഷ്ഠ | താം മാം | ആ എന്നെ |
| മനവഃ | മനുക്കളും | | |
| തത്സുതാഃ ച | അവരുടെ മക്കളും | അബുദ്ധയഃ | ബുദ്ധിഹീനന്മാർ |
| യാം | ഏതൊരു എന്നെ | യുദ്ധെ | യുദ്ധത്തിൽ |
| വിസൃജ്യ ഏവ | ത്യജിച്ചു് | | |
| യഥാഗതം ഗതാഃ | വന്നവഴിക്കു് പോയി ചേർന്നുവോ | ജേഷ്യന്തി | ജയിക്കുവാൻ ആഗ്രഹിക്കുന്നു. |

7 മത്കൃതേ പിതൃപുത്രാണാം ഭ്രാതൄണാം ചാപി വിഗ്രഹഃ
ജയേതേ ഹ്യസതാം രാജ്യേ മമതാബദ്ധ ചേതസാം

| | | | |
|---|---|---|---|
| രാജ്യെ | രാജ്യത്തിൽ | അസതാം | ദുഷ്ടന്മാരുമായ |
| മമതാബദ്ധ ചേതസാം | എന്റേതു് എന്നു് അഭിമാനിക്കുന്നവരും | പിതൃ പുത്രാണാം ച | പിതാപുത്രന്മാരും |

| | | | |
|---|---|---|---|
| ഭ്രാതൃണാമപി | സഹോദരന്മാരും | വിഗ്രഹഃ ജായതെ | യുദ്ധം |
| മത് കൃതെ | ഞാൻ കാരണം | | ഉണ്ടാകുന്നു. |

8 മമൈവേയം മഹീകൃത്സ്നാ ന തേ മൂഢേതി വാദിനഃ
സ്പർദ്ധമാനാ മിഥോഘ്നന്തി മ്രിയന്തേ മത്കൃതേ നൃപാഃ

| | | | |
|---|---|---|---|
| ഇമം മഹീം | ഈ ഭൂമിയെ | സ്പർദ്ധമാനാഃ | കലഹിച്ചുകൊണ്ടും |
| കൃത്സ്നാം | മുഴുവനും | നൃപാഃ | രാജാക്കന്മാർ |
| മമ ഏവ | എന്റേതു തന്നെ | മത്കൃതെ | ഞാൻ കാരണം |
| മൂഢ | മൂഢ | മിഥഃ ഘ്നന്തി | പരസ്പരം തല്ലികൊല്ലുന്നു |
| തേ ന | നിന്റേതു് അല്ല | മ്രിയന്തെ | മരിക്കുകയും ചെയ്യുന്നു |
| ഇതി വാദിന | എന്നു് പറഞ്ഞു കൊണ്ടും | | |

9 പൃഥുഃ പുരൂരവാ ഗാധിർന്നഹുഷോ ഭരതോƒർജ്ജുനഃ
മാന്ധാതാ സഗരോ രാമഃ ഖട്വാംഗോ ധുന്ധുഹാ രഘുഃ

10 തൃണബിന്ദുര്യയാതിശ്ച ശര്യാതിഃ ശന്തനുർഗ്ഗയഃ
ഭഗീരഥഃ കുവലയാശ്വഃ കകുത്സ്ഥോ നൈഷധോ നൃഗഃ

11 ഹിരണ്യകശിപുർവൃത്രോ രാവണോ ലോകരാവണഃ
നമുചിഃ ശംബരോ ഭൗമോ ഹിരണ്യാക്ഷോƒഥ താരകഃ

12 അന്യേ ച ബഹവോ ദൈത്യാ രാജാനോ യേ മഹേശ്വരാഃ
സർവ്വേ സർവ്വവിദഃ ശൂരാഃ സർവ്വേ സർവ്വജിതോƒജിതാഃ

13 മമതാം മയ്യവർത്തന്ത കൃത്വോച്ചൈർമ്മർത്ത്യധർമ്മിണഃ
കഥാവശേഷാഃ കാലേന ഹ്യകൃതാർത്ഥാഃ കൃതാ വിഭോ

| | | | |
|---|---|---|---|
| പൃഥുഃ | പൃഥു | നൈഷധഃ | നൈഷധൻ |
| പുരൂരവാഃ | പുരൂരവസ് | നൃഗഃ | നൃഗൻ |
| ഗാധിഃ | ഗാധി | മഹേശ്വരാഃ | ഏകച്ഛത്രാധിപതികളായ |
| നഹുഷഃ | നഹുഷൻ | യേ ച രാജാനഃ | ഏതു് രാജാക്കൻമാർ ഉണ്ടോ |
| ഭരതഃ | ഭരതൻ | ഹിരണ്യകശിപു | ഹിരണ്യകശിപു |
| അർജ്ജുനഃ | അർജ്ജുനൻ | വൃത്രഃ | വൃത്രൻ |
| മാന്ധാതാ | മാന്ധാതാ | ലോകരാവണഃ | ലോകങ്ങളെ ശോകമയമാക്കിയ |
| സഗരാ | സഗരൻ | രാവണഃ | രാവണൻ |
| രാമഃ | ശ്രീരാമൻ | നമുചിഃ ശംബരഃ | നമുചി ശംബരൻ |
| ഖട്വാംഗഃ | ഖട്വാംഗൻ | ഭൗമഃ | നരകാസുരൻ |
| ധുന്ധുഹാ | ധുന്ധുമാരൻ | ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷൻ |
| രഘുഃ | രഘു | അഥ താരകഃ | അതുപോലെ താരകൻ |
| തൃണബിന്ധു | തൃണബിന്ദു | അന്യെ ബഹവഃ ദൈത്യഃ ച | അനേകം അന്യ അസുരന്മാരുമുണ്ടോ |
| യയാതിഃ | യയാതി | സർവ്വെ സർവ്വെ | ആ സകല രാജാക്കന്മാരും അസുരന്മാരും |
| ശര്യാതിഃ | ശര്യാതി | | |
| ശന്തനുഃ | ശന്തനു | | |
| ഗയഃ | ഗയൻ | | |
| ഭഗീരഥഃ | ഭഗീരഥൻ | | |
| കുവലയഃ | കുവലയാശ്വൻ | | |
| കകുസ്ഥഃ | കകുസ്ഥൻ | | |

| | | | |
|---|---|---|---|
| സർവ്വ വിദഃ | സർവ്വജ്ഞന്മാർ | ഉച്ചൈഃ | ദൃഢമായ |
| ശൂരാഃ | ശൂരന്മാർ | മമതാം കൃത്വാ അവർത്തന്ത | മമതയെ വെച്ചും കൊണ്ടിരുന്നു |
| സർവ്വജിതാഃ | എല്ലാവരേയും ജയിച്ചവർ | വിഭോ | രാജൻ |
| അജിതാഃ | ആരാലും ജയിക്കപ്പെടാതെ ഇരുന്നും | അകൃതാർത്ഥാഃ ഹി | കൃതാർത്ഥന്മാരാവാതെ |
| മർത്യധർമ്മിണഃ | മരണധർമ്മത്തോടു കൂടിയ അവർ | കാലേന | കാലക്രമത്തിൽ |
| മയി | എന്നിൽ (ഭൂമിയിൽ | കഥാശേഷാഃ കൃത | കഥാവശിഷ്ടന്മാരായ് ഭവിച്ചു |

14 കഥാ ഇമാസ്ത കഥിതാ മഹീയസാം വിതായ ലോകേഷു
യശഃ പരേയുഷാം
വിജ്ഞാന വൈരാഗ്യവിവക്ഷയാ വിഭോ വചോവിഭൂതീർന്ന
തു പാരമാർത്ഥ്യം

| | | | |
|---|---|---|---|
| വിഭോ | ഓ രാജൻ | തേ കഥിതാഃ | നിണക്കു പറയപ്പെട്ട |
| ലോകേഷു | ലോകത്തിൽ | ഇമാഃ കഥാഃ | ഈ കഥകൾ |
| യശഃ വിതായ | യശസ്സിനെ വിസ്തരിപ്പിച്ച് | വചോ വിഭൂതീഃ | വാഗ്വിലാസം മാത്രമാകുന്നു എന്ന് |
| പരേയുഷാം | മരണം പ്രാപിച്ച | പാരമാർത്ഥ്യം ന തു | അല്ലാതെ പരമാർത്ഥമല്ല |
| മഹീയസാം | മഹാത്മാക്കളുടെ | | |
| ജ്ഞാന– വിജ്ഞാന വിവക്ഷയാ | വിഷയ സുഖം അല്ല ലോകം എന്ന ജ്ഞാനത്തേയും വൈരാഗ്യത്തേയും പറയുവാൻ ഇച്ഛിച്ച് | | |

15 യസ്ത്തുത്തമശ്ലോക ഗുണാനുവാദഃ
സംഗീയതേഽഭീക്ഷ്ണമമങ്ഗലഘ്നഃ
തമേവനിത്യം ശൃണുയാദഭീക്ഷ്ണം
കൃഷ്ണേഽമലാം ഭക്തിമഭീപ്സമാനഃ

| | | | |
|---|---|---|---|
| കൃഷ്ണേ | ശ്രീകൃഷ്ണഭഗവാനിൽ | അഭീക്ഷ്ണം | പലപ്പോഴും |
| അമലാം ഭക്തിം | (നിഷ്കളമായ)പരിശുദ്ധമായ ഭക്തിയെ | സംഗീതനെ | ഗാനം ചെയ്യപ്പെടുന്നുവോ |
| അഭിപ്സമാനഃ | നേടുവാൻ ആഗ്രഹിക്കുന്നവൻ | തം ഏവ | അതിനെത്തന്നെ |
| അമംഗലഘ്നഃ | അമംഗളങ്ങളെ നശിപ്പിക്കുന്ന | നിത്യം | ഓരോ ദിവസവും |
| യഃ | ഏതൊരു | അഭീക്ഷ്ണം | പലപ്പോഴും |
| ഉത്തമശ്ലോക ഗുണാനുവാദഃ | പുണ്യശ്ലോകനായ ഭഗവത് ഗുണങ്ങളുടെ കീർത്തനം | ശൃണുയാത് | ശ്രവണം ചെയ്യേണം |

രാജോവാച — രാജാവു് ചോദിക്കുന്നു

16 കേനോപായേന ഭഗവൻ കലേർദോഷാൻ കലൗ ജനാഃ
വിധമിഷ്യന്ത്യുപചിതാംസ്തന്മേ ബ്രൂഹി യഥാ മുനേ

| | |
|---|---|
| ഭഗവൻ | സർവ്വജ്ഞനായ |
| മുനേ | ഓ മുനിയെ |
| കലൗ ജനാഃ | കലിയുഗത്തിൽ ജനങ്ങൾ |
| ഉപചിതാൻ | വർദ്ധിച്ച |
| കലേർദോഷാൻ | കലിദോഷങ്ങളെ |
| കേന ഉപായേന | ഏതു് ഉപായത്താൽ |
| വിധമിഷ്യന്തി | നശിപ്പിക്കുമോ |
| തത് മേ | ആ ഉപായത്തെ എനിക്കു് |
| യഥാ ബ്രൂഹി | യഥാവതു് ഉപദേശിക്കേണം |

17 യുഗാനി യുഗധർമ്മാംശ്ച മാനം പ്രളയകല്പയോഃ
കാലസ്യേശ്വരരൂപസ്യ ഗതിം വിഷ്ണോർ മഹാത്മനഃ

| | |
|---|---|
| യുഗാനി | യുഗങ്ങളേയും |
| യുഗധർമ്മാനി ച | യുഗധർമ്മങ്ങളേയും |
| പ്രളയ കല്പയോഃ | സംഹാര കാലത്തിന്റേയും, സ്ഥിതികാലത്തിന്റേയും, കാലമാനത്തേയും |
| ഈശ്വര രൂപസ്യ | സർവ്വശക്തിയോടു കൂടിയ |
| കാലസ്യ ഗതിം | കാലത്തിന്റെ ഗതിയേയും |
| മഹാത്മനഃ വിഷ്ണോഃ | മഹാത്മാവായ വിഷ്ണുവിന്റെ |
| ഗതിം | സ്വരൂപത്തേയും പറയണം |

ശ്രീശുക ഉവാച — ശ്രീശുകൻ പറയുന്നു

18 കൃതേ പ്രവർത്തതേ ധർമ്മശ്ചതുഷ്പാത്തജ്ജനൈർ ധൃതഃ
സത്യം ദയാ തപോ ദാനമിതി പാദാ വിഭോർനൃപ

| | |
|---|---|
| കൃതേ | കൃത യുഗത്തിൽ |
| തജ്ജനൈ | ആ സമയം ജീവിച്ചിരുന്ന ജനങ്ങളാൽ |
| ധൃതഃ | അനുഷ്ഠിക്കപ്പെട്ട |
| ധർമ്മഃ | ധർമ്മം |
| ചതുഷ്പാത് | ചതുഷ്പാദങ്ങളോടു കൂടിയതായ് |
| പ്രവർത്തതെ | പ്രവൃത്തിക്കുന്നു |
| നൃപ | ഓ രാജൻ |
| വിഭോഃ | സംപൂർണ്ണമായ ധർമ്മത്തിനു് |
| സത്യം, ദയാ, | സത്യം, ദയ |
| തപഃ | തപസ് |
| ദാനം | രാഗദ്വേഷമില്ലാതെ അഭയം നൽകുക |
| ഇതി പാദാഃ | എന്നീ പ്രകാരം നാലു പാദങ്ങൾ |

19 സന്തുഷ്ടാഃ കരുണാ മൈത്രാഃ ശാന്താ ദാന്താസ്തിതിക്ഷവഃ
ആത്മാരാമാഃ സമദൃശഃ പ്രായശഃ ശ്രമണാ ജനാഃ

| | |
|---|---|
| ജനാഃ | ജനങ്ങൾ |
| പ്രായശഃ | മിക്കവാറും |
| സന്തുഷ്ടാഃ | സന്തോഷമുള്ളവരായും |
| കരുണാഃ | കരുണയുള്ളവരായും |
| മൈത്രാഃ | ഭൂതദയവാന്മാരായും |
| ശാന്താഃ | മനശ്ശാന്തന്മാരായും |

| | |
|---|---|
| ദാന്താഃ | ജിതേന്ദ്രിയന്മാരായും |
| തിതിക്ഷവഃ | തിതിക്ഷയുള്ളവരായും |
| ആത്മാരാമാഃ | ആത്മസുഖത്തിൽ രമിക്കുന്നവരായും |
| സമദൃശഃ | എല്ലാവരിലും സമദൃഷ്ടിയുള്ളവരായും |
| ശ്രമണാഃ | ആത്മബന്ധമുള്ള വരായും ഇരിക്കുന്നതാകുന്നു |

20 ത്രേതായാം ധർമ്മപാദാനാം തുര്യാംശോ ഹീയതേ ശനൈഃ
അധർമ്മപാദൈരനൃതഹിംസാസന്തോഷവിഗ്രഹൈഃ

| | |
|---|---|
| ത്രേതായാം | ത്രേതായുഗത്തിൽ |
| ധർമ്മപാദാനാം | ധർമ്മത്തിന്റെ പാദങ്ങളായ സത്യം, ദയ, തപസ്, ദാനം, ഇവയുടെ |
| തുര്യാംശഃ | കാൽഭാഗം, ക്രമേണ |
| അധർമ്മപാദൈഃ | അധർമ്മപാദങ്ങളായ |
| അനൃതഹിംസാ സന്തോഷ വിഗ്രഹൈഃ | അസത്യം, ഹിംസ, അസന്തുഷ്ടി, കലഹം ഇവകളാൽ |
| ശനൈഃ | പതുക്കെ |
| ക്ഷീയതെ | ക്ഷയിച്ചുവരുന്നു |

21 തദാ ക്രിയാതപോനിഷ്ഠാ നാതിഹിംസ്രാ ന ലമ്പടാഃ
ത്രൈവർഗ്ഗികാസ്ത്രയീവൃദ്ധാ വർണ്ണാ ബ്രഹ്മോത്തരാ നൃപ

| | |
|---|---|
| നൃപ | ഓരാജൻ |
| തദാ | അപ്പോൾ |
| വർണ്ണാഃ | വർണ്ണങ്ങൾ |
| ക്രിയാ തപോനിഷ്ഠാ | യാഗാദികർമ്മങ്ങളിലും, തപസ്സിലും വ്യാപൃതരായിട്ടും |
| നാതി ഹിംസ്രാഃ | അധികം ഹിംസിക്കാത്തവരായും |
| ന ലംപടാഃ | വിഷയാഗ്രഹം നശിച്ചവരായും |
| ത്രൈവർഗ്ഗികാഃ | ധർമ്മാർത്ഥ കാമങ്ങളിൽ ആസക്തന്മാരായും |
| ത്രയീ വൃദ്ധാഃ | വേദത്രയങ്ങളിലും നിപുണന്മാരായും |
| ബ്രഹ്മോത്തരാഃ | ബ്രാഹ്മണന്മാരെ പ്രധാനമായ് വെച്ചിരിക്കുന്നവരായും ഇരിക്കും |

22 തപഃ സത്യ ദയാ ദാനേഷ്വർദ്ധം ഹ്രസതി ദ്വാപരേ
ഹിംസാതുഷ്ട്യ നൃതദ്വേഷൈർധർമ്മസ്യാ ധർമ്മലക്ഷണൈഃ

| | |
|---|---|
| ദ്വാപരെ | ദ്വാപരയുഗത്തിൽ |
| അധർമ്മ ലക്ഷണൈഃ | അധർമ്മ ലക്ഷണങ്ങളായ |
| ഹിംസാ തുഷ്ട്യനൃത ദ്വേഷൈഃ | ഹിംസ, അസന്തുഷ്ടി, അസത്യം, കലഹം, ഇവകളാൽ |
| തപഃ സത്യദയാ ദാനേഷു | തപസ്, സത്യം, ദയ, ദാനം ഇവകളിൽ |
| അർദ്ധം | പകുതി |
| ഹ്രസതി | കുറയുന്നു. |

23 യശസ്വിനോ മഹാശാലാഃ സ്വാധ്യായാധ്യയനേ രതാഃ
ആഢ്യാഃ കുടുംബിനോ ഹൃഷ്ടാവർണാഃ ക്ഷത്രദ്വിജോത്തരാഃ

| | |
|---|---|
| വർണാഃ | ബ്രാഹ്മണാദി വർണങ്ങൾ |
| യശസ്വിനഃ | യശസ്സിൽ പ്രിയത്തോടുകൂടിയവരായും |
| മഹാശീലാഃ | വലിയ യാഗങ്ങളെ അനുഷ്ഠിക്കുന്നവരായും |
| സ്വാധ്യായാ ധ്യയനെ രതാഃ | വേദാധ്യയന നിരതരായും |

| | |
|---|---|
| ആഢ്യാഃ | ധനവാന്മാരായും |
| കുടുംബിന | കുടുംബികളായും |
| ഹൃഷ്ടാ | സന്തോഷമുള്ളവരായും |
| അത്രദ്വിജോ– ത്തരാഃ | ക്ഷത്രിയരേയും, ബ്രാഹ്മണരേയും പ്രധാനമായ് കരുതുന്നവരായിരിക്കും |

24 കലൌ തു ധർമ്മ ഹേതൂനാം തുര്യാംശോ ധർമ്മഹേതു ഭിഃ
ഏധമാനൈഃ ക്ഷീയമാണോഹ്യന്തെ സോപി വിനംക്ഷ്യതി

| | |
|---|---|
| കലൌ | കലിയുഗത്തിലോ എങ്കിൽ |
| ധർമ്മഹേതുനാം | ധർമ്മത്തിനു ഹേതുവായ സത്യം, ദയ, തപസ്, ദാനം ഇവകളുടെ |
| തുര്യാംശഃ തു | കാൽഭാഗവും |
| ഏധമാനൈഃ | വദ്ധിക്കുന്നു. |
| അധർമ്മ ഹേതുഭിഃ | അധർമ്മ കാരണഭൂതമായ ഹിംസാ മുതലായവകളാൽ |
| ക്ഷീയമാണഃ | ക്ഷയിച്ചുപോകുന്നു. |
| അന്തെ | അവസാനം |
| സഃ അപി ഹി | ആ കാൽ ഭാഗവും |
| വിനം ക്ഷ്യതി | നശിക്കുവാൻ പോകുന്നു |

25 തസ്മിൻ ലുബ്ധാ ദുരാചാരാ നിർദ്ദയഃ ശുഷ്കവൈരിണഃ
ദുർഭഗാ ഭൂരിതർഷാശ്ച ശൂദ്രദാസോത്തരാഃ പ്രജാഃ

| | |
|---|---|
| തസ്മിൻ | ആ കലിയുഗത്തിൽ |
| പ്രജാഃ | പ്രജകൾ |
| ലുബ്ധാഃ | ലുബ്ധന്മാരായും |
| ദുരാചാരാഃ | ദുരാചാരന്മാരായും |
| നിർദ്ദയാഃ | ദയാരഹിതന്മാരായും |
| ശുഷ്ക വൈരിണഃ | വൃഥാ കലഹിക്കുന്നവരായും |
| ദുർഭഗാഃ | ദരിദ്രന്മാരായും |
| ഭൂരിതർഷാഃ | അധികമായ തൃഷ്ണയോടും |
| ശൂദ്രദാസോത്തരാഃ | ശൂദ്രന്മാരേയും, ദാസന്മാരേയും പ്രധാനികളായ് വെച്ചിരിക്കും |

26 സത്വം രജസ്തമ ഇതി ദൃശ്യന്തേ പുരുഷേ ഗുണാഃ
കാല സഞ്ചോദിതാസ്തേവൈ പരിവർത്തന്ത ആത്മനി

| | |
|---|---|
| പുരുഷെ | മനുഷ്യരിൽ |
| സത്വം, രജ, തമ | സത്യം, രജസ്, തമസ് |
| ഇതി ഗുണാഃ | എന്നു ഗുണത്രയങ്ങൾ |
| ദൃശ്യന്തെ | കാണപ്പെടുന്നു. |
| തേ വൈ | അവയും |
| കാല സഞ്ചോദിതാഃ | കാലപ്രേരിതമായ് |
| ആത്മനി | മനസ്സിങ്കൽ |
| പരിവർത്തന്തെ | ചുററിക്കൊണ്ടിരിക്കുന്നു. |

27 പ്രഭവന്തി യദാ സത്വേ മനോബുദ്ധീന്ദ്രിയാണി ച
തദാ കൃതയുഗം വിദ്യാത് ജ്ഞാനെ തപസിയദ്രുചിഃ

| | |
|---|---|
| യദാ | എപ്പോൾ |
| മനോബുദ്ധീ– ന്ദ്രിയാണി ച | മനസ്സും ബുദ്ധിയും, ഇന്ദ്രിയങ്ങളും |
| സത്വെ | സത്വഗുണത്തിൽ |
| പ്രഭവന്തി | അധികമായ്‌ഇരിക്കുന്നുവോ |
| തദാ | അപ്പോൾ |
| കൃതയുഗം | കൃതയുഗമെന്നു് |

വിദ്വാൻ   അറിഞ്ഞുകൊള്ളുകയും
യദ്   അപ്പോൾ

ജ്ഞാനെ } ജ്ഞാനത്തിലും,
തപസി { തപസ്സിലും
രുചി   രുചി ഉണ്ടാകുന്നു.

28 യദാ ധർമ്മാർത്ഥകാമേഷു ഭക്തിർഭവതി ദേഹിനാം
തദാ ത്രേതാ രജോവൃത്തിരിതി ജാനീഹി ബുദ്ധിമാൻ

ബുദ്ധിമാൻ   ഓ ബുദ്ധിമാനെ
യദാ   എപ്പോൾ
ദേഹിനാം   മനുഷ്യർക്ക്
ധർമ്മാർത്ഥേഷു | ധർമ്മം, അർത്ഥം
കാമേഷു | കാമം ഇവകളിൽ
ഭക്തി, ഭവതി   ആഗ്രഹം ഉണ്ടാകുന്നുവോ

തദാ   അപ്പോൾ
രജോവൃത്തിഃ   രജോഗുണ പ്രധാനമായ
ത്രേതാ   ത്രേതായുഗം എന്ന്
ജാനീഹി   അറിഞ്ഞുകൊൾക

29 യദാ ലോഭസ്ത്വസന്തോഷോ മാനോ ദംഭോഥമത്സരഃ
കർമ്മണാം ചാപി കാമ്യാനാം ദ്വാപരം തദ്രജസ്തമഃ

യദാ   എപ്പോൾ
ലോഭ   അന്ത്യാഗ്രഹം
അസന്തോഷഃ   അസന്തോഷം
മാനഃ   അഹങ്കാരം
ദംഭഃ   ചതി
അഥ മത്സരഃ   അപ്രകാരംതന്നെ വിരോധം
അപി ച   മേലും

കാമ്യാനാം } കാര്യകർമ്മങ്ങളിൽ
കർമ്മണാം { പ്രിയവും ഉണ്ടാകുന്നുവോ
തദാ   അപ്പോൾ
രജസ്തമഃ   രജസ്തമോ ഗുണ പ്രധാനമായ
ദ്വാപരം   ദ്വാപരയുഗം എന്ന് അറിയുക

30 യദാ മായാഽനൃതം തന്ദ്രാ നിദ്രാ ഹിംസാ വിഷാദനം
ശോകോ മോഹോ ഭയം ദൈന്യം സകലിസ്താമസഃ സ്മൃതഃ

യദാ   എപ്പോൾ
മായാ   മായയും
അനൃതം തന്ദ്രാ   അസത്യവും ആലസ്യവും
നിദ്രാഹിംസാ   ഉറക്കവും ഹിംസയും
വിഷാദനം   വിഷാദവും
ശോകഃ   ശോകവും

മോഹഃ ഭയം   മോഹവും ഭയവും
ദൈന്യം   ദൈന്യവും (ധനാഗ്രഹം) ഉണ്ടാകുന്നുവോ
സഃ   ആ കാലം
താമസഃ   തമോഗുണ പ്രധാനമായ
കലിഃ സ്മൃതഃ   കലി എന്നു പറയപ്പെടുന്നു

31 യസ്മാത് ക്ഷുദ്രദൃശോ മർത്ത്യാഃ ക്ഷുദ്രഭാഗ്യാ മഹാശനാഃ
കാമിനോ വിത്തഹീനാശ്ച സ്വൈരിണ്യശ്ചസ്ത്രിയോഽസതീഃ

യസ്മാത്   ആ കലിദോഷത്താൽ
മർത്ത്യാഃ   മനുഷ്യന്മാർ
ക്ഷുദ്രദൃശഃ   ക്ഷുദ്രബുദ്ധികളും
ക്ഷുദ്രഭാഗ്യാഃ   അല്പഭാഗ്യവാന്മാരും

മഹാശനാഃ   അധികം ഭക്ഷിക്കുന്നവരായും
വിത്തഹീനാഃ } ധനമില്ലാത്തവരായ്
ച { ഇരുന്നാലും

കാമിനഃ കാമികളായും
സ്ത്രീയഃ സ്ത്രീകളും

സ്വൈരിണ്യഃ വ്യഭിചാരികളായും
അസതീഃ ചാരിത്ര്യ മില്ലാത്ത വരായും ഭവിക്കുന്നതാകുന്നു

32 ദസ്യൂൽകൃഷ്ടാ ജനപദാ വേദാഃ പാഖണ്ഡദൂഷിതാഃ
രാജാനശ്ച പ്രജാഭക്ഷാഃ ശിശ്നോദരപരാ ദ്വിജാഃ

ജനപദാഃ ദേശങ്ങൾ
ദസ്യുത്കൃഷ്ടാഃ കള്ളന്മാർ അധികമുള്ളതായും
വേദാഃ വേദങ്ങൾ
പാഖണ്ഡ ദൂഷിതാഃ പാഷണ്ഡന്മാരാൽ ദൂഷിക്കപ്പെട്ടവരായും
രാജാനഃ ച രാജാക്കന്മാരും

പ്രജാ ഭക്ഷാഃ അധികനികുതി മുതലായവകളാൽ ഉപദ്രവിക്കപ്പെട്ടവരായും
ദ്വിജഃ ത്രിവർണ്ണന്മാരും
ശിശ്നോദര പരാഃ വിഷയ സുഖ ഭോഗികളായും ഉദരം പൂർണ്ണമായ് ഭക്ഷിക്കുന്നവരായും ഭവിക്കും

33 അവ്രതാ ബടവോഽശൗചാ ഭിക്ഷവശ്ച കുടുംബിനഃ
തപസ്വിനോ ഗ്രാമവാസാ ന്യാസിനോഽത്യർത്ഥലോലുപാഃ

വടവഃ ബ്രഹ്മചാരികൾ
അവൃതാഃ ആചാര ഹീനന്മാരായും
അശൌചാഃ ശൌചമില്ലാത്ത വരായും
കുടുംബിനഃ ഗൃഹസ്ഥന്മാർ

ഗ്രാമവാസാഃ ഗ്രാമങ്ങളിൽ വസിക്കുന്നവരായും
ന്യാസിനഃ സന്യാസികൾ
അത്യർത്ഥ ലോലുപാഃ ധനത്തിങ്കൽ അത്യാഗ്രഹം ഉള്ളവരായും ഇരിക്കും

34 ഹ്രസ്വകായാ മഹാഹാരാ ഭൂര്യപത്യാ ഗതഹ്രിയഃ
ശശ്വത് കടുകഭാഷിണ്യശ്ചൌര്യമായോരുസാഹസാഃ

ഹ്രസ്വകായാഃ ഹ്രസ്വശരീരന്മാരായും
മഹാഹാരാഃ പെരുന്തീനികളായും
ഭൂര്യപത്യാഃ അധിക സന്തിനികളോടും
ഗതഹ്രിയഃ ലജ്ജ ഇല്ലാത്തവരായും
ഭിക്ഷവഃ യാചകന്മായും

തപസ്വിനഃ വാനപ്രസ്ഥന്മാർ
ശശ്വത് എപ്പോഴും
കടുകഭാഷിണ്യഃ കടുഭാഷികളായും
ചൌര്യമായോരു സാഹസാഃ കള്ളം, വഞ്ചിക്കുക അതിസിദ്ധാന്തം മുതലായവയോട് കൂടി സ്ത്രീകൾ ഭവിക്കും

35 പണയിഷ്യന്തി വൈ ക്ഷുദ്രാഃ കിരാടാഃ കൂടകാരിണഃ
അനാപദ്യപി മംസ്യന്തേ വാർത്താം സാധുജുഗുപ്സിതാം

കിരാടാഃ വ്യാപാരികൾ
ക്ഷുദ്രഃ ക്ഷുദ്രന്മാരായും
കൂടകാരിണഃ ചതിച്ചും അസത്യമായ് തൂക്കുക അളക്കുക ഇവകളെ
പണയിഷ്യന്തി ക്രയ വിക്രയം ചെയ്യുവാൻ പോകുന്നു

ജുഗുപ്സിതാം മഹാന്മാരാൽ ദൂഷിക്കപ്പെട്ട
വാർത്താം കച്ചവടം
അനാപദി അപി അപകടം ഇല്ലെങ്കിലും കൂടി
സാധുഃ ശ്രേഷ്ഠമായ്
മംസ്യന്തെ വിചാരിക്കും

36 പതിം ത്യക്ഷ്യന്തി നിർദ്രവ്യം ഭൃത്യാ അപ്യഖിലോത്തമം
ഭൃത്യം വിപന്നം പതയഃ കൌലം ഗാശ്ചാപയസ്വിനീഃ

അഖിലോത്തമം } സൽഗുണശ്രേഷ്ഠനായിട്ടു
അപി } ഇരുന്നാലും
നിർദ്രവ്യം ധനമില്ലാത്ത
പതിം യജമാനനെ
ഭൃത്യാഃ ഭൃത്യന്മാർ
പതയഃ യജമാനന്മാർ
കൌലം കാലക്രമത്തിൽ വന്നുകൊണ്ടിരിക്കുന്ന

വിപന്നം രോഗം മുതലായ കാരണങ്ങളാൽ പണി എടുക്കാൻ വയ്യാത്ത
ഭൃത്യം ഭൃത്യനേയും
അപയസ്വിനീഃ കറവ ഇല്ലാത്ത
ഗാഃ-ച പശുക്കളേയും
ത്യക്ഷന്തി ത്യജിക്കും

37 പിതൃഭ്രാതൃസുഹൃത്ജ്ഞാതീൻ ഹിത്വാ സൌരത സൌഹൃദാഃ
നനാന്ദൃശ്യാലസംവാദാദീനാഃ സ്ത്രൈണാഃ കലൌ നരാഃ

കലൌ കലിയിൽ
നരാഃ മനുഷ്യന്മാർ
പിതൃഭ്രാതൃ സുഹൃത് ജ്ഞാതീൻ } മാതാപിതാക്കളെ, സഹോദര സഹോദരികളെ, സ്നേഹിതന്മാർ ജ്ഞാനികളെ ഇവരെ
ഹിത്വാ വിട്ടു്

സൌരത സുഹൃദാഃ } സുരതം നിമിത്തം സുഹൃത്തുക്കളായിട്ട്
നനാന്ദൃശ്യാള സംവാദാഃ } അളിയന്മാരോടു് മന്ത്രാലോചന ചെയ്യുന്നവരായിട്ടു്
ദീനാഃ സ്ത്രൈണാഃ } ദീനന്മാരായും സ്ത്രീലോലന്മാരായും ഭവിക്കും

38 ശൂദ്രാഃ പ്രതിഗ്രഹീഷ്യന്തി തപോവേഷോപജീവിനഃ
ധർമ്മം വക്ഷ്യന്ത്യധർമ്മജ്ഞാ അധിരുഹ്യോത്തമാസനം

ശൂദ്രാഃ ശൂദ്രന്മാർ
തപോവേഷോപജീവിനഃ } തപോവേഷം ധരിച്ചു ഉപജീവിക്കുന്നവരായിട്ടു്
പ്രതിഗ്രഹീഷ്യന്തി } പ്രതിഗ്രഹം വാങ്ങുവാൻ പോകുന്നു.

അധർമ്മജ്ഞാഃ ധർമ്മം അറിയാത്തവരായും
ഉത്തമാസനം ഉത്തമാസനത്തിൽ
അധിരുഹ്യ കയറി
ധർമ്മം വക്ഷ്യന്തി ധർമ്മം ഉപദേശിക്കുവാൻ പോകുന്നു.

39 നിത്യമുദ്വിഗ്നമനസോ ദുർഭിക്ഷകരകർശിതാഃ
നിരന്നേ ഭൂതലേ രാജന്നനാവൃഷ്ടിഭയാതുരാഃ

40 വാസോഽന്നപാനശയനവ്യവായസ്നാന ഭൂഷണൈഃ
ഹീനാഃ പിശാചസംദർശാ ഭവിഷ്യന്തി കലൌ പ്രജാഃ

കലൌ കലിയിൽ
പ്രജാഃ പ്രജകൾ
നിത്യം എപ്പോഴും
ഉദ്വിഗ്നമനസഃ മനോകസം ഉള്ളവരായും

ദുർഭിക്ഷകര } ദുർഭിക്ഷത്താലും
കർശിതാഃ } അധിക നികുതിയാലും കഷ്ടപ്പെട്ടവരായും
നിരന്നെ അന്നമില്ലാത്തവരായും
ഭൂതലെ ഈ ഭൂമിയിൽ

അനാവൃഷ്ടി ഭയാതുരാഃ — മഴ ഇല്ലാത്തതിനാൽ ഉണ്ടായ ഭയംകൊണ്ട് ബാധിതന്മാരായും

വാസോഽന്ന പാനശയന
വ്യവായ സ്നാന
ഭൂഷണൈഃ ഹീതാഃ — നല്ലവസ്ത്രം, അന്നം, പാനം, ശയനം സ്ത്രീസംഭോഗം, സ്നാനം ആഭരണങ്ങൾ ഇവ ഇല്ലാത്തവരായ്

പിശാച സംദർശാഃ — പിശാചതുല്യ രൂപ മുള്ളവരായ്

ഭവിഷ്യന്തി — ഭവിക്കും

41 കലൗ കാകിണി കേഽപ്യർത്ഥേ വിഗൃഹ്യ ത്യക്തസൗഹൃദാഃ
ത്യക്ഷ്യന്തി ച പ്രിയാൻ പ്രാണാൻ ഹനിഷ്യന്തി സ്വകാനപി

കലൗ — കലിയിൽ
ത്യക്ത സൗഹൃദാഃ — സ്നേഹം ഉപേക്ഷിച്ച്
കാകിണികേ അർത്ഥേ അപി — ഇരുപതു ചോഴികൾ ഉള്ള ഒരു സാധനത്തിനുകൂടി
വിഗൃഹ്യ — വിരോധിച്ചുകൊണ്ട്

പ്രിയാൻ പ്രാണാൻ — വളരേ പ്രിയമായ ജീവനെ
ത്യക്ഷ്യന്തി — ത്യജിക്കുവാൻപോകുന്ന
സ്വകാൻ അപി — ബന്ധുക്കളേയും
ഹനിഷ്യന്തി ച — കൊല്ലുവാൻപോകുന്നു (വധിക്കുകയും ചെയ്യുന്നതാകുന്നു)

42 ന രക്ഷിഷ്യന്തി മനുജാഃ സ്ഥവിരൗ പിതരാവപി
പുത്രാൻ സർവ്വാർത്ഥ കുശലാൻ ക്ഷുദ്രാഃ ശിശ്നോദരം ഭരാഃ

ക്ഷുദ്രാഃ — ക്ഷുദ്രന്മാരും
ശിശ്നോദരം ഭരാഃ — വിഷയസുഖം അനുഭവിക്കുന്നതിലും ഉദരംഭരന്മാരായും ആയ
മനുജാഃ — മനുഷ്യന്മാർ
സ്ഥവിരൗ — വയോവൃദ്ധരായ

പിതരൗ — പിതാക്കളേയും
സർവ്വാർത്ഥ കുശലാൻ — സകല വിഷയങ്ങളിലും സമർത്ഥരായ
പുത്രാൻ — പുത്രന്മാരേയും
പുത്രാൻ — പുത്രന്മാരെയും
ന രക്ഷിഷ്യന്തി — രക്ഷിക്കുക ഇല്ല

43 കലൗ ന രാജഞ്ജഗതാം പരം ഗുരും
ത്രിലോകനാഥാനത പാദപങ്കജം
പ്രായേണ മർത്ത്യാ ഭഗവന്തമച്യുതം
യക്ഷ്യന്തി പാഖണ്ഡവിഭിന്നചേതസഃ

രാജൻ — ഹേ രാജൻ
കലൗ — കലിയുഗത്തിൽ
മർത്ത്യാഃ — മനുഷ്യന്മാർ
പാഖണ്ഡ വിഭിന്ന ചേതസഃ — പാഖണ്ഡന്മാരാൽ മാറിയ മനസ്സോടു കൂടിയവരായ്
ജഗതാം — ലോകത്രയങ്ങൾക്കും
പരം ഗുരും — ഉത്തമഗുരുവും

ത്രിലോക നാഥാ നത പാദ പങ്കജം — ത്രിലോകാധിപതികളാലും വന്ദിക്കപ്പെട്ട തൃപ്പാദങ്ങളോടു കൂടിയ
അച്യുതം — ശരണാഗത വത്സനമായ
ഭഗവന്തം — ഭഗവാനെ
പ്രായേണ നയക്ഷ്യന്തി — അധികപക്ഷവും പൂജിക്കുകയില്ല

44 യന്നാമധേയം മ്രിയമാണ ആതുരഃ
പതൻ സ്ഖലൻ വാ വിവശോ ഗൃണൻ പുമാൻ
വിമുക്തകർമ്മാർഗള ഉത്തമാം ഗതീം
പ്രാപ്നോതി യക്ഷ്യന്തി ന തം കലൌ ജനാഃ

| | |
|---|---|
| മ്രിയമാണഃ | മരിച്ചുകൊണ്ടിരിക്കുന്നവനും |
| ആതുരഃ | ദുഃഖിച്ചവനും |
| സ്ഖലൻ | വഴിപിഴച്ചവനും |
| വിവശഃ | പരവശനമായ |
| പുമാൻ | പുമാൻ (മനുഷ്യൻ) |
| യന്നാമധേയം | ഭഗവാന്റെ ഏതൊരു നാമധേയത്തെ |
| ഗൃണൻ | ഉച്ചരിച്ചുംകൊണ്ട് |
| വിമുക്ത കർമ്മാർഗ്ഗളഃ | കർമ്മബന്ധങ്ങളിൽ നിന്നു് വിമുക്തനായ് |
| ഉത്തമാം ഗതി | ഉത്തമഗതിയായ മോക്ഷം |
| പ്രാപ്നോതി | പ്രാപിക്കുന്നുവോ |
| തം | ആ ഭഗവാനെ |
| ജനാഃ | ജനങ്ങൾ |
| ന യക്ഷ്യന്തി | പൂജിക്കുന്നില്ല |

45 പുംസാം കലികൃതാൻ ദോഷാൻ ദ്രവ്യദേശാത്മ സംഭവാൻ
സർവ്വാൻ ഹരതി ചിത്തസ്ഥോ ഭഗവാൻ പുരുഷോത്തമഃ

| | |
|---|---|
| കലി കൃതാൻ | കലികൃതമായവയും |
| ദ്രവ്യദേശാത്മ സംഭവാൻ | അന്നം മുതലായ ദ്രവ്യങ്ങളിൽ നിന്നു കീകടം മുതലായ ദേശങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളിൽ നിന്ന് ഉൽഭവിച്ച |
| പുംസാം | മനുഷ്യന്മാരുടെ |
| സർവ്വാൻ ദോഷാൻ | എല്ലാ ദോഷങ്ങളേയും |
| പുരുഷോത്തമഃ | പുരുഷോത്തമനായ |
| ഭഗവാൻ | ഭഗവാൻ |
| ചിത്തസ്ഥഃ | മനസ്സിൽ ഇരുന്നുകൊണ്ട് |
| ഹരതി | നശിപ്പിക്കുന്നു |

46 ശ്രുതഃ സങ്കീർത്തിതോ ധ്യാതഃ പൂജിതശ്ചാദൃതോഽപി വാ
നൃണാം ധുനോതി ഭഗവാൻ ഹൃത്സ്ഥോ ജന്മായുതാ ശുഭം

| | |
|---|---|
| ശ്രുതഃ | ശ്രവണം ചെയ്യപ്പെട്ടവനായോ |
| സംകീർത്തിതഃ | കീർത്തനം ചെയ്യപ്പെട്ടവനായോ |
| ധ്യാതഃ | ധ്യാനിക്കപ്പെട്ടവനായോ |
| പൂജിതഃ ച | പൂജിക്കപ്പെട്ടവനായോ |
| ആദൃതഃ അപി വാ ഭഗവാൻ | ആദരിക്കപ്പെട്ടവനായോ ഇരിക്കുന്ന ഭഗവാൻ |
| ഹൃത്സ്ഥഃ | ഹൃദയത്തിൽ ഇരുന്നുകൊണ്ടും |
| നൃണാം | മനുഷ്യന്മാരുടെ |
| ജന്മായുതാ ശുഭം | പതിനായിരം ജന്മങ്ങളിൽ ചെയ്ത പാപത്തിനെ |
| ധുനോതി | പോക്കുന്നു (നശിപ്പിക്കുന്നു) |

47 യഥാ ഹേമ്നി സ്ഥിതോ വഹ്നിർദുർവർണ്ണം ഹന്തിധാതുജം
ഏവമാത്മഗതോ വിഷ്ണുര്യോഗിനാമശുഭാശയം

| | | | |
|---|---|---|---|
| യഥാ | എങ്ങിനെ | ഏവം | ഈവിധം |
| വഹ്നി | തീ | ആത്മഗതഃ | മനസ്സിൽ ഇരുന്നു കൊണ്ട് |
| ഹേമ്നി സ്ഥിതഃ | സ്വർണ്ണത്തിൽ ഇരുന്നുകൊണ്ട് | വിഷ്ണുഃ | ശ്രീ വിഷ്ണുഭഗവാൻ |
| ധാതുജം | ചെമ്പ് മുതലായ ധാതുക്കളോട് കലർന്നുണ്ടായ | യോഗിനാം | യോഗികളുടെ |
| ദുർവർണ്ണം | മാലിന്യത്തെ | അശുഭാശയം | പാപത്തിനെ നശിപ്പിക്കുന്നു. |
| ഹന്തി | നശിപ്പിക്കുന്നുവോ | | |

48 വിദ്യാതപഃ പ്രാണനിരോധ മൈത്രീ-
തീർത്ഥാഭിഷേക വ്രതദാനജപ്യൈഃ
നാത്യന്തശുദ്ധിം ലഭതേന്തരാത്മാ
യഥാ ഹൃദിസ്ഥേ ഭഗവത്യനന്തേ

| | |
|---|---|
| അനന്തേ | നാശമില്ലാത്ത |
| ഭഗവതി | ഭഗവാൻ |
| ഹൃദിസ്ഥേ | ഹൃദയത്തിൽ ഇരിക്കുമ്പോൾ |
| യഥാ | എങ്ങിനേയോ അങ്ങിനെ |
| വിദ്യാതപഃ | വിദ്യ, തപസ്സ്, പ്രാണായാമം |
| പ്രാണനിരോധ മൈത്രീ തീർത്ഥാഭിഷേക വ്രതദാന | സ്നേഹം ഗംഗാ മുതലായ തീർത്ഥസ്നാനം |
| ജപ്യൈഃ | വ്രതങ്ങൾ, ദാനം, ജപം, ഇവകളാൽ |
| അന്തരാത്മാ | അന്തരാത്മാവ് |
| അത്യന്തശുദ്ധിം | അധികമായ പരിശുദ്ധിയെ |
| ന ലഭതേ | പ്രാപിക്കുന്നില്ല |

49 തസ്മാത്സർവ്വാത്മനാ രാജൻ ഹൃദിസ്ഥം കുരു കേശവം
മ്രിയമാണോ ഹ്യവഹിതസ്തതോ യാസി പരാം ഗതിം

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ | കേശവം | ശ്രീകേശവനെ |
| തസ്മാൽ | ആയതുകൊണ്ട് | ഹൃദിസ്ഥം | ഹൃദിസ്ഥനായിട്ട് |
| മ്രിയമാണഃ | മരിക്കുവാൻ പോകുന്ന നീ | കുരു | വെക്കുക |
| | | തതഃ | ആയതുകൊണ്ട് |
| അവഹിതഃ | ഏകാഗ്രചിത്തനായ് | പരാം ഗതിം | ഉത്തമഗതിയെ |
| സർവ്വാത്മനാ | എല്ലാവിധത്തിലും | യാസി | പ്രാപിക്കുന്നതാണ് |

50 മ്രിയമാണൈരഭിധ്യേയോ ഭഗവാൻ പരമേശ്വരഃ
ആത്മഭാവം നയത്യംഗ സർവ്വാത്മാ സർവ്വസംശ്രയഃ

| | | | |
|---|---|---|---|
| അംഗ | രാജൻ | സർവ്വസംശ്രയഃ | സർവ്വർക്കും ആശ്രയഭൂതനും |
| പരമേശ്വരഃ | സർവ്വേശ്വരനായ | | |
| ഭഗവാൻ | ഭഗവാൻ | സർവ്വാത്മാ | സർവ്വാത്മാവുമായ ഭഗവാൻ |
| മ്രിയമാണൈ | മരണം പ്രാപിക്കുന്നവരാൽ | ആത്മഭാവം | സ്വസ്വരൂപത്തിലേക്ക് |
| അഭിധ്യേയഃ | ധ്യാനിക്കപ്പെടേണ്ടതാകുന്നു | നയതി | ചേർക്കുന്നു. |

51 കലേർദോഷനിധേ രാജന്നസ്തി ഹ്യേകോ മഹാൻ ഗുണഃ
കീർത്തനാദേവ കൃഷ്ണസ്യ മുക്തസംഗഃ പരം വ്രജേത്

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ | കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| ദോഷനിധേ | ദോഷങ്ങൾക്കാധാരമായ | കീർത്തനാത് | കീർത്തനം ഒന്നുകൊണ്ടു |
| | | ഏവ | തന്നെ |
| ഏക മഹാൻ | ഒരു വലിയ | മുക്തസംഗഃ | ബന്ധവിമുക്തനായ് |
| ഗുണഃ ഹി അസ്തി | ഗുണമല്ലേ ഇരിക്കുന്നതു് | പരം വ്രജേത് | പരമാത്മാവിനെ പ്രാപിക്കുന്നു. |

52 കൃതേ യദ്ധ്യായതോ വിഷ്ണും ത്രേതായാം യജതോ മഖൈഃ
ദ്വാപരേ പരിചര്യായാം കലൌ തദ്ധരികീർത്തനാത്

| | | | |
|---|---|---|---|
| കൃതേ | കൃതയുഗത്തിൽ | പരിചര്യായാം | പൂജിക്കുന്നതിലും |
| വിഷ്ണും | വിഷ്ണുവിനെ | യത് | ഏതൊരു ശക്തി ഇരിക്കുന്നുവോ |
| ധ്യായതഃ | ധ്യാനിക്കുന്നവനും | | |
| ത്രേതായാം | ത്രേതായുഗത്തിൽ | തത് | അതു് |
| മഖൈഃ | യാഗങ്ങളാൽ പൂജിക്കുന്നവനും | കലൌ | കലിയുഗത്തിൽ |
| യജതഃ | | ഹരികീർത്തനാത് | ഹരികീർത്തനം കൊണ്ടുണ്ടാകുന്നു |
| ദ്വാപരെ | ദ്വാപരയുഗത്തിൽ | | |

ഇതിശ്രീമത് ഭാഗവതത്തിൽ പന്ത്രണ്ടാം സ്കന്ധം മൂന്നാംമദ്ധ്യായം

ആദിതാ ശ്ലോകാഃ 13672 ദ്വാദശസ്കന്ധം ശ്ലോകാഃ 139

ചതുർത്ഥേ തു ചതുർദ്ധോക്താലയാ നൈമിത്തികാദയഃ
തത്ര സംസാര നിസ്താരോ ഹരികീർത്യൈ വർണ്യതെ

നാലാമത്തെ അദ്ധ്യായത്തിൽ നൈമിത്തികം, പ്രാകൃതികം, ആത്യന്തികം, നിത്യം എന്ന നാലുവിധമായ പ്രളയങ്ങൾ പറയപ്പെടുന്നു ഹരിനാമ സംകീർത്തനംകൊണ്ടു് സംസാരത്തിൽനിന്നു് മോചനം ലഭിക്കുമെന്നും പറയപ്പെടുന്നു.

കലിദോഷ നിവൃത്തിയുണ്ടാകുന്നതു് ഹരിനാമകീർത്തനം മുതലായവയാകുന്നു എന്നും അതുതന്നെയാണു് കലിയിൽ പ്രമുഖമായ ധർമ്മം എന്നും രണ്ടു ചോദ്യത്തിനു് ഉത്തരം പറയപ്പെട്ടു പ്രളയ കല്പങ്ങളുടെ കണക്കു് ഉപദേശിക്കണമെന്നു് ചോദ്യത്തിനു് മൂന്നാം സ്കന്ധത്തിൽ ഉപദേശിക്കപ്പെട്ട കാലക്കണക്കിനു് അനുസരിച്ച് പറയുന്നു.

ശ്രീ ശുകഉവാച — ശ്രീ ശുകൻ പറയുന്നു

1 കാലസ്തേ പരമാണ്വാദിർദ്വിപരാർദ്ധാവധിർനൃപ
കഥിതോ യുഗമാനം ച ശൃണു കല്പലയാവപി

| | |
|---|---|
| നൃപ | ഓ രാജൻ |
| തേ | നിണക്കു് |
| പരമാണ്വാദിഃ | പരമാണു തുടങ്ങി |
| ദ്വിപരാൎദ്ധാ വധിഃ | ദ്വിപരാൎദ്ധം അവസാനം ഉള്ള |
| കാലഃ | കാലവും |
| യുഗമാനം ച | യുഗങ്ങളുടെ കാലമാനവും |
| കഥിതഃ | പറയപ്പെട്ടു |
| കല്പലയൌ അപി | കല്പപ്രളയങ്ങളേയും |
| ശൃണു | കേൾക്കുക |

2 അ:— കല്പത്തിന്റെ കാലമാനം പറയപ്പെടുന്നു.

ചതുൎയ്യുഗസഹസ്രം ച ബ്രഹ്മണോ ദിനമുച്യതേ
സ കല്പോ യത്ര മനവശ്ചതുൎദ്ദശ വിശാംപതേ

| | |
|---|---|
| വിശാംപതെ | ഓ രാജൻ |
| ചതുൎയ്യുഗ സഹസ്രം | ആയിരം ചതുൎയ്യുഗങ്ങൾ |
| ബ്രഹ്മണഃ | ബ്രഹ്മദേവന്റെ |
| ദിനം ഉച്യതെ | ഒരു പകൽ എന്നു പറയപ്പെടുന്നു. |
| യത്ര | എതിൽ |
| ചതുൎദ്ദശ മനവഃ | പതിനാലു മനുക്കൾ ഇരിക്കുന്നുവോ |
| സഃ കല്പഃ | അതു് ഒരു കല്പം എന്നു പറയപ്പെടുന്നു |

അ:— പ്രളയം നൈമിത്തികം പ്രാകൃതം, ആത്യന്തികം, നിത്യം എന്നു് നാലുവിധം അവയിൽ നൈമിത്തകപ്രളയം കാലമാനത്തോടു പറയുന്നു.

3 തദന്തെ പ്രളയസ്താവാൻ ബ്രാഹ്മീ രാത്രിരുദാഹൃതാ
ത്രയോ ലോകാ ഇമേ തത്ര കല്പന്തേ പ്രളയായ ഹി

| | |
|---|---|
| തദന്തെ | ആ പകലിന്റെ അന്ത്യത്തിൽ |
| താവാൻ | ആയിരം നാലുയുഗങ്ങൾ അടങ്ങിയ കാലം |
| പ്രളയഃ | പ്രളയമെന്നും |
| ബ്രാഹ്മീ രാത്രി | ബ്രഹ്മദേവന്റെ രാത്രി എന്നും |
| ഉദാഹൃതാ | പറയപ്പെടുന്നു, |
| തത്ര ഹി | ആ രാത്രിയിൽ |
| ഇമെ ത്രയ ലോകാ | ഈ മൂന്നു ലോകങ്ങളും |
| പ്രളയായ കല്പന്തെ | പ്രളയത്തെ പ്രാപിക്കുന്നു (ലയിച്ചു പോകുന്നു) |

4 ഏഷ നൈമിത്തികഃ പ്രോക്തഃ പ്രളയോ യത്രവിശ്വസൃക്
ശേതേഽനന്താസനോ വിശ്വമാത്മസാത്കൃത്യ ചാത്മഭൂഃ

| | |
|---|---|
| യത്ര | എപ്പോൾ |
| വിശ്വസൃക് | ലോകങ്ങളെ സൃഷ്ടിച്ച ശ്രീമന്നാരായണൻ |
| വിശ്വം | സകലലോകങ്ങളേയും |
| ആത്മസാൽ കൃത്യ | തന്നിൽ അടക്കി കൊണ്ടു് |
| അനന്താസനഃ | ആദിശേഷനെ ആസനമായ്‌വെച്ചു കൊണ്ടു് |
| ശേതേ | ശയനിക്കുന്നുവോ |
| ആത്മഭൂഃ ച | ബ്രഹ്മദേവനും ശയനിക്കുന്നുവോ |
| ഏഷഃ പ്രളയഃ | ഇപ്രകാരം ബ്രഹ്മദേവന്റെ നിദ്രനിമിത്തമായ പ്രളയം |
| നൈമിത്തികഃ പ്രോക്തഃ | നൈമിത്തികം എന്നുപറയപ്പെട്ടു |

അഃ— പ്രാകൃതപ്രളയത്തെ പറയുന്നു

5 ദ്വിപരാർദ്ധേ ത്വതിക്രാന്തേ ബ്രഹ്മണഃ പരമേഷ്ഠിനഃ
തദാ പ്രകൃതയഃ സപ്ത കല്പന്തേ പ്രളയായ വൈ

| | |
|---|---|
| പരമേഷ്ഠിനഃ | വളരെ ഉന്നതമായ സ്ഥിതിയിൽ ഇരിക്കുന്ന |
| ബ്രഹ്മണഃ | ബ്രഹ്മദേവന്റെ ആയുഷ്കാലമായ |
| ദ്വിപരാർദ്ധേ | രണ്ടു പരാർദ്ധരൂപമായ കാലം |
| അതിക്രാന്തെ തദാ വൈ | കടന്നപ്പോഴേ മഹത്, അഹംകാരം |
| സപ്ത | അഞ്ചു തന്മാത്രകൾ എന്ന ഏഴ് |
| പ്രകൃതയഃ | പ്രകൃതികൾ |
| പ്രളയായ കല്പന്തെ | പ്രളയത്തെ പ്രാപിക്കുന്നു ലയിച്ചു പോകുന്നു |

6 ഏഷ പ്രാകൃതികോ രാജൻ പ്രളയോ യത്ര ലീയതേ
ആണ്ഡകോശസ്തു സംഘാതോ വിഘാത ഉപസാദിതേ

| | |
|---|---|
| രാജൻ | രാജൻ |
| യത്ര | എപ്പോൾ |
| സംഘാതം | മഹത്തത്വം മുതലായവയുടെ കാര്യമായ |
| അണ്ഡകോശഃ | അണ്ഡകോശം |
| വിഘാതെ | നാശകാരണമായ് |
| ഉപസാദിതെ | കാലത്താൽ പ്രാപിക്കപ്പെട്ടപ്പോൾ |
| ലീയതെ | ലയിക്കുന്നുവോ |
| ഏഷഃ | ഇതു് പ്രകൃതിയുടേയും അവയുടെ കാര്യമായ ബ്രഹ്മാണ്ഡത്തിന്റേയും പ്രളയമായതിനാൽ |
| പ്രാകൃതികഃ പ്രളയ | പ്രകൃതിപ്രളയം |

7 പർജ്ജന്യഃ ശതവർഷാണി ഭൂമൌ രാജൻ ന വർഷതി
തദാ നിരന്നേ ഹ്യന്യോന്യം ഭക്ഷമാണാഃ ക്ഷുധാർദ്ദിതാഃ

8 ക്ഷയം യാസ്യന്തി ശനകൈഃ കാലേനോപദ്രുതാഃ പ്രജാഃ
സാമുദ്രം ദൈഹികം ഭൌമം രസം സാംവർത്തകോ രവിഃ

9 രശ്മിഭിഃ പിബതേ ഘോരൈഃ സർവ്വം നൈവ വിമുഞ്ചതി
തതഃ സംവർത്തകോ വഹ്നിഃ സംകർഷണമുഖോത്ഥിതഃ

10 ദഹത്യനിലവേഗോത്ഥഃ ശൂന്യാൻ ഭുവിവരാനഥ
ഉപര്യ്യധഃ സമന്താച്ച ശിഖാഭിർവഹ്നിസൂര്യ്യയോഃ
ദഹ്യമാനം വിഭാത്യണ്ഡം ദഗ്ദ്ധഗോമയ പിണ്ഡവത്

| | |
|---|---|
| രാജൻ | ഓ രാജാവെ |
| ഭൂമൌ | ഭൂമിയിൽ |
| ശതവർഷാണി | നൂറു കൊല്ലങ്ങൾ |
| പർജ്ജന്യ | മേഘം |
| ന വർഷതി | മഴ പൊഴിയില്ല |
| തദാ | അപ്പോൾ |
| നിരന്നെ | അന്നമില്ലാതെ ആയപ്പോൾ |
| ക്ഷുധാ അർദ്ദിതാഃ | വിശപ്പാൽ ബാധിക്കപ്പെട്ടവരായ് |
| അന്യോന്യം ഭക്ഷമാണഃ | തമ്മിൽ തമ്മിൽ ഭക്ഷിച്ചുകൊണ്ടു് |

| | |
|---|---|
| കാലേന ഉപദ്രുതാഃ | കാലത്താൽ ഉപദ്രവിക്കപ്പെട്ടവരായ് |
| ശനൈഃ | മന്ദം മന്ദം |
| ക്ഷയം | നശിക്കുവാൻ |
| യാസ്യന്തി | പോകുന്നു |
| സാംവർത്തകഃ | പ്രളയകാല സൂര്യൻ |
| സാമുദ്രം | സമുദ്രത്തിൽ ഇരിക്കുന്നതും |
| ദൈഹികം | ദേഹത്തിൽ സ്ഥിതിചെയ്യുന്നതും |
| ഭൌമം | ഭൂമിയിൽ ഉള്ളതും |
| രസം | രസത്തെ |
| ഘോരൈ | ഘോരമായ |
| രശ്മിഭിഃ | കിരണങ്ങളാൽ |
| പിബതി | ആകർഷിക്കുന്നു (കുടിക്കുന്നു) |
| സർവ്വം ഏവ | മുഴുവനും |
| ന വിമുഞ്ചതി | വിടുന്നുമില്ല |
| തതഃ | അതിനുശേഷം |
| സംകർഷണ മുഖോസ്ഥിതഃ | സംകർഷണ ഭഗവാന്റെ ശ്രീമുഖത്തിൽ നിന്നുമുണ്ടായ |
| സംവർത്തഃ വഹ്നി | പ്രളയകാലാഗ്നി |
| അനില വേഗോത്ഥ | കാററിന്റെ വേഗത്താൽ ഉത്ഥിതമായ് |
| ശൂന്യാൻ | ശൂന്യമായ |
| ഭുവിവരാൻ | പാതാളം മുതലായ ലോകങ്ങളെ |
| ദഹതി | എരിക്കുന്നു |
| അഥ | അപ്പോൾ |
| വഹ്നി സൂർയ്യയോഃ | അഗ്നിയുടെയും സൂര്യന്റേയും |
| ശിഖാഭി | ജ്വാലകളാൽ |
| ഉപരി അധഃ | മേലും കീഴും |
| സമന്താത് ച | നാലുഭാഗങ്ങളിലും |
| ദഹ്യമാനം | എരിക്കപ്പെടുന്ന |
| അണ്ഡം | ബ്രഹ്മാണ്ഡമായത് |
| ദഗ്ധഗോമയ പിണ്ഡവത് | ദഹിച്ച ചാണകത്തിന്റെ ഉരുണ്ട പോലെ |
| വിഭാതി | വിളങ്ങുന്നു |

11 തതഃ പ്രചണ്ഡപവനോ വർഷാണാമധികം ശതം
പരഃ സാംവർത്തകോ വാതി ധൂമ്രംഖം രജസാവൃതം
12 തതോ മേഘകുലാന്യംഗ ചിത്രവർണാന്യനേകശഃ
13 ശതം വർഷാണി വർഷന്തി നദന്തിരഭസസ്വനൈഃ
തത ഏകോദകം വിശ്വം ബ്രഹ്മാണ്ഡവിവരാന്തരം

| | |
|---|---|
| തതഃ | അനന്തരം |
| സാംവർത്തകഃ പരഃ പ്രചണ്ഡ പവനഃ | പ്രളയകാല പ്രചണ്ഡ വാതങ്ങൾ |
| വർഷാണാം അധികംശതം | നൂറുകൊല്ലങ്ങൾക്കും അധികമായ് |
| വാതി | അടിക്കുവാൻ പോകുന്നു |
| ഖം | ആകാശം |
| രജസാ ആവൃതം | പൊടിപടലങ്ങൾ നിറഞ്ഞു |
| ധൂമ്രം | ചാരനിറമായ് ഇരിക്കും |
| തതഃ | അതിനുശേഷം |
| ചിത്രവർണാനി | പല നിറങ്ങളോടു കൂടിയ |
| മേഘകുലാനി | മേഘകൂട്ടങ്ങൾ |
| അനേകശഃ | എല്ലാം ഒന്നിച്ചു ചേർന്ന് |
| ശതം വർഷാണി വർഷന്തി | നൂറുകൊല്ലങ്ങൾ മഴ പൊഴിയും |
| രഭസസ്വനൈഃ | ഇടിമുഴക്കംകൊണ്ട് |
| നദന്തി | മുഴങ്ങും |
| തതഃ | അനന്തരം |
| ബ്രഹ്മാണ്ഡ വിവരാന്തരം | ബ്രഹ്മാണ്ഡത്തിനുള്ളിൽ അടങ്ങി ഇരിക്കുന്ന |
| വിശ്വം | ലോകം |
| ഏകോദകം | ജലമയമായ് ഇരിക്കുന്നതാണ് |

14 തദാ ഭൂമേർഗ്ഗന്ധഗുണം ഗ്രസന്ത്യാപ ഉദപ്ലവെ
ഗ്രസ്തഗന്ധാ തു പൃഥിവീ പ്രളയത്വായ കല്പതെ

| | | | |
|---|---|---|---|
| ഉദപ്ലവെ | ജലപ്രളയം ഉണ്ടായ | ഗ്രസ്തഗന്ധാ | കവളീകൃതഗന്ധ ഗുണത്തോടുകൂടിയ |
| തദാ | സമയം | പൃഥിവീ തു | ഭൂമിയും |
| ഭൂമേഃ ഗന്ധ ഗുണം | ഭൂമിയുടെ ഗുണമായ ഗന്ധത്തിനെ | പ്രളയത്വായ കല്പതെ | സ്വകാരണ ഭൂതമായ ജലത്തിൽ ലയിച്ചു കളയുന്നു. |
| ആപഃ ഗ്രസന്തി | ജലം ഗ്രഹിച്ചു കൊള്ളുന്നു | | |

15 അപാം രസമഥോ തേജസ്താ ലീയന്തേƒഥ നീരസാഃ
ഗ്രസതേ തേജസോ രൂപം വായുസ്തദ്രഹിതം തദാ

16 ലീയതേ ചാനിലേ തേജോ വായോഃ ഖം ഗ്രസതെ ഗുണം
സ വൈ വിശതി ഖം രാജംസ്തതശ്ച നഭസോ ഗുണം

17 ശബ്ദം ഗ്രസതി ഭൂതാദിർനഭസ്തമനുലീയതേ
തൈജസശ്ചേന്ദ്രിയാണ്യംഗ ദേവാൻ വൈകാരികോ ഗുണൈഃ

| | |
|---|---|
| അഥ | അതിനുശേഷം |
| തേജഃ | അഗ്നി |
| അപാം രസം | ജലത്തിന്റെ ഗുണമായ രസത്തിനെ വിഴുങ്ങുന്നു |
| അഥ | അപ്പോൾ |
| നീരസാഃ | രസമില്ലാത്ത |
| താഃ | ആ ജലം |
| ലീയന്തെ | തേജസ്സിൽ ലയിച്ചു കളയുന്നു |
| തേജസഃ | അഗ്നിയുടെ (തേജസ്സിന്റെ) |
| രൂപം | ഗുണമായ രൂപത്തെ |
| വായുഃ ഗ്രസതെ | വായു ഗ്രസിച്ചു കൊള്ളുന്നു |
| തദാ | അപ്പോൾ |
| തദ്രഹിതം | രൂപരഹിതമായ |
| തേജഃ ച | തേജസ്സും |
| അനിലെ ലീയതെ | കാററിൽ ലയിക്കുന്നു. |
| വായോഃ ഗുണം | വായുവിന്റെ ഗുണത്തെ (സ്പർശം) |
| ഖം ഗ്രസതെ | ആകാശം ഗ്രസിച്ചുകൊള്ളുന്നു |
| സഃ വൈ | ആ വായുവും |
| ഖം വിശതി | സ്വകാരണമായ ആകാശത്തിൽ പ്രവേശിക്കുന്നു. |
| രാജൻ | ഓ രാജൻ |
| തതഃ ച | അതിനുശേഷം |
| നഭസഃ ഗുണഃ | ആകാശത്തിന്റെ ഗുണമായ |
| ശബ്ദം | ശബ്ദത്തിനെ |
| ഭൂതാദിഃ ഗ്രസതി | താമസാഹങ്കാരം ഗ്രഹിക്കുന്നു. |
| നഭഃ | ആകാശം |
| തം അനുലീയതെ | ആ താമസാഹങ്കാരത്തിൽ ലയിക്കുന്നു. |
| അംഗ | ഓ രാജൻ |
| തൈജസഃ | രാജസാഹങ്കാരം |
| ഗുണൈഃ | അതാതിന്റെ വൃത്തിയോടുകൂടി |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളേയും |
| വൈകാരികഃ | സാത്വീകാഹംകാരം |
| ദേവാൻ | അപ്രകാരം ഇന്ദ്രിയ അധിഷ്ഠാന ദേവതകളേയും ഗ്രസിച്ചുകൊള്ളുന്നു |

18 മഹാൻ ഗ്രസത്യഹങ്കാരം ഗുണാഃ സത്വാദയശ്ച തം
ഗ്രസതേƒവ്യാകൃതം രാജൻ ഗുണാൻ കാലേന ചോദിതം

## പന്ത്രണ്ടാം സ്കന്ധം നാലാം അദ്ധ്യായം

| | | | |
|---|---|---|---|
| മഹാൻ | മഹത്തത്വം | രാജൻ | ഹേ രാജൻ |
| അഹങ്കാരം | ത്രിവിധാഹങ്കാരങ്ങളേയും | അഹ്യാകൃതം | പ്രധാനമായതു് |
| സത്വാദയഃ | തത്വം മുതലായ | കാലേന ചോദിതം | കാലത്താൽ പ്രേരിതമായ് |
| ഗുണാഃ | ഗുണങ്ങൾ | ഗുണാൻ | സത്വം മുതലായ ഗുണങ്ങളെ |
| തം ച | ആ മഹത്തത്തിനെയും ഗ്രസിക്കുന്നു | ഗ്രസതെ | ഗ്രസിച്ചുകൊള്ളുന്നു. |

ആ പ്രധാനത്തിനു് ലയമില്ലെന്നു പറയുന്നു

19 ന തസ്യകാലാവയവൈ പരിണാമാദയോ ഗുണാഃ
അനാദ്യനന്തംമവ്യക്തം നിത്യം കാരണമവ്യയം

| | | | |
|---|---|---|---|
| തസ്യ | ആ പ്രധാനത്തിനു് (അവ്യകൃതത്തിനു്) | അനാദി | കാരണം അതു് ആദി ഇല്ലാത്തതാകുന്നു (ജനനം ഇല്ലാത്തതു്) |
| കാലാവയവൈഃ | കാലാവയവങ്ങളായ പകൽ രാത്രി പ്രഭൃതികളാൽ | അനന്തം | അന്തമില്ലാത്തതു് |
| | | അവ്യക്"തം | വികാര രഹിതമായതു് |
| പരിണാമാദയഃ | പരിണാമാദികൾ | നിത്യം | എപ്പോഴും ഒരേമാതിരി ഇരിക്കുന്നതു് |
| | | അവ്യയം | നാശമില്ലാത്തതു് |
| ഗുണാഃ ന | ആറുവിധമായ ഭാവ വികാരങ്ങൾ ഇല്ല | കാരണം | സകലത്തിനും കാരണഭൂതമായതാകുന്നു |

അ:— മേലും വാഗാദികൾക്കു് വിഷയവും വിശേഷങ്ങളോടുകൂടിയതുമായ വസ്തുവിനു് വികാരങ്ങൾ ഉണ്ടായിരിക്കും ഇതു അതുപോലല്ല എന്നുപറയുന്നു.

20 ന യത്ര വാചോ ന മനോ ന സത്വം
തമോ രജോ വാ മഹദാദയോഽമീ
ന പ്രാണബുദ്ധീന്ദ്രിയദേവതാ വാ
ന സന്നിവേശഃ ഖലു ലോകകല്പഃ

21 ന സ്വപ്നജാഗ്രന്ന ച തത് സുഷുപ്തം
ന ഖം ജലം ഭൂരനിലോഽഗ്നിരക്കഃ
സംസുപ്തവച്ഛൂന്യവദപ്രതക്ക്യം
തന്മൂലഭൂതം പദമാമനന്തി

| | | | |
|---|---|---|---|
| യത്ര | ഏതിൽ | ന | ഇല്ലയോ |
| വാചഃ ന | വാക്കുകൾ ഇല്ലയോ | പ്രാണ ബുദ്ധീന്ദ്രിയ ദേവതാഃ വാ | പ്രാണൻ, ബുദ്ധി, ഇന്ദ്രിയങ്ങൾ അവയുടെ അധിഷ്ഠാന ദേവതകളും |
| മനഃ ന | മനസ്സ് ഇല്ലയോ (ലയിക്കുന്നില്ലയോ) | | |
| സത്വം രജഃ | സത്വഗുണമോ, (രജോഗുണമോ) | | |
| തമഃ വാ ന | തമോ ഗുണം ഇല്ലയോ | ലോകകല്പഃ സന്നിവേശഃ | ലോക രൂപമായ രസനാവിശേഷവും |
| അമീമഹദാദയഃ | ഈ മഹത്തത്വ മുതലായവയോ | ന ഖലു | ഇല്ലയോ |

സ്വപ്ന ജാഗ്രത് } ഏതു് സ്വപ്നം ജാഗ്രത് എന്ന അവസ്ഥകൾ ഉള്ളതല്ലയോ
തത് സുഷുപ്തം ച ന } അതു് സുഷുപ്തിയും ഇല്ലാത്തതാകുന്നു.
അനിലഃ അഗ്നിഃ അകഃ ന } കാററും, അഗ്നിയും സൂര്യനും അല്ല.
സംസുപ്തവത് ഇന്ദ്രിയങ്ങളില്ലാത്തതിനാൽ സുഷുപ്തിയെ പ്രാപിച്ചതു പോലെയും
അപ്രതർക്ക്യം ഈ വിധമായതു് എന്നു് ഊഹിച്ചറിയുവാൻ സാധിക്കാത്തതും
ശൂന്യവത് ശൂന്യസദൃശമായതുമായ
തത് അതിനെ
മൂലഭൂതംപദം ആമനന്തി } സകലത്തിനും മൂലഭൂതം എന്നുപറയുന്നു.

22 ലയഃ പ്രാകൃതികോ ഹ്യേഷ പുരുഷാവ്യക്തയോർയ്യദാ
ശക്തയഃ സംപ്രലീയന്തേ വിവശാഃ കാലവിദ്രുതാഃ

യദാ എപ്പോൾ
ശക്തയഃ സത്വാദിഗുണങ്ങൾ
കാലവിദ്രുതാഃ കാലത്താൽ നശിപ്പിക്കപ്പെട്ടവയായ്
വിവശാഃ സ്വാധീനമില്ലാത്തവയായു്
പുരുഷാ വ്യക്തയോ } പുരുഷനിലും അവ്യക്തത്തിലും
സംപ്രലീയന്തെ ലയിക്കുന്നുവോ
ഏഷഃ ഹി ഇതുതന്നെ
പ്രാകൃതികഃ ലയഃ } പ്രകൃതി ലയിക്കുന്നതിനാൽ പ്രാകൃതിക ലയം എന്നു പറയപ്പെടുന്നു

അഃ:— ആത്യന്തികലയത്തെ പറയുന്നു

23 ബുദ്ധീന്ദ്രിയാർത്ഥരൂപേണ ജ്ഞാനം ഭാതി തദാശ്രയം
ദൃശ്യത്വാവ്യതി രേകാഭ്യാമാദ്യന്തവദവസ്തു യത്

ബുദ്ധീന്ദ്രിയാർത്ഥരൂപേണ } ബുദ്ധി (ഗ്രാഹകം) ഇന്ദ്രിയങ്ങൾ (കരണം) വിഷയങ്ങൾ(ഗ്രാഹ്യം) ഇവകളുടെ രൂപമായ്
തദാശ്രയം അവക്കാശ്രയമായ്
ജ്ഞാനം ആത്മസ്വരൂപമായ ജ്ഞാനംമാത്രം
ഭാതി പ്രകാശിക്കുന്നു
ദൃശ്യത്വാവ്യതിരേകാഭ്യാം } ദൃഷ്ടിഗോചരമായതാലും കാരണത്തേക്കാൾ അന്യമല്ലായ്കയാലും
ആദ്യന്തവത് ഉൽപത്തി വിനാശങ്ങളോടു കൂടിയതും
യത് ആയ അതു്
ആത്മ വസ്തു വസ്തുതഃ ഇല്ലാത്തതു തന്നെയാകുന്നു.

അത്യന്തിക ലയം എന്നതു് മോക്ഷമാകുന്നു. അതു് ആത്മജ്ഞാനത്താൽ ഉണ്ടാകുന്ന സമസ്ത പ്രപഞ്ചരൂപം പ്രപഞ്ചവും ആത്മാവിനെപ്പോലെ സത്യമാകുന്നുവെങ്കിൽ ലയമുണ്ടാകുകയില്ല ആയതുകൊണ്ടു് ജ്ഞാനസ്വരൂപമായ ബ്രഹ്മത്തേക്കാൾ അന്ന്യമായ പ്രപഞ്ചം അസന്യമല്ല എന്നു് പറയപ്പെട്ട പ്രപഞ്ചം ദൃശ്യമായതിനാലും കാരണത്തേക്കാൾ അനന്യമായതാലും ഉൽപ്പത്തി വിനാശങ്ങളോടുകൂടിയതാകയാലും രജ്ജുസർപ്പം എന്നപോലെ അസത് അല്ല.

അ:— കാരണത്തേക്കാൾ കാര്യം വേറെയല്ല എന്നു് ദൃഷ്ടാന്ത സഹിതം പ്രതിപാദിക്കുന്നു

24 ദീപശ്ചക്ഷുശ്ചരൂപം ച ജ്യോതിഷോ ന പൃഥക് ഭവേത്
ഏവം ധീഃ ഖാനി മാത്രാശ്ച ന സ്യുരന്യതമാദൃതാത്

| | | | |
|---|---|---|---|
| ദീപഃ | പ്രകാശമായ ദീപവും | മാത്രാഃ ച | ഗ്രാഹ്യങ്ങളായ വിഷയങ്ങളും |
| ചക്ഷു ച | കിരണമായ കണ്ണും | അന്യതമാത് | കാര്യങ്ങളേക്കാൾ സർവ്വഥാ അന്യമായ |
| രൂപം ച | ഗ്രാഹ്യമായ രൂപവും | ഋതാത് | ബ്രഹ്മത്തേക്കാൾ |
| ജ്യോതിഷഃ | ജ്യോതിസ്സിനേക്കാൾ | പൃഥക് ന സ്യുഃ | ബ്രഹ്മകാര്യങ്ങളായതു കൊണ്ടു് വേറല്ല |
| പൃഥക് ന ഭവേത് | വേറായതല്ല | | |
| ഏവം | ഈ വിധം | | |
| ധീഃ | ഗ്രാഹകമായ ബുദ്ധിയും | | |
| ഖാനി | കരണങ്ങളായ ഇന്ദ്രിയങ്ങളും | | |

ആ :— പ്രപഞ്ചത്തിനു് ബ്രഹ്മത്തേക്കാൾ പൃഥക്ത്വം ഇല്ല. ബ്രഹ്മത്തിനു് പ്രപഞ്ചത്തിൽ നിന്നും പൃഥക്ത്വം ഉണ്ടു്.

അ :— സത്യത്തിൽ ബുദ്ധിപൃഥക് അല്ല എങ്കിൽ അതിന്റെ അവസ്ഥാ വിശേഷങ്ങൾ തീർച്ചയായുമില്ല എന്നു പറയുന്നു.

25 ബുദ്ധേർജാഗരണം സ്വപ്നഃ സുഷുപ്തിരിതി ചോച്യതേ
മായാമാത്രമിദം രാജൻ നാനാത്വം പ്രത്യഗാത്മനി

| | | | |
|---|---|---|---|
| ബുദ്ധേ | ബുദ്ധിക്കാണു | സുഷുപ്തിഃ | സുഷുപ്തി |
| ജാഗരണം | ജാഗരണം | ഇതി ച | എന്നുമവസ്ഥകൾ |
| സ്വപ്നഃ | സ്വപ്നം | ഉച്യതെ | പറയപ്പെടുന്നു |

അ:— ഈ അവസ്ഥകൾ വിശ്വൻ, തൈജസൻ പ്രാജ്ഞൻ ഇവരേ ചേർന്നതാകുന്നു. ബുദ്ധിയെ ചേർന്നതല്ല എന്നു പറയുന്നുവെങ്കിൽ

| | | | |
|---|---|---|---|
| രാജൻ | ഓ രാജൻ | പ്രത്യഗാത്മനി | പ്രത്യഗാത്മാവിങ്കൽ പ്രകാശിക്കുന്ന |
| ഇദം | വിശ്വൻ, തൈജസൻ പ്രാജ്ഞൻ എന്നതായ | നാനാത്വം | ഭേദം |
| | | മായാമാത്രം | മായയന്നേ (മിഥ്യ) യാകുന്നു |

26 യഥാ ജലധരാ വ്യോമ്നി ഭവന്തി ന ഭവന്തി ച
ബ്രഹ്മണീദം തഥാ വിശ്വമവയവ്യുദയാപ്യയാത്

| | | | |
|---|---|---|---|
| യഥാ വ്യോമ്നി | എങ്ങിനെ ആകാശത്തിൽ | അവയവി | അവയവങ്ങളോടു കൂടിയ |
| ജലധരാഃ | മേഘങ്ങൾ | ഇദം വിശ്വം | ഈ പ്രപഞ്ചവും |
| ഭവന്തി | ഉണ്ടാകുന്നുവോ | ബ്രഹ്മണി | ബ്രഹ്മത്തിങ്കൽ |
| ന ഭവന്തി | നശിക്കുകയും ചെയ്യുന്നുവോ | ഉദയാപ്യയാത് | ഉൽഭവിക്കുന്നതു കൊണ്ടും നശിക്കുന്നതു കൊണ്ടും സത്യമല്ല. |
| തഥാ | അങ്ങിനെ | | |

അ: . കാരണം സത്യം എന്നു പറയുന്നു

27 സത്യം ഹ്യവയവഃ പ്രോക്തഃ സർവ്വാവയവിനാമിഹ!
വിനാർത്ഥേന പ്രതീയേരൻ പടസ്യേവാംഗ തന്തവഃ!!

| | | | |
|---|---|---|---|
| ഇഹ | ശ്രുതിയിൽ | ഇവ | എങ്ങിനെ അവയവിയായ വസ്ത്രമില്ലങ്കിലും തനിച്ചു ദൃശ്യമാകുന്നുവോ |
| സർവ്വാവയവിനാം | എല്ലാ അവയവികളുടെയും | അർത്ഥേന വിനാ | അതുപോലെ അവയവി ഇല്ലെന്നാലും അവയവങ്ങൾ |
| അവയവഃ | കാരണം | പ്രതീയേരൻ | പൃഥക്കായി പ്രകാശിക്കും |
| സത്യം പ്രോക്തഃ | സത്യം എന്നു പറയപ്പെട്ടിരിക്കുന്നു. | | |
| പടസ്യ | അവയവിയായ വസ്ത്രത്തിന്റെ | | |
| തന്തവഃ | അവയവങ്ങളായ നൂല് | | |

അവയവിയായ വസ്ത്രം എങ്ങിനെ തന്റെ അവയവമായ കാരണമായ നൂലിൽ നിന്നു് വേർ തിരിച്ചു കാണുന്നില്ലയോ അവയവമായ നൂല് (തന്തു) അവയവിയായ വസ്ത്രത്തേക്കാൾ വേർപെട്ടു് ദൃശ്യമാകുകയും ചെയ്യുന്നുവോ, ഇതുപോലെ അവയവിയായ പ്രപഞ്ചം (കാര്യം) കാരണമായ ബ്രഹ്മത്തേക്കാൾ പൃഥക്കായി കാണുന്നില്ല. കാരണമായ ബ്രഹ്മവും കാര്യമായ പ്രപഞ്ചത്തേക്കാൾ പൃഥക്കായി പ്രകാശിക്കുകയും ചെയ്യുന്നു എന്നു് താല്പര്യം ആയതുകൊണ്ടു് കാരണം സത്യം എന്നും കാര്യം അസത്യമെന്നും ബോധിക്കുന്നു.

അ: കാര്യം ഇല്ല എന്നുവന്നാൽ ബ്രഹ്മത്തിനു കാരണത്വം എങ്ങിനെ എന്നു വരുമല്ലോ എന്നു വെച്ചാൽ വാസ്തവം, ആ കാരണത്വവും സർവ്വഥാ സത്യമല്ല എന്നു പറയുന്നു.

28 യത്സാമാന്യ വിശേഷാഭ്യാമുപലഭ്യേത സ ഭ്രമഃ
അന്യോന്യാപാശ്രയാത്സർവ്വമാദ്യന്ത വദവസ്തുയത്

| | | | |
|---|---|---|---|
| സാമാന്യ വിശേഷാഭ്യാം | കാരണരൂപമായും, കാര്യരൂപമായും | ഭ്രമഃ | ഭ്രമം ആകുന്നു |
| യത് ഉപലഭ്യേത | ഏതു് അവഗതമാകുമോ | യത് | യാതൊന്നിനു |
| സഃ | അതു് | ആദ്യന്തവത് | ഉൽഭവവും, നാശവും ഉണ്ടോ അതു് |
| അന്യോന്യാപാശ്രയാത് | അന്യോന്യാശ്രയം കൊണ്ടുണ്ടാവുന്നതാൽ | അവസ്തു | അസത്യം തന്നെ |

29 വികാരഃ ഖ്യായമാനോഽപി പ്രത്യഗാത്മന മന്തരാഃ
ന നിരൂപ്യോഽസ്ത്യണുരപി സ്യാച്ചേച്ചിത്സമ ആത്മവത്

| | | | |
|---|---|---|---|
| ധ്യായമാനഃ അപി | പ്രകാശിക്കുന്നതായിട്ടിരുന്നാലും | ചിത്സമഃ | അപ്പോഴം ആ പ്രപഞ്ചം എന്നതു് ചിദ്രൂപിയായ പരമാത്മതുല്യമായ് സ്വയം പ്രകാശരൂപിയായി ഭവിക്കും |
| വികാരഃ | പ്രപഞ്ചം എന്നതു് | | |
| പ്രത്യഗാത്മാനം അന്തരാ | പ്രത്യഗാത്മാ (പ്രകാശം) ഇല്ലാതെ | | |
| അണു അപി | ഒരു അണുപോലും | | |
| നിരൂപ്യഃ ന അസ്തി | തെളിയിപ്പാൻ സാദ്ധ്യമല്ല | | |
| സ്യാച്ചേത് | പ്രത്യഗാത്മാവില്ലാതെ തെളിയിപ്പാൻ സാധിക്കുന്ന പക്ഷം | ആത്മവത് | അപ്പോഴം ആത്മാവായ് തന്നെ ഭവിക്കും |

29 കാരണത്വം കൊണ്ടു് കാര്യത്വത്തിനേയും, കാര്യത്വം കൊണ്ടു് കാരണത്വത്തിനേയും പ്രതിപാദിക്കേണ്ടി ഇരിക്കുന്നതിനാൽ ഏതു് പൂർവ്വം എന്തു് പശ്ചാത് എന്നു് പറയുവാൻ സാധിക്കാത്തതിനാൽ കാര്യത്വം എങ്ങിനെ മിത്ഥ്യയോ അങ്ങിനെ കാരണത്വവും മിത്ഥ്യാ എന്നു തന്നെ പറയണം.

അ : ഇത്ഥം പല കാരണങ്ങളാൽ പ്രപഞ്ചം അസത്യം എന്നു പറയപ്പെട്ടു അതിലൊരു ആശങ്ക എന്തെന്നാൽ പ്രപഞ്ചവും പ്രകാശിച്ചുകൊണ്ടിരിക്കുന്നതിനാൽ പരമാത്മാവിനെ പോലെ എന്തുകൊണ്ടു് സത്യമാകുവാൻ പാടില്ല എന്നതിനു് ഉത്തരം പറയുന്നു

30 ന ഹി സത്യസ്യ നാനാത്വമവിദ്വാൻ യദി മന്യതേ
നാനാത്വം ഛിദ്രയോര്യദ്വജ്ജ്യോതിഷോർവ്വാതയോരിവ

| | | | |
|---|---|---|---|
| സത്യസ്യ | സത്യമായ ആത്മാവിനു് | യദ്വത് | പ്രകാശിക്കുന്നതു പോലെയും |
| നാനാത്വം ന അസ്തി | ഭേദം എന്നതില്ല | ജ്യോതിഷോഃ | ആകാശത്തിൽ കാണുന്ന സൂര്യനും ജലത്തിൽ കാണുന്ന സൂര്യനും |
| യദി മന്യതെ | ഉണ്ടു് എന്നു വിചാരിച്ചുവെങ്കിൽ | | |
| അവിദ്വാൻ | അവൻ ആത്മവിഷയമായ ജ്ഞാനം ഇല്ലാത്തവൻ | വാതയോ | ബാഹ്യവാതത്തിനും ശരീരാന്തർശനമായ വായുവിനും |
| നാനാത്വം | ആത്മാവിങ്കൽ പ്രകാശിക്കുന്ന ജീവാത്മ പരമാത്മഭേദം എന്നതു് | ഇവ | കാണുന്നതു പോലെയും ഉപാധി ഭേദത്തിലും ക്രിയാഭേദത്താലും കാണുന്നതുതന്നെ |
| ഛിദ്രയോഃ | ഘടാകാശ മഹാകാശങ്ങൾക്കു് | | |

അ:— ബ്രഹ്മം തന്നേയാണ് പ്രപഞ്ചവ്യവഹാരത്തിന് ആലംബ നമെന്ന് ദൃഷ്ടാന്തത്താൽ വിവരിക്കുന്നു.

31 യഥാഹിരണ്യം ബഹുധാ സമീയതേ
നൃഭിഃ ക്രിയാഭിർവ്യവഹാര വർത്മസു
ഏവം വചോഭിർഭഗവാന ധോക്ഷജോ
വ്യാഖ്യായതേ ലൌകികവൈദികൈർജനൈഃ

| | | | |
|---|---|---|---|
| യഥാഹിരണ്യം | എങ്ങിനെസ്വർണ്ണം | ലൌകിക | ലൌകികങ്ങളും |
| നൃഭിഃ | മനുഷ്യന്മാരാൽ | വൈദികൈഃ | വൈദികങ്ങളുമായ |
| വ്യവഹാര വർത്മസു | വ്യവഹാരമാർഗ്ഗങ്ങളിൽ | വചോഭിഃ | വാക്കുകളാലും |
| ക്രിയാഭിഃ | ക്രിയാവിശേഷങ്ങളാൽ | ജനൈഃ | അഹംകാരോപഹിതരായ ജനങ്ങളാലും |
| ബഹുധാ | കങ്കണകണ്ഡലാദിരൂപങ്ങളായ് | അധോക്ഷജഃ | ഇന്ദ്രിയജ്ഞാനത്തിന് വിഷയമല്ലാത്ത |
| സമീയതെ | അറിയപ്പെടുന്നുവോ | ഭഗവാൻ | പരമാത്മാവും |
| ഏവം | ഈവിധം | വ്യാഖ്യയതെ | പ്രദിപാദിക്കപ്പെടുന്നു |

അ:— ബ്രഹ്മസ്വരൂപത്തെ മറച്ചുംകൊണ്ട് ഭേദവ്യവഹാരത്തിന് അഹങ്കാരം കാരണമാകുന്നത് എങ്ങിനെ? അഹങ്കാരത്തിനു സ്വകാരണഭൂതമായ ബ്രഹ്മത്തിനെ മറക്കുക എന്നത് അസംഭവം അപ്രകാരം സംഭവിച്ചാലും തനിക്ക് പ്രകാശം ഉണ്ടാകുകയില്ല എന്ന ആശങ്കയോടെ (ദൃഷ്ടാന്തത്തോടെ) പറയുന്നു.

32 യഥാ ഘനോർക്ക പ്രഭവോർക്കദർശിതോ
ഹ്യർക്കാംശഭൂതസ്യ ച ചക്ഷുഷസ്തമഃ
ഏവം ത്വഹം ബ്രഹ്മഗുണസ്തദീക്ഷിതോ
ബ്രഹ്മാംശകസ്യാത്മന ആത്മബന്ധനഃ

| | | | |
|---|---|---|---|
| അർക്കപ്രഭവഃ | സൂര്യരശ്മിയിൽ നിന്നുമുണ്ടായതും | ഏവം തു | ഇങ്ങിനേയോ |
| അർക്കദർശിതഃ | സൂര്യനാൽ പ്രകാശിപ്പിക്കപ്പെട്ടതുമായ | അഹം | അഹംകാരവും |
| ഘനഃ യഥാ ഹി | മേഘം എങ്ങിനെ | ബ്രഹ്മഗുണഃ | ബ്രഹ്മകാര്യമായ് |
| അർക്കാംശഭൂതസ്യ | സൂര്യനോട് സംബന്ധപ്പെട്ട | തദീക്ഷിതഃ | ബ്രഹ്മത്തിനാൽ പ്രകാശിപ്പിക്കപ്പെട്ടതായ് |
| ചക്ഷുഷ | നേത്രങ്ങൾക്ക് | ബ്രഹ്മാംശകസ്യ | ബ്രഹ്മാംശഭൂതമായ |
| തമഃ | തൻ സ്വരൂപ ഭൂതനായ സൂര്യനെ കാണുവാൻ പ്രതിബന്ധകമായ് ഭവിക്കുന്നുവോ | ആത്മനഃ | ജീവന്ന് |
| | | ആത്മബന്ധനഃ | ബ്രഹ്മസാക്ഷാൽക്കാരത്തിന് പ്രതിബന്ധകമായ് ഭവിക്കുന്നു. |

അ:— ആയതുകൊണ്ട് അഹങ്കാരത്തിന് നാശം സംഭവിക്കുമ്പോൾ ബ്രഹ്മ സ്വരൂപദർശനം സംഭവിക്കുന്നു. എന്ന് അതേ ദൃഷ്ടാന്തംകൊണ്ട് പറയുന്നു.

33 ഘനോ യദാർക്കപ്രഭവോവിദീര്യതേ
ചക്ഷുഃ സ്വരൂപം രവിമീക്ഷതേ തദാ
യദാഹ്യഹങ്കാര ഉപാധിരാത്മനോ
ജിജ്ഞാസയാ നശ്യതി തർഹ്യനുസ്മരേത്

| | |
|---|---|
| യദാ | എപ്പോൾ |
| അർക്കപ്രഭവഃ | സൂര്യകാരണം ഉണ്ടായ |
| ഘനഃ വിദീര്യതേ | മേഘം വിലങ്ങി മാറുന്നുവോ |
| തദാ ചക്ഷുഃ | അപ്പോൾ കണ്ണ് |
| സ്വരൂപം | സ്വസ്വരൂപഭൂതനായ |
| രവിം ഈക്ഷതേ | സൂര്യനെ കാണുന്നു |
| യദാ ഹി | എപ്പോൾ |
| ആത്മനഃ ഉപാധിഃ | ആത്മാവിന്റെ ഉപാധിയായ |
| അഹംകാരഃ | അഹംകാരം |
| ജിജ്ഞാസയാ | ആത്മവിചാരം കൊണ്ട് |
| നശ്യതി | നശിക്കുന്നുവോ |
| തർഹി | അപ്പോൾ |
| അനുസ്മരേത് | അഹം ബ്രഹ്മാസ്മി എന്ന് സ്മരിക്കുന്നു. |

അ: ഇതുതന്നെയാണ് ആത്യന്തിക പ്രളയമെന്നു പറഞ്ഞ് അവസാനിപ്പിക്കുന്നു.

34 യദൈവമേതേന വിവേകഹേതിനാ
മായാമയാഹം കരണാത്മബന്ധനം
ഛിത്വാച്യുതാത്മാനുഭവോഽവതിഷ്ഠതേ
തമാഹുരാത്യന്തികമംഗ സംപ്ലവം

| | |
|---|---|
| അംഗ | ഹേ രാജൻ |
| യദാ ഏവ | എപ്പോൾ ഇപ്രകാരം |
| ഏതേന | പൂർവോക്തമായ |
| വിവേക ഹേതിനാ | വിവേകം എന്ന പിശാകത്തിയാൽ |
| മായാമയാഹം കരണാത്മ ബന്ധനം | മായാപൂർണ്ണമായ അഹങ്കാരം എന്ന ആത്മബന്ധനത്തെ |
| ഛിത്വാ | ഛേദിച്ച് |
| അച്യുതാത്മാനുഭവഃ | പരിപൂർണ്ണനായ ആത്മാവിനെ അനുഭവിച്ചുംകൊണ്ട് |
| അവതിഷ്ഠതേ | ഇരിക്കുന്നുവോ |
| തം | അതിനെത്തന്നെയാണ് |
| ആത്യന്തികം സംപ്ലവം | ആത്യന്തിക പ്രളയമെന്ന് |
| ആഹുഃ | പറയുന്നു |

അ: നിത്യപ്രളയത്തിനെ പറയുന്നു

35 നിത്യദാ സർവ്വഭൂതാനാം ബ്രഹ്മാദീനാം പരംതപ
ഉൽപത്തി പ്രളയാവേകേ സൂക്ഷ്മജ്ഞാഃ സംപ്രചക്ഷതേ

| | |
|---|---|
| പരംതപ | ഹേ! പരന്തപ! |
| സൂക്ഷ്മജ്ഞാഃ | സൂക്ഷ്മജ്ഞന്മാർ |
| ഏകേ | ചിലർ |
| ബ്രഹ്മാദീനാം | ബ്രഹ്മപ്രഭൃതി |
| സർവ്വഭൂതാനാം | സമസ്ത ജന്തുക്കൾക്കും |
| നിത്യദാ | എപ്പോഴും |
| ഉൽപത്തി പ്രളയൌ | ഉൽപത്തിയും, പ്രളയും ഉണ്ടെന്നു് |
| സംപ്രചക്ഷതെ | പറയുന്നു |

36 കാലസ്രോതോ ജവേനാശു ഹ്രിയമാണസ്യ നിത്യദാ
പരിണാമിനാമവസ്ഥാസ്താ ജന്മപ്രളയഹേതവഃ

| | |
|---|---|
| പരിണാമിനാം | പരിണമിക്കുന്ന നദീ പ്രവാഹം ദീപജ്വാല ഇവകൾക്കുണ്ടാകുന്ന |
| നാഃ അവസ്ഥാഃ | ഉച്ചനീചാവസ്ഥകൾ |
| കാലസ്രോതോ ജവേന | കാലപ്രവാഹത്തിന്റെ വേഗത്താൽ |
| ആശുഹ്രിയമാണസ്യ | ഉടനെ നശിക്കുന്ന ദേഹം മുതലായവക്കും |
| നിത്യദാ | എന്നും |
| ജന്മപ്രളയഹേതവഃ | ഉൽപ്പത്തി പ്രളയങ്ങൾക്കു് കാരണങ്ങളായ്‌ ഭവിക്കുന്നു |

അ : ഓരോ ക്ഷണത്തിൽ അവസ്ഥാഭേദങ്ങൾ ഉണ്ടാകുന്നു എങ്കിൽ അവ എന്തുകൊണ്ടു് കാണപ്പെടുന്നില്ല ആയതുകൊണ്ടു് ഹേതു അസിദ്ധൻ എന്ന ആശങ്കക്കു് ഉത്തരം പറയുന്നു.

37 അനാദ്യന്തവതാനേന കാലേനേശ്വരമൂർത്തിനാ
അവസ്ഥാ നൈവ ദൃശ്യന്തെ വിയതി ജ്യോതിഷാമിവഃ

| | |
|---|---|
| വിയതി | ആകാശത്തിൽ സഞ്ചരിക്കുന്ന |
| ജ്യോതിഷാം ഇവ | സൂര്യചന്ദ്രൻ മുതലായ സഞ്ചാര രൂപമായ അവസ്ഥകൾ എങ്ങിനെ കാണപ്പെടുന്നില്ലയോ |
| അനാദ്യന്തവതാ | ആദിയും അന്തവും ഉള്ള |
| ഈശ്വരമൂർത്തിനാ | ഈശ്വരസ്വരൂപിയായ |
| കാലേന | കാലത്താൽ ഉണ്ടാകുന്ന |
| അവസ്ഥാഃ | അവസ്ഥകളും |
| ന ദൃശ്യന്ത ഏവ | ദൃശ്യമാകുന്നില്ല |

ആകാശത്തിൽ സംചരിക്കുന്ന സൂര്യൻ മുതലായവ ദേശാന്തരം പ്രാപിക്കുന്നതിനാൽ ഓരോ ക്ഷണത്തിലും ഗതിയെ അറിയിക്കുന്നതു പോലെ ബാല്യം യൌവനം മുതലായവയെ കാണുന്നതിനാൽ ഇടക്കുള്ള അവസ്ഥകളും അറിയിക്കപ്പെടുന്നു.

38 നിത്യോ നൈമിത്തികശ്ചൈവ തഥാ പ്രാകൃതികോ ലയഃ
ആത്യന്തികശ്ചകഥിതഃ കാലസ്യ ഗതിരീദൃശീ

| | |
|---|---|
| നിത്യഃ | നിത്യവും |
| നൈമിത്തികഃ ച | നൈമിത്തികവും |
| തഥാ ഏവ | അതുപോലെ |
| പ്രാകൃതികഃ | പ്രാകൃതികവും |
| ആത്യന്തികാഃ ച | ആത്യന്തികവുമായ |
| ലയഃ കഥിതഃ | പ്രളയം പ്രദിപാദിക്കപ്പെട്ട |
| കാലസ്യ ഗതിഃ | കാലത്തിന്റെ ഗതി |
| ഈ ദൃശീ | ഇപ്രകാരം ആകുന്നു. |

39 ഏതാം കുരുശ്രേഷ്ഠ ജഗദ്വിധാതുർ നാരായണസ്യാ ഖില സത്വധാമ്നഃ
ലീലാകഥാസ്തേ കഥിതാ സമാസതഃ
കാർത്സ്ന്യേന നാജോഽപ്യഭിധാതു മീശഃ

| | |
|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുശ്രേഷ്ഠ |
| ജഗദ്വിധാതുഃ | ജഗത്തിനെ സൃഷ്ടിച്ചവനും |
| അഖിലസത്വധാമ്നഃ | സമസ്ത പ്രാണികൾക്കും നിവാസഭൂതനുമായ |
| നാരായണസ്യ | ശ്രീനാരായണന്റെ |
| ഏതാഃ ലീലാകഥാഃ | ലീലാവിഷയങ്ങളായ കഥകൾ |
| തേ | നിനക്ക് |
| സമാസതഃ കഥിതാഃ | ചുരുക്കി പറയപ്പെട്ടു |
| കാർത്സ്യേന | പൂർണ്ണമായും |
| അഭിധാതും | പറയുവാൻ |
| അജഃ അപി ന ഈശഃ | ബ്രഹ്മദേവൻ പോലും ശക്തനാകുകയില്ല |

40 സംസാരസിന്ധുമതി ദുസ്തരമുത്തിതീർഷോ
ർന്നാന്യഃ പ്ലവോ ഭഗവതഃ പുരുഷോത്തമസ്യ
ലീലാകഥാരസനിഷേവണമന്തരേണ പുംസോ
ഭവേദ്വിവിധ ദുഃഖദവാർദിതസ്യ

| | |
|---|---|
| വിവിധ ദുഃഖ ദവാർദിതസ്യ | പലവിധമായ ദുഃഖം എന്ന കാട്ടുതീയാൽ ദുഃഖിച്ചവനും |
| അതിദുസ്തരം | കടക്കുവാൻ കഠിനമായ |
| സംസാര സിന്ധും | സംസാര സാഗരത്തിനെ |
| ഉത്തിതീർഷോഃ | കടക്കുവാൻ ആഗ്രഹിച്ചവനുമായ |
| പുംസഃ | പുരുഷന്ന് |
| പുരുഷോത്തമസ്യ ഭഗവതഃ | ശ്രീമന്നാരായണ ഭഗവാന്റെ |
| ലീലാകഥാരസ നിഷേവണം | ലീലാകഥാരസ സേവനം ഒഴികെ |
| അന്യഃ പ്ലവഃ | വേറൊരു തോണി |
| ന ഭവേത് | ഇല്ല |

41 പുരാണസംഹിതാമേതാമൃഷിർ നാരായണോഽവ്യയഃ
നാരദായ പുരാ പ്രാഹ കൃഷ്ണദ്വൈപായനായ സഃ

| | |
|---|---|
| പുരാ | മുമ്പ് |
| അവ്യയഃ | നാശമില്ലാത്ത |
| നാരായണഃ ഋഷിഃ | നാരായണ ഋഷി |
| ഏതാം പുരാണ സംഹിതാം | ഈ പുരാണ സംഹിതയെ |
| നാരദായ പ്രാഹ | നാരദന്ന് ഉപദേശിച്ചു |
| സഃ | അവർ |
| കൃഷ്ണദ്വൈപായനായ | വ്യാസന്ന് ഉപദേശിച്ചു |

42 സ വൈ മഹ്യം മഹാരാജ ഭഗവാൻ ബാദരായണഃ
ഇമാം ഭാഗവതീം പ്രീതഃ സംഹിതാം വേദസംമിതാം

| | |
|---|---|
| മഹാരാജ | മഹാരാജാവേ |
| ഭഗവാൻ | സർവ്വജ്ഞനായ |
| സഃ ബാദരായണഃ വൈ | ആ വ്യാസനും |
| പ്രീതഃ | സന്തോഷപ്പെട്ട് |
| വേദസംമിതാം | വേദതുല്യമായതും |
| ഭാഗവതീം | ഭഗവാന്റെ ചരിത്രത്തെ പറയുന്നതുമായ |
| ഇമാം സംഹിതാം | ഈ സംഹിതയെ |
| മഹ്യം | എനിക്കുപദേശിച്ചു |

43 ഏതാം വക്ഷ്യത്യസൌ സൂത ഋഷിഭ്യോ നൈമിഷാലയേ
ദീർഘസത്രേ കുരുശ്രേഷ്ഠ സംപൃഷ്ടഃ ശൌനകാദിഭിഃ

| | | | |
|---|---|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുശ്രേഷ്ഠ | ശൌനകാദിഭിഃ | ശൌനക പ്രഭൃതികളാൽ |
| അസൌ സൂതഃ | ഇതോ ഇരിക്കുന്ന ഈ സൂതർ | സംപൃഷ്ടഃ | ചോദിക്കപ്പെട്ടവരായ് |
| നൈമിഷാലയെ | നൈമിശാരണ്യത്തിങ്കൽ | ഏതാം | ഈ ഭാഗവതത്തിനെ |
| ദീർഘസത്രെ | ദീർഘസത്രം എന്ന യാഗത്തിങ്കൽ | വക്ഷ്യതി | ഉപദേശിക്കുവാൻ പോകുന്നു |

ഇതി ശ്രീമത് ഭാഗവത മഹാ പുരാണത്തിൽ

പന്ത്രണ്ടാം സ്കന്ധം നാലാമദ്ധ്യായം

ആദിതഃ ശ്ലോകാഃ 13715 ദ്വാദശസ്കന്ധെ ആദിതഃ ശ്ലോകാഃ 182

# അഞ്ചാം അദ്ധ്യായം

പഞ്ചാമേത്ര സമാസേന പരബ്രഹ്മോപദേശതഃ
രാജ്ഞസ്തക്ഷക സംദംശാൻ മൃത്യുഭീതി നിവാരണംഃ

അഞ്ചാമത്തെ അദ്ധ്യായത്തിൽ പരബ്രഹ്മസ്വരൂപത്തെപ്പററി ചുരുക്കമായ് ഉപദേശിച്ചതുകാരണം രാജാവിനെ തക്ഷകൻ കൊത്തുന്നതു കൊണ്ടുണ്ടാകുന്ന മൃത്യുംഭയം വിലകുന്നതു് പറയപ്പെടുന്നു.

ശ്രീശുക ഉവാച — ശ്രീശുകൻ പറയുന്നു

1 അത്രാനുവർണ്യതേƨഭീക്ഷ്ണം വിശ്വാത്മാ ഭഗവാൻ ഹരിഃ
യസ്യ പ്രസാദജോ ബ്രഹ്മാ രുദ്രഃ ക്രോധസമുൽഭവഃ

| | | | |
|---|---|---|---|
| ബ്രഹ്മാ | ലോകകർത്താവായ ബ്രഹ്മദേവൻ | രുദ്രഃ ക്രോധസമുത്ഭവഃ | ലോകങ്ങളെ നശിപ്പിക്കുന്ന ശ്രീരുദ്രൻ തമോവൃത്തിയായ ക്രോധത്തിൽ നിന്നുമുണ്ടായോ |
| യസ്യ | യാതൊരു ശ്രീഹരി ഭഗവാൻെറ | വിശ്വാത്മാ | സകല പ്രാണികൾക്കും അന്തരാത്മാവായ |
| പ്രസാദജഃ | രജോവൃത്തിയായ സന്തോഷത്തിൽ നിന്നും ജനിച്ചുവോ | ഭഗവാൻ ഹരിഃ | ശ്രീഹരി ഭഗവാൻ |
| | | അത്ര അഭീക്ഷ്ണം | ഇതിൽ വീണ്ടും വീണ്ടും |
| | | അനുവർണ്യതെ | വർണ്ണിക്കപ്പെടുന്നു |

2 ത്വം തു രാജൻ മരിഷ്യേതി പശുബുദ്ധിമിമാം ജഹി
ന ജാതഃ പ്രാഗഭൂതോഽദ്യ ദേഹവത്ത്വം ന നംക്ഷ്യസി

| | |
|---|---|
| രാജൻ | ഹേ! രാജൻ |
| ത്വം | നീ |
| മരിഷ്യേ ഇതി | ഞാൻ മരിക്കുവാൻ പോകുന്നു എന്ന് |
| ഇമാം പശുബുദ്ധിം തു ജഹി | ഈ അവിവേകത്തിനെ മാത്രം വിട്ടുകളയുക |
| പ്രാക് അഭൂതഃ | മുമ്പ് ഇല്ലാത്ത നീ |
| അദ്യ ന ജാതഃ | ഇപ്പോൾ ജനിച്ചവൻ അല്ല ആയതുകൊണ്ട് |
| ദേഹവത് | മുമ്പ് ഇല്ലാതിരുന്ന് ഇപ്പോൾ ഉണ്ടായ ദേഹം നശിക്കുന്നതു പോലെ |
| ന നംക്ഷ്യസി | നീ നശിക്കുവാൻ പോകുന്നില്ല |

3 ന ഭവിഷ്യസി ഭൂത്വാ ത്വം പുത്രപൌത്രാദി രൂപവാൻ
ബീജാം കുരവദ്ദേഹാ ദേർവ്യതിരിക്തോ യഥാനലഃ

| | |
|---|---|
| ത്വം ഭൂത്വാ | നീ ആദ്യം ഉണ്ടായിട്ട് പിന്നീട് |
| ബീജാം കുരവത് | വിത്തിൽ നിന്നും മുള മുളക്കുന്നതുപോലെ |
| പുത്ര പൌത്രാദി രൂപവാൻ | പുത്ര പൌത്രാദി രൂപത്തോടെ |
| ന ഭവിഷ്യതി | ഉത്ഭവിക്കുവാൻ പോകുന്നില്ല |
| അനലഃ യഥാ | തീ വിറകിൽ നിന്ന് (അരണിക്കട്ടി വേറായതോ |
| ദേഹാദേഃ വ്യതിരിക്തഃ | അതുപോലെ നീയും ശരീരം മുതലായതിൽ നിന്നും വേർപെട്ടവനാകുന്നു |

ദേഹത്തിൽ നിന്നും ദേഹം ഉണ്ടാകുന്നു എന്നല്ലാതെ ആത്മാ ഉണ്ടാകുന്നില്ല എന്ന് താൽപര്യം.

4 സ്വപ്നേ യഥാ ശിരശ്ഛേദം പഞ്ചത്വാദ്യാത്മനഃ സ്വയം
യസ്മാത് പശ്യതി ദേഹസ്യ തത ആത്മാ ഹ്യജോഽമരഃ

| | |
|---|---|
| സ്വപ്നേ യഥാ | എങ്ങിനെ സ്വപ്നത്തിൽ |
| ആത്മനഃ | തന്റെ |
| ശിരശ്ഛേദം | ശിരശ്ഛേദത്തിനെ |
| സ്വയം പശ്യതി | താൻ തന്നെ കാണുന്നുവോ അതുപോലെ ജാഗ്രത്തിൽ |
| യസ്മാത് | യാതൊരു കാരണം കൊണ്ട് |
| ദേഹസ്യ | ശരീരത്തിന് |
| പഞ്ചത്വാദി പശ്യതി | മരണം മുതലായവയെ കാണുന്നുവോ |
| തതഃ | ആയതിനാൽ ആത്മാവിന് ഉല്പത്തിവിനാശങ്ങളും ഉണ്ടെന്നു വിചാരിക്കുന്നത് ഭ്രമം തന്നെയാകുന്നു |
| ഹി | എന്തുകൊണ്ടെന്നാൽ |
| ആത്മാ | ആത്മാ |
| അജഃ | ജനനരഹിതൻ |
| അമരഃ | മരണമില്ലാത്തവൻ |

5 ഘടേ ഭിന്നേ യഥാഽഽകാശഃ ആകാശഃ സ്യാദ്യഥാ പുരാ
ഏവം ദേഹേ മൃതേ ജീവോ ബ്രഹ്മ സംപദ്യതേ പുനഃ

| | | | |
|---|---|---|---|
| യഥാ | എങ്ങിനെ | ഏവം | ഇപ്രകാരമേ |
| യഥാ പുരാ | ഘടോപാധിക്ക് പൂർവ്വവത് | ദേഹേമൃതെ | ഉപാധിഭൂതമായ ദേഹം തത്വജ്ഞാന (ത്താൽ മരണം പ്രാപിച്ച്) ലയമാകുമ്പോൾ |
| ഘടേ ഭിന്നെ | ഉപാധിയായ ഘടം ഉടഞ്ഞപ്പോൾ | പുനഃ ജീവഃ | വീണ്ടും ജീവൻ |
| ആകാശഃ | ഘടാന്തർഗതമായ ആകാശം | ബ്രഹ്മ സംപദ്യതെ | ബ്രഹ്മമായ് ഭവിച്ചുപോകുന്നു. |
| ആകാശഃ സ്യാത് | മഹാകാശമായ്ത്തന്നെ ഭവിക്കുന്നു | | |

അ : ജ്ഞാനത്തിനാൽ ലയത്തിനെ ഭവിക്കുവാൻ വേണ്ടി മായയിനാൽ ആത്മാവിന് ഉണ്ടാകുന്ന ദേഹം മുതലായ ഉപാധികൾ ഉണ്ടാകുന്ന ക്രമത്തിനെ പറയുന്നു

6 മനഃ സൃജതി വൈ ദേഹാൻ ഗുണാൻകർമ്മാണി ചാത്മനഃ
തന്മനഃ സൃജതേ മായാ തതോ ജീവസ്യ സംസൃതിഃ

| | | | |
|---|---|---|---|
| മനഃ വൈ | മനസ്സുതന്നെയാണ് | തത്മനഃ | ആ മനസ്സിനെ |
| ആത്മനഃ | ആത്മാവിന് | മായാസൃജതെ | മായാ സൃഷ്ടിക്കുന്നു |
| ദേഹാൻ | ഉപാധികളായ ശരീരങ്ങളെയും | തതഃ | മായാ മുതലായ ഉപാധി സമൂഹത്തിൽ നിന്ന് |
| ഗുണാൻ | ഗുണങ്ങളേയും | ജീവസ്യ സംസൃതി | ജീവന്ന് സംസാരം സംഭവിക്കുന്നു |
| കർമ്മാണി ച | കർമ്മങ്ങളെയും | | |
| സൃജതി | സൃഷ്ടിക്കുന്നത് | | |

അ ; ജീവന്ന് ഉപാധിയിലാണ് സംസാരം ഉണ്ടാകുന്നത് ആ ഉപാധി നശിച്ചാൽ ജീവത്വം ഇല്ലാതാകുന്നു എന്നതിനെ ദൃഷ്ടാന്തത്തോടു പറയുന്നു.

7 സ്നേഹാധിഷ്ഠാന വർത്ത്യഗ്നിസംയോഗോയാവദീയതെ
തതോദീപസ്യ ദീപത്വമേവം ദേഹകൃതോ ഭവഃ
രജഃ സത്വതമോ വൃത്ത്യാ ജായതേƒഥ വിനശ്യതി

| | | | |
|---|---|---|---|
| സ്നേഹാധിഷ്ഠാന വർത്ത്യഗ്നി സംയോഗഃ | എണ്ണ, അതിന്റെ ആധാരം, തിരി, അഗ്നി ഇവ ഒന്നിച്ചു ചേരുക എന്നതു | ഏവം | ഇപ്രകാരം തന്നെ |
| യാവത് ഈയതെ | എതുവരെയോ | ദേഹകൃതഃ | ദേഹസംബന്ധം കൊണ്ടുണ്ടായ |
| തതഃ | അതുവരെ | ഭവഃ | സംസാരം |
| ദീപസ്യ | ജ്യോതി രൂപമായ ദീപത്തിന് | രജഃ സത്വതമോവൃത്ത്യാ | രജോഗുണം സത്വഗുണം തമോഗുണം ഇവകളുടെ വൃത്തി കൊണ്ട് |
| ദീപത്വം | ജ്വാലാരൂപമായ പരിണാമം ഉള്ളതു് | ജായതെ | ഉണ്ടാകുന്നു. |
| | | അഥ നശ്യതി | അനന്തരം നശിച്ചു പോകുന്നു. |

## പന്ത്രണ്ടാം സ്കന്ധം അഞ്ചാം അദ്ധ്യായം

പ്രകൃതത്തിൽ എണ്ണു കർമ്മവും, ആധാരം മനസ്സും തീരിദേഹവും അഗ്നി ചൈതന്യാധ്യാസവും ദീപം സംസാരവും എന്നു അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

8 ന തത്രാത്മാ സ്വയം ജ്യോതിർയ്യോവ്യക്താവ്യക്തയോഃ പരഃ
ആകാശ ഇവ ചാധാരോ ധ്രുവോഽനന്തോപമസ്തതഃ

| | | | |
|---|---|---|---|
| യഃ | ഏതാത്മാവ് | ധ്രുവഃ | വികാരമില്ലാത്തവനും |
| സ്വയം ജ്യോതിഃ | സ്വപ്രകാശനും | അനന്തോപമഃ | അന്തവും സാദൃശ്യവും ഇല്ലാത്തവനും |
| വ്യക്താ വ്യക്തയോഃ | ആയതിനാൽ സ്ഥൂല സൂക്ഷ്മ ദേഹങ്ങളെക്കാൾ | തതഃ | വിളവുമായിരിക്കുന്നുവോ അപ്രകാരമായവനും |
| പരഃ | പരനും | തത്ര | ആ ഉപാധിയിൽ പ്രത്യക്ഷമാകുന്ന |
| ആകാശ ഇവ | ആകാശം പോലെ | ആത്മാ ന | ആ ആത്മാവ് നശിക്കുന്നില്ല |
| ആധാരഃ ച | ദേഹം മുതലായ പ്രപഞ്ചത്തിന് ആധാരഭൂതനും | | |

9 ഏവമാത്മാന മാത്മസ്ഥമാത്മനൈവാമൃശ പ്രഭോ
ബുദ്ധ്യാനുമാനഗർഭിണ്യാ വാസുദേവാനുചിന്തയാ

| | | | |
|---|---|---|---|
| പ്രഭോ | ഹേ രാജൻ | അനുമാന ഗർഭിണ്യാ | അനുമാനത്തോടു കൂടിയ |
| ഏവം ആത്മസ്ഥം | ഇപ്രകാരം ദേഹാദി ഉപാധികളിൽ നിന്നും | ബുദ്ധ്യാ | ബുദ്ധിയാലും |
| ആത്മാനം | ആത്മാവിനെ | വാസുദേവ ചിന്തയാ | ശ്രീ വാസുദേവ ഭക്തിയാലും |
| ആത്മനാ ഏവ | സ്വയം | ആമൃശ | അന്വേഷിക്കുക |

10 ചോദിതോ വിപ്രവാക്യേന ന ത്വാം ധക്ഷ്യതി തക്ഷകഃ
മൃത്യവോ നോപധക്ഷ്യന്തി മൃത്യൂനാം മൃത്യുമീശ്വരം

| | | | |
|---|---|---|---|
| വിപ്രവാക്യേന | ബ്രഹ്മണകുമാരന്റെ വാക്കുകളാൽ | മൃത്യും | മൃത്യുവായ |
| ചോദിതഃ തക്ഷകഃ | ചോദിതനായ തക്ഷകൻ | ഈശ്വരം | ഈശ്വരനെ |
| ത്വാം ന ധക്ഷ്യതി | നിന്നെ കൊത്തുകയില്ല | മൃത്യവഃ | മരണത്തിന് കാരണമായവർ |
| മൃത്യൂനാം | മൃത്യുക്കൾക്കും | ന ഉപധക്ഷ്യന്തി | സമീപിക്കുവാൻ അശക്തരല്ലയോ |

അഃ അന്വേഷണം ചെയ്യേണ്ടുന്ന വിധിയെ പറഞ്ഞ് തക്ഷകനെ കാണാതിരിക്കുന്നതിനെപ്പററി പറയുന്നു.

11 അഹം ബ്രഹ്മപരംധാമ ബ്രഹ്മാഹം പരമം പദം
ഏവം സമീക്ഷന്നാത്മാനമാത്മന്യാധായ നിഷ്കളേ

12 ദംശന്തം തക്ഷകം പാദേ ലേലിഹാനം വിഷാനനൈഃ
ന ദ്രക്ഷ്യസി ശരീരം ച വിശ്വം ച പൃഥഗാത്മനഃ

| | | | |
|---|---|---|---|
| അഹം | ഞാൻ | വിഷാനനൈഃ | വിഷമയമായ വായ്കളാൽ |
| പരം ധാമ | പരമപദരൂപമായ | പദേ ദംശന്തം | കാലിൽ കൊത്തുന്ന |
| ബ്രഹ്മ | ബ്രഹ്മമാകുന്നു | തക്ഷകം ലേലിഹാനം | തക്ഷകൻ എന്ന പാമ്പിനെയും |
| പരമംപദം | പരമപദരൂപമായ | ശരീരം ച | നിന്റെ ശരീരത്തിനേയും |
| ബ്രഹ്മ | ബ്രഹ്മം | ആത്മനഃ പൃഥക് | ആത്മാവല്ലാതെ വേറെ |
| അഹം | ഞാനേ | വിശ്വം ച | ജഗത്തിനെയും |
| ഏവം | ഈവിധം | ന ദ്രക്ഷ്യസി | നീ കാണുവാൻ പോകുന്നില്ല |
| നിഷ്കളെ | നിരുപാധികനായ | | |
| അത്മനി | പരബ്രഹ്മത്തിങ്കൽ | | |
| ആത്മാനം സമാധായ | ആത്മാവിനെ സ്ഥിരപ്പെടുത്തി | | |
| സമീക്ഷൻ | നോക്കിക്കൊണ്ടു് | | |

പ്രകൃതത്തിൽ 'അഹം ബ്രഹ്മ' എന്ന ഭാവത്താൽ ജീവന്നു് ശോകാദി നിവൃത്തിയും 'ബ്രഹ്മാഹം' എന്ന ഭാവത്താൽ പാരോക്ഷ്യവും (ഇന്ദ്രിയതത്വമല്ലാതിരിക്കുക) നിവൃത്തിയാകുന്നു

13 ഏതത്തേ കഥിതം താത യഥാത്മാ പൃഷ്ടവാന്നൃപ
ഹരേർവ്വിശ്വാത്മനശ്ചേഷ്ടാം കിം ഭൂയഃ ശ്രോതുമിച്ഛസി

| | | | |
|---|---|---|---|
| താത | വത്സ | ഏതത് തേ കഥിതം | ഇതാ നിനക്കു് ഉപദേശിക്കപ്പെട്ടു |
| ആത്മാ | പരമാത്മഭൂതനായ നീ | | |
| വിശ്വാത്മനഃ | സമസ്തമായ പ്രപഞ്ചങ്ങൾക്കും അന്തര്യാമിയായ | നൃപ | ഹേ! രാജൻ! |
| ഹരേഃ | ശ്രീഹരിയുടെ | ഭൂയഃ | വീണ്ടും |
| ചേഷ്ടാം | ചരിത്രം | | |
| യഥാ പൃഷ്ടവാൻ | ചോദിച്ച പ്രകാരം | കിം ശ്രോതും ഇച്ഛസി | എന്താണു് ചോദിക്കുവാനാഗ്രഹിക്കുന്നതു് |

ഇതി ശ്രീമത് ഭാഗവത മഹാപുരാണം

പന്ത്രണ്ടാം സ്കന്ധം അഞ്ചാമദ്ധ്യായം

ആദിതഃ ശ്ലോകങ്ങൾ 13728 ദ്വാദശസ്കന്ധം ആദിതഃ ശ്ലോകങ്ങൾ 198

## ആറാം അദ്ധ്യായം

ഷഷ്ഠേ പരീക്ഷിതോ മോക്ഷഃ സർപ്പഹോമാദിതത്സുതാത്
വേദശാസ്ത്രവിഭാഗോക്തൌ ത്രിവേദീ വ്യാസവർണ്ണനം

## പന്ത്രണ്ടാം സ്കന്ധം ആറാം അദ്ധ്യായം

ആറാമദ്ധ്യായത്തിൽ പരീക്ഷിത്തിന്റെ മോക്ഷവും അവന്റെ പുത്രനായ ജനമേജയനാൽ സർപ്പഹോമം മുതലായതും വേദശാസ്ത്ര മന്ത്രങ്ങളുടെ വിഭാഗത്തിനെ പറയുന്നതോടെ വേദത്രയങ്ങളുടെ വിഭാഗങ്ങളും പറയപ്പെടുന്നു.

സൂത ഉവാച — സൂതൻ പറയുന്നു

1 ഏതന്നിശമ്യ മുനിനാഭിഹിതം പരീക്ഷി-
ദ്വ്യാസാത്മജേന നിഖിലാത്മദൃശാ സമേന
തത്പാദമൂലമുപസൃത്യ നതേന മൂർധ്നാ
ബദ്ധാഞ്ജലിസ്തമിദമാഹ സ വിഷ്ണുരാതഃ

വിഷ്ണുരാതഃ, ശ്രീകൃഷ്ണനാൽ രക്ഷിക്കപ്പെട്ട
സഃ പരീക്ഷിത് അ പരീക്ഷിത്
നിഖിലാത്മ ദൃശാ } സർവ്വാന്തര്യാമിയായ ശ്രീഹരിയെ ദർശിക്കുന്നവനും അല്ലെങ്കിൽ സർവ്വത്തിനെയും തന്നിൽതന്നെ കാണുന്നവനും
സമേന ആയതിനാൽ എല്ലാവരോടും സമമായ് ഇരിക്കുന്നവനും
വ്യാസാത്മജേന വ്യാസപുത്രനുമായ

മുനിനാ അഭിഹിതം } ശുകമുനിയാൽ ഉപദേശിക്കപ്പെട്ട
ഏതത് നിശമ്യ ഈ പുരാണം കേട്ട്
നതേന മൂർധനാ വണങ്ങിയ തലയാൽ
തത്പാദമൂലം ഉപസൃത്യ } അവന്റെ തൃപ്പാദങ്ങളെ സേവിച്ച്
ബദ്ധാഞ്ജലി അഞ്ജലിബദ്ധനായി
തം അദ്ദേഹത്തോട്
ഇദം ആഹ ഇപ്രകാരം പറഞ്ഞു

രാജോവാച — രാജാവ് പറയുന്നു

2 സിദ്ധോഽസ്മ്യനുഗൃഹീതോഽസ്മി ഭവതാ കരുണാത്മനാ
ശ്രാവിതോ യച്ച മേ സാക്ഷാദനാദിനിധനോ ഹരിഃ

കരുണാത്മനാ കരുണാമൂർത്തിയുമായ
ഭവതാ താങ്കളാൽ
അനുഗൃഹീതഃ അസ്മി } അനുഗൃഹീതനായ് ഭവിക്കുന്നു
സിദ്ധഃ അസ്മി ആയതുകൊണ്ട് കൃതാർത്ഥനായും ഭവിക്കുന്നു
യത് ച എന്തുകൊണ്ടെന്നാൽ

അനാദിനിധനഃ ആദ്യന്തരഹിതനായ
ഹരിഃ ശ്രീഹരി
മേ എനിക്ക്
സാക്ഷാത് ശ്രാവിതഃ } തങ്ങളാൽ നേരിൽ സാക്ഷാത്തായ് ഉപദേശിക്കപ്പെട്ട

3 നാത്യദ്ഭുതമഹം മന്യേ മഹതാമച്യുതാത്മനാം
അജ്ഞേഷു താപതപ്തേഷു ഭൂതേഷു യദനുഗ്രഹഃ

അച്യുതാത്മനാം — അച്യുതനോട് മനസ്സിനെ ഐക്യമാക്കിയ
മഹനാം — മഹാന്മാർക്ക്
അജ്ഞേഷു — അജ്ഞന്മാരും
താപതപ്തേഷു — താപം കൊണ്ട് തപിക്കുന്നവരുമായ
ഭൂതേഷു — ജന്തുക്കളോടുണ്ടാകുന്ന
അനുഗ്രഹ യത് — യാതൊരു അനുഗ്രഹം ഉണ്ടോ
അത്യദ്ഭുതം — അതിനെ വളരെ അത്ഭുതമായ്
ന മന്യേ — ഞാൻ വിചാരിക്കുന്നില്ല.

4 പുരാണസംഹിതാ മേതാമശ്രൌഷ്മ ഭവതോ വയം
യസ്യാം ഖലൂത്തമശ്ലോകോ ഭഗവാനനുവർണ്യതെ

യസ്യാം — ഏതൊരു സംഹിതയിൽ
ഉത്തമശ്ലോകഃ — പുണ്യശ്ലോകനായ
ഭഗവാൻ — സർവ്വേശ്വരൻ
അനുവർണ്യതേ — വർണ്ണിക്കപ്പെടുന്നുവോ
ഏതാം പുരാണ സംഹിതാം — ആ പുരാണ സംഹിതയെ
വയം ഭവതഃ — ഞങ്ങൾ നിങ്ങളിൽ നിന്നും
അശ്രൌഷ്മ ഖലു — ശ്രവണം ചെയ്തുവല്ലോ

5 ഭഗവംസ്തക്ഷകാദിഭ്യോ മൃത്യുഭ്യോ ന ബിഭേമ്യഹം
പ്രവിഷ്ടോ ബ്രഹ്മ നിർവ്വാണമഭയം ദർശിതം ത്വയാ

ഭഗവൻ — ഹേ ഭഗവൻ
ത്വയാ ദർശിതം — തങ്ങളാൽ ഉപദേശിക്കപ്പെട്ട
നിർവ്വാണം — കൈവല്യരൂപവും
അഭയം — ആയതുകൊണ്ട് ഭയരഹിതവുമായ
ബ്രഹ്മപ്രവിഷ്ടഃ — ബ്രഹ്മസ്വരൂപത്തിൽ പ്രവേശിച്ച
അഹം — ഞാൻ
മൃത്യുഭ്യഃ — മരണഹേതുക്കളായ
തക്ഷകാദിഭ്യഃ — തക്ഷക പ്രഭൃതികളിൽ നിന്നും
ന ബിഭേമി — ഭയപ്പെടുന്നില്ല

6 അനുജാനീഹി മാം ബ്രഹ്മൻ വാചംയച്ഛാമ്യധോക്ഷജേ
മുക്തകാമാശയം ചേതഃ പ്രവേശ്യ വിസൃജാമ്യസൂൻ

ബ്രഹ്മൻ — പരബ്രഹ്മസ്വരൂപിയെ
മാം അനുജാനീഹി — എനിക്ക് സമ്മാനം തരേണം
വാചം യച്ഛാമി — ഞാൻ വാക്കിനെ അടക്കുന്നു
മുക്തകാമാശയം — ത്യജിക്കപ്പെട്ട കാമങ്ങളെയും അതിന്റെ വാസനകളോടുകൂടിയ
ചേതഃ — മനസ്സിനെ
അധോക്ഷജേ പ്രവേശ്യ — പരമാത്മാവിങ്കൽ വെച്ച്
അസൂൻ വിസൃജാമി — ജീവനെ ഉപേക്ഷിക്കാം

സൂത ഉവാച — സൂതർ പറയുന്നു

7 ഇത്യുക്തസ്തമനുജ്ഞാപ്യ ഭഗവാൻ ബാദരായണിഃ
ജഗാമ ഭിക്ഷുഭിഃ സാകം നരദേവേന പൂജിതഃ

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ | നരദേവേന | രാജനാൽ |
| ബാദരായണിഃ | ശുകമഹർഷി | പൂജിതഃ | പൂജിക്കപ്പെട്ട് |
| ഇതി ഉക്തഃ | ഇത്ഥം പറയപ്പെട്ടപ്പോൾ | ഭിക്ഷുഭിഃ | സന്യാസിമാരോ |
| തം | അദ്ദേഹത്തിന് | സാകം | ടൊപ്പം |
| അനുജ്ഞാപ്യ | സമ്മതം നൽകിട്ട് | ജഗാമ | നിർഗമിച്ചു |

8 പരീക്ഷിദപി രാജർഷിരാത്മന്യാത്മാനമാത്മനാ
സമാധായ പരം ദധ്യാവസ്പന്ദാസുര്യഥാ തരുഃ

| | | | |
|---|---|---|---|
| രാജർഷി | രാജർഷിയായ | സമാധായ | പ്രയോഗിച്ച് |
| പരീക്ഷിത് അപി | പരീക്ഷിത്തും | തരു യഥാ | മരക്കട്ടപോലെ |
| | | അസ്പന്ദാസുഃ | നിശ്ചലമായ പ്രാണ– വൃത്തി സഹിതം |
| ആത്മനാ | ബുദ്ധിയാൽ | | |
| ആത്മാനം | മനസ്സിനെ | പരം | പരമാത്മാവിനെ |
| ആത്മനി | പ്രത്യഗാത്മാവിങ്കൽ | ദധ്യൗ | ധ്യാനിച്ചു |

9 പ്രാക്കൂലേ ബർഹിഷ്യാസീനോ ഗംഗാകൂല ഉദങ്മുഖഃ
ബ്രഹ്മഭൂതോ മഹായോഗീ നിഃസങ്ഗശ്ഛിന്ന സംശയഃ

| | | | |
|---|---|---|---|
| മഹായോഗി | മഹാ യോഗിയും | പ്രാക്കൂലെ ബർഹിഷി | കിഴക്ക് നോക്കിയ അഗ്രത്തോടുകൂടിയ ദർഭപ്പുല്ലിൽ |
| നിസ്സംഗഃ | ബന്ധരഹിതനും | ഉദങ് മുഖഃ | വടക്ക നോക്കി |
| ഛിന്നസംശയഃ | സംശയങ്ങൾ തീർക്കപ്പെട്ടവനും ആയ | ആസീഃ | ഇരുന്ന അദ്ദേഹം |
| ഗംഗാകൂലെ | ഗംഗക്കരയിൽ | ബ്രഹ്മഭൂതഃ | ബ്രഹ്മമായിത്തന്നെ ഭവിച്ചുപോയ് |

10 തക്ഷകഃ പ്രഹിതോ വിപ്രാഃ ക്രുദ്ധേന ദ്വിജസൂനുനാ
ഹന്തുകാമോ നൃപം ഗച്ഛൻ ദദർശ പഥി കശ്യപം

| | | | |
|---|---|---|---|
| വിപ്രാഃ | ഹേ ബ്രാഹ്മണരേ | നൃപം ഹന്തുകാമഃ | രാജാവിനെ കൊല്ലുവാൻ |
| ക്രുദ്ധേന | കോപിഷ്ഠനായ | ഗച്ഛൻ | പോകുന്നവഴിക്ക് |
| ദ്വിജസൂനുനാ | ബ്രാഹ്മണകുമാരനാൽ | പഥി | വഴിയിൽ കശ്യപൻ |
| പ്രഹിതഃ തക്ഷകഃ | പ്രേക്ഷിതനായ തക്ഷകൻ | കശ്യപം | എന്ന ബ്രാഹ്മണനെ |
| | | ദദർശ | കണ്ടു |

11 തം തർപ്പയിത്വാ ദ്രവിണൈഃ നിവർത്ത്യ വിഷഹാരിണം
ദ്വിജരൂപപ്രതിച്ഛന്നഃ കാമരൂപോഽദശന്നൃപം

| | | | |
|---|---|---|---|
| വിഷഹാരിണം തം | വിഷവൈദ്യനായ അദ്ദേഹത്തെ | കാമരൂപഃ | താനിച്ഛിച്ചതുപോലെ രൂപം ധരിക്കുന്ന തക്ഷകൻ |
| ദ്രവിണൈഃ | ധനം നൽകി | ദ്വിജരൂപ പ്രതിച്ഛന്നഃ | ബ്രാഹ്മണ വേഷ ധാരിയായി മറഞ്ഞ |
| തർപ്പയിത്വാ | തൃപ്തിപ്പെടുത്തിട്ട് | നൃപം അദശത് | രാജാവിനെ കൊത്തി |
| നിവർത്ത്യ | തിരിച്ചയച്ചിട്ട് | | |

വിഷം മുറിച്ച് പരീക്ഷിത്തിനെ രക്ഷിക്കുവാൻ വന്നുകൊണ്ടിരുന്ന കശ്യപൻ തക്ഷകനാൽ ചാരമയമാക്കിയ മരത്തിനെ ക്രമമായി മുള, ശാഖ ഇലകൾ എന്ന് വീണ്ടും പഴയ സ്ഥിതിക്കു കൊണ്ടുവന്ന കശ്യപന്ന് ധാരാളം ധനം തന്ന് തൃപ്തി ചെയ്ത് തിരിച്ചയച്ച് ബ്രാഹ്മണവേഷധാരിയായി രാജാവിനെ കൊത്തിക്കൊന്നു എന്ന് (ശ്രീധരിയ വ്യാഖ്യാനം)

12 ബ്രഹ്മഭൂതസ്യരാജർഷേഃ ദേഹോऽഹിഗരലാഗ്നിനാ
ബഭൂവ ഭസ്മസാൺദ്യഃ പശ്യനാം സർവ്വദേഹിനാം

| | | | |
|---|---|---|---|
| ബ്രഹ്മഭൂതസ്യ | ബ്രഹ്മഭൂതനായ | പശ്യതാം | നോക്കികൊണ്ടിരിക്കുമ്പോൾ |
| രാജർഷേഃ | രാജർഷിയുടെ | സദ്യഃ | അതേ ക്ഷണം |
| ദേഹഃ | ശരീരം | ഭസ്മസാത് ബഭൂവ | ഭസ്മമായ് പോയി |
| അഹിഗരളാഗ്നിനാ | സർപ്പത്തിന്റെ വിഷാഗ്നിയാൽ | | |
| സർവ്വദേഹിനാം | സകല പ്രാണികളും | | |

13 ഹാഹാകാരോ മഹാനാസീത് ഭുവി ഖേ ദിക്ഷുസർവ്വതഃ
വിസ്മിതാ ഹ്യഭവൻ സർവ്വേ ദേവാസുരനരാദയഃ

| | | | |
|---|---|---|---|
| ഭുവി ഖേ | ഭൂമിയിലും ആകാശത്തിലും | ദേവാസുര നരാദയഃ | ദേവന്മാർ, അസുരന്മാർ, മനുഷ്യന്മാർ മുതലായ |
| സർവ്വതഃ ദിക്ഷു | എല്ലാ ദിക്കുകളിലും | സർവ്വേ ഹി | എല്ലാവരും |
| മഹാൻഹാഹാകാരഃ ആസീത് | ഹാഹാ എന്ന വലിയ വലിയ പ്രലാപങ്ങൾ ഉണ്ടായി | വിസ്മിതാഃ അഭവൻ | വിസ്മയിച്ചുപോയ് |

14 ദേവദുന്ദുഭയോനേദുർഗന്ധർവ്വാപ്സരോ ജഗുഃ
വവൃഷുഃ പുഷ്പവർഷാണി വിബുധാഃ സാധുവാദിനഃ

| | | | |
|---|---|---|---|
| ദേവദുന്ദുഭയഃ നേദുഃ | ദേവദുന്ദുഭിവാദ്യങ്ങൾ മുഴങ്ങി | വിബുധാഃ | ദേവന്മാർ |
| ഗന്ധർവ്വാപ്സരസഃ ജഗുഃ | ഗന്ധർവ്വന്മാരും, അപ്സരസ്സുകളും ഗാനം ചെയ്തു | സാധുവാദിനഃ | നല്ലത് എന്ന് പറഞ്ഞുകൊണ്ട് |
| | | പുഷ്പാണി വവൃഷുഃ | പുഷ്പങ്ങളെ വർഷിച്ചു |

15 ജനമേജയഃ സ്വപിതരം ശ്രുത്വാ തക്ഷക ഭക്ഷിതം
യഥാ ജുഹാവ സംക്രുദ്ധോ നാഗാൻ സത്രേസഹ ദ്വിജൈഃ ॥

| | | | |
|---|---|---|---|
| ജനമേജയഃ | ജനമേജയൻ | സത്രേ | സർപ്പയാഗത്തിൽ |
| സ്വ പിതരം | തന്റെ പിതാവ് | ദ്വിജൈഃ സഹ | ബ്രാഹ്മണന്മാരോട് കൂടി |
| തക്ഷക ഭക്ഷിതം | തക്ഷകനാൽ കൊത്തപ്പെട്ടവനായിട്ട് | നാഗാൻ | നാഗങ്ങളെ |
| ശ്രുത്വാ | കേട്ട് (അറിഞ്ഞ്) | യഥാ ജുഹോഷ | വിധിവത് ഹോമം ചെയ്തു |
| സംക്രുദ്ധഃ | വളരെ ക്രുദ്ധനായ് | | |

## പന്ത്രണ്ടാം സ്കന്ധം ആറാം അദ്ധ്യായം

17 സർപസത്രേ സമിദ്ധാഗ്നൗ ദഹ്യമാനാന്മഹോരഗാൻ
ദൃഷ്ട്വേന്ദ്രം ഭയസംവിഗ്നസ്തക്ഷകഃ ശരണം യയൗ

| | | | |
|---|---|---|---|
| തക്ഷക | തക്ഷകൻ | ദൃഷ്ട്വാ | കണ്ടിട്ട് |
| സർപസത്രെ | സർപയാഗത്തിൽ | ഭയസംവിഗ്നഃ | ഭയത്താൽ കിടുകിടെ നടുങ്ങിയ |
| സമിദ്ധാഗ്നൗ | നല്ലപോലെ ജ്വലിക്കുന്ന അഗ്നിയിൽ | | |
| ദഹ്യമാനാൻ | ദഹിപ്പിക്കപ്പെടുന്ന | ഇന്ദ്രം ശരണം യയൗ | ദേവേന്ദ്രനെ ശരണം പ്രാപിച്ചു |
| മഹോരഗാൻ | മഹാസർപ്പങ്ങളെ | | |

8 അപശ്യംസ്തക്ഷകം തത്ര രാജാ പാരീക്ഷിതോ ദ്വിജാൻ
ഉവാച തക്ഷകഃ കസ്മാന്ന ദഹ്യേതോരഗാധമഃ

| | | | |
|---|---|---|---|
| ാരീക്ഷിതഃ ാജാ | പരീക്ഷിത്തിന്റെ പുത്രനായ ജനമേജയ രാജാവ് | ഉരഗാധമഃ തക്ഷകഃ | പാമ്പുകളിൽ വെച്ച് അധമനായ തക്ഷകൻ |
| ത്ര | ആ സമൂഹത്തിൽ | കസ്മാത് ന ദഹ്യേത | എന്തുകൊണ്ട് ദഹിപ്പിക്കപ്പെടുന്നില്ല |
| ക്ഷകം | തക്ഷകനെ | ദ്വിജാൻ ഉവാച | എന്നു് ബ്രാഹ്മണന്മാരോടു ചോദിച്ചു |
| അപശ്യൻ | കാണാതെ | | |

19 തം ഗോപായതി രാജേന്ദ്ര ശക്രഃ ശരണമാഗതം
തേന സംസ്തംഭിതഃ സർപ തസ്മാന്നാഗ്നൗ പതത്യസൗ

| | | | |
|---|---|---|---|
| രാജേന്ദ്ര | ഹേ! രാജേന്ദ്ര | തസ്മാത് | ആയതിനാൽ |
| ശക്രഃ | ഇന്ദ്രൻ | തേന സംസ്തംഭിതഃ | ആ ഇന്ദ്രനാൽ രക്ഷിക്കപ്പെട്ട |
| ശരണം ആഗതം | തന്നെ ശരണം പ്രാപിച്ച | അസൗ സർപഃ | ആ സർപം |
| തം ഗോപായതി | അവനെ രക്ഷിക്കുന്നു | അഗ്നൗ ന പതതി | അഗ്നിയിൽ വീഴുന്നില്ല |

20 പാരീക്ഷിത ഇതിശ്രുത്വാ പ്രാഹർത്വിജ ഉദാരധീഃ
സഹേന്ദ്രസ്തക്ഷകോ വിപ്രാ നാഗ്നൗ കിമിതി പാത്യതേ

| | | | |
|---|---|---|---|
| ഉദാരധീഃ | ഉദാര ബുദ്ധിയോടു കൂടിയ | കിമിതി | എന്തുകൊണ്ട് |
| പാരീക്ഷിതഃ | ജനമേജയൻ | അഗ്നൗ ന പാത്യതെ | അഗ്നിയിൽ വീഴ്ത്തപ്പെടുന്നില്ല |
| ഇതിശ്രുത്വാ | ഈ വാക്കുകേട്ട് | | |
| വിപ്രാഃ | ഹേ ബ്രാഹ്മണന്മാരെ | | |
| തക്ഷകഃ സഹേന്ദ്ര | തക്ഷകൻ ഇന്ദ്രനോടു കൂടിത്തന്നെ | ഇതി ഋത്വിജഃ പ്രാഹ | എന്നു് ഋത്വിക്കുകളോടു ചോദിച്ചു |

21 തച്ഛ്രുത്വാഽഽജുഹുവുർവിപ്രാഃ സഹേന്ദ്രം തക്ഷകം മഖേ
തക്ഷകാശു പതസ്വേഹ സഹേന്ദ്രേണ മരുത്വതാ

| | |
|---|---|
| തത് ശ്രുത്വാ | അതു കേട്ടിട്ട് |
| വിപ്രാഃ | ബ്രാഹ്മണന്മാർ |
| തക്ഷക | ഹേ തക്ഷകനെ |
| മരുത്വനാ | ദേവഗണ സഹിതമായ് |
| ഇന്ദ്രേണ സഹ | ദേവേന്ദ്രനോടുകൂടി |
| ഇഹ | ഈ അഗ്നിയിൽ |
| ആശുപതസ്വ | ഉടൻ വീഴട്ടെ എന്ന് |
| തക്ഷകം | തക്ഷകനെ |
| സഹേന്ദ്രം | ഇന്ദ്രനോടു കൂടിത്തന്നെ |
| മഖെ | യാഗത്തിൽ |
| ആജുഹുവും | വിളിച്ചുച്ചരിച്ചു |

22 ഇതി ബ്രഹ്മോദിതാ ക്ഷേപൈഃ സ്ഥാനാദിന്ദ്രഃ പ്രചാലിതഃ
ബഭൂവ സംഭ്രാന്തമതിഃ സവിമാനഃ സതക്ഷകഃ

| | |
|---|---|
| ഇതി | ഇപ്രകാരം |
| ബ്രഹ്മോദിതാക്ഷേപൈഃ | ബ്രാഹ്മണന്മാരാൽ ഉച്ചരിക്കപ്പെട്ട കഠിന വാക്കുകളാൽ |
| സ്ഥാനാത് | തന്റെ ഇരുപ്പിടത്തിൽ നിന്ന് |
| സവിമാനഃ | വിമാനത്തോടുകൂടി |
| സതക്ഷകഃ | തക്ഷകൻ സഹിതം |
| പ്രചാലിതഃ | ഇളക്കപ്പെട്ട |
| ഇന്ദ്രഃ | ഇന്ദ്രൻ |
| സംഭ്രാന്തമതിഃ | മനോവിചാരത്തോടുകൂടിയവനായ് |
| ബഭൂവ | ഭവിച്ചു |

23 തം പതന്തം വിമാനേന സഹതക്ഷകമംബരാത്
വിലോക്യാംഗിരസഃ പ്രാഹ രാജാനം തം ബൃഹസ്പതിഃ

| | |
|---|---|
| അംബരാത് | ആകാശത്തിൽ നിന്ന് |
| വിമാനേന സഹ | വിമാനത്തോടെ |
| തം തക്ഷകം | ആ തക്ഷകൻ |
| പതന്തം വിലോക്യ | വീഴുന്നതിനെക്കണ്ടു് |
| ആംഗിരസഃ | അംഗിരസ്സിന്റെ പുത്രനായ |
| ബൃഹസ്പതി | ബൃഹസ്പതി |
| തം രാജാനം | ആ രാജനോട് |
| പ്രാഹ | ചുവടെ കാണും പ്രകാരം പറഞ്ഞു |

24 നൈഷ ത്വയാ മനുഷ്യേന്ദ്ര വധമർഹതി സർപരാട്
അനേന പീതമമൃതമഥവാ അജരാമരഃ

| | |
|---|---|
| മനുഷ്യേന്ദ്ര | ഹേ രാജൻ |
| ഏഷഃ സർപരാട് | ഈ സർപ്പരാജൻ |
| ത്വയാ | നിന്നാൽ |
| വധം ന അർഹതി | വധാർഹനല്ല |
| അനേ ന | ഇവനാൽ |
| അമൃതം പീതം | അമൃതപാനം ചെയ്യപ്പെട്ടിട്ടുണ്ടു് |
| അഥ | ആയതുകൊണ്ടു് |
| അജരാമരഃ | ജരാമരണമില്ലാത്തവനാകുന്നു |
| വൈ | തീർച്ചതന്നെ |

25 ജീവിതം മരണം ജന്തോർഗതിഃ സ്വേനൈവകർമ്മണാഃ
രാജം സ്തതോഽന്യോ നാന്യസ്യ പ്രദാതാ സുഖദുഃഖയോഃ

| | |
|---|---|
| ജന്തോഃ | ജന്തുവിനു് |
| ജീവിതം | ജീവിതം |
| മരണം | മരണം |
| ഗതിഃ | പരലോകം ഇവ |
| സ്വേന കർമ്മണാ ഏവ | തന്റെ കർമ്മം കൊണ്ടു തന്നെയാണ് ഉണ്ടാകുന്നതു് |
| രാജൻ | ഹേ രാജൻ |

തതഃ — ആയതുകൊണ്ടു്
അന്യഃ അന്യസ്യ — ഒരാാം മറെറാരാാംക്കു്
സുഖദുഃഖയോഃ — സുഖദുഃഖങ്ങളെ
പ്രദാതാ ന — നൽകുന്നവൻ ആകുന്നില്ല

ആയതു കാരണം നിന്റെ പിതാവിനു് ദുർമ്മരണം കൊണ്ടുണ്ടായ ദുർഗതി ഇവനാൽ ചെയ്യപ്പെട്ടു എന്നു് നീ വിചാരിക്കരുതു്.

26 സർപചൌരാഗ്നിവിദ്യുദ്ഭ്യഃ ക്ഷുത്തൃഡ്വ്യാധ്യാദിഭിർന്നൃപഃ
പഞ്ചത്വമൃച്ഛതേ ജന്തുർ ഭുങ്ക്തേ ആരബ്ധകർമ്മ തത്

നൃപ — ഹേ രാജൻ
സർപ ചൌരാഗ്നി വിദ്യുദ്ഭ്യഃ — പാമ്പു്, കള്ളൻ അഗ്നി, മിന്നൽ ഇവകളിൽ നിന്നും
ക്ഷുത്തൃഡ് വ്യാധ്യാദിഭ്യഃ — പശി, ദാഹം വ്യാധി മുതലായവ കൊണ്ടും
ജന്തുർ പഞ്ചത്വം ഋച്ഛതെ — പ്രാണി മരിച്ചു പോകുന്നു
തത് — എന്നതു്
ആരബ്ധകർമ്മ ഭുംക്തെ — പൂർവ്വകൃതദുഷ്കർമ്മ ഫലങ്ങളെയാണു് അനുഭവിക്കുന്നതു്

27 തസ്മാത്സത്രമിദം രാജൻ സംസ്ഥീയേതാഭിചാരികം
സർപാ അനാഗസോ ദഗ്ധാ ജനൈർദ്ദിഷ്ടം ഹി ഭുജ്യതേ

രാജൻ — രാജൻ
തസ്മാത് — ആയതുകൊണ്ടു്
ആഭിചാരികം — ഹിംസാത്മകമായ
ഇദം സത്രം — ഈ സർപയജ്ഞം
സംസ്ഥീയേത — അവസാനിക്കട്ടെ
അനാഗസഃ — നിരപരാധികളായ
സർപാഃ ദഗ്ധാ — സർപ്പങ്ങാം എരിക്കപ്പെട്ടു
ജനൈഃ — ജനങ്ങളാൽ
ദിഷ്ടം — പൂർവ്വം കൃതകർമ്മഫല നല്ലയോ
ഭുജ്യതെ — അനുഭവിക്കപ്പെടുന്നതു്

സൂത ഉവാച — സൂതർ പറയുന്നു

28 ഇത്യുക്തഃ സതഥേത്യാഹ മഹർഷേർമാനയൻ വചഃ
സർപസത്രാദുപരതഃ പൂജയാമാസ വാക്പതിം

ഇതി ഉക്തഃ സഃ — ഇപ്രകാരം പറയപ്പെട്ട ആ രാജാവു്
മഹർഷേഃ വചഃ മാനയൻ — മഹർഷിയുടെ വാക്കുകളെ ബഹുമാനിച്ചിട്ടു്
തഥാ ഇതി ആഹ — അപ്രകാരം തന്നെ ചെയ്യാം എന്നു പറഞ്ഞു
സർപ്പസത്രാത് — സർപ്പയാഗത്തിൽ നിന്നു്
ഉപരതഃ — വിരമിച്ചു്
വാക്പതിം — ബൃഹസ്പതിയെ
പൂജയമാസ — പൂജിച്ചു

29 സൈഷാ വിഷ്ണോർമ്മഹാമായാബാധ്യയാലക്ഷണാ യയാ
മുഹ്യന്ത്യസ്യൈവാത്മഭൂതാ ഭൂതേഷു ഗുണവൃത്തിഭിഃ

| | |
|---|---|
| അബാധ്യയാ | പരിഹരിക്കാനാവാത്ത |
| യഥാ | ഏതുകാരണത്താൽ |
| അസ്യ ഏവ | ഈ വിഷ്ണുവിന്റെ തന്നെ |
| ആത്മഭൂതാഃ | അംശഭൂതൻകളായ ജന്തുക്കൾ |
| ഗുണവൃത്തിഭിഃ | ഗുണവൃത്തികളായ ദ്വേഷ്യം മുതലായവയോടു് |
| ഭൂതേഷു മുഹ്യന്തി | ശരീരങ്ങളിൽ മോഹിതരായ് ഭവിക്കുന്നുവോ |
| സാ ഏഷാ | തഥാ വിധമായ ഈ |
| വിഷ്ണോഃ മഹാമായാ | വിഷ്ണുവിന്റെ മഹാമായാ എന്നതു് |
| അലക്ഷണാ | ഈ വിധം എന്നു് ഊഹിക്കുവാൻ സാധിക്കുകയില്ല |

30 ന യത്ര ദംഭീത്യഭയാ വിരാജിതാ
മായാऽऽത്മവാദേऽസകൃദാത്മവാദിഭിഃ
ന യദ്വിവാദോ വിവിധസ്തദാശ്രയോ
മനശ്ച സങ്കൽപ്പ വികൽപ്പ വൃത്തി യത്

| | |
|---|---|
| യത്ര | ഏവന്റെ അടുക്കൽ |
| അയം ദംഭീ ഇതി | ഇവൻ കപടി എന്നു് |
| അസകൃത് | പലപ്രാവശ്യം തോന്നുന്നുവോ |
| തത്ര മായാ | അവന്റെ അടുക്കൽ മായ |
| ആത്മവാദിഭിഃ | ആത്മവാദികളാൽ |
| ആത്മവാദേ | ആത്മവാദം ചെയ്യുമ്പോഴും |
| അഭയാ | ഭയമില്ലാത്തവളായിട്ടു് |
| ന വിരാജിതാ | വിശിഷ്ടമായ് പ്രകാശിക്കുന്നില്ല |
| യത് | ഏവന്റെ അടുക്കൽ |
| തദാശ്രയഃ | മായക്കു് ആശ്രയമായ |
| വിവാദഃ ന | വിവാദം ഇല്ലയോ |
| തസ്മിൻ മായാ ന | അവന്റെ അടുക്കൽ മായയില്ല |
| യത് | യാതൊന്നു് |
| സങ്കല്പ വികല്പ വൃത്തി | സങ്കല്പം വികല്പം എന്ന വൃത്തിയോടു് കൂടിയതോ |
| തത് മനഃ | ആ മനസ്സും |
| യത്ര ന | ഇവന്റെയടുക്കൽ മായ ഇല്ല |
| തസ്മിൻ മായാ ന | അവന്റെ അടുക്കൽ മായ ഇല്ല |

31 ന യത്ര സൃജ്യം സൃജതോഭയോഃ പരം
ശ്രേയശ്ച ജീവസ്ത്രിഭിരന്വിതസ്ത്വഹം
തദേതദുത്സാദിത ബാധ്യബാധകം
നിഷിദ്ധ്യചോർമ്മിൻ വിരമേത് സ്വയം മുനിഃ

| | |
|---|---|
| യത്ര | ഏതൊരു സ്ഥലത്തിൽ |
| സൃജതാ സഹ | സൃഷ്ടിക്കുന്നവനോടു് |
| സൃജ്യം | സൃഷ്ടിക്കപ്പെടേണ്ടുന്നതും |
| ഉഭയോഃ | രണ്ടുപേർക്കും |
| പരം | സത്യമായ |
| ശ്രേയഃ | ശ്രേയസ്സും |
| ത്രിഭിഃ അന്വിതഃ | മൂന്നിനോടും ചേർന്നിരിക്കുന്ന |
| അഹം ജീവഃ | അഹംകാര സ്വരൂപനായ ജീവനും |
| ന | ഇല്ലയോ |
| ഉത്സാധിതബാധ്യ ബാധകം | പരിഹൃതമായ ബാധ്യബാധകഭാവത്തോടുകൂടിയ |
| ഏതത് | ഇതു് |
| തത് | ആത്മതത്ത്വമെന്നറിയപ്പെടുന്ന |

| | | | |
|---|---|---|---|
| മുനിഃ | മനനം ചെയ്ത് അഭ്യസിച്ചവൻ | നിഷാധ്യ | ഒതുക്കി |
| ഊർമ്മീൻ | ചലനങ്ങളെ (മനശ്ചാഞ്ചല്യത്തിനെ | വിരമേത് | വിശേഷമായിട്ട് ആനന്ദപ്പെടേണ്ടതാണ് |

32 പരം പദം വൈഷ്ണവമാമനന്തി
തദ്യന്നേതി നേതീത്യതദുത്സിസൃക്ഷവഃ
വിസൃജ്യ ദൌരാത്മ്യമനന്യ സൌഹൃദാ
ഹൃദോപഗുഹ്യാവസിതം സമാഹിതൈഃ

| | | | |
|---|---|---|---|
| തത് | അതിനെ | ദൌരാത്മ്യം | ദുരാത്മഭാവത്തിനെ |
| വൈഷ്ണവം | വിഷ്ണുസംബന്ധമായ | വിസൃജ്യ | ത്യജിച്ച് |
| പരം പദം | പരമപദമെന്ന് | സമാഹിതൈഃ | പഞ്ചേന്ദ്രിയങ്ങളേയും നിഗ്രഹിച്ചവരാൽ |
| ആമനന്തി | പറയുന്നു | ഹൃദാ | മനസ്സുകൊണ്ട് |
| അനന്യ സൌഹൃദാഃ | വേറൊന്നിനോടുകൂടി സ്നേഹം ഇല്ലാത്തവരും | ഉപഗുഹ്യ | ആലിംഗനം ചെയ്ത് |
| നേതി നേതി ഇതി അതദ് സിസൃക്ഷവഃ | അല്ല, അല്ല, എന്ന് നിശ്ചയിച്ച് അതിൽ നിന്ന് വേറായതിനെ പരിഹരിക്കവാൻ ഇച്ഛിക്കുന്നവർ | അവസിതം | ഗ്രഹിക്കപ്പെട്ടിരിക്കുന്നു. |

33 ത ഏതദധിഗച്ഛന്തി വിഷ്ണോര്യത് പരമം പദം
അഹം മമേതി ദൌർജന്യം ന യേഷാം ദേഹഗേഹജം

| | | | |
|---|---|---|---|
| ദേഹഗേഹജം | ദേഹത്തിൽ ഇരിക്കുന്നതും (ഭവനം) ഗേഹത്തിലിരുന്നുണ്ടാകുന്നതും | തേ | അവർ |
| അഹം മമ ഇതി | ഞാൻ എന്റേത് എന്നതും ആയ | വിഷ്ണോഃ | വിഷ്ണുവിന്റെ |
| ദൌർജന്യം | ദോഷഭാവം (മമതാ) | പരം | എല്ലാവിധത്തിലും ഉന്നതമായ |
| യേഷാം ന | ഏതൊരുവന്ന് ഇല്ലയോ | യത് ഏതത് പദം | ഏതൊരു സ്ഥലത്തിങ്കൽ |
| | | അധിഗച്ഛതി | പ്രാപിക്കുന്നുവോ |

34 അതിവാദാംസ്തിതിക്ഷേത നാവമന്യേത കഞ്ചന
ന ചേമം ദേഹമാശ്രിത്യ വൈരം കുർവീത കേനചിത്

| | | | |
|---|---|---|---|
| അതിവാദാൻ | നിന്ദാപരമായ വാർത്തകളെ | ഇമം ദേഹം | ഈ ശരീരത്തെ |
| തിതിക്ഷേത | ക്ഷമിച്ചുകൊള്ളേണം | ആശ്രിത്യ | ആശ്രയിച്ച് |
| കഞ്ചന | ആരേയും | കേനചിത് | ആരോടും |
| ന അവമന്യേത | അവമാനിക്കരുത് | വൈരാ | ശത്രുതയെ |
| | | നീകുർവ്വീത | കൊണ്ടാടരുത് |

35 നമോ ഭഗവതേ തസ്മൈ കൃഷ്ണായാകുണ്ഠമേധസേ
യത്പാദാംബുരുഹധ്യാനാത് സംഹിതാമധ്യഗാമിമാം

## പന്ത്രണ്ടാം സ്കന്ധം ആറാം അദ്ധ്യായം

യത്പാദം ബുദ്ധഃ — ആരുടെ പാദകമലങ്ങളെ ധ്യാനിക്കുന്നതിനാൽ
ഇമാം സംഹിതാം — ഈ ഭാഗവത സംഹിതയെ
അധ്യഗാത് — ഞാൻ അറിഞ്ഞുവോ
ഭഗവതേ — സർവ്വജ്ഞനും
അകുണ്ഠമേധസേ — തീഷ്ണബുദ്ധിയോടു കൂടിയ
തസ്മൈ കൃഷ്ണായ — ആ വ്യാസമുനിക്കു
നമഃ — നമസ്കാരം

ശൌനക ഉവാച — ശൌനകൻ പറയുന്നു

36 പൈലാദിഭിർവ്യാസശിഷ്യൈഃ വേദാചാര്യൈർ മഹാത്മഭിഃ
വേദാശ്ച കതിധാ വ്യസ്താ ഏതത്സൌമ്യാഭിധേഹിനഃ

സൌമ്യ — സൌമ്യ
മഹാത്മഭിഃ — മഹാത്മാക്കളും
വ്യാസശിഷ്യൈഃ — വ്യാസൻെറ ശിഷ്യന്മാരും ആയ
പൈലാദിഭിഃ — പൈലർ മുതലായവരാൽ
വേദാഃ ച — വേദങ്ങളും
കതിധാവ്യസ്താഃ — എത്രയായി പിരിക്കപ്പെട്ടു
ഏതത് നഃ അഭിധേഹി — ഇതിനെ ഞങ്ങൾക്കു വിവരിച്ചു പറയേണം

സൂത ഉവാച — സൂതൻ പറയുന്നു.

ആദ്യം വേദം ആവിർഭവിച്ചതിനെ പറയുന്നു.

37 സമാഹിതാത്മനോ ബ്രഹ്മൻ ബ്രഹ്മണഃ പരമേഷ്ഠിനഃ
ഹൃദ്യാകാശാദഭൂന്നാദോ വൃത്തിരോധാദ്വിഭാവ്യതേ.

ബ്രഹ്മൻ — ഓ ബ്രഹ്മൻ
പരമേഷ്ഠിനഃ — വളരെ ഉന്നതപദത്തിൽ ഇരിക്കുന്നവരും
സമാഹിതാത്മനഃ — ഏകാഗ്രചിത്തനുമായ
ബ്രഹ്മണഃ — ബ്രഹ്മദേവൻെറ
ഹൃദ്യാകാശാത് — ഹൃദയാകാശത്തിൽ നിന്നു
വൃത്തിരോധാത് — ചെവികളെ മൂടിക്കൊണ്ടു് അതിൻെറ ശബ്ദഗ്രഹകത്വത്തെ തടുക്കുന്നതിനാൽ
വിഭാവ്യതെ — അനുഭവഗോചരമായി യാതൊന്നു് അറിയപ്പെടുന്നുവോ
നാദഃ — നാനാവിധമായ നാദം
അഭൂത് — ഉത്ഭവിച്ചു

38 യദുപാസനയാ ബ്രഹ്മൻ യോഗിനോ മലമാത്മനഃ !
ദ്രവ്യക്രിയാകാരകാഖ്യം ധൂത്വാ യാന്ത്യപുനർഭവം !!

ബ്രഹ്മൻ — ഹേ! ബ്രഹ്മൻ
യോഗിനഃ — യോഗികൾ
യദുപാസനയാ ദ്രവ്യക്രിയാ കാരകാഖ്യം — ആ നാദോപാസന കൊണ്ടു് അധിഭൂതം, അദ്ധ്യാത്മം, അധിദൈവം എന്ന മൂന്നു നാമങ്ങളോടു്
ആത്മനഃ — തൻെറ
മലം — അഴുക്കുകളെ
ധൂത്വാ — കളഞ്ഞിട്ടു്
അപുനർഭവം യാന്തി — മോക്ഷം പ്രാപിക്കുന്നു

39 തതോഽഭൂത് ത്രിവൃദോങ്കാരോ യോഽവ്യക്തഃ പ്രഭവഃ സ്വരാട് !
യത്തല്ലിംഗം ഭഗവതോ ബ്രഹ്മണഃ പരമാത്മനഃ !
ശൃണോതി യ ഇമം സ്ഫോടം സുപ്തശ്രോതേ ച ശൂന്യദൃക് !

| | |
|---|---|
| യഃ | ഏതൊന്ന് |
| അവ്യക്ത പ്രഭവഃ സ്വരാട് | അവ്യക്തമായ ഉത്ഭവത്തോടുകൂടിയതും ഹൃദയാകാശത്തിങ്കൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നുവോ |
| ശൂന്യദൃക് | ഇന്ദ്രിയവർഗ്ഗമില്ലാതിരുന്നിട്ടും ജ്ഞാനത്തോടുകൂടി |
| യഃ | ഏതൊരു പരമാത്മാവ് |
| സ്ഫോടം ഇമം | അവ്യക്തമായ ഈ ഓങ്കാരത്തിനെ |
| സുപ്തശ്രോതെ ച | ചെവികളെ അടച്ചുവെക്കുക മുതലായ കാര്യങ്ങളാൽ ശ്രോത്രേന്ദ്രിയം തൻവ്യാപാരം ബാധിതമാകുമ്പോഴും |
| ശൃണോതി | കേൾക്കുന്നുവോ |
| ഭഗവതാഃ | ആ സർവ്വജ്ഞനും |
| പരമാത്മനഃ | പരമാത്മാവുമായ |
| ബ്രഹ്മണഃ | പരബ്രഹ്മത്തിന് |
| യത് ലിംഗം | ഏതു ഓർമ്മയിൽ സ്മൃതി ഇരിക്കുന്നുവോ |
| തത് | ആ |
| ത്രിവൃത് | മാത്രാത്രയങ്ങളും |
| ഓംകാരഃ | ഓംകാരം |
| തനഃ | ആ നാദത്തിൽനിന്നും |
| അഭൂത് | ഉൽഭവിച്ചു |

40 യേന വാഗ്വ്യജ്യതേ യസ്യ വ്യക്തിരാകാശ ആത്മനഃ
സ്വധാമ്നോ ബ്രഹ്മണഃ സാക്ഷാദ്വാചകഃ പരമാത്മനഃ

41 സ സർവ്വമന്ത്രോപനിഷദ്വേദബീജം സനാതനം,,

| | |
|---|---|
| യേന | ഏതൊരു ഓംകാരത്താൽ |
| വാക് | വേദരൂപമായ വാക്ക് |
| വ്യജ്യതെ | പ്രകാശപ്പെടുത്തപ്പെടുന്നുവോ |
| യസ്യ | ഏതു ഓംകാരത്തിന്റെ |
| വ്യക്തിഃ | പ്രകാശം |
| ആകാശെ | ഹൃദയാകാശത്തിൽ |
| ആത്മനഃ | ആത്മാവിങ്കൽ നിന്നുമുണ്ടാകുന്നുവോ |
| സ്വധാമ്നഃ | തനിക്കു ആശ്രയവും (കാരണവും) |
| പരമാത്മനഃ | പരമാത്മാവുമായ |
| ബ്രഹ്മണഃ | പരബ്രഹ്മത്തിന് |
| സാക്ഷാത് വാചകഃ | പ്രത്യക്ഷവാചകമായിരിക്കുന്നുവോ |
| സഃ | ആ പ്രണവം |
| വേദബീജം | വേദങ്ങൾക്കു കാരണവും ആയതുകൊണ്ട് |
| സർവ്വമന്ത്രോപനിഷത് | എല്ലാ മന്ത്രങ്ങളുടെയും വളരെ രഹസ്യമായ സൂക്ഷ്മരൂപമായും |
| സനാതനം | വികാരംരഹിതനായ് സതാഏകരൂപമായിട്ടും ഇരിക്കുന്നു. |

42 തസ്യ ഹ്യാസംസ്ത്രയോ വർണ്ണാ അകാരാദ്യാ ഭൃഗൂദ്വഹ !
ധാര്യന്തേ യൈസ്ത്രയോ ഭാവാ ഗുണനാമാർത്ഥ വൃത്തയഃ !!

| | |
|---|---|
| ഭൃഗൂദ്വഹ | ഹേ! ശൌനക! |
| യൈഃ | ഏതൊരു അകാര, ഉകാര, മകാരങ്ങളാൽ |
| ത്രയഃ | മൂന്നു മൂന്നു സംഖ്യകളോടുകൂടിയ |
| ഗുണനാമാർത്ഥ വൃത്തയഃ | സത്വം, രജസ്സ്, തമസ്സ് എന്ന ഗുണങ്ങളും ഋഗ് യജുസ്സ് സാമം എന്ന പേരുകളും, ഭൂലോകം ഭുവർലോകം, സുവർലോകം എന്നിവകളും ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നർത്ഥങ്ങൾ അവസ്ഥകൾ എന്ന |
| ഭാവാഃ | പദാർത്ഥങ്ങൾ |
| ധാര്യന്തേ | ധരിക്കപ്പെടുന്നുവോ |
| അകാരാദ്യാഃ | അപ്രകാരമായ അകാരം മുതലായ |
| ത്രയ: വർണ്ണാഃ | അക്ഷരത്രയങ്ങൾ |
| തസ്യ ഹി | ആ പ്രണവത്തിന്നു് |
| ആസൻ | ഉണ്ടായി |

43 തതോऽക്ഷരസമാമ്നായ മസൃജദ്ഭഗവാനജഃ
അന്തസ്ഥോഷ്മസ്വരസ്പർശ ഹ്രസ്വദീർഘാദിലക്ഷണംഃ!

| | |
|---|---|
| അജഃ ഭഗവാൻ | ജനനരഹിതനായ ആ ഭഗവാൻ |
| തത: | ആവർണ്ണങ്ങളിൽ നിന്നു് |
| അന്തസ്ഥോഷ്മസ്വരസ്പർശ ഹ്രസ്വദീർഘാദി ലക്ഷണം | യ, ര, ല, വ എന്ന അന്തസ്ഥങ്ങൾ ശ, ഷ, സ, ഹ എന്ന ഊഷ്മാക്കൾ. ആ മുതലായ സ്വരങ്ങൾ ക മുതൽ മ വരെയുള്ള വ്യഞ്ജനങ്ങൾ ഹ്രസ്വം ദീർഘം, ജിഹ്വാമൂലീയം മുതലായവകളെ സ്വരൂപമായിട്ടുള്ള |
| അക്ഷരസമാമ്നായം | അക്ഷരസമുദായത്തിനെ |
| അസൃജത് | വെളിപ്പെടുത്തി |

44 തേനാസൌ ചതുരോവേദാംശ്ചതുർഭിർവദനൈർവ്വിഭുഃ !
സവ്യാഹൃതികാൻ സോങ്കാരാംശ്ചാതുർഹോത്രവിവക്ഷയാ !!

| | |
|---|---|
| വിഭുഃ | ചതുർമുഖ രൂപിയായ |
| അസൌ | ആ ബ്രഹ്മദേവനം |
| തേന | ആ അക്ഷരസമുദായം കൊണ്ടു് |
| ചാതുർഹോത്ര വിവക്ഷയാ | ഹോതാ, അദ്ധ്വര്യു, ഉദ്ഗാതാ ബ്രഹ്മാ എന്ന നാലു് ഋത്വിക്കുകളാൽ ചെയ്യപ്പെടേണ്ടുന്ന യാഗകർമ്മത്തിനെ ഉപദേശിക്കുവാനുള്ള ആഗ്രഹത്താൽ |
| സവ്യാഹൃതികാൻ | വ്യാഹൃതികളോടു കൂടിയതും |
| സോങ്കാരാൻ | ഓംകാരത്തോടുകൂടിയവയുമായ |
| ചതുരഃ വേദാൻ | നാലുവേദങ്ങളെയും |
| ചതുർഭിഃ വദനൈഃ | നാലുമുഖം വഴിയായി |
| അസൃജത് | വെളിപ്പെടുത്തി |

45 പുത്രാനദ്ധ്യാപയത്താംസ്തു ബ്രഹ്മർഷീൻ ബ്രഹ്മകോവിദാൻ
തേതു ധർമ്മോപദേഷ്ടാരഃ സ്വപുത്രേഭ്യഃ സമാദിശൻ

| | |
|---|---|
| ബ്രഹ്മ- കോവിദാൻ | വേദോച്ചാരണവിധികളിൽ സമർത്ഥന്മാരും |
| ബ്രഹ്മർഷീൻ | ബ്രഹ്മർഷികളുമായ |
| പുത്രാൻ | മരീചി മുതലായ പുത്രന്മാർക്ക് |
| താൻ ഇ | ആ വേദങ്ങളെയും |
| അദ്ധ്യാപയത് | അദ്ധ്യാപനം ചെയ്തുവെച്ചു |
| ധർമ്മോപദേഷ്ടാരഃ | ധർമ്മോപദേശം ചെയ്യുന്ന |
| തേ തു | അവരും |
| സ്വ പുത്രേഭ്യഃ | തങ്ങളുടെ പുത്രന്മാർക്ക് |
| സമാദിശൻ | ഉപദേശിച്ചു |

46 തേ പരംമ്പരയാ പ്രാപ്താസ്തത്തച്ഛിഷ്യൈർ ധൃതവ്രതൈഃ
ചതുർയ്യുഗേഷ്വഥ വ്യസ്താ ദ്വാപരാദൌ മഹർഷിഭിഃ

| | |
|---|---|
| തേ | ആ വേദങ്ങൾ |
| ധൃതവ്രതൈ | വേദ വ്രതങ്ങളെ അനുഷ്ഠിക്കുന്ന |
| തത്തച്ഛിഷ്യൈഃ | അവരവരുടെ ശിഷ്യന്മാരാൽ |
| പരംമ്പരയാ | പരംപരയായിട്ട് |
| ചതുർയ്യുഗേഷു പ്രാപ്താഃ | ചതുർയ്യുഗങ്ങളിലും വന്നുകൊണ്ടിരുന്നു |
| അഥ ദ്വാപരാ ദൌ | പിന്നീട് ദ്വാപരയുഗാവസാനത്തിൽ |
| മഹർഷിഭിഃ വ്യസ്താഃ | മഹർഷിമാരാൽ പിരിക്കപ്പെട്ടു |

47 ക്ഷീണായുഷഃ ക്ഷീണസത്വാൻ ദുർമ്മേധാൻ വീക്ഷ്യ കാലതഃ
വേദാൻ ബ്രഹ്മർഷയോ വ്യസ്യൻ ഹൃദിസ്ഥാച്യുത ചോദിതാഃ

| | |
|---|---|
| ബ്രഹ്മർഷയഃ | ബ്രഹ്മർഷികൾ |
| കാലതഃ | കാലത്താൽ |
| ക്ഷീണായുഷഃ | ആയുസ്സ് ക്ഷയിച്ചവരായും |
| ക്ഷീണസത്വാൻ | ബലം കുറഞ്ഞവരായിട്ടും |
| ദുർമ്മേധാൻ | ദുർബ്ബുദ്ധിയുള്ള ജനങ്ങളെ |
| വീക്ഷ്യ | കണ്ട് |
| ഹൃദിസ്ഥാച്യുത ചോദിതാഃ | ഹൃദയത്തിൽ ഇരിക്കുന്ന അച്യുതനാൽ തുടങ്ങി വിടപ്പെട്ട് |
| വേദാൻ വ്യാസൻ | വേദങ്ങളെ പിരിച്ചു |

48 അസ്മിന്നപ്യന്തരേ ബ്രഹ്മൻ ഭഗവാൻ ലോകഭാവനഃ
ബ്രഹ്മേശാദ്യൈർല്ലോക പാലൈര്യ്യാചിതോ ധർമ്മഗുപ്തയെ

| | |
|---|---|
| ബ്രഹ്മൻ | ഹേ! ശൌനകരെ |
| അസ്മിൻ അന്തരെ അപി | ഈ വൈവസ്വത മന്വന്തരത്തിലും |
| ലോകഭാവനഃ | ലോകങ്ങളെ സൃഷ്ടിച്ച |
| ഭഗവാൻ | വിഷ്ണുഭഗവാൻ |
| ബ്രഹ്മേശാ- ദ്യൈഃ | ബ്രഹ്മദേവൻ പരമേശ്വരൻ മുതലായ |
| ലോകപാലൈ | ലോകപാലന്മാരാൽ |
| ധർമ്മഗുപ്തയെ | ധർമ്മരക്ഷണാർത്ഥം |
| യാചിതഃ | യാചിക്കപ്പെട്ട |

49 പരാശരാത്സത്യവത്യാമംശാംശ കലയാ വിഭുഃ
അവതീർണ്ണോ മഹാഭാഗ വേദം ചക്രെ ചതുർവ്വിധം

| | | | |
|---|---|---|---|
| മഹാഭാഗഃ | മഹാഭാഗ്യവാനായ | അവതീർണ്ണഃ | അവതരിച്ച് |
| വിഭുഃ | സർവ്വേശ്വരൻ | | |
| പരാശരാത് | പരാശര മുനിയിൽ നിന്നു | വേദം | വേദത്തിനെ |
| സത്യവത്യാം | സത്യവതിയിങ്കൽ | ചതുർവ്വിധം ചക്രേ | നാലുവിധമായ് ചെയ്തു |
| അംശാംശ കലയാ | മായയുടെ അംശമായ സത്വഗുണത്തിന്റെ അംശത്തോടെ | | |

50 ഋഗഥർവ്വയജുഃ സ്സാമ്നാം രാശീനുദ്ധൃത്യ വർഗ്ഗശഃ
ചതസ്രഃ സംഹിതാശ്ചക്രേ മന്ത്രൈർമ്മണിഗണാ ഇവ

| | | | |
|---|---|---|---|
| ഋഗഥർവ്വയജുഃ സ്സാമ്നാം | ഋക്, അഥർവ്വം, യജുസ്സ്, സാമ എന്ന മന്ത്രങ്ങളുടെ | ചതസ്രഃ സംഹിതാഃ | നാലു സംഹിതകളെ |
| രാശീൻ | സമൂഹങ്ങളെ | മണിഗണാഃ | രത്നരാശിയിൽ നിന്നു ആ രത്നങ്ങളെ പ്രത്യേകം പ്രത്യേകം വേർതിരിച്ചു വെക്കുന്നതുപോലെ |
| വർഗ്ഗശഃ | അതാതു പ്രകരണങ്ങളാക്കി അനുസരിച്ചു വേർതിരിച്ച് | | |
| മന്ത്രൈഃ | മന്ത്രങ്ങളെക്കൊണ്ട് | ചക്രേ | ചെയ്തു |

51 താസാം സ ചതുരഃ ശിഷ്യാനുപാഹൂയ മഹാമതിഃ
ഏകൈകാം സംഹിതാം ബ്രഹ്മന്നേകൈകസ്മൈ ദദൗ വിഭുഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷിയെ | ഉപാഹൂയ | വിളിച്ച് |
| മഹാമതിഃ | മഹാബുദ്ധിമാനും | ഏകൈകസ്മൈ | ഓരോരുത്തനും |
| വിഭുഃ സഃ | സർവ്വശക്തനുമായ അവൻ | താസാം | അവകളിൽ |
| ചതുരഃ ശിഷ്യാൻ | നാലു ശിഷ്യന്മാരെ | ഏകൈകാം | ഓരോരോ |
| | | സംഹിതാം | സംഹിതയെ |
| | | ദദൗ | നൽകി |

52 പൈലായ സംഹിതാമാദ്യാം ബഹ്വൃചാഖ്യാമുവാച ഹ
വൈശംപായനസംജ്ഞായ നിഗദാഖ്യം യജുർഗ്ഗണം

| | | | |
|---|---|---|---|
| പൈലായ ബഹ്വൃചാഖ്യാം | പൈലൻ എന്ന വ്യക്തിക്ക് ഋക് മന്ത്രങ്ങൾ അധികമായതാൽ ബഹ്വൃചം പേരോടുകൂടിയ | വൈശംപായന സംജ്ഞായ | വൈശംപായനൻ എന്ന ആൾക്ക് |
| | | നിഗദാഖ്യം | വളരെയധികം ഒന്നിച്ചു ചേർത്ത് ഉച്ചരിക്കപ്പെട്ടതിനാൽ നിഗദം എന്ന പേരോടുകൂടിയ |
| ആദ്യാം സംഹിതാം | ആദ്യത്തെ സംഹിതയേയും | യജുർഗ്ഗണം | യജുർവേദത്തിനെയും |
| | | ഉവാച ഹ | ഉപദേശിച്ചു |

53 സാമ്നാം ജൈമിനയെ പ്രാഹ തഥാ ഛന്ദോഗസംഹിതാം
അഥർവ്വാംഗിരസീം നാമ സ്വശിഷ്യായ സുമന്തവെ

| | |
|---|---|
| തഥാ | അപ്രകാരം തന്നെ |
| ജൈമിനയെ | ജൈമിനിക്ക് |
| സാമ്നാം | സാമാക്കളിന്റെ |
| ഛന്ദോഗ സംഹിതാം | ഛന്ദസ്സുകളിൽ ഗാനം ചെയ്യപ്പെടുന്നതിനാൽ ഛന്ദോഗം എന്ന സംഹിതയേയും |
| സ്വശിഷ്യായ | തന്റെ ശിഷ്യയായ |
| സുമന്തവെ | സുമന്തന്ന് |
| അഥർവ്വാം ഗിരസീം നാമ | അഥർവ്വാം ഗിരസീ എന്ന സംഹിതയും |
| പ്രാഹ | ഉപദേശിച്ചു |

54 പൈലഃ സ്വസംഹിതാമൂചെ ഇന്ദ്രപ്രമിതയെ മുനിഃ
ബാഷ്കലായ ച സോപ്യാഹ ശിഷ്യേഭ്യഃ സംഹിതാം സ്വകാം

55 ചതുർദ്ധാവ്യസ്യ ബോധ്യായ യാജ്ഞവൽക്യായ ഭാർഗവ
പരാശരായാഗ്നിമിത്രെ ഇന്ദ്രപ്രമിതിരാത്മവാൻ

56 അദ്ധ്യാപയത് സംഹിതാം സ്വാം മാണ്ഡൂകേയ മൃഷിം കവിം
തസ്യ ശിഷ്യോ ദേവമിത്രഃ സൌഭര്യാദിഭ്യ ഊചിവാൻ

| | |
|---|---|
| പൈലഃ മുനിഃ | പൈലമുനി |
| ഇന്ദ്രപ്രമിതയെ | ഇന്ദ്രപ്രമിതി എന്ന വ്യക്തിക്കും |
| ബാഷ്കലായ ച | ബാഷ്കലൻ എന്ന ആൾക്കും |
| സ്വസംഹിതാം | തന്റെ സംഹിതയെ (രണ്ടായ് പിരിച്ചു) |
| ഊചെ | ഉപദേശിച്ചു |
| സഃ അപി | ആ ബാഷ്കലനും |
| സ്വകാം സംഹിതാം | തന്റെ സംഹിതയെ |
| ചതുർദ്ധാ വ്യസ്യ | നാലായ് പിരിച്ച് |
| ഭാർഗവ | ഹേ! ശൌനകരെ |
| ബോധ്യായ | ബോധ്യർ |
| യാജ്ഞവല്ക്യായ | യാജ്ഞവല്ക്യൻ |
| പരാശരായ | പരാശരൻ |
| അഗ്നിമിത്രെ | അഗ്നിമിത്രൻ |
| ശിഷ്യേഭ്യഃ | എന്ന ശിഷ്യന്മാർക്ക് |
| ആഹ | ഉപദേശിച്ചു |
| ആത്മവാൻ | ആത്മജ്ഞാനിയായ |
| ഇന്ദ്രപ്രമിതിഃ | ഇന്ദ്രപ്രമിതി |
| സ്വാം സംഹിതാം | തന്റെ സംഹിതയെ |
| കവിം | വിദ്വാനായ |
| മാണ്ഡൂകേയം ഋഷിം | മാണ്ഡൂകേയ ഋഷിക്ക് |
| അധ്യാപയത് | ഉപദേശിച്ചു |
| തസ്യശിഷ്യഃ | അവരുടെ ശിഷ്യനായ |
| ദേവമിത്രഃ | ദേവമിത്രൻ |
| സൌഭര്യാദിഭ്യഃ | സൌഭരി മുതലായവർക്ക് |
| ഊചിവാൻ | ഉപദേശിച്ചു |

57 ശാകല്യസ്തത്സുതഃ സ്വാം തു പഞ്ചധാ വ്യസ്യ സംഹിതാം
വാത്സ്യമുദ്ഗലശാലീയ ഗോഖല്യശിശിരേഷ്വധാത്

| | |
|---|---|
| തത്സുതഃ | മാണ്ഡൂകേയ പുത്രനായ |
| ശാകല്യഃ തു | ശാകല്യനും |
| സ്വാം സംഹിതാം | തന്റെ സംഹിതയെ |
| പഞ്ചധാവ്യസ്യ | അഞ്ചായ് പിരിച്ചു |
| വാത്സ്യമുദ്ഗല- ശാലീയ ഗോഖല്യ ശിശിരേഷു | വാത്സ്യർ, മുദ്ഗലർ, ശലീയർ, കോകല്യർ, ശിശിരൻ എന്ന അഞ്ചുപേർക്ക് |
| അധാത് | ഉപദേശിച്ചു |

58 ജാതൂകർണ്യശ്ചതച്ഛിഷ്യഃ സനിരുക്താം സ്വസംഹിതാം !
ബാലകപൈജ വൈജ വൈതാലവിരജേഭ്യോ ദദൌ മുനിഃ !!

തച്ഛിഷ്യഃ ശാകല്യന്റെ ശിഷ്യനായ
ജാതൂകർണ്യഃ ജാതൂകർണ്യൻ എന്ന
മുനിഃ ച മുനിയും
സ്വസംഹിതാം തന്റെ സംഹിതയെ (മൂന്നായ് പിരിച്ച്)
സനിരുക്താം വൈദികപദങ്ങൾക്ക് വ്യാഖ്യാനരൂപമായ (നാലമത്തെ) നിരുക്തത്തോടെ

ബലാകപൈജ- വൈതാള വിരജേഭ്യഃ ദദൌ — ബലാകർ, പൈജർ, വൈതരജൻ വീരജൻ എന്ന നാലുവ്യക്തികൾക്ക് ഉപദേശിച്ചു.

59 ബാഷ്കലിഃ പ്രതിശാഖാഭ്യോ ബാലഖില്യാഖ്യ സംഹിതാം
ചക്രോ ബാലായ നിർഭജ്യഃ കാസാരശ്ചൈവ താം ദധുഃ

ബാഷ്കലിഃ മുൻപറഞ്ഞ ബാഷ്കലിയുടെ പുത്രൻ
പ്രതിശാഖാഭ്യഃ മുൻപറഞ്ഞ സകല ശാഖകളിൽ നിന്നും
ബാലഖില്യാ- ഖ്യ സംഹിതാം — ബാലഖില്യം എന്ന പേരോടുകൂടിയ സംഹിതയെ
ചക്രേ ചെയ്തു

ബാലായതിഃ ബാലായതി
ഭജ്യഃ ഭജ്യർ
കാസാരഃ ഏവ ച — കാസാരർ എന്നവരും
നാം ദധു ആ ബാലഖില്യ സംഹിതയെ അദ്ധ്യായനം ചെയ്തു.

60 ബഹ്വൃചാഃ സംഹിതാ പ്യേതാ ഏഭിർബ്രഹ്മഷിഭിർധൃതാഃ !
ശ്രുത്വൈതച്ഛന്ദസാം വ്യാസം സർവ്വപാപൈഃ പ്രമുച്യതെ !!

ഏതാഃ ബഹ്വൃചാഃ — മുൻപറഞ്ഞ (പൂർവ്വോക്തമായ) ഋഗ്വേദസംഹിത മുഴുവനും
ഏഭിഃ ബ്രഹ്മഷിഭിഃ ധൃതാഃ — മുൻപറഞ്ഞ ബ്രഹ്മഷികളാൽ അദ്ധ്യായനം ചെയ്യപ്പെട്ടു

ഏതച്ഛന്ദസാം ഈഛന്ദസ്സുകളുടെ
വ്യാസം ശ്രുത്വാ വിഭാഗത്തിനെ ശ്രവണം ചെയ്താൽ
സർവ്വപാപൈഃ പ്രമുച്യതെ — സകല പാപ വിമുക്തനായി ഭവിക്കുന്നു

61 വൈശമ്പായനശിഷ്യാവൈചര കാധ്വര്യവോഽഭവൻ
യച്ചേരുർബ്രഹ്മഹത്യാം ഹഃക്ഷപണം സ്വഗുരോർവ്രതം

വൈശമ്പായന ശിഷ്യാഃ — വൈശംപായന ശിഷ്യന്മാർ
ചരകാധ്വര്യവഃ ചരകാധ്വര്യുക്കൾ എന്ന് പേരോടു കൂടിയവർ
അഭവൻ വൈ ഇരുന്നു.

യത് സ്വഗുരോഃ എന്തുകൊണ്ടെന്നാൽ തന്റെ ഗുരുവിന്റെ
ബ്രഹ്മഹത്യാം ഹഃ ക്ഷപണം — ബ്രഹ്മഹത്യ പാപത്തിനെ നശിപ്പിക്കുന്ന
വ്രതം ചേരുഃ വ്രതം അനുഷ്ഠിച്ചു

വിഷ്ണുപുരാണത്തിൽ വൈശംപായനന്നു് ബ്രഹ്മഹത്യാ വരുവാനുള്ള കാരണം ഇപ്രകാരം പറയപ്പെട്ടിട്ടുണ്ടു്:–

മഹാമേരുവിൽ നടക്കുന്ന സഭക്കു് ഇന്നു് ആരു് വരുന്നില്ലയോ ആ ഋഷിക്കു് ബ്രഹ്മഹത്യാ വന്നുചേരും എന്നു് മുനിവന്മാരാൽ മുമ്പുതന്നെ ഒരു തീരുമാനം വിധിക്കപ്പെട്ടിരുന്നു. ഈ വിധിയെ വൈശംപായനൻ ഒരു ആറം മാത്രം ലംഘിച്ചു. അതേ കാലത്തിൽ തന്റെ സഹോദരിയുടെ കുഞ്ഞിനെ കാലാൽ ചവിട്ടി അതിന്റെ മരണകാരണനായും ഭവിച്ചു. അപ്പോൾ തന്റെ ശിഷ്യന്മാരേ നോക്കി ഹേ ശിഷ്യന്മാരെ! നിങ്ങൾ എനിക്കുവേണ്ടി ബ്രഹ്മഹത്യയേ, നീക്കികളയുന്ന വ്രതം അനുഷ്ഠിക്കുവിൻ എന്നു കല്പിച്ചു. ആ ശിഷ്യന്മാർ ആ വ്രതത്തിനെ അനുഷ്ഠിച്ചതുകൊണ്ടു് (ചരിഞ്ഞതു കൊണ്ടു്) ചരകന്മാർ എന്നും അദ്ധ്വര്യുശാഖയായ യജുർവ്വേദത്തിനെ അദ്ധ്യായനം ചെയ്തതുകൊണ്ടു് അധ്വര്യുക്കളുമായി ഭവിച്ചു. ആയതുകൊണ്ടു് അവർക്കു് ചരകാധ്വര്യുക്കൾ എന്നു പേർ വന്നു.

62 യാജ്ഞവല്ക്യശ്ച തച്ഛിഷ്യ ആഹാഹോ ഭഗവൻ കിയത്
ചരിതേനാല്പസാരാണാം ചരിഷ്യേഽഹം സുദുശ്ചരം.

| | | | |
|---|---|---|---|
| തച്ഛിഷ്യഃ | അവരുടെ ശിഷ്യനായ | ചരിതേന | വ്രതാനുഷ്ഠാനത്താൽ |
| യാജ്ഞവൽക്യഃ | യാജ്ഞവൽക്യർ | കിയത് | എത്ര ബലം ലഭിക്കും |
| ച | എന്നവരും | അഹം | ഞാൻ |
| ഭഗവൻ | ഭഗവാനെ, | സുദുശ്ചരം | അന്യർ ഒട്ടും ചെയ്യുവാൻ സാധിക്കാത്ത വ്രതത്തിനെ |
| അഹോ | കഷ്ടം ! | | |
| അല്പസാരാണാം | അല്പബലിഷ്ഠരായ ഇവരുടെ | ചരിഷ്യേ | അനുഷ്ഠിക്കാം |
| | | ആഹ | എന്നു പറഞ്ഞു. |

63 ഇത്യുക്തോ ഗുരുരപ്യാഹ കുപിതോ യാഹ്യലം ത്വയാ
വിപ്രാവമന്ത്രാ ശിഷ്യേണ മദധീതം ത്യജാശ്വിതി.

| | | | |
|---|---|---|---|
| ഇതി ഉക്തഃ | ഇപ്രകാരം | യാഹി | ഇവിടെ നിന്നു് പോയ്‌വിടുക |
| ഗുരുഃ അപി | ഗുരുനാഥനും | | |
| കുപിതഃ | ദേഷ്യപ്പെട്ടിട്ടു് | മത് അധീതം | എന്നിൽ നിന്നും പഠിച്ചതിനെ |
| വിപ്രാവമന്ത്രാഃ | ബ്രാഹ്മണന്മാരെ അപമാനിക്കുന്ന | | |
| ത്വയാ | നീ | ആശു ത്യജ | ഇപ്പോൾതന്നെ ഛർദ്ദിക്കുക |
| ശിഷ്യേണ | ശിഷ്യനായു് | | |
| അലം | ഇരുന്നതു് മതി | ഇതി ആഹ | എന്നുപറഞ്ഞു |

64 ദേവരാതസുതഃ സോഽപിച്ഛർദിത്വാ യജുഷാം ഗണം
തതോ ഗതോഽഥ മുനയോ ദദൃശുസ്താൻ യജുർഗണാൻ

| | | | |
|---|---|---|---|
| ദേവരാതസുത | ദേവരാതപുത്രനായ | അഥ | അപ്പോൾ, |
| സഃ അപി | ആ യാജ്ഞവൽക്യരും | മുനയഃ | ഇതരമുനികൾ |
| യജുഷാം ഗണം | യജുർ ഗണത്തിനെ | താൻയജുർ ഗണാൻ | ആ യജുർ ഗണങ്ങളെ |
| ഛർദ്ദിത്വാ | ഛർദ്ദിച്ച് | | |
| തതഃ ഗതഃ | അവിടെ നിന്ന് പോയ്കളഞ്ഞു | ദദൃശുഃ | കണ്ടു. |

65 യജൂംഷി തിത്തിരാ ഭൂത്വാ തല്ലോലുപതയാഽഽദദുഃ
തൈത്തിരീയാ ഇതി യജുഃശാഖാ ആസൻ സുപേശലാഃ

| | | | |
|---|---|---|---|
| തല്ലോലുപതയാ | അവകളിൽ ആഗ്രഹമുള്ളവരായതുകൊണ്ട് | യജൂംഷി ആദദുഃ | യജുസ്സുകളെ ഗ്രഹിച്ചു. |
| തിത്തിരാഃ | ബ്രാഹ്മണ രൂപത്തിൽ ഛർദ്ദിച്ചതിനെ എടുക്കന്നത് ഉചിതമല്ലാത്തതുകൊണ്ട് തിത്തിരിപക്ഷികളായ് | ഇതി സുപേശലാഃ | എന്നതിനാൽ വളരെ മനോഹരങ്ങളായ |
| | | യജുഃ ശാഖാഃ | യജുശ്ശാഖകൾ |
| | | തൈത്തിരീയാഃ അഭവൻ | തൈത്തിരീയങ്ങൾ എന്ന പ്രസിദ്ധി നേടി |
| ഭൂത്വാ | ഭവിച്ച് | | |

66 യാജ്ഞവല്ക്യസ്തതോ ബ്രഹ്മൻ ഛന്ദാംസ്യധിഗവേഷയൻ
ഗുരോരവിദ്യമാനാനി സൂപതസ്ഥേഽർക്കമീശ്വരം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷി! | അധിയജൂംഷി | അധികങ്ങളുമായ യജുസ്സുകളെ |
| തതഃ | അതിനുശേഷം | | |
| യാജ്ഞവൽക്യഃ | യാജ്ഞവൽക്യർ | ഗവേഷയൻ | അന്വേഷിക്കുന്നവനായ് |
| ഗുരോഃ അവിദ്യമാനാനി | ഗുരുവായ വൈശമ്പായനന് വ്യാസൻ പഠിപ്പിച്ച് ഉപദേശിക്കാത്തതുകൊണ്ട് അവരുടെ അടുക്കൽ ഇല്ലാത്തവയും | ഈശ്വരം | വേദങ്ങൾക്ക് ഈശ്വരനായ |
| | | അർക്കം | ഈശ്വരനെ |
| | | സൂപതസ്ഥേ | നല്ലപോലെ ഉപാസിച്ചു |

യാജ്ഞവൽക്യ ഉവാച — യാജ്ഞവൽക്യൻ പറയുന്നു

ഓം നമോ ഭഗവതേ ആദിത്യായാഖില ജഗതാമാത്മസ്വരൂപേണ കാലസ്വരൂപേണ ചതുർവ്വിധ ഭൂതനികായാനാം ബ്രഹ്മാദി സ്തംബപര്യന്താനാമന്തർഹൃദയേഷു ബഹിരപി ചാകാശ ഇവോപാധിനാഽവ്യവധീയമാനോ ഭവാനേക ഏവ ക്ഷണലവനിമേഷാവയവോപചിത സംവത്സര ഗണേനാപാമാദാനവിസർഗ്ഗാഭ്യാമിമാം ലോകയാത്രാമനുവഹതി

ബ്രഹ്മാദിസ്തംബ പര്യന്താനാം — ബ്രഹ്മദേവൻ തുടങ്ങി ചെറിയ പ്രാണിയടക്കം
ചതുർവ്വിധഭൂത നികായാനാം — ഉത്ഭിജ്ജം, സ്വേദജം, അണ്ഡജം, ജരായുജം, എന്ന ചതുർവ്വിധ പ്രാണിസമൂഹങ്ങളാം എന്ന
അഖിലജഗതാം — സകല പ്രാണികളുടെയും
അന്തർഹൃദയേഷു — ഹൃദയത്തിൻെറ ഉള്ളിൽ
ആത്മസ്വരൂപേണ — അന്തര്യാമിയായും
കാലസ്വരൂപേണ — കാലരൂപിയായി
ബഹിഃ അപിച — പുറത്തും
ആകാശഃ ഇവ — ആകാശസദൃശമായ
ഉപാധിനാ — ഉപാധിയാൽ

അവ്യവധീയമാനഃ — വ്യവധാനരഹിതനായ്
ഭവാൻ ഏകഃ ഏവ — ഭവാൻ ഒരുത്തൻ തന്നെയാകുന്നു
ക്ഷണലവനിമേഷാവയവോപചിത സംവത്സരഗണേന — ക്ഷണം, ലവം, നിമേഷം എന്ന അവയവങ്ങളാൽ വൃദ്ധിയായ വർഷസമൂഹങ്ങളാൽ
അപാം ആദാന വിസർഗ്ഗാഭ്യാം — ജലത്തിനെ ബാഷ്പമായ് ഗ്രഹിച്ച് മഴയായ് വർഷിക്കുന്നതിനാൽ
ഇമാം ലോകയാത്രാം അനുവഹി — ഈ ലോകയാത്രയെ നയിക്കുന്നവനായ് ഭവിക്കുന്നു
ഓം നമഃ ഭഗവതേ ആദിത്യായ — അപ്രകാരമായ ആദിത്യ ഭഗവാനായ അങ്ങേക്ക് നമസ്കാരം

തസ്യവിതുർവ്വരേണ്യം ഇതുകൊണ്ട് ഗായത്രിയുടെ പ്രഥമഭാഗത്തിൽ പറയപ്പെട്ടിരിക്കുന്ന വരേണ്യത്വം പറയപ്പെട്ടിരിക്കുന്നു.

68 യദു ഹ വാവ വിബുധർഷഭ സവിതരദസ്തപത്യനുസവന–
മഹരഹരാമ്നായ വിധിനോ പതിഷ്ഠമാനാനാമഖില–
ദുരിത വൃജിത ബീജാവർജ്ജിത ഭഗവതഃ സമഭിധീമഹി
തപത മണ്ഡലം

സവിതഃ — ബുദ്ധിയെ പ്രേരിപ്പിക്കുന്നവനും
തപനഃ — തപിച്ചുകൊണ്ടിരിക്കുന്നവനും
അഹരഹഃ — പ്രതിദിനം
അനുവസനം — മുക്കാലങ്ങളിലും
ആമ്നായ വിധിനെ — വേദോക്ത പ്രകാരം
ഉപതിഷ്ഠമാനാം — താങ്കളുടെ സ്തുതിക്കുന്ന ഭക്തന്മാരുടെ
അഖിലദുരിത വൃജിത ബീജാവർജ്ജന — പ്രബല ദുഃഖഹേതുവായ അജ്ഞാനത്തെ നശിപ്പിക്കുന്നവനുമായ

വിബുധർഷഭ — ഹേ ദേവശ്രേഷ്ഠനെ!
ഭഗവതഃ — തങ്ങളുടെ
യദു ഹ വാവ അദഃ തപതി — യാതൊരു മണ്ഡലം ഇതോ ഉയരേ പ്രകാശിക്കുന്നുവോ
മണ്ഡലം — ആ മണ്ഡലത്തിനെ
സമഭിധീമഹി — ഞങ്ങൾ നല്ലപോലെ ധ്യാനിക്കുന്നു

ഇതു കൊണ്ടു് " ഭർഗ്ഗോ ദേവസ്യ ധീമഹി " എന്ന രണ്ടാമത്തെ പാദത്തിന്റെ അർത്ഥം പറയപ്പെട്ടിരിക്കുന്നു

69 യ ഇഹ വാച സ്ഥിരചരനികരാണാം നിജനികേതനാനാം
മന ഇന്ദ്രിയാ സുഗണാനനാത്മന സ്വയമാത്മാന്തര്യ്യാമീ
പ്രചോദയതി !!

| | | | |
|---|---|---|---|
| യഃ | ഏതൊരു തങ്കരം | സ്ഥിര– നികരാണാം | സ്ഥാവര ജംഗമ സമൂഹങ്ങളുടെ |
| സ്വയം | സ്വയം | അനാത്മനഃ | ജഡങ്ങളായ |
| അന്തര്യ്യാമീ പാവ | അന്തര്യ്യാമിയായിരുന്നു കൊണ്ടു് | മന ഇന്ദ്രിയാസു ഗണാൻ | മനസ്സ്, ഇന്ദ്രിയ– ങ്ങളും, പ്രാണൻ ഇവകളുടെ സമൂഹങ്ങളെ |
| ഇഹ | ഈ ലോകത്തിൽ | | |
| നിജനി കേതനാം | തന്നെ ആശ്രയിച്ച | പ്രചോദയതി | പ്രവർത്തിപ്പിക്കുന്നു |

" ഇതു കൊണ്ടു് "ധിയോയോനാ പ്രചോദയാതു്" എന്ന പദത്തിന്റെ സാരം പറയപ്പെട്ടു".

70 യ ഏവേമം ലോകമതികരാള വദനാന്ധകാരസംജ്ഞാജഗരഗ്രഹ ഗലിതം മൃതകമിവ വിചേതനമവലോക്യാന കംപയാ പരമകാരുണിക ഈ ക്ഷയൈവോത്ഥാപ്യാഹരഹരനുവസനം ശ്രേയസി സ്വധർമ്മാഖ്യാവസ്ഥാതെ പ്രവർത്തയത്യ വസിപതിരിവാസാധൂനാം ഭയമുദീരയന്നടതി!!

| | | | |
|---|---|---|---|
| യഃ ഏവ | യാതൊരു ഈശ്വരൻ ഒരുത്തൻ തന്നെ | ഈക്ഷയാ ഏവ | തന്റെ ദൃഷ്ടി കൊണ്ടുതന്നെ |
| അതികരാള– വദനാന്ധകാര– സംജ്ഞാജഗര ഗ്രഹലിതം | വളരെ ഭയംകരമായ വായോടുകൂടിയ ഇരുട്ടു് എന്ന പേരോടുകൂടിയ മലംപാമ്പ് എന്ന ഗ്രഹത്താൽ വിഴുങ്ങപ്പെട്ടതും | ഉത്ഥാപ്യ | ഉണർത്തി |
| | | അഹരഹഃ | ഓരോ ദിവസവും |
| | | അനുസവനം | മൂന്നു നേരങ്ങളിലും |
| | | സ്വധർമ്മാ– ഖ്യാത്മാ വസ്ഥാതെ | സ്വധർമ്മ പേരോടു കൂടിയ ആത്മാവിങ്കൽ സ്ഥിരമായി ഇരിക്കുക എന്ന |
| മൃതകം ഇവ | ആയതുകൊണ്ടു് ശവംപോലെ | ശ്രേയസ്സി | ശ്രേയസ്സി |
| | | പ്രവർത്തയതി | പ്രവൃത്തിക്കുന്നുവോ |
| വിചേതനം | ഉണർവ്വ് ഇല്ലാത്തതുമായ | അവനിപതഃ ഇവ | ഒരു രാജാവിനെ എന്നപോലെ |
| ഇമം ലോകം | ഈ ലോകത്തിനെ | അസാധൂനാം | ദുഷ്ടന്മാർക്ക് ഭയാവഹനായ് |
| പരമകാരുക | വളരെ കരുണയുള്ളവനായ് | അടതി | സഞ്ചരിക്കുകയും ചെയ്യുന്നുവോ |
| അനുകമ്പയാ | ദയയാൽ | | |

71 പരിത ആശാപാലൈസ്തത്ര തദ്രകമലകോശാഞ്ജലിഭിരുപ-
ഹൃതാർഹണഃ

പരിതഃ ചുറ്റിലും

ആശാ പാലൈഃ } ദിക്പാലകന്മാരാൽ

തത്ര തത്ര അവിടവിടെ

കമലകോശാം ജലിഭിഃ } താമര മൊട്ടിനു തുല്യമായ അഥവാ താമര മൊട്ടുകളോടുകൂടി അംജലികളാൽ

ഉപഹൃതാർഹണഃ } നൽകപ്പെട്ട അർഘ്യം അഥവാ പൂജയോടുകൂടി ആരു് ഇരിക്കുന്നുവോ:

72 അഥ ഹ ഭഗവംസ്തവ ചരണ നലിനയുഗളം ത്രിഭുവനഗുരുഭിർ
വന്ദിത മഹമയാതയാമയജുഃ കാമ ഉപസരാമീതി!

ഭഗവൻ ഹേ ഭഗവാനെ
അഥ ഹ ആയതു കൊണ്ടു തന്നെ
അഹം ഞാൻ
അയാതയാമ യജുഃ കാമഃ } അന്യരാൽ യഥാവിധി അറിഞ്ഞിട്ടില്ലാത്ത യജൂർവേദ മന്ത്രേച്ഛു വായിട്ടു് തന്നെ

ത്രിഭുവന ഗുരുഭിഃ } മൂന്നുലോക ഗുരുക്കളാലും
വന്ദിതം വന്ദിക്കപ്പെട്ട
തവചരണ നളിന യുഗളം } താങ്കളുടെ തൃപ്പാദ കമലങ്ങളെ
ഉപസാരാമി സേവിക്കുന്നു
ഇതി എന്നു് സ്തുതിച്ചു

സൂത ഉവാച സൂതർ പറയുന്നു —

73 ഏവം സ്തുതഃ സ ഭഗവാൻ വാജിരൂപധരോ ഹരിഃ
യജൂംഷ്യയാതയാമാനി മുനയേऽദാത് പ്രസാദിതഃ

ഏവം സ്തുതഃ ഇപ്രകാരം സ്തുതിക്കപ്പെട്ട
പ്രസാദിതഃ ആനന്ദപ്പെടുത്തപ്പെട്ട
സഃഹരിഃ ഭഗവാൻ } ആ സൂര്യ ഭഗവാൻ
വാജി രൂപധരഃ } കുതിരയുടെ രൂപം ധരിച്ചു്

മുനയെ യാജ്ഞവൽക്യ മുനിക്കു്
അയാത യാമാനി } അതുവരെ ആരും അധ്യയനം അഭ്യസിക്കാത്ത
യജൂംഷി പ്രാദാത് } മന്ത്രങ്ങളെ ഉപദേശിച്ചു

74 യജൂർഭിരകരോച്ഛാഖാ ദശപഞ്ച ശതൈർവ്വിഭുഃ
ജഗൃഹുർവ്വാജസന്യസ്താഃ കാണ്വമാധ്യന്ദിനാദയഃ.

വിഭുഃ പ്രഭുവായ യാജ്ഞവൽക്യർ
ശതൈഃ യജൂർഭിഃ | ആ അനേ മന്ത്രങ്ങളെക്കൊണ്ടു്
ദശ പഞ്ച ശാഖാഃ } പതിനഞ്ചു ശാഖകളെ
അകരോത് ചെയ്തു

വാജസന്ന്യസ്താഃ } വളരെ വേഗതയോടെ ഉപദേശിക്കപ്പെട്ട
വാജസന്യഃ താഃ | വാജസനി എന്ന പേരോടുകൂടിയ ആ ശാഖകളെ
കാണ്വമാധ്യം ദിനാദയഃ } കാണ്വർ, മാദ്ധ്യന്ദിനർ മുതലായവർ
ജഗൃഹുഃ അദ്ധ്യയനം ചെയ്തു

## പന്ത്രണ്ടാം സ്കന്ധം ആറാം അദ്ധ്യായം

സാമശാഖയുടെ വിഭാഗത്തെ പറയുന്നു :—

75 ജൈമിനേഃ സാമഗസ്യാസീത് സുമന്തുസ്തനയോ മുനിഃ
സുന്വാംസ്തു തത്സുതസ്താഭ്യാമേകൈകാം പ്രാഹ സംഹിതാം

| | | | |
|---|---|---|---|
| സാമഗസ്യ | സാമഗനായ | തത്സുതഃ | അവരുടെ മകൻ |
| ജൈമിനേഃ | ജൈമിനിക്ക് | | |
| മുനിഃ സുമന്തുഃ | മുനി സുമന്തു എന്ന | ഏതാഭ്യാം | ആ രണ്ടുപേക്കും |
| തനയഃ ആസീത് | പുത്രൻ ഉണ്ടായിരുന്നു. | ഏകൈകാം സംഹിതാം | ഓരോ സംഹിതയെ |
| സുന്വാൻ തു | സുന്വാൻ എന്ന | പ്രാഹ | ഉപദേശിച്ചു |

76 സുകർമ്മാ ചാപി തച്ഛിഷ്യഃ സാമവേദതരോർമ്മഹാൻ
സഹസ്രസംഹിതാഭേദം ചക്രേ സാമ്നാം തതോ ദ്വിജഃ

77 ഹിരണ്യനാഭഃ കൌസല്യഃ പൌഷ്യഞ്ജിശ്ച സുകർമ്മണഃ
ശിഷ്യൌ ജഗൃഹതുശ്ചാന്യ ആവന്ത്യോ ബ്രഹ്മവിത്തമഃ.

| | | | |
|---|---|---|---|
| തച്ഛിഷ്യഃ | ആ ജൈമിനിയുടെ ശിഷ്യനും | സുകർമ്മണഃ ശിഷ്യൌ | സുകർമ്മാവിൻറെ ശിഷ്യനായ |
| മഹാൻ | ബുദ്ധിമാനുമായ | കൌശല്യഃ | കോസല ദേശിയായ |
| സുകർമ്മാ | സുകർമ്മാ എന്ന | ഹിരണ്യനാഭഃ | ഹിരണ്യനാഭനും |
| ദ്വിജഃ അപിച | ബ്രാഹ്മണനും | പൌഷ്യം ജിഃ ച | പൌഷ്യംജി എന്നവനും |
| സാമവേദ തരോഃ | സാമവേദമെന്ന മരത്തിന്ന് | ജഗൃഹതുഃ | ആ സംഹിതാ ഭേദത്തിനെ ഗ്രഹിച്ചു |
| സഹസ്ര സംഹിതാ ഭേദം | ആയിരം സംഹിതകളുടെ (ശാഖകളുടെ) ഭേദത്തിനെ | ബ്രഹ്മവിത്തമഃ | ബ്രഹ്മവിത്തുകളിൽ ശ്രേഷ്ഠനായ |
| | | ആവന്ത്യഃ | ആ വന്തിയൻ എന്ന |
| ചക്രേ | ചെയ്തു | അന്യഃ ച | വേറെ ഒരു ശിഷ്യനും ഗ്രഹിച്ചു |
| തതഃ | അതിനുശേഷം | | |

78 ഉദീച്യാഃ സാമഗാഃ ശിഷ്യാ ആസൻ പഞ്ചശതാനി വൈ
പൌഷ്യഞ്ജ്യാവന്ത്യയോശ്ചാപി താംശ്ച പ്രാച്യാൻ പ്രചക്ഷതേ.

| | | | |
|---|---|---|---|
| പൌഷ്യഞ്ജാവന്ത്യയോഃ ച അപി | പൌഷ്യജി, ആവന്തിയൻ ഹിരണ്യൻ എന്ന മൂന്നു പേക്കും | ശിഷ്യാഃ | ശിഷ്യന്മാർ |
| | | ആസൻ വൈ | ഉണ്ട് |
| | | താൻ ച | അവരേത്തന്നെ |
| ഉദീച്യാഃ | ഔത്തരിയന്മാരായ | പ്രാച്യാൻ | പ്രാച്യന്മാർ (കിഴക്കുദേശീയർ) |
| പഞ്ചശതാനി | ഐന്നൂറ് | | |
| സാമഗാഃ | സാമഗന്മാരായ | പ്രചക്ഷതെ | എന്നു പറയുന്നു |

79 ലൌഗാക്ഷിർമ്മാംഗലിഃ കുല്യഃ കുസീദഃ കുക്ഷിരേവ ച
പൌഷ്യഞ്ജിശിഷ്യാ ജഗൃഹുഃ സംഹിതാസ്തേ ശതം ശതം.

| | | | |
|---|---|---|---|
| പൌഷ്യഞ്ജി ശിഷ്യാഃ | പൌഷ്യഞ്ജിയുടെ ശിഷ്യന്മാരായ | കക്ഷീഃ ഏവ | കക്ഷി എന്ന |
| ലോഗാക്ഷിഃ | ലോഗാക്ഷി | തേ ച | അവരും |
| മാംഗലിഃ കല്യഃ | മാംഘി കല്യൻ | ശതം ശതം | നൂറു് നൂറു് |
| കുസീദഃ | കുസീതൻ | സംഹിതാഃ | സംഹിതകളെ |
| | | ജഗൃഹുഃ | ഗ്രഹിച്ചു. |

80 കൃതോ ഹിരണ്യനാഭസ്യ ചതുർവ്വിംശതിസംഹിതാഃ
ശിഷ്യ ഊചേ സ്വശിഷ്യേഭ്യഃ ശേഷാ ആവന്ത്യ ആത്മവാൻ.

| | | | |
|---|---|---|---|
| ഹിരണ്യ നാഭസ്യ | ഹിരണ്യനാഭൻെറ | ചതുർവ്വിംശതി സംഹിതാഃ | 24 സംഹിതകളെയും |
| | | ശേഷാഃ | ശിഷ്ടമായവയെ |
| ശിഷ്യഃ കൃതഃ | ശിഷ്യനായ കൃതൻ | ആത്മവാൻ | ധീരനായ |
| സ്വശിഷ്യേഭ്യഃ | തൻെറ ശിഷ്യൻമാർക്കു് | ആവന്ത്യഃ ച | ആവന്ത്യനും |
| | | ഊചെ | ഉപദേശിച്ചു |

ഇതി ശ്രീമത് ഭാഗവത മഹാപുരാണം
പന്ത്രണ്ടാം സ്കന്ധം ആറാമദ്ധ്യായം സമാപ്തം
ആദിതഃ ശ്ലോകാഃ 13808 ദ്വാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 275

## സപ്തമോऽദ്ധ്യായഃ

സപ്തമെऽത്ഥർവവിസ്താരഃ പുരാണവ്യസനം തതഃ!
പുരാണലക്ഷണാദീതി ഫലം ഭാഗവത ശ്രുതഃ!!

ഈ ഏഴാമത്തെ അദ്ധ്യായത്തിൽ അഥർവ്വവേദത്തിൻെറ വിസ്താരവും, പുരാണങ്ങളുടെ വിസ്താരവും പുരാണലക്ഷണങ്ങളും ഭാഗവത ശ്രവണഫലവും പറയപ്പെടുന്നു.

സൂത ഉവാച — സൂതർ പറയുന്നു

1 അഥർവ്വവിത്സുമന്തുശ്ച ശിഷ്യമദ്ധ്യാപയത്സ്വകാം
സംഹിതാം സോപിപത്ഥ്യായ വേദദർശായ ചോക്തവാൻ

| | | | |
|---|---|---|---|
| അഥർവ്വ വേദവിത് | അഥർവ്വവേദം അറിഞ്ഞ | അദ്ധ്യാപയൻ | അദ്ധ്യയനം ചെയ്തുവെച്ചു |
| സുമന്തുഃ ച | സമന്തു എന്നവരും | സഃ അപി | അദ്ദേഹവും |
| സ്വകാം സംഹിതാം | തൻെറ സംഹിതയെ | പത്ഥ്യായ | പത്ഥ്യൻ എന്നവനും |
| | | വേദദർശായ ച | വേദദർശൻ എന്നവനും |
| ശിഷ്യം | കബന്ധൻ എന്ന ശിഷ്യനു് | ഉക്തവാൻ | രണ്ടായു് വിഭജിച്ചു് ഉപദേശിച്ചു |

2 ശൌക്ളായനിർബ്രഹ്മബലിർമ്മോദോഷഃ പിപ്പലായനിഃ
വേദദർശസ്യ ശിഷ്യാസ്തേ പത്ഥ്യശിഷ്യാനഥോ ശൃണു.

| | | | |
|---|---|---|---|
| ശൌക്ലായനിഃ | ശൌക്ലായനി | വേദദർശസ്യ | വേദദർശന്റെ |
| ബ്രഹ്മബലിഃ | ബ്രഹ്മബലി | ശിഷ്യാഃ | ശിഷ്യന്മാർ |
| മോദോഷഃ | മോദോഷർ | അഥോ | ഇതിനുശേഷം |
| പിപ്പലായനിഃ | പിപ്പലായനി | പത്ഥ്യ | പത്ഥ്യന്മാരുടെ |
| തെ | എന്ന ഇവർ | ശിഷ്യാൻ | ശിഷ്യരെപ്പററി |
| | | ശൃണു | കേൾക്കുക |

അഥർവ്വവേദം സമുനിഃ സുമന്തു രമിതദ്യുതിഃ!
ശിഷ്യമദ്ധ്യാപയാമാസ കബന്ധംസോട്ടപിച ദ്വിധാ!
കൃത്വാ വേദദർശായ തഥാ പത്ഥ്യായ ദത്താൻ
ഇതി – വൈഷ്ണവെ ഉക്തം !!

വേദദർശൻ തന്റെ ശാഖയെ നാലായ് വിഭാഗം ചെയ്തു് നാലുപേക്കു് കൊടുത്തു.

കുമുദഃ ശുനകോ ബ്രഹ്മാംജലിശ്ചാ പ്യത്ഥവിത്

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ശൌനകരെ! | ശുനകഃ ച | ശുനകനും |
| അത്ഥവിത് | അഥർവ്വവേദം അറിഞ്ഞ | ജാജലിഃ അപി | ജാജലിയും പത്ഥ്യരുടെ ശിഷ്യന്മാർ |
| കുമുദഃ | കുമുദനും | | |

3 ബഭ്രുഃ ശിഷ്യോഥാംഗിരസഃ സൈന്ധവായന ഏവ ച
അധീയേതാം സംഹിതേ ദ്വേ സാവർണ്ണ്യാദ്യാസ്തഥാപരേ.

| | | | |
|---|---|---|---|
| അഥ | അതിനുപുറമെ | തഥാ | അതുപോലെ |
| അംഗിരസഃ | ശുനകർക്കു് | | |
| ബഭ്രുഃ | ബഭ്രു എന്നവനും | സാവർണ്ണ്യാദ്യാഃ | സാവർണ്ണീ മുതലായവർ |
| സൈന്ധവായന ഏവ ച | സൈന്ധവായനൻ എന്നും | | |
| ശിഷ്യഃ | ശിഷ്യന്മാർ | അപരെ | സൈന്ധവായൻ മുതലായവരുടെ മററു ശിഷ്യന്മാർ |
| ദ്വെ സംഹിതെ | രണ്ടു സംഹിതകളെ | | |
| അധീയേതാം | ആ രണ്ടുപേരും അദ്ധ്യായനം ചെയ്തു. | | |

4 നക്ഷത്രകല്പഃ ശാന്തിശ്ച കശ്യപാംഗിരസാദയഃ
ഏതേ ആഥർവണാചാര്യാഃ ശൃണു പൌരാണികാ മുനേ.

| | | | |
|---|---|---|---|
| നക്ഷത്രകല്പഃ | നക്ഷത്രകല്പർ | ആഥർവ്വണാചാര്യാഃ | അഥർവ്വവേദ പ്രവർത്തകന്മാർ |
| ശാന്തിഃ ച | ശാന്തികല്പർ | | |
| കാശ്യപാംഗിരസാദയഃ | കാശ്യപർ ആംഗിരസർ മുതലായവർ | പൌരാണികാൻ | പൌരാണികന്മാരെ പററി (പറയാം) |
| ഏതെ | ഇവർ | ശൃണു. | കേൾക്കുക. |

5 ത്രയ്യാരുണിഃ കശ്യപശ്ച സാവർണ്ണിരകൃതവ്രണഃ
വൈശമ്പായനഹാരീതൌ ഷട് വൈ പൌരാണികാൻ മനേ.

6 അധീയന്ത വ്യാസശിഷ്യാത് സംഹിതാം മത്പിതുർമ്മുഖാത്
ഏകൈകാമഹമേതേഷാം ശിഷ്യഃ സർവ്വാഃ സമധ്യഗാം

| | | | |
|---|---|---|---|
| ത്രയ്യാരുണിഃ | ത്രയ്യാരുണി | മത്പിതുഃ | എൻെറ പിതാവിൻെറ |
| കശ്യപഃ ച | കശ്യപൻ | മുഖാത് | മുഖത്തിൽ നിന്നും |
| സാവർണിഃ | സാവർണ്ണി | ഏകൈകാം | ഓരോ |
| അകൃതവ്രണഃ | അകൃതവ്രണൻ | സംഹിതാം | സംഹിതയെ |
| വൈശംപായന | വൈശം പായനർ | അധീയന്ത | അദ്ധ്യയനം ചെയ്തു |
| ഹാരീതൌ | ഹാരീതൌ എന്ന | അഹം | ഞാൻ |
| ഷട്വൈ | ആറുപേർ മാത്രം | ഏതേഷാം | ഇവർ എല്ലാവർക്കും |
| പൌരാണികാഃ | പൌരാണികന്മാർ | ശിഷ്യഃ | ശിഷ്യനായ് ഇരുന്നുകൊണ്ടു് |
| ഇമെ | ഇവർ | | |
| വ്യാസ | വ്യാസ | സർവ്വാഃ | എല്ലാ സംഹിതകളെയും |
| ശിഷ്യാത് | ശിഷ്യരായ | സമദ്ധ്യഗാം | അദ്ധ്യയനം ചെയ്തു |

7 കശ്യപോഽഹം ച സാവർണ്ണീ രാമശിഷ്യോഽകൃതവ്രണഃ
അധീമഹി വ്യാസശിഷ്യാച്ചതസ്രോ മൂലസംഹിതാഃ

| | | | |
|---|---|---|---|
| കശ്യപഃ | കശ്യപനും | വ്യാസ | വ്യാസശിഷ്യരായ |
| അഹം | ഞാനും | ശിഷ്യാത് | രോമഹർഷനിൽ നിന്നു |
| സാവർണ്ണിഃ | സാവർണ്ണിയും | ചതസ്രഃ | നാലു മൂല സംഹിതം കളെ |
| രാമശിഷ്യഃ | രാമശിഷ്യനായ | മൂലസംഹിതാഃ | |
| അകൃതവ്രണഃ ച | ആകൃതവണനും | അധീമഹി | അദ്ധ്യയനം ചെയ്തു |

8 പുരാണലക്ഷണം ബ്രഹ്മൻ ബ്രഹ്മർഷിഭിർന്നിരൂപിതം
ശൃണുഷ്വ ബുദ്ധിമാശ്രിത്യ വേദശാസ്ത്രാനുസാരതഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ശൌനകരെ! | നിരൂപിതം | നിരൂപണം ചെയ്യപ്പെട്ട |
| വേദശാസ്ത്രാനു | വേദശാസ്ത്രങ്ങളെ- | | |
| സാരതഃ | യനുസരിച്ച് | പുരാണ | പുരാണ |
| ബുദ്ധിം | തൻെറ ബുദ്ധിയെ | ലക്ഷണം | ലക്ഷണത്തെ |
| ആശ്രിത്യ | അവലംബിച്ച് | | |
| ബ്രഹ്മർഷിഭിഃ | ബ്രഹ്മർഷികളാൽ | ശൃണുഷ്വ | കേൾക്കുക |

9 സർഗ്ഗോഽസ്യാഥ വിസർഗ്ഗശ്ച വൃത്തീ രക്ഷാന്തരാണി ച
വംശോ വംശാനുചരിതം സംസ്ഥാ ഹേതുരപാശ്രയഃ.

10 ദശഭിർലക്ഷണൈര്യുക്തം പുരാണം തദ്വിദോ വിദുഃ
കേചിത് പഞ്ചവിധം ബ്രഹ്മൻ മഹദല്പവ്യവസ്ഥയാ.

| | |
|---|---|
| അസ്യ സർഗ്ഗഃ | ഈ പ്രപഞ്ചത്തിന്റെ സർഗ്ഗം |
| അഥ വിസർഗ്ഗഃ ച | അതുപോലെ വിസർഗ്ഗം |
| വൃത്തിരക്ഷാന്തരാണി | വൃത്തി, രക്ഷാ മന്വന്തരങ്ങൾ |
| വംശഃ വംശാനുചരിതം | വംശം വംശാനുചരിതം |
| സംസ്ഥാ ഹേതുഃ | സംസ്ഥാ ഹേതു |
| അപാശ്രയഃ ച | അപാശ്രയം എന്ന |
| ദശഭിഃ ലക്ഷണൈഃ യുക്തം | പത്തു ലക്ഷണങ്ങളോട് കൂടിയ |
| പുരാണം | പുരാണം എന്ന് |
| തദ്വിദഃ വിദുഃ | പുരാണലക്ഷണം അറിഞ്ഞവർ പറയുന്നു |
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷിയെ |
| കേചിത് | ചിലർ |
| മഹദല്പ വ്യവസ്ഥയാ | പത്തു ലക്ഷണങ്ങൾ ഉള്ളതാകുന്നു മഹാപുരാണം എന്ന് |
| പഞ്ചവിധം | അഞ്ചു ലക്ഷണങ്ങളോടുകൂടിയ ചെറിയ പുരാണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ടും പറയുന്നു |

അഥ സർഗ്ഗോ വിസർഗ്ഗശ്ച സ്ഥാനം പോഷണമൂതയഃ !
മന്വന്തരേശാനുകഥാ നിരോധോ മുക്തിരാശ്രയഃ !!

എന്ന് മുമ്പ് പ്രതിപാദിത ലക്ഷണങ്ങളിൽ പറയപ്പെട്ട സ്ഥാനം, പോഷണം എന്ന് രണ്ടും വൃത്തിരക്ഷാ എന്ന പദങ്ങളാലും മന്വന്തരം— അന്തരം പദത്താലും, ഈശാനുകഥാ—വംശഃ, വംശാനുചരിതം എന്നിവകളാലും നിരോധഃ—സംസ്ഥാ എന്ന പദത്താലും മുക്തിയും ഊതയഃ—ഹേതു പദത്താലും പറയപ്പെട്ടിരിക്കുന്നു.

സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച വംശോ മന്വന്തരാണി ച !

വംശാനുചരിതം ചേതി പുരാണം പഞ്ചലക്ഷണം എന്ന് അഞ്ചു ലക്ഷണങ്ങൾ.

അവഃ — സർഗ്ഗം മുതലായ പത്തു ലക്ഷണങ്ങളെ ക്രമത്തിൽ പറയുന്നു.

11 അവ്യാകൃതഗുണക്ഷോഭാന്മഹതസ്ത്രിവൃതോ ഽഹമഃ
ഭൂതമാത്രേന്ദ്രിയാർത്ഥാനാം സംഭവഃ സർഗ്ഗ ഉച്യതേ.

| | |
|---|---|
| അവ്യാകൃതഗുണക്ഷോഭാത് | പ്രധാനത്തിന്റെ ഗുണങ്ങളുടെ ക്ഷോഭത്താൽ ഉണ്ടായ |
| മഹതഃ | മഹത്വത്തിൽ നിന്നും ഉൽഭവിച്ച |
| ത്രിവൃതഃ അഹമഃ | സാത്വിക രാജസ താമസാഹംകാരത്തിൽ നിന്ന് |
| ഭൂതമാത്രേന്ദ്രിയാർത്ഥാനാം | സൂക്ഷ്മങ്ങളായ ഭൂതതന്മാത്രകളുടെയും ഇന്ദ്രിയങ്ങളുടെയും സ്ഥൂലങ്ങളായ വിഷയങ്ങളുടെയും അവകളുടെ അഭിമാനി ദേവതകളുടെയും |
| സംഭവഃ | ഉത്പത്തി |
| സർഗ്ഗഃ ഉച്യതെ | സർഗ്ഗം എന്നു പറയപ്പെടുന്നു |

12 പുരുഷാനുഗൃഹീതാനാമേതേഷാം വാസനാമയഃ
വിസർഗ്ഗോയം സമാഹാരോ ബീജാദ്ബീജം ചരാചരം

| | | | |
|---|---|---|---|
| പുരുഷാനു ഗൃഹീതാനാം | ഈശ്വരനാൽ അനുഗൃഹീതമായ | ചരാചരം | ചരാചര പ്രാണി രൂപമായ |
| ഏതേഷാം | ഈ മഹത്തത്ത്വം മുതലായവയുടെ | അയം സമാഹാരഃ | ഈ ഒന്നായ് ചേരുന്നതു തന്നെ |
| വാസനാമയഃ | പൂർവ്വകർമ്മവാസനയെ പ്രധാനമായ് വെച്ചിട്ടുള്ള | | |
| ബീജാത് ബീജം | ഒരു വിററിൽ നിന്നും മറെറാരു വിററുപോലെ | വിസർഗ്ഗഃ | വിസർഗ്ഗം എന്നു പറയപ്പെടുന്നു |

13 വൃത്തിർഭൂതാനി ഭൂതാനാം ചരാണാമചരാണി ച
കൃതാ സ്വേന നൃണാം തത്ര കാമാച്ചോദനയാപി വാ

| | | | |
|---|---|---|---|
| ചരാണാം ഭൂതാനാം | ചരവസ്തുവിന്നും | അപി വാ | അല്ലെങ്കിൽ |
| അചരാണി ഭൂതാനി | അചര വസ്തുവിന്നും | ചോദനയാ | ശാസ്ത്രവിധിയാലോ |
| ച | അതുപോലെ ചരിക്കുന്നവയായ | കൃതാ വൃത്തിഃ | കല്പിക്കപ്പെട്ട (ഏതൊരുവൃത്തി ഉപജീവനമാർഗ്ഗം) ഉണ്ടോ അതാണ് വൃത്തി എന്നു പറയപ്പെടുന്നതു് |
| തത്ര നൃണാം | അതിലും മനുഷ്യർക്ക് | | |
| സ്വേന | പ്രകൃത്യാ | | |
| കാമാത് | അഥവാ കാമം കൊണ്ടോ | | |

14 രക്ഷാച്യുതാവതാരേഹാ വിശ്വസ്യാനു യുഗേ യുഗേ
തിര്യങ്മർത്ത്യർഷിദേവേഷു ഹന്യന്തേ യൈസ്ത്രയീദ്വിഷഃ

| | | | |
|---|---|---|---|
| യൈഃ | ഏതൊരു അവതാരങ്ങളാൽ | തിര്യങ് മർത്ത്യർഷി ദേവേഷു | ക്രൂരമൃഗങ്ങൾ, മനുഷ്യന്മാർ, ഋഷികൾ ദേവന്മാർ ഇവരിൽ |
| ത്രയീ ദ്വിഷഃ | വേദ വിരോധികളായ അസുരന്മാർ | അച്യുതാവതാരേഹാ | ചെയ്യപ്പെടുന്ന അച്യുതൻെറ അവതാരങ്ങളുടെ ലീലകളെ |
| ഹന്യന്തേ | കൊല്ലപ്പെടുന്നുവോ | | |
| യുഗേ അനുയുഗ | ഓരോ യുഗത്തിലും | വിശ്വസ്യ രക്ഷാ | ലോകരക്ഷാ എന്നു [illegible] പറയപ്പെടുന്നു |

15 മന്വന്തരം മനുർദേവാ മനുപുത്രാഃ സുരേശ്വരഃ
ഋഷയോംശാവതാരശ്ച ഹരേഃ ഷഡ്വിധമുച്യതേ

| | | | |
|---|---|---|---|
| മനുഃ | മനു | സുരേശ്വരാഃ | ദേവേന്ദ്രന്മാർ |
| ദേവാഃ | ദേവന്മാർ | | |
| മനുപുത്രാഃ | മനുപുത്രന്മാർ | ഋഷയഃ | ഋഷികളും |

| | |
|---|---|
| ഹരേഃ അംശാവതാരാഃ | ശ്രീ ഹരിയുടെ അംശാവതാരമായ ഈ ആറുവിധ ഭാഗക്കാരും തങ്ങളുടെ അധികാരത്തിന് തക്കതായ് എപ്പോഴും പ്രവർത്തിക്കുന്നുവോ അതു തന്നെയാണ് |
| ഷഡ്വിധം മന്വന്തരം ഉച്യതേ | ആറുവിധമായ മന്വന്തരം എന്ന് പറയപ്പെടുന്നു |

16 രാജ്ഞാം ബ്രഹ്മപ്രസൂതാനാം വംശസ്ത്രൈകാലികോഽന്വയഃ
വംശാനുചരിതം തേഷാം വൃത്തം വംശധരാശ്ച യേ

| | | | |
|---|---|---|---|
| ബ്രഹ്മപ്രസൂതാനാം | ബ്രഹ്മത്തിങ്കൽ നിന്നു മുത്ഭൂതമായ | വംശധരാഃ | വംശത്തെ സ്ഥിരപ്പെടുത്തിയത് |
| രാജ്ഞാം വംശഃ | ക്ഷത്രിയരുടെ വംശവും | യേ | ആരോ |
| ത്രൈകാലികഃ | ത്രികാലങ്ങളിലും ഇടന്നുവരുന്നതായ | തേഷാം വൃത്തം ച | അവരുടെ ചരിത്രവും |
| അന്വയഃ | അവരുടെ സന്താനങ്ങളും | വംശാനുചരിതം | വംശാനുചരിതം എന്ന് പറയപ്പെടുന്നു |

17 നൈമിത്തികഃ പ്രാകൃതികോ നിത്യ ആത്യന്തികോ ലയഃ
സംസ്ഥേതി കവിഭിഃ പ്രോക്താ ചതുർദ്ധാസ്യ സ്വഭാവതഃ

| | | | |
|---|---|---|---|
| സ്വഭാവതഃ | മായയിൽ നിന്നുമുണ്ടായ | ചതുർദ്ധാ | നാലുവിധമായ് ഉണ്ടാകുന്ന |
| അസ്യ | ഈ പ്രപഞ്ചത്തിന് | ലയഃ | ലയം എന്നത് |
| നൈമിത്തികഃ | നൈമിത്തികം | സംസ്ഥാ ഇതി | 'സംസ്ഥാ' എന്ന് |
| നിത്യഃ | നിത്യം | കവിഭിഃ | ജ്ഞാനികളാൽ |
| ആത്യന്തികം | ആത്യന്തികം എന്ന | പ്രോക്താ | പറയപ്പെട്ടിരിക്കുന്നു |

18 ഹേതുർജ്ജീവോഽസ്യ സർഗ്ഗാദേരവിദ്യാകർമ്മകാരകഃ
യം ചാനുശയിനം പ്രാഹുരവ്യാകൃതമുതാപരേ

| | | | |
|---|---|---|---|
| അസ്യ | ഈ പ്രപഞ്ചത്തിന്റെ | ഹേതുഃ | 'ഹേതു' എന്ന് പറയപ്പെടുന്നു |
| സർഗ്ഗാദേഃ | സൃഷ്ടി മുതലായവക്ക് കാരണമായ | യം ച | ആ ജീവനെത്തന്നെ |
| അവിദ്യാകർമ്മകാരകഃ | അവിദ്യാ വാസനയാൽ കർമ്മമനുഷ്ഠിക്കുന്ന | അനുശയിതം | ചൈതന്യ പ്രാധാന്യത്താൽ അനുശയി എന്നും |
| ജീവഃ | ജീവൻ | പ്രാഹു | പറയുന്നു. |

പ്രപഞ്ചസൃഷ്ടി മുതലായത് ജീവന്റെ അദൃഷ്ടവശത്താൽ അവൻ അതിന്ന് ഹേതുവായി ഭവിക്കുന്നു എന്നർത്ഥം.

## പന്ത്രണ്ടാം സ്കന്ധം ഏഴാം അദ്ധ്യായം

19 വ്യതിരേകാന്വയോ യസ്യ ജാഗ്രത്സ്വപ്നസുഷുപ്തിഷു
മായാമയേഷു തദ് ബ്രഹ്മ ജീവവൃത്തിഷ്വപാശ്രയഃ

| | | | |
|---|---|---|---|
| ജാഗ്രത്സ്വപ്ന സുഷുപ്തിഷു | ജാഗ്രത്, സ്വപ്നം, സുഷുപ്തി ഇവകളിൽ | മായാമയേഷു | മായാമയന്മാരിൽ |
| ജീവവൃത്തിഷു | ജീവന്മാരായിരിക്കുന്ന വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്ന | യസ്യ | ഏതൊരു ബ്രഹ്മത്തിന്റെ |
| | | അന്വയഃ | സാക്ഷിയായ ബന്ധവും |

| | |
|---|---|
| വ്യതിരേകഃ | സമാധി മുതലായവയിൽ ബന്ധം ഇല്ലാത്തതായും ഇരിക്കുന്നുവോ |
| തത് ബ്രഹ്മ | സംസാരോൽപ്പത്തി വിനാശത്തിന്ന് അധിഷ്ഠാനവും അവധിഭൂതവുമായ ആ ബ്രഹ്മം |
| അപാശ്രയഃ | അപാശ്രയം എന്നു പറയപ്പെടുന്നു |

അതിനെത്തന്നെ ദൃഷ്ടാന്തത്തോടെ വിവരിക്കുന്നു

20 പദാർത്ഥേഷു യഥാ ദ്രവ്യം സന്മാത്രം രൂപനാമസു
ബീജാദിപഞ്ചതാന്താസു ഹ്യവസ്ഥാസു യുതായുതം.

| | | | |
|---|---|---|---|
| പദാർത്ഥേഷു | കൊടം മുതലായ വസ്തുക്കളിൽ | അവസ്ഥാസു ഹി | ഒമ്പതു അവസ്ഥകളിലും |
| ദ്രവ്യം | മൺ മുതലായതും | യുതായുതം | അധിഷ്ഠാനമായും സാക്ഷിയായും ചേർന്നും ചേരാതെയും ഇരിക്കുന്നതു തന്നെയാണ് അപാശ്രയം എന്നതു് |
| രൂപനാമസു | രൂപം, നാമം ഇവകളിൽ | | |
| സന്മാത്രം യഥാ | സത്താ ചേർന്നും ചേരാതെയും എങ്ങിനെ ഇരിക്കുന്നുവോ അതുപോലെ | | |
| ബീജാദി പഞ്ചതാന്താസു | ഗർഭാദാനം തുടങ്ങി മരണാന്തം വരെ | | |

21 വിരമേത യദാ ചിത്തം ഹിത്വാ വൃത്തിത്രയം സ്വയം
യോഗേന വാ തദാഽഽത്മാനം വേദേഹായാ നിവർത്തതേ.

| | | | |
|---|---|---|---|
| യഥാ ചിത്തം | ചിത്തം എപ്പോഴ് | വാ | അഥവാ |
| വൃത്തിത്രയം | ജാഗ്രത്, സ്വപ്നം സുഷുപ്തി, എന്ന മൂന്ന് അവസ്ഥകളേയും | യോഗേന | ദേവഹൂതി മുതലായവരുടെതുപോലെ ഇവിടെത്തന്നെ യോഗം അനുഷ്ഠിക്കുന്നതുകൊണ്ട് വിരമിക്കുന്നുവോ |
| ഹിത്വാ | വിട്ട് | തദാ | അപ്പോൾ മനം വിക്ഷേപ രഹിതമായ് |
| സ്വയം | തന്നത്താനെ | ആത്മാനംവേദ | ആത്മാവിനെ അറിയുന്നു. |
| വിരമേത | സൃഷ്ടി മുതലായവ മായാമയമെന്ന് അനുസന്ധാനം ചെയ്യുന്നതിനാൽ വാമദേവർ മുതലായവരുടേതു പോലെ തന്നത്താൻ വിരമിക്കുന്നുവോ | | |

| | |
|---|---|
| ഈഹായാഃ | അപ്പോൾ അവിദ്യാ നിവൃത്തി സംഭവിക്കുന്നതിനാൽ സംസാരത്തിൽ നിന്നും |
| നിവർത്തതെ | മുക്തനായ് ഭവിക്കുന്നു. |

22 ഏവം ലക്ഷണലക്ഷ്യാണി പുരാണാനി പുരാവിദഃ
മുനയോഽഷ്ടാദശ പ്രാഹുഃ ക്ഷുല്ലകാനി മഹാന്തി ച

| | |
|---|---|
| പുരാവിദഃ മുനയഃ | പഴമയറിഞ്ഞ ഋഷികൾ |
| ഏവം ലക്ഷണ ലക്ഷ്യാണി | പൂർവ്വോക്തമായ പത്തു്, അഞ്ചു് എന്ന ലക്ഷണങ്ങളാൽ അറിയുവാൻ സാധിക്കുന്ന |
| മഹാന്തി പുരാണാനി | മഹാപുരാണങ്ങളും |
| ക്ഷുല്ലകാനി ച | ഉപപുരാണങ്ങളും |
| അഷ്ടാദശ പ്രാഹുഃ | പതിനെട്ടു് എന്നു പറയുന്നു |

23 ബ്രാഹ്മം പാത്മം വൈഷ്ണവം ശൈവം ലൈംഗം സഗാരുഡം
നാരദീയം ഭാഗവതമാഗ്നേയം സ്കാന്ദസംജ്ഞിതം.

24 ഭവിഷ്യം ബ്രഹ്മവൈവർത്തം മാർക്കണ്ഡേയം സവാമനം
വരാഹം മാത്സ്യം കൌർമ്മം ച ബ്രഹ്മാണ്ഡാഖ്യമിതി ത്രിഷട്

| | |
|---|---|
| ബ്രാഹ്മം | ബ്രഹ്മം |
| പാദ്മം | പാദ്മം |
| വൈഷ്ണവം ച | വൈഷ്ണവം |
| ശൈവം | ശൈവം |
| ലൈംഗം | ലൈംഗം |
| സഗാരുഡം | ഗാരുഡം |
| നാരദീയം | നാരദീയം |
| ഭാഗവതം | ഭാഗവതം |
| ആഗ്നേയം | ആഗ്നേയം |
| സ്കാന്ദ സംജ്ഞിതം | സ്കന്ദം |
| ഭവിഷ്യം | ഭവിഷ്യം |
| ബ്രഹ്മവൈവർത്തം ച | ബ്രഹ്മവൈവർത്തം |
| മാർക്കണ്ഡേയം | മാർക്കണ്ഡേയം |
| സവാമനം | വാമനം |
| വാരാഹം | വാരാഹം |
| മാത്സ്യം | മാത്സ്യം |
| കൌർമ്മം ച | കൌർമ്മം |
| ബ്രഹ്മാണ്ഡാഖ്യം | ബ്രഹ്മാണ്ഡം |
| ഇതി | എന്നു് പുരാണങ്ങൾ |
| ത്രിഷട് | പതിനെട്ടു് |

25 ബ്രഹ്മന്നിദം സമാഖ്യാതം ശാഖാപ്രണയനം മുനേഃ
ശിഷ്യശിഷ്യപ്രശിഷ്യാണാം ബ്രഹ്മതേജോവിവർദ്ധനം.

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷിയെ ! |
| മുനേഃ | വ്യാസ മുനിയുടേയും |
| ശിഷ്യശിഷ്യപ്രശിഷ്യാണാം | അവരുടെ ശിഷ്യന്മാരുടേയും പ്രശിഷ്യന്മാരുടേയും |
| ബ്രഹ്മതേജോ വിവർദ്ധനം | കേൾക്കുന്നവർക്കു് ബ്രഹ്മതേജസ്സു് വർദ്ധിപ്പിക്കുന്ന |
| ശാഖപ്രണയനം | വേദശാഖകളെ രചിച്ചതു് |

ഇദം സമാഖ്യാതം ഇതാ വിവരിച്ചു പറയപ്പെട്ടു

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം

പന്ത്രണ്ടാം സ്കന്ധം ഏഴാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകങ്ങൾ 13833 ദ്വാദശസ്കന്ധം ആദിതഃ ശ്ലോകങ്ങൾ 300

**അഷ്ടമോഽദ്ധ്യായഃ ॥ 8 ॥**

# എട്ടാം അദ്ധ്യായം

അഷ്ടമേ തു നപശ്ചഷ്ട്വാ മാർക്കണ്ഡേയസ്യ മോഹകൈഃ !
കാമാദിഭിരസംമോഹോ നരനാരായണസ്തുതിഃ !!

എട്ടാം അദ്ധ്യായത്തിൽ മാർക്കണ്ഡേയ മുനിയുടെ തപോനുഷ്ഠാനവും മോഹത്തിനെ ഉണ്ടാക്കുന്ന കാമം മുതലായവകളാൽ അദ്ദേഹത്തിന്ന് മോഹം ഇല്ലാഞ്ഞതിനെയും അവർ ചെയ്ത നാരായണസ്തുതിയും പറയപ്പെടുന്നു.

ശൌനക ഉവാച — ശൌനകർ പറയുന്നു:—

1 സൂത ജീവ ചിരം സാധോ വദ നോ വദതാം വര
തമസ്യപാരേ ഭ്രമതാം നൃണാം ത്വം പാരദർശനഃ.

| | | | |
|---|---|---|---|
| സൂത | ഹേ സൂത! | ത്വം | (എന്തുകൊണ്ടെന്നാൽ) താങ്കൾ |
| ചിരം ജീവ | വളരെക്കാലം ജീവിച്ചാലും | അപാരെ തമസി | കരയില്ലാത്ത സംസാരത്തിൽ |
| വദതാം വര | സംസാരിക്കുന്നതിൽ ശ്രേഷ്ഠനായ | ഭ്രമതാം നൃണാം | ഉഴലുന്ന മനുഷ്യൻമാൎക്ക് |
| സാധോ | ഹേ സാധുവെ! | | |
| നഃ വദ | ഞങ്ങൾ ഇനിയും വിവരിച്ചു പറഞ്ഞ് അരുളുക | പാരദർശനഃ | കരയെ കാണിക്കുന്നവനായിരിക്കുന്നു. |

2 ആഹുശ്ചിരായുഷമൃഷിം മൃകണ്ഡുതനയം ജനാഃ
യഃ കല്പാന്തേ ഉദ്വരിതോ യേന ഗ്രസ്തമിദം ജഗത്.

| | | | |
|---|---|---|---|
| യേന | ഏതൊരു പ്രളയത്തിൽ | മൃകണ്ഡുതനയം | മൃകണ്ഡുപുത്രനായ |
| ഇദം ജഗത് ഗ്രസ്തം | ഈ ലോകം വിഴുങ്ങപ്പെട്ടതോ | ഋഷിം | ഋഷിയെ |
| കല്പാന്തെ | അപ്രകാരമായ പ്രളയത്തിൽ | ജനാഃ | ജനങ്ങൾ |
| യഃ ഉദ്വരിതഃ | ആരു് അവശേഷിച്ചിരുന്നുവോ | ചിരായുഷം ആഹുഃ | ചിരംജീവി എന്നു പറയുന്നു. |

ഇതു എങ്ങിനെയാണു് പൊരുത്തമാകും? എന്നു് ഒരു ചോദ്യം

അവ പ്രളയം സംഭവിക്കാഞ്ഞതാലും ഇതു് പൊരുത്തം ആകുക ഇല്ല എന്നു പറയുന്നു: —

3 സ വാ അസ്മത് കുലോത്പന്നഃ കല്പേഽസ്മിൻ ഭാൎഗ്ഗവൎഷഭഃ
നൈവാധുനാപി ഭൂതാനാം സംപ്ലവഃ കോഽപി ജായതേ.

| | | | |
|---|---|---|---|
| ഭാൎഗ്ഗവൎഷഭഃ | ഭൃഗുവംശജാതരായവരിൽ ഉത്തമനായ | അധുനാ അപി | ഇതു വരെ |
| സഃ വൈ | അവരും | ഭൂതാനാം | പ്രാണികൾക്കു് |
| അസ്മിൻ കല്പേ | ഈ കല്പത്തിൽ | കഃ അപി സംപ്ലവഃ | പ്രാകൃതികമോ അഥവാ നൈമിത്തികമോ ആയ ഒരു പ്രളയവും |
| അസ്മത് കുലോത്പന്നഃ | ഞങ്ങളുടെ കുലത്തിൽ ജനിച്ചവരാകുന്നു. | ന ഏവ ജായതെ | സംഭവിച്ചതേ ഇല്ല. |

അവ — പ്രളയം സംഭവിക്കാത്തതിനാൽ പിന്നീട് പറയുവാൻ പോകുന്നതും പൊരുത്തമല്ല എന്നു പറയുന്നു.

4 ഏക ഏവാർണ്ണവേ ഭ്രാമ്യൻ ദദർശ പുരുഷം കില
വടപത്രപുടേ തോകം ശയാനം ത്വേകമദ്ഭുതം.

അർണ്ണവെ — സമുദ്രത്തിൽ
ഏക ഏവഭ്രാമ്യത് — തനിച്ച് ചുററിക്കൊണ്ട്
വടപത്രപുടെ — ആൽ ഇലയിൽ
ശയാനം — കിടന്നിരുന്ന

പുരുഷം — പുരുഷ രൂപത്തിൽ
അത്ഭുതം — അത്ഭുതമായ
ഏകം തോകം — ഒരു കുഞ്ഞിനെ
ദദർശ കില — കാണുക ഉണ്ടായില്ലയോ!

5 ഏഷ നഃ സംശയോ ഭൂയാൻ സൂത കൌതൂഹലം യതഃ
തം നശ്ഛിന്ധി മഹായോഗിൻ പുരാണേഷ്വപി സമ്മതഃ

മഹായോഗിൻ — മഹായോഗിയായ
സൂത — ഹേ സൂത!
ഏഷഃ ഭൂയാൻ സംശയഃ — ഇത് വളരെ വലിയ സംശയമായിരിക്കുന്നു
കൌതൂഹലം യതഃ — അത് കേൾക്കണമെന്ന് കൌതുകം ഉള്ളതിനാൽ

നഃ തം — ഞങ്ങളുടെ ആ സംശയം
പുരാണേഷു അപി — പുരാണങ്ങളിൽ അഗാധമായ
സമ്മതഃ — അറിവുള്ള താങ്കൾ
ഛിന്ധി — ഇല്ലാതാക്കിത്തീർക്കണം

സൂത ഉവാച — സൂതർ പറയുന്നു.

6 പ്രശ്നസ്ത്വയാ മഹർഷേƒയം കൃതോ ലോകഭ്രമാപഹഃ
നാരായണകഥാ യത്ര ഗീതാ കലിമലാപഹാ.

മഹർഷെ — ഹേ മഹർഷെ!
യത്ര — ഏതിൽ
കലിമലാപഹാ — കലിദോഷം ഇല്ലാതാക്കിത്തീർക്കുന്ന
നാരായണ കഥാ — ശ്രീ നാരായണ കഥാ
ഗീതാ — ഗാനം ചെയ്യപ്പെട്ടിരിക്കുന്നുവോ

പ്രശ്നഃ — അപ്രകാരമായ ചോദ്യം
ത്വയ കൃതഃ — തങ്ങളാൽ ചോദിക്കപ്പെട്ട
അയം — ഈ ചോദ്യം
ലോകഭ്രമാപഹഃ — ജനങ്ങളുടെ സംശയം നിവൃത്തിക്കുന്നതായിരിക്കുന്നു.

അവ :— ആദ്യം മാർക്കണ്ഡേയർ തപസ്സുകൊണ്ട് ഭഗവാനെ ആരാധിച്ച് മായയെ കാണ്മാൻ വരം വാങ്ങി ആയതുകൊണ്ട് അദ്ദേഹം മാത്രമാണ് ഏഴ പ്രളയങ്ങളും കണ്ടത് അന്യരാൽ കാണപ്പെട്ടില്ല എന്നതിനെ പറയുവാനായിട്ട് ആദ്യം മുതൽ അവരുടെ ചരിതത്തെ പറയുന്നു.

7 പ്രാപ്തദ്വിജാതിസംസ്കാരോ മാർക്കണ്ഡേയഃ പിതുഃ ക്രമാത്
ഛന്ദാംസ്യധീത്യ ധർമ്മേണ തപഃസ്വാദ്ധ്യായസംയുക്തഃ

8 ബൃഹദ്വ്രതധരഃ ശാന്തോ ജടിലോ വല്ക്കലാംബരഃ
ബിഭ്രത് കമണ്ഡലും ദണ്ഡമുപവീതം സമേഖലം.

9 കൃഷ്ണാജിനം സാക്ഷസൂത്രം കുശാംശ്ച നിയമർദ്ധയേ
അഗ്ന്യർക്കഗുരുവിപ്രാത്മസ്വർച്ചയൻ സന്ധ്യയോർഹരിം.

10 സായം പ്രാതഃ സ ഗുരവേ ഭൈക്ഷ്യമാഹൃത്യ വാഗ്യതഃ
ബുഭുജേ ഗുർവ്വനുജ്ഞാതഃ സകൃന്നോ ചേദുപോഷിതഃ

11 ഏവം തപഃസ്വാദ്ധ്യായപരോ വർഷാണാമയുതായുതം
ആരാധയൻ ഹൃഷീകേശം ജിഗ്യേ മൃത്യും സുദുർജ്ജയം.

മാർക്കണ്ഡേയഃ — ആ മാർക്കണ്ഡേയൻ
പിതുഃ — പിതാവിങ്കൽ നിന്നും
ക്രമാത് — ക്രമമായ്
പ്രാപ്തദ്വിജാതി സംസ്കാരഃ — ഉപനയന സംസ്കാരങ്ങളും ലഭിച്ചവനായ്
ധർമ്മേണ — അതായതു് വേദധർമ്മത്തോടെ

ഛന്ദാംസി അധീത്യ — വേദങ്ങളെ അഭ്യസിച്ച്
തപഃ സ്വാദ്ധ്യായ സംയുതഃ — തപസ്സ്, ബ്രഹ്മയജ്ഞം ഇവയോടു കൂടിയവനായ്
ബൃഹദ്വ്രതധരഃ — നൈഷ്ഠിക ബ്രഹ്മചര്യ്യമനുഷ്ഠിച്ചും കൊണ്ട്

ശാന്തഃ വളരെ ശാന്തനായ്
ജടിലഃ ജടാധാരിയായ്
വല്കലാംബരഃ മരവുരി ധരിച്ചുംകൊണ്ട്
നിയമർദ്ധയെ നിയമനത്തിന്റെ വൃദ്ധിക്കായ്
കമണ്ഡലും കമണ്ഡലവും
ദണ്ഡം ദണ്ഡവും
സമേഖലം ഉപവീതം } മേഖലയോടുകൂടി ഉപവീതവും
സാക്ഷസൂത്രം രുദ്രാക്ഷ (ജപ) മാലയോടുംകൂടി
കൃഷ്ണാജിനം കുശാൻ ച } കൃഷ്ണമാൻ തോലി നെയ്യും ദർഭങ്ങളെയും
ബിഭ്രത് ധരിച്ചുകൊണ്ടും
സന്ധ്യയോഹ പ്രാതഹ സായം സന്ധ്യകളിൽ
അഗ്ന്യർക്കഗുരു വിപ്രാത്മസു } അഗ്നി, സൂര്യൻ, ഗുരു, ബ്രാഹ്മണൻ ഹൃതം ഇവകളിൽ
ഹരിം അർച്ചയൻ ശ്രീ ഹരിയെ പൂജിച്ചു കൊണ്ടും
സായം പ്രാതഃ സായങ്കാലത്തിലും രാവിലും

സഹ വാശ്യതഃ അവർ മൌനിയായി
ഗുരവെ ഗുരുവിന്നായ്കൊണ്ട്
ഭൈക്ഷ്യം ആഹൃത്യ } ഭിക്ഷയാചിച്ചു കൊണ്ടുവന്ന്
ഗുർവ്വനു ജ്ഞാതഃ } ഗുരുവിനാൽ അനുമതിക്ക പ്പെട്ട്
ബുഭുജെ ഭക്ഷിച്ചുവന്നു.
നോ ചേത് അനുവദിക്കപ്പെട്ടില്ലെങ്കിൽ
സകൃത് } ചിലപ്പോൾ
ഉപോഷിതാഹ } ഉപവാസമിരിക്കും
ഏവം ഇപ്രകാരം
തപഹ സ്വാ ധ്യായ പരഹ } തപസ്, വേദാധ്യയനം ഇവകളെ അനുഷ്ഠിച്ചു കൊണ്ട്
വർഷാണാം അയുതായുതം } ഒരു കോടി വർഷങ്ങൾ
ഹൃഷീകേശം ആരാധയൻ } ശ്രീ മഹാവിഷ്ണുവിനെ ആരാധിച്ചും കൊണ്ടും
സുദുർജ്ജയം ജയിക്കുവാൻ കഠിനമായ
മൃത്യും ജിഗ്യെ മരണത്തിനെ ജയിച്ചു.

12 ബ്രഹ്മാ ഭവോ ഭൃഗുർദക്ഷോ ബ്രഹ്മ പുത്രശ്ച യേƒപരേ
നൃദേവ പിതൃഭൂതാനി തേനാസന്നതി വിസ്മിതാഹ

ബ്രഹ്മാ ഭവഃ ബ്രഹ്മദേവനും, പരമേശ്വരനും
ഭൃഗുഃ ദക്ഷഃ ഭൃഗുവും ദക്ഷനും
അപരെ ബ്രഹ്മപുത്രാഃ } വേറെ ബ്രഹ്മപുത്രന്മാർ
യേ ച ആരുണ്ടോ അവരും

നൃദേവ പിതൃ ഭൂതാനി } മനുഷ്യരും, ദേവന്മാരും, പിതൃക്കളും, അന്യപ്രാണികളും
തേന അവരുടെ വ്രതാനുഷ്ഠാന മൃത്യുഞ്ജയത്താൽ
അതിവിസ്മിതാഃ വളരെ അത്ഭുതപ്പെട്ടു

13 ഇത്ഥം ബൃഹദ്വ്രതധരസ്തപഃ സ്വാദ്ധ്യായസംയമൈഃ
ദദ്ധ്യാവധോക്ഷജം യോഗോ ധ്വസ്തക്ലേശാന്തരാത്മനാ

ഇത്ഥം ഇപ്രകാരം
തപഃസ്വാദ്ധ്യായ സംയമൈഃ } തപസ്, വേദാധ്യയനം ഇന്ദ്രിയ നിഗ്രഹത്തോടുകൂടി
ബൃഹദ് വ്രതധരഃ } നൈഷ്ഠിക ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരുമായ

യോഗീ ആ യോഗി
ധ്വസ്തക്ലേശാ ന്തരാത്മനാഃ } ക്ലേശങ്ങൾ ഇല്ലാത്ത മനസ്സിനാൽ
അധോക്ഷജം ശ്രീമഹാവിഷ്ണുവിനെ
ദദ്ധ്യൌ ധ്യാനം ചെയ്തു

14 തസ്യൈവം യുഞ്ജതശ്ചിത്തം മഹായോഗേന യോഗിനഃ
വ്യതീയായ മഹാൻ കാലൊ മന്വന്തര ഷഡാത്മകഃ

തസ്യ യോഗിനഃ ആ യോഗി
ഏവം ഇപ്രകാരം
മഹായോഗിന കഠിനമായ യോഗാഭ്യാസത്താൽ

ചിത്തം യുഞ്ജതഃ } ഭഗവാനിങ്കൽ മനസ്സിനെ ലയിപ്പിച്ചു കൊണ്ടിരിക്കുമ്പോഴ്
മന്വന്തര ഷഡാത്മകഃ } ആറുമന്വന്തരാത്മകമായ

## പന്ത്രണ്ടാം സ്കന്ധം എട്ടാം അദ്ധ്യായം

മഹാൻ കാലഃ ദീർഘകാലം

വ്യതീയായ കഴിഞ്ഞുപോയ്

15 ഏതത് പുരന്ദരോ ജ്ഞാത്വാ സപ്തമേസ്മിൻ മന്വന്തരെ!
തപോവിശങ്കിതോ ബ്രഹ്മന്നാരേഭെ തദ്വിഘ്നാതനം!!

ബ്രഹ്മൻ — ഹേ ബ്രഹ്മർഷേ
പുരന്ദരഃ ജ്ഞാത്വാ — ഇന്ദ്രൻ അറിഞ്ഞു്
അസ്മിൻ സപ്തമെ മന്വന്തരെ — ഈ ഏഴാമത്തെ മന്വന്തരത്തിൽ
തപോവിശം കിതഃ — അവരുടെ തപസ്സിൽ സംശയിച്ചവനായ്
തദ്വിഘ്നാതനം ആരേഭെ — ആ തപസ്സിന്നു് തടസ്ഥം ഉണ്ടാക്കുവാൻ തുടങ്ങി

16 ഗന്ധർവ്വാപ്സരസഃ കാമം വസന്തമലയാനിലൌ
മുനയെ പ്രേഷയാമാസ രജസ്തോകമദൌ തഥാ

ഗന്ധർവ്വാപ്സരസഃ — ഗന്ധർവ്വന്മാരേയും അപ്സരസ്സുകളേയും
കാമം — മന്മഥനേയും
വസന്തമലയാനിലൌ — വസന്തനേയും മലയമാരുതനേയും
തഥാ — അപ്രകാരം തന്നെ
രജസ്തോകമദൌ — രജോഗുണത്തിന്റെ ഓമനക്കുഞ്ഞായ ലോഭത്തിനെയും മദത്തിനേയും
മുനയെ പ്രേഷയാമാസ — മുനിക്കു് തടസ്ഥം ഉണ്ടാക്കുവാൻ അയച്ചു

17 തേ വൈ തദാശ്രമം ജഗ്മുർഹിമാദ്രേഃ പാർശ്വ ഉത്തരെ
പുഷ്പഭദ്രാ നദീ യത്ര ചിത്രാഖ്യാ ച ശിലാ വിഭോ

വിഭോ — പ്രഭോ
യത്ര — ഏതു് സ്ഥലത്തിൽ
പുഷ്പഭദ്രാ നദീ — പുഷ്പഭദ്രാ എന്ന നദിയും
ചിത്രാഖ്യാ — 'ചിത്രാ' എന്ന പേരുള്ള
ശിലാ ച — പാറയും ഇരിക്കുന്നുവോ
ഹിമാദ്രേഃ — ഹിമവത് പർവ്വതത്തിന്റെ
ഉത്തരപാർശ്വേ — വടക്കു ദിക്കിൽ ഇരിക്കുന്ന
തദാശ്രമം — അവരുടെ ആശ്രമത്തിലേക്കു്
തേ വൈ ജഗ്മു — അവരും പോയ് ചേർന്നു്

18 തസ്യാശ്രമപദം പുണ്യം പുണ്യദ്രുമലതാഞ്ചിതം
പുണ്യദ്വിജ കുലാകീർണ്ണം പുണ്യാമല ജലാശയം

19 മത്തഭ്രമരസംഗീതം മത്തകോകില കൂജിതം
മത്തബർഹിനടാടോപം മത്തദ്വിജകുലാകുലം

20 വായുഃ പ്രവിഷ്ടആദായ ഹിമനിർഝര ശീകരാൻ
സുമനോഭിഃ പരിഷ്വക്തോ വവാവുത്തം ഭയൻ സ്മരം

പുണ്യം — വളരെ പുനിതം
പുണ്യദ്രുമലതാഞ്ചിതം — പുണ്യവൃക്ഷങ്ങളാൽ നിറഞ്ഞതും
പുണ്യദ്വിജ കുലാകീർണ്ണം — പുണ്യവാന്മാരായ ഋഷിഗണങ്ങളാൽ നിറഞ്ഞതും
പുണ്യാമല ജലാശയം — പുണ്യമായതും നിർമ്മലവുമായ കുളങ്ങളുള്ളതും
മത്തഭ്രമര സംഗീതം — മത്തഭ്രമരങ്ങളുടെ ഗാനത്തോടു കൂടിയതും

മത്തകോകില- കൂജിതം — കൊഴുത്ത കുയിലുകളുടെ ശബ്ദത്തോടു കൂടിയതും
മത്തബർഹി നടാടോപം — മദമേറിയ മയിലുകളാകുന്ന നടന്മാരുടെ ഗർവ്വത്തോടുകൂടിയതും
മത്തദ്വിജ കലാകുലം — മദോന്മത്തമായ പക്ഷിജാലങ്ങളാൽ നിറഞ്ഞ
തസ്യ ആശ്രമ പദം — അവരുടെ ആശ്രമത്തിങ്കൽ
പ്രവിഷ്ടഃ വായുഃ — പ്രവേശിച്ച മലയമാരുതം

ഹിമനിർഝര ശീകരാൻ — മഞ്ഞു് നിറഞ്ഞ മലയരുവി ജലബിന്ദുക്കളെ
ആദായ — എടുത്തുകൊണ്ടു്
സുമനോഭിഃ — പുഷ്പങ്ങളാൽ
പരിഷ്വക്തഃ — ആലിംഗനം ചെയ്യപ്പെട്ട
സ്മരം ഉത്തംഭയൻ — കാമം വർദ്ധിപ്പിച്ചു കൊണ്ടു്
വവൌ — (കാററു) അടിച്ചു

21 ഉദ്യച്ചന്ദ്രനിശാവക്ത്രഃ പ്രവാള സ്തബകാളിഭിഃ
ഗോപദ്രുമലതാജാലൈസ്തത്രാസീത് കുസുമാകരഃ

കുസുമാകരഃ — വസന്തൻ
ഉദ്യച്ചന്ദ്രനിശാ വക്ത്രഃ — ഉദിക്കുന്ന ചന്ദ്രന്റെ രാത്രിയാരംഭത്തോടു കൂടിയവനും
പ്രവാളസ്തബ കാളിഭിഃ — തളിർകളോടും പൂങ്കൊത്തുകളോടു കൂടിയ

ഗോപദ്രുമ ലതാജാലൈഃ — കൊമ്പുകളോടു കെട്ടിപ്പിടിക്കുന്ന മരങ്ങളോടും, വള്ളികളോടു കൂടിയവനായു്
തത്ര ആസീത് — അവിടെ ആവിർഭവിച്ചു

22 അന്വീയമാനോ ഗന്ധർവൈർഗ്ഗീതവാദിത്ര യൂഥകൈഃ
അദൃശ്യതാത്ത ചാപേഷുഃ സ്വഃസ്ത്രീയൂഥപതിഃ സ്മരഃ

സ്മരഃ — മന്മഥൻ
ഗീതവാദിത്ര യൂഥകൈഃ — പാട്ടു്, വാദ്യ സമൂഹങ്ങളോടു കൂടിയ
ഗന്ധർവൈഃ — ഗന്ധർവന്മാരാൽ
അന്വീയമാനഃ — അനുഗമിക്കപ്പെട്ടവനായും

സ്വഃസ്ത്രീയൂഥ പതിഃ — ദേവസ്ത്രീ സമൂഹങ്ങൾക്കു മുമ്പേ നടക്കുന്നവനായും
ആത്തചാപേഷുഃ — അമ്പും, വില്ലും കൈയ്യിൽ എടുത്തു കൊണ്ടും
അദൃശ്യത — കാണപ്പെട്ടു

23 ഹുത്വാഗ്നിം സമുപാസീനം ദദൃശുഃ ശക്രകിങ്കരാഃ
മീലിതാക്ഷം ദുരാധർഷം മൂർത്തിമന്തമിവാനലം

ശക്രകിങ്കരാഃ — ഇന്ദ്രന്റെ കിങ്കരന്മാർ
അഗ്നിം ഹുത്വാ — അഗ്നിയിൽ ഹോമം ചെയ്തു്
സമുപാസീനം — ഉപാസന ചെയ്തു കൊണ്ടിരിക്കുന്നവരും
മീലിതാക്ഷം — കണ്ണുകൾ അടച്ചു കൊണ്ടിരിക്കുന്നവനും

ദുർധർഷം — സമീപിക്കുവാൻ അസാദ്ധ്യനും
മൂർത്തിമന്തം — മൂർത്തിമാനും
അനലം ഇവ — അഗ്നിതുല്യനുമായിട്ടു്
ദദൃശും — അവരെ കണ്ടു

24 നനൃതുസ്തസ്യപുരതഃ സ്ത്രിയോƒഥോ ഗായകാ ജഗുഃ
മൃദംഗവീണാപണവൈർവാദ്യം ചക്രുർമനോരമം

## പന്ത്രണ്ടാം സ്കന്ധം എട്ടാം അദ്ധ്യായം

| | |
|---|---|
| തസ്യ പുരതഃ | അവരുടെ മുമ്പിൽ |
| സ്ത്രീയഃ നനൃതുഃ | സ്ത്രീകൾ നൃത്തം വെച്ചു |
| അഥോ | ആവിധം തന്നെ |
| ഗായകാഃ ജഗുഃ | ഗായകന്മാർ ഗാനം ചെയ്തു |
| മൃദംഗവീണാ പണവൈഃ | മൃദംഗം, വീണാ, മരശ് ഇവകളാൽ |
| മനോരമം | മനസ്സിനെ ആകർഷിക്കുന്ന |
| വാദ്യം ചക്രുഃ | വാദ്യം വായിച്ചു |

25 സന്ദധേഽസ്ത്രം സ്വധനുഷി കാമഃ പഞ്ചമുഖം തദാ
മധുർമനോ രജസ്തോക ഇന്ദ്രഭൃത്യാ വ്യകമ്പയൻ

| | |
|---|---|
| തദാ | അപ്പോൾ |
| കാമഃ | കാമൻ |
| സ്വധനുഷി | തന്റെ വില്ലിൽ |
| പഞ്ചമുഖം | ശോഷണം, ദീപനം സമ്മോഹനം, താപനം ഉന്മാദനം എന്നു പഞ്ചമുഖങ്ങളോടുകൂടിയ |
| അസ്ത്രം സന്ദധേ | അസ്ത്രത്തിനെ സന്ധാനം ചെയ്തു |
| മധുഃ | വസന്തനും |
| രജസ്തോകഃ | ലോഭവും |
| ഇന്ദ്രഭൃത്യാ | ഇന്ദ്രന്റെ വേറെ സേവകന്മാരും |
| മനഃ വ്യകമ്പയൻ | മനസ്സിനെ ക്ഷോഭിപ്പിച്ചു |

26 ക്രീഡന്ത്യാഃ പുഞ്ജികസ്ഥല്യാഃ കന്ദുകൈഃ സ്തനഗൌരവാത്
ഭൃശമുദ്വിഗ്നമദ്ധ്യായാഃ കേശവിസ്രംസിത സ്രജഃ

27 ഇതസ്തതോ ഭ്രമദ്ദൃഷ്ട്യേശ്ചലന്ത്യാ അനുകന്ദുകം
വായുർ ജഹാര തദ്വാസഃ സൂക്ഷ്മം ത്രുടിത മേഖലം

| | |
|---|---|
| കന്ദുകൈഃ | പന്തുകളെ കൊണ്ടു് |
| ക്രീഡന്ത്യാഃ | കളിക്കുന്നവളും |
| സ്തന ഗൌരവാത് | സ്തനഭാരത്താൽ |
| ഭൃശം ഉദ്വിഗ്ന മദ്ധ്യായാഃ | വളരെ ഖേദിക്കുന്ന ഇടുപ്പോടു കൂടിയവളും |
| ഇതസ്തതഃ | ഇങ്ങുമങ്ങും ചലിക്കുന്ന |
| ഭ്രമദ്ദൃഷ്ടേഃ | കണ്ണുകളോടു കൂടിയവളുമായ |
| പുഞ്ജിക- സ്ഥല്യാഃ | പുഞ്ജികസ്ഥലിയായ |
| അനുകന്ദുകം ചലന്ത്യാഃ | പന്തിനെ പിൻതുടർന്നു ചെല്ലുമ്പോഴ് |
| സൂക്ഷ്മം | വളരെ ചെറിയതും |
| ത്രുടിത മേഖലം | മുറിഞ്ഞ ഒഡ്യാണത്തോടുകൂടിയതുമായ |
| തദ്വാസഃ | അവളുടെ വസ്ത്രത്തിനെ |
| വായുഃ ജഹാര | വായു അപഹരിച്ചു |

28 വിസസർജ്ജ തദാ ബാണം മത്വാ തം സ്വജിതം സ്മരഃ
സർവ്വം തത്രാഭവൻമോഘമനീശസ്യ യഥോദ്യമഃ

| | |
|---|---|
| തദാ | അപ്പോൾ |
| സ്മരഃ | മന്മഥൻ |
| തം സ്വജിതം | അവർ സ്വയം ജയിക്കപ്പെട്ടു |
| മത്വാ | എന്നു വിചാരിച്ചു് |
| ബാണം | ബാണത്തിനെ |
| വിസസർജ്ജ | പ്രയോഗിച്ചു |
| അനീശസ്യ | ഭാഗ്യമില്ലാത്തവൻ |
| ഉദ്യമഃ യഥാ | പ്രയത്നംപോലെ തന്നെ |
| തത്ര സർവ്വം | അവരിൽ എല്ലാം |
| മോഘം അഭവത് | വൃഥാവായ് ഭവിച്ചു |

29 ത ഇത്ഥമപകർവ്വന്തൊ മുനേസ്തത്തേജസാ മുനെ
ദഹ്യമാനാ നിവവൃതുഃ പ്രബോധ്യാഹിമിവാർഭകാഃ

| | | | |
|---|---|---|---|
| മുനെ | ഹേ ശൌനക മുനിയെ | ദഹ്യമാനാഃ | ദഹിപ്പിക്കപ്പെടുന്നവരായ് |
| ഇത്ഥം അപകുർവ്വന്തഃ | ഇപ്രകാരം അപകാരം ചെയ്യുന്ന | അർഭകാഃ | ചെറിയ ബാലകന്മാർ |
| തെ | അവർ | അഹിം | പാമ്പിനെ |
| മുനേഃ | മാർക്കണ്ഡേയ മുനിയുടെ | പ്രബോധ്യ ഇവ | ഉണർത്തി ഭയന്ന് തിരിച്ച് ഓടുന്നതു പോലെ |
| തത്തേജസാ | ആ തേജസ്സിനാൽ | നിവവൃതുഃ | തിരിച്ചു ചെന്നു |

30 ഇതീന്ദ്രാനുചരൈർ ബ്രഹ്മൻ ധർഷിതോऽപി മഹാമുനിഃ
യന്നാഗാദഹമോ ഭാവം ന തച്ചിത്രം മഹൽസുഹി

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷിയെ | അഹമഃ ഭാവം | അഹങ്കാരത്തിന്റെ വികാരത്തിനെ |
| മഹാമുനി | ആ മഹാമുനി | യത് ന അഗാത് | പ്രാപിച്ചില്ല എന്നു ഏതൊന്നുണ്ടോ |
| ഇന്ദ്രാനുചരൈഃ | ഇന്ദ്രന്റെ അനുചരന്മാരാൽ | തത് | അത് |
| ഇതി | പൂർവ്വോക്തപ്രകാരം | മഹൽസു | മഹാന്മാരെ സംബന്ധിച്ച് |
| ധർഷിതഃ അപി | അക്രമിക്കപ്പെട്ടാലും കൂടി | ചിത്രം ന ഹി | അത്ഭുതകരമല്ലയോ? |

31 ദൃഷ്ട്വാ നിസ്തേജസം കാമം സഗണം ഭഗവാൻ സ്വരാട്
ശ്രുത്വാനുഭാവം ബ്രഹ്മർഷേർവ്വിസ്മയം സമഗാത്പരം

| | | | |
|---|---|---|---|
| സ്വരാട് — ഭഗവാൻ | ദേവേന്ദ്രൻ | ദൃഷ്ട്വാ | കണ്ടും |
| സഗണം | പരിവാരങ്ങളോടു കൂടിയ | മഹർഷേഃ | മഹർഷിയുടെ |
| കാമം | കാമനെ | അനുഭാവം | മഹിമയെ |
| നിസ്തേജസം | തേജോഹീനനായ് | ശ്രുത്വാ | കേട്ടറിഞ്ഞും |
| | | പരം വിസ്മയം സമഗാത് | വളരെ അൽഭുതപ്പെട്ടു |

32 തസ്യൈവം യുഞ്ജതശ്ചിത്തം തപഃ സ്വാധ്യായ സംയമൈഃ
അനുഗ്രഹായാവിരാസീന്നരനാരായണോ ഹരിഃ

| | | | |
|---|---|---|---|
| ഏവം | ഈവിധം | തസ്യ അനുഗ്രഹായ | അവരെ അനുഗ്രഹിക്കവാനായിട്ട് |
| തപഃ സ്വാധ്യായ സംയമൈഃ | തപസ്സ് വേദാദ്ധ്യയനം ഇന്ദ്രിയനിഗ്രഹം ഇവകളാൽ | നരനാരായണഃ ഹരിഃ | നരനാരായണ രൂപിയായ ശ്രീഹരി |
| ചിത്തം യുഞ്ജതഃ | മനസ്സിനെ പരമാത്മാവിങ്കൽ ലയിപ്പിച്ചുകൊണ്ടിരുന്ന | ആവിരാസീത് | അവിടെ ആവിർഭവിച്ചു |

33 തൌ ശുക്ലകൃഷ്ണൌ നവകഞ്ജലോചനൌ
ചതുർഭുജൌ രൌരവവല്ക്കലാംബരൌ
പവിത്രപാണീ ഉപവീതകം ത്രിവൃത്
കമണ്ഡലും ദണ്ഡമൃജും ച വൈണവം

34 പദ്മാക്ഷമാലാമുത ജന്തുമാർജ്ജനം
വേദം ച സാക്ഷാത്തപ ഏവ രൂപിണൌ
തപത്തഡിദ്വർണ്ണപിശംഗരോചിഷാ
പ്രാംശൂ ദധാനൌ വിബുധർഷഭാർച്ചിതൌ

35 തേ വൈ ഭഗവതോ രൂപെ നരനാരായണാവൃഷീ
ദൃഷ്ട്വോത്ഥായാദരേണോച്ചൈർന്ന നാമാംഗേന ദണ്ഡവത്

| | |
|---|---|
| ശുക്ലകൃഷ്ണൌ | വെള്ളയായും കറുപ്പായും ഉള്ളവരും |
| നവകഞ്ജ ലോചനൌ | പുതിയ താമരദളം പോലുള്ള കണ്ണുകളോടു കൂടിയവരും |
| ചതുർഭുജൌ | നാലുകരങ്ങളോടും |
| ചീരവല്ക്കലാംബരൌ | മാൻതോലും, മരവുരിയും ധരിച്ചവരും |
| പവിത്രപാണീ | ഇരുകരങ്ങളിലും പവിത്രങ്ങൾ ഇട്ടവരും |
| ത്രിവൃത് | ഒമ്പതു പിരിയുള്ള (മൂന്നുവടങ്ങളുള്ള) |
| ഉപവീതകം | യജ്ഞോപവീതത്തിനെയും |
| കമണ്ഡലും | കമണ്ഡലുവിനേയും |
| ഋജും | വളയാത്ത |
| വൈണവം ദണ്ഡം | വേണുദണ്ഡത്തിനെയും |
| പദ്മാക്ഷമാലാം | താമരമണികളാൽ ചെയ്തമാലയേയും |
| ജന്തുമാർജ്ജനം | ചെറിയ പ്രാണികളെ വിൽക്കുന്ന |
| വേദം ച | ദർഭമുഷ്ടിയേയും |
| ദധാനൌ | ധരിക്കുന്നവരും |
| തപത്തഡിദ്വർണ്ണ പിശംഗരോചിഷാ രൂപിണൌ | പ്രകാശിക്കുന്ന മിന്നൽക്കൊടി നിറംപോലെ പൊൻകലർന്ന ചുവപ്പു നിറത്താൽ രൂപം ലഭിച്ചവരും |
| സാക്ഷാത്തപഃ ഏവ | അതിനാൽ സാക്ഷാത്തപോമയന്മാരും |
| പ്രാംശു | വളരേ ഉയർന്നവരും |
| വിബുധർഷഭാർച്ചിതൌ | ദേവശ്രേഷ്ഠന്മാരാൽ പൂജിക്കപ്പെട്ടവരും |
| ഭഗവതഃ | ശ്രീ വിഷ്ണുഭഗവാന്റെ |
| തേ വൈ രൂപെ | പ്രസിദ്ധിയേറിയ രൂപങ്ങളോടുകൂടിയ |
| തൌ നരനാരായണൌ ഋഷി | ആ നരനാരായണ ഋഷികളെ |
| ദൃഷ്ട്വാ ഉത്ഥായ | കണ്ട ഉടൻ എഴുന്നു് |
| ഉച്ചൈഃ ആദരേണ | വളരെ ആദരവോടെ |
| അംഗേന | ശരീരത്താൽ |
| ദണ്ഡവത് നനാമ | ദണ്ഡംപോലെ വീണു നമസ്കരിച്ചു |

36 സ തത്സന്ദർശനാനന്ദ നിർവൃതാത്മേന്ദ്രിയാശയഃ
ഹൃഷ്ടരോമാശ്രുപൂർണ്ണാക്ഷോ ന സേഹേ താവുദീക്ഷിതും

തത്സന്ദർശനാനന്ദ | അവരെ ദർശിച്ചതു കൊണ്ടുണ്ടായ ആനന്ദത്താൽ
നിർവൃതാത്മേ ന്ദ്രിയാശയഃ | വളരെ ശാന്തിയായ ശരീരം ഇന്ദ്രിയങ്ങൾ മനസ്സ് ഇവകളോടു കൂടിയവരും
ഹൃഷ്ടരോമാ | രോമാഞ്ചിതരും
അശ്രുപൂർണ്ണാക്ഷഃ | കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞവരുമായ
സഃ | അവർ
തൗ ഉദീക്ഷിതും | അവരെ കാണുന്നതിനു്
ന ശേഹേ | ശക്തനായില്ല

37 ഉത്ഥായ പ്രാഞ്ജലി പ്രഹ്വഃ ഔത്സുക്യാദാശ്ലിഷന്നിവ
നമോ നമ ഇതീശാനൗ ബഭാഷേ ഗദ്ഗദാക്ഷരഃ

ഉത്ഥായ | എണീററു്
പ്രാഞ്ജലിഃ | കൈകൂപ്പി
പ്രഹ്വഃ | വണങ്ങി
ഔത്സുക്യാത് | വളരെ ഉത്സാഹത്തോടുകൂടി
ആശ്ലിഷൻ ഇവ | കെട്ടിപ്പുണരുന്നവർ പോൽ വേിച്ചു്
ഗദ്ഗദാക്ഷരഃ | ഗദ്ഗദാക്ഷരങ്ങളോടുകൂടിയവരായി
ഈശാനൗ | സർവ്വേശ്വരന്മാരെ നോക്കി
നമോ നമഃ ഇതി | നമോ നമ എന്നു്
ബഭാഷേ | പറഞ്ഞു

38 തയോരാസനമാദായ പാദയോരവനിജ്യ ച
അർഹണേനാനുലേപേന ധൂപമാല്യൈരപൂജയത്

തയോഃ | ആ രണ്ടാളുകൾക്കും
ആസനം ആദായ | ആസനം നൽകിയും
പാദയോഃ | കാൽകളെ
അവനിജ്യ ച | കഴുകിയും
അർഹണേന | അർഘ്യത്താലും
അനുലേപനേന | ചന്ദനലേപത്താലും
ധൂപമാല്യൈഃ | ധൂപത്താലും,, മാലകളാലും
അപൂജയത് | പൂജിച്ചു

39 സുഖമാസനമാസീനൗ പ്രസാദാഭിമുഖൗ മുനീ
പുനരാനമ്യ പാദാഭ്യാം ഗരിഷ്ഠാവിദമബ്രവീത്

ആസനസുഖം | ആസനങ്ങളിൽ സുഖമായു്
ആസീനൗ | ഉപവിഷ്ടരായും
പ്രസാദാഭിമുഖൗ | അനുഗ്രഹിക്കുവാൻ ഉദ്യമിച്ചവരും
ഗരിഷ്ഠൗ | വളരെ പൂജാർഹരുമായ
മുനീ | ആ മുനികളെ
പുനഃ ആനമ്യ | വീണ്ടും വണങ്ങി
ഇദം അബ്രവീത് | ചുവടെ കാണും പ്രകാരം പറഞ്ഞു

മാർക്കണ്ഡേയ ഉവാച — മാർക്കണ്ഡേയൻ പറയുന്നു

40 കിം വർണ്ണയേ തവ വിഭോ യദുദീരിതോƒസുഃ
സംസ്പന്ദതേ തമനു വാങ്മന ഇന്ദ്രിയാണി
സ്പന്ദന്തി വൈ തനുഭൃതാമജശർവ്വയോശ്ച
സ്വസ്യാപ്യഥാപി ഭജതാമസി ഭാവബന്ധുഃ

| | |
|---|---|
| വിഭോ | ഹേ പ്രഭോ |
| തനുഭൃതാം | സകല പ്രാണികളുടെയും |
| അജശർവ്വയോഃ ച | മാത്രമല്ല ബ്രഹ്മദേവന്റെയും പരമേശ്വരന്റെയും |
| സ്വസ്യ അപി | അതുപോലെ എന്റെയും |
| അസുഃ | പ്രാണൻ |
| യദ്ഗീരിതഃ | ഏതൊരു ഭവാനാൽ പ്രേരിക്കപ്പെട്ടതായ് |
| സ്പന്ദതേ | ലേശം ചലിക്കുന്നുവോ |
| തം അനു | ആ പ്രാണനോടുകൂടി |
| വാങ്മന ഇന്ദ്രിയാണി | വാക്ക്, മനസ്സ്, ഇന്ദ്രിയങ്ങൾ |
| സ്പന്ദന്തി | ചലിക്കുന്നു |
| വൈ | ഇത് അന്വയ വ്യതിരേകങ്ങളാലും, ശ്രുതികളിലും പ്രസിദ്ധം |
| അഥ അപി | ഇപ്രകാരം ഏതിനും സ്വാതന്ത്ര്യം ഇല്ലാതിരുന്നിട്ടുപോലും |
| ഭജതാം | ഭവാനാൽ പ്രേരിപ്പിക്കപ്പെട്ട വാക്ക് മുതലായവയാൽ തങ്ങളെ ഭജിക്കുന്നവർക്ക് |
| ഭവ ബന്ധു | ആത്മബന്ധുവാ |
| അസി | ഭവിക്കുന്നു |
| തവ | ആ പ്രകാരമായ തങ്ങളെ |
| കിം വർണ്ണയേ | ഞാൻ എങ്ങിനെയാണ് സ്തുതിക്കുക |

41 മൂർത്തീ ഇമേ ഭഗവതോ ഭഗവംസ്ത്രിലോക്യാഃ
ക്ഷേമായ താപവിരമായ ച മൃത്യു ജിത്യൈ
നാനാബിഭർഷ്യവിതു മന്യതനൂർയ്യഥേദം
സൃഷ്ട്വാ പുനർഗ്രസസി സർവ്വമിവോർണ്ണനാഭിഃ

| | |
|---|---|
| ഭഗവൻ | സർവ്വേശ്വര! |
| ഇദം അവിതും | ഈ പ്രപഞ്ചത്തിനെ രക്ഷിപ്പാൻ |
| നാനാ അന്യതനൂ | മത്സ്യം, കൂർമ്മം മുതലായ പലവിധങ്ങളായ ശരീരങ്ങളെ |
| യഥാ ബിഭർഷി | എങ്ങിനെ എടുക്കുന്നുവോ |
| സർവ്വം | ഈ പ്രപഞ്ചം മുഴുവനും |
| ഊർണ്ണനാഭിഃ ഇവ | എട്ടുകാലി (ജന്തു) പോലെ |
| സൃഷ്ട്വാ | സൃഷ്ടിച്ച് |
| പുനഃ ഗ്രസസി | വീണ്ടും വിഴുങ്ങുകയും ചെയ്യുന്നുവോ അതുപോലെ തന്നെ |
| ഭഗവതഃ | സർവ്വശക്തനായ തങ്ങളുടെ |
| ഇമേ മൂർത്തീ | ഇതാ ഇരിക്കുന്ന ഈ രണ്ടു തിരുമേനികളും |
| ത്രിലോക്യാഃ | മൂന്നുലോകങ്ങളുടേയും |
| ക്ഷേമായ | ക്ഷേമത്തിന്നായ്ക്കൊണ്ടും |
| താപവിരമായ | താപനിവൃത്തിക്കായ്ക്കൊണ്ടും |
| മൃത്യുജിത്യൈ ച | മോക്ഷത്തിന്നായിട്ടും ഇരിക്കുന്നു. |

42 തസ്യാവിതുഃ സ്ഥിരചരേശിതുരംഘ്രിമൂലം
യത്സ്ഥം ന കർമ്മഗുണകാലരജഃ സ്പൃശന്തി
യദ്വൈ സ്തുവന്തി നിനമന്തി യജന്ത്യഭീക്ഷ്ണം
ധ്യായന്തി വേദഹൃദയാ മുനയസ്തദാപ്ത്യൈ

| | |
|---|---|
| യത്സ്ഥം | ഏതു തിരുവടികളെ പ്രാപിച്ചവനെ |
| കർമ്മഗുണ കാലരജഃ | കർമ്മം സത്വാദിഗുണങ്ങൾ കാലം ഇവകളുടെ മലവും മറ്റെ താപങ്ങളും |
| ന സ്പൃശന്തി | സ്പർശിക്കുന്നില്ലയോ |
| യത് | ഏതൊരു തിരുവടികളെ |
| തദാപ്ത്യൈ | അവകളെ പ്രാപിക്കുവാനായ് |

| | |
|---|---|
| വേദഹൃദയാ | വേദങ്ങളുടെ താത്പര്യ |
| മുനയഃ | മുനികൾ (ജ്ഞാനം നിറഞ്ഞ |
| അഭീക്ഷ്ണം | വീണ്ടുംവീണ്ടും |
| സ്തുവന്തി | സ്തുതിക്കുന്നുവോ |
| യജന്തി | പൂജിക്കുന്നുവോ |
| ധ്യായന്തി | ധ്യാനിക്കുകയും ചെയ്യുന്നുവോ |
| അവിതുഃ | രക്ഷകനും |
| സ്ഥിരചരേശിതുഃ | സ്ഥാവര ജംഗാത്മകമായ ലോകത്തിന്റെ ഈശനുമായ |
| തസ്യ | ആ ഭവാന്റെ |
| അംഘ്രിമൂലം ഭജാമി | തിരുവടികളെ ഞാൻ സേവിക്കുന്നു |

43 നാന്യം തവാംഘ്ര്യുപനയാദപവർഗ്ഗമൂർത്തേഃ
ക്ഷേമം ജനസ്യ പരിതോഭിയ ഈശവിദ്മഃ
ബ്രഹ്മാ വിഭേത്യലമതോ ദ്വിപരാർദ്ധധിഷ്ണ്യഃ
കാലസ്യതെ കിമുത തത്കൃത ഭൗതികാനാം

| | |
|---|---|
| ഈശ! | ഹേ ഈശ! |
| പരിതോഭിയഃ | സകലലോകങ്ങളിലും ഭയത്തോടുകൂടിയ |
| ജനസ്യ | ജനങ്ങൾക്ക് |
| അപവർഗ്ഗമൂർത്തേഃ | മോക്ഷസ്വരൂപിയായ |
| തവ | തങ്ങളുടെ |
| അംഘ്ര്യുപനയാത് | തിരുവടികളെ പ്രാപിക്കുന്നതല്ലാതെ |
| അന്യക്ഷേമം | വേറൊരു ക്ഷേമത്തിനെയും |
| ന വിദ്മഃ | ഞങ്ങൾ കാണുന്നില്ല, |
| തെ | തങ്ങളുടെ |
| കാലസ്യ | കാലത്തിന്ന് |
| ദ്വിപരാർദ്ധ ധിഷ്ണ്യഃ | രണ്ടുപരാർദ്ധംവരെ സ്ഥാനത്തോടു കൂടിയ |
| ബ്രഹ്മാ | ബ്രഹ്മദേവനെ |
| അലം വിഭേതി | വളരേ ഭയപ്പെടുന്നു. |
| അതഃ | അങ്ങിനെ ഇരിക്കുമ്പോൾ |
| തത്കൃത ഭൗതികാനാം | അവരാൽ സൃഷ്ടിക്കപ്പെട്ട പ്രാണികൾക്ക് |
| കിമുത | ഭയം ഉണ്ടെന്ന് പറയുകയും വേണോ |

44 തദ്വൈ ഭജാമ്യൃതധിയസ്തവ പാദമൂലം
ഹിത്വേദമാത്മച്ഛദി ചാത്മഗുരോഃ പരസ്യ
ദേഹാദ്യപാർത്ഥമസദന്ത്യമഭിജ്ഞമാത്രം
വിന്ദേത തേ തർഹി സർവ്വമനീഷിതാർത്ഥം

| | |
|---|---|
| തത് | ആയതിനാൽ |
| ആത്മച്ഛദി | ആത്മാവിനെ മറക്കുന്നതും |
| അപാർത്ഥ | പ്രയോജനമില്ലാത്തതും |
| അസത് | വാസ്തവത്തിൽ ഇല്ലാത്തതും |
| അന്ത്യം | നശിക്കുന്നതും |
| അഭിജ്ഞാമാത്രം | അധിഷ്ഠാനമായ ആത്മാവിൽ ഭ്രമത്തിനാൽ പ്രതിഭാസം മാത്രമുള്ളതുമായ |
| ദേഹാദി | ദേഹം മുതലായവളെ |
| ഹിത്വാ | വിട്ട് |
| ഋതധിയഃ | സത്യസ്വരൂപിയും, ജ്ഞാനസ്വരൂപിയും |
| ആത്മഗുരോഃ | ജീവനിയാമകനും |
| പരസ്യ | കാരണത്തിന്ന് മേലായവനുമായ |
| തവ | താങ്കളുടെ |
| പാദമൂലം വൈ | പാദമൂലത്തിനേയേ |
| ഭജാമി | ഞാൻഭജിക്കുന്നു |
| തർഹി | അപ്രകാരം ഒരുത്തൻ താങ്കളുടെ തിരുവടിയെ സേവിക്കുമെങ്കിൽ |
| സർവ്വമനീഷിതാർത്ഥം | താൻ ഇഷ്ടപ്പെട്ട എല്ലാ വസ്തുക്കളെയും |
| തെ | ഭവാനിൽ നിന്നു തന്നെ |
| വിന്ദേത | പ്രാപിക്കും |

45 സത്ത്വം രജസ്തമ ഇതീശ തവാത്മബന്ധോ
മായാമയാഃ സ്ഥിതി ലയോദയഹേതവോഽസ്യ
ലീലാധൃതാ യദപി സത്ത്വമയീ പ്രശാന്ത്യൈ
നാന്യേ നൃണാം വ്യസനമോഹഭിയശ്ച യാഭ്യാം

| | |
|---|---|
| ആത്മബന്ധോ | ആത്മബന്ധുവായ |
| ഈശ | ഹേ ഈശ |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ |
| സ്ഥിതിലയോദയഹേതവഃ | ഉല്പത്തി, സ്ഥിതി, പ്രളയങ്ങൾക്ക് കാരണങ്ങളായ |
| സത്ത്വം രജഃ തമ ഇതി | സത്ത്വം, രജസ്സ്, തമസ്സ് എന്ന |
| തവമായാമയാഃ | നിങ്ങളുടെ മായയാൽ |
| ലീലാഃ | ലീലകൾ ചെയ്യപ്പെട്ട |
| ധൃതാഃ യദപി | ഭവാനാൽ തന്നെ ധരിക്കപ്പെട്ടുവെങ്കിലും |
| സത്ത്വമയീ | സത്ത്വഗുണപ്രധാനമായ മൂർത്തിതന്നെ മനുഷ്യന്മാക്ക് |
| പ്രശാന്ത്യൈ | മോക്ഷത്തിന്നു കാരണമായിത്തീരുന്നു |
| അന്യേ | വേറെ രണ്ടുമൂർത്തികളും |
| ന | മോക്ഷത്തിന്നു കാരണമാകുന്നില്ല |
| യാഭ്യാം | മാത്രമല്ല അവകളാൽ |
| വ്യസന മോഹഭിയഃ ച | വരുത്തം, മോഹം, ഭയം ഇവകളും, ഉണ്ടാകുന്നു. |

46 തസ്മാത്തവേഹ ഭഗവന്നഥ താവകാനാം
ശുക്ലാം തനും സ്വദയിതാം കുശലാ ഭജന്തി
യത്സാത്വതാഃ പുരുഷരൂപമുശന്തി സത്ത്വം
ലോകോ യതോഽഭയമുതാത്മസുഖം ന ചാന്യത്

| | |
|---|---|
| തസ്മാത് | ആയതുകൊണ്ടുതന്നെ |
| ഭഗവൻ | ഹേ ഭഗവാനെ |
| ഇഹ | ഈ ലോകത്തിൽ |
| കുശലാഃ | സാമർത്ഥ്യമുള്ള ജനങ്ങൾ |
| തവ | നിങ്ങളുടെ |
| ശുക്ലാം | ശുദ്ധസത്ത്വപ്രധാനമായ |
| തനും | നാരായണമൂർത്തിയേയും |
| അഥ | അപ്രകാരം തന്നെ |
| താവകാനാം | ഭവാന്റെ തിരു അവതാരങ്ങളിൽ |
| സ്വദയിതാം | തങ്ങൾക്ക് വളരെ പ്രിയമായതുമായ നരമൂർത്തിയേയും തന്നെ |
| ഭജന്തി | സേവിക്കുന്നു |
| യത് | എന്തുകൊണ്ടെന്നാൽ |
| സാത്വതാഃ | ഭക്തന്മാർ |
| യതഃ | ഏതൊരു സത്ത്വഗുണത്തിൽനിന്നു |
| ലോകാഃ | വൈകുണ്ഠലോകവും |
| അഭയം | ലോകമായിരുന്നാലും ഭയരഹിതവും |
| ഉത ആത്മസുഖം ച | പക്ഷേ, ഭോഗം ഉണ്ടെങ്കിലും ആത്മാനന്ദവും കൂടി ഉണ്ടാകുന്നുവോ |
| സത്ത്വം | ആ സത്ത്വഗുണത്തിനേയോ |
| പുരുഷരൂപം | ഈശ്വരന്റെ രൂപമെന്ന് |
| ഉശന്തി | കരുതുന്നു |
| അന്യത് | വേറെ രജസ്സിനേയോ |
| ന | കരുതുന്നില്ല (തമസ്സിനേയോ |

47 തസ്മൈ നമോ ഭഗവതെ പുരുഷായ ഭൂമ്നെ
വിശ്വായ വിശ്വഗുരവെ പരദേവതായ
നാരായണായ ഋഷയെ ച നരോത്തമായ
ഹംസായ സംയതഗിരെ നിഗമേശ്വരായ

| | |
|---|---|
| ഭഗവതെ | സർവ്വജ്ഞനും |
| പുരുഷായ | അന്തര്യാമിയും |
| ഭൂമ്നെ | സർവ്വവ്യാപിയും |
| വിശ്വായ | സർവ്വസ്വരൂപിയും |
| വിശ്വഗുരവെ | ലോകഗുരുവും |
| പരദേവതായ | പരദേവതയും |

നാരായണായ ഋഷയെ — നാരായണ ഋഷിയും
നരോത്തമായ ച — നരോത്തമനും
ഹംസായ — വളരെ പരിശുദ്ധനും
സംയതഗിരെ — വാക്കുകളെ അടക്കിയവനും
നിഗമേശ്വരായ — എങ്കിലും വേദമാർഗ്ഗ പ്രവർത്തകനുമായ
തസ്മൈ നമഃ — ആ നിങ്ങൾക്ക നമസ്കാരം

48 യം വൈ ന വേദ വിതഥാക്ഷപഥൈർഭ്രമദ്ധീഃ
സന്തം സ്വഖേഷ്വസുഷു ഹൃദ്യപി ദൃക്പഥേഷു
തന്മായയാവൃതമതിഃ സ ഉ ഏവ സാക്ഷാ-
ദാദ്യസ്തവാഖില ഗുരോരുപസാദ്യ വേദം

വിതഥാക്ഷപഥൈഃ ഭ്രമദ്ധീഃ — വ്യഥാവായ ഇന്ദ്രിയങ്ങൾവഴിയായി ചുററിയലയുന്ന ബുദ്ധിയോടുകൂടിയ മനുഷ്യൻ
സ്വഖേഷു അസുഷു — തന്റെ ഇന്ദ്രിയങ്ങളിലും പ്രാണനിലും
ഹൃദി അപി — ഹൃദയത്തിലും
ദൃക്പഥേഷു — വിഷയങ്ങളിലും
സന്തം — നിയന്താവായ് ഇരിക്കുന്ന
ത വൈ വേദ — ഏതൊരു ഭവാനെ
നന്മായയാ — അറിഞ്ഞതേ ഇല്ലയോ
ആവൃത മതിഃ — ആ ഭവാന്റെ മായയാൽ
സഃ ഉ — ആവൃതമായ ബുദ്ധിയോടുകൂടിയ അവൻ തന്നെ
ആദ്യഃ ഏവ — വേദം ലഭിക്കുന്നതിനു മുമ്പ് അറിവില്ലാത്തവനായ്തന്നേ ഇരുന്നും
അഖിലഗുരോ — എല്ലാററിനും ഗുരുവായ
തവ — തങ്ങളുടെ (തങ്ങളാൽ പ്രവൃത്തിക്കപ്പെട്ട)
വേദം ഉപസാദ്യ — വേദത്തിനെ പ്രാപിച്ച്
സാക്ഷാത് വേദ — നേരിൽ തങ്ങളെ അറിയുന്നു

49 യദ്ദർശനം നിഗമ ആത്മരഹഃ പ്രകാശം
മുഹ്യന്തി യത്ര കവയോഽജപരാ യതന്തഃ
തം സർവ്വവാദ വിഷയപ്രതിരൂപശീലം
വന്ദെ മഹാപുരുഷമാത്മനിഗൂഢബോധം

ആത്മരഹഃ പ്രകാശം — ആത്മാവായ താങ്കളുടെ രഹസ്യം പ്രകടിപ്പിക്കുന്ന
യദ്ദർശനം — ഏതൊരു തങ്ങളുടെ ദർശനം
നിഗമൈ — വേദത്താലുണ്ടാകുന്നുവോ
കവയഃ — ജ്ഞാനികളായിരുന്നിട്ടും
അജപരാഃ — ബ്രഹ്മാവ് മുതലായവർ
യതന്തഃ — സാംഖ്യം, യോഗം മുതലായവയെ ക്കൊണ്ട് ശ്രമിച്ചിട്ടുപോലും
യത്ര മുഹ്യന്തി — തങ്ങളുടെ വിഷയത്തിൽ മോഹം പ്രാപിക്കുന്നുവോ
സർവ്വവാദവിഷയ പ്രതിരൂപ ശീലം — സാംഖ്യാദി വാദികളായ സകലരുടെയും വാദങ്ങൾക്ക് വിഷയങ്ങളായ ഭേദം മുതലായവക്ക് അനുഗുണമായ ശീലത്തോടു കൂടിയവരും
ആത്മനി ഗൂഢബോധം — ശരീരാദി സംഘാതത്താൽ മറക്കപ്പെട്ട അറിവോടു കൂടിയവനുമായ്
തം മഹാപുരുഷം — ആ മഹാപുരുഷനായ തങ്ങളെ
വന്ദെ — ഞാൻ വണങ്ങുന്നു

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം
പന്ത്രണ്ടാം സ്കന്ധം എട്ടാമദ്ധ്യായം സമാപ്തം
ആദിതശ്ലോകങ്ങൾ 13882 ദ്വാദശസ്കന്ധം ശ്ലോകങ്ങൾ 344

## *നവമോഽദ്ധ്യായഃ*
## *ഒമ്പതാമത്തെ അദ്ധ്യായം*

നവമേ ഭഗവാൻമായാദിദൃക്ഷോർദർശനം
മായാശിശോർലയാദ്ബ്ധൌ ചമുനേർനിർവേഗനിർഗമൈഃ

ഈ ഒമ്പതാം അദ്ധ്യായത്തിൽ ഭഗവാൻെറ മായയെ കാണ്മാൻ ആഗ്രഹിച്ച മാർക്കണ്ഡേയമുനിക്ക് പ്രളയപയോധിയാൽ മുങ്ങുന്നതിനാലും വെളിയിൽ വരുന്നതാലും പലപ്പോഴും മായയാ ശിശുദർശനം പറയപ്പെടുന്നു.

സൂത ഉവാച — സൂതൻ പറയുന്നു

1 സംസ്തുതോ ഭഗവാനിത്ഥം മാർക്കണ്ഡേയേന ധീമതാ
നാരായണോ നരസഖഃ പ്രീത ആഹ ഭൃഗൂദ്വഹം

| | | | |
|---|---|---|---|
| ധീമതാ | ബുദ്ധിമാൻ | നരസഖഃ | നരനെ സഖാവായി വെച്ചിട്ടുമുള്ള |
| മാർക്കണ്ഡേയേന | മാർക്കണ്ഡേയനാൽ | നാരായണഃ | നാരായണൻ |
| ഇത്ഥംസംസ്തുത | ഇപ്രകാരം നല്ല വണ്ണം സ്തുതിചെയ്യപ്പെട്ടവരും | പ്രീതഃ | വളരെ പ്രീതനായ് |
| | | ഭൃഗൂദ്വഹം | മാർക്കണ്ഡേയനേ നോക്കി |
| ഭഗവാൻ | സർവ്വജ്ഞനും | ആഹ | ഇപ്രകാരംപറഞ്ഞു |

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറയുന്നു

2 ഭോ ഭോ ബ്രഹ്മർഷി വര്യാസി സിദ്ധ ആത്മസമാധിനാ
മയി ഭക്ത്യനപായിന്യാ തപഃ സ്വാദ്ധ്യായ സംയമൈഃ

| | | | |
|---|---|---|---|
| ഭോ ഭോ ബ്രഹ്മർഷിവര്യ | ഹേ ബ്രഹ്മർഷി ശ്രേഷ്ഠരെ | തപഃ സ്വാദ്ധ്യായ സംയമൈഃ | തപസ്, വേദപാരായണം ഇന്ദ്രിയനിഗ്രഹം ഇവകളാലും |
| ആത്മ സമാധിനാ | ചിത്തത്തിൻെറ ഏകാഗ്രതയാലും | | |
| മയി | എന്നിൽ | | |
| അനപായിന്യാ | നശിക്കാത്ത | സിദ്ധഃ അസി | നിങ്ങൾ സിദ്ധി ലഭിച്ചവരാകുന്നു. |
| ഭക്ത്യാ | ഭക്തിയിനാലും | | |

3 വയം തെ പരിതുഷ്ടാഃ സ്മ ത്വദ്ബൃഹദ്‌വ്രതചര്യയാ
വരം പ്രതീച്ഛഭദ്രം തെ വരദേശാദഭീപ്സിതം

| | | | |
|---|---|---|---|
| വയം | ഞങ്ങൾ എല്ലാവരും | തെ | താങ്കളുടെ വിഷയത്തിൽ |
| ത്വദ് ബൃഹദ് വ്രതചര്യയാ | താങ്കളുടെ മഹത്തായ വ്രതാനുഷ്ഠാനം കൊണ്ട് | പരിതുഷ്ടാഃ സ്മ | സന്തുഷ്ടരായിരിക്കുന്നു. |

തെ ഭദ്രം — നിങ്ങൾക്ക് മംഗളം ഉണ്ടാകട്ടെ
വരദേശാത് — വരം നൽകുന്നവർക്ക് ഈശ്വരനായ എന്നിൽനിന്ന്
അഭീപ്സിതം വരം — ഇഷ്ടമായ വരം
പ്രതീച്ഛ — ചോദിക്കുക (എടുത്തുകൊള്ളുക

4 ഋഷിരുവാച — മാർക്കണ്ഡേയമഹർഷി പറയുന്നു

ജിതം തേ ദേവദേവേശ പ്രപന്നാർത്തിഹരാച്യുത
വരേണൈതാവതാലം നോ യദ്ഭവാൻ സമദൃശ്യത

ദേവ ദേവ — ദേവന്മാർക്ക് എല്ലാം ദേവനായ
പ്രപന്നാർത്തി ഹര — തന്നെ ആശ്രയിച്ചവരുടെ ദുഃഖം തീർക്കുന്നവനേ
അച്യുത — കൈവിടാത്തവനായ
ഈശ — ഹേ ഈശ
തെ ജിതം — വരം നൽകുന്ന തങ്ങളാൽ താങ്കളുടെ മഹാത്മ്യം വിവരിക്കപ്പെട്ടു
ഭവാൻ — താങ്കൾ
സമദൃശ്യത യത് — മുഖദാവിൽ കാണപ്പെട്ടു എന്നതു് ഏതൊന്നുണ്ടോ
ഏതാവതാ വരേണ — ഈ വരം തന്നെ
നഃ അലം — ഞങ്ങൾക്ക് മതിയാകുന്നു

5 ഗൃഹീത്വാജാദയോ യസ്യ ശ്രീമത്പാദാബ്ജദർശനം
മനസാ യോഗപക്വേന സ ഭവാന്മേഽക്ഷഗോചരഃ.

അജാദയ — ബ്രഹ്മാ മുതലായവർ
യോഗപക്വേന — യോഗാഭ്യാസത്താൽ പക്വപ്പെട്ട
മനസാ — മനസ്സിനാൽ തന്നെ
യസ്യ — ഏതൊരുതങ്ങളുടെ
പാദാബ്ജ ദർശനം പ്രാപ്യ — തൃപ്പാദകമലങ്ങളെ കണ്ടു് കൃതാർത്ഥന്മാരായ് ഭവിക്കുന്നുവോ
സഃ — അപ്രകാരനായ
ഭവാൻ — താങ്കൾ
മേ അക്ഷ ഗോചരഃ — എന്റെ ദൃഷ്ടിഗോചരനായ് ഭവിച്ചു (ഇതിനുപുറമേ വേറേ വരം എന്നാണ് വേണ്ടതു്)

6 അഥാപ്യംബുജപത്രാക്ഷ പുണ്യശ്ലോകശിഖാമണെ
ദ്രക്ഷ്യേ മായാം യയാ ലോകഃ സപാലൊ വേദ സദ്ഭിദാം

അഥാപി — എന്നാലും
പുണ്യശ്ലോക ശിഖാമണെ — പുണ്യശ്ലോകന്മാർക്ക് ശിരോരത്നമായി പ്രകാശിക്കുന്ന
അംബുജ പത്രാക്ഷ — ഹേ അരവിന്ദാക്ഷ
സപാലഃ — ലോക പാലന്മാരായ ബ്രഹ്മാദികളോടുകൂടിയ
ലോകഃ — ഈ ജനം
യയാ — ഏതു മായയാൽ
സദ്ഭിദാം — സത്തായ വസ്തുവിങ്കൽ ഭേദബുദ്ധിയെ
വേദ — കാണുന്നുവോ
മായാം — ആ മായയെ
ദ്രക്ഷ്യേ — കാണാനാഗ്രഹിക്കുന്നു

സൂതഉവാച — സൂതൻ പറയുന്നു.

7 ഇതീഡിതോഽർച്ചിതഃ കാമമൃഷിണാ ഭഗവാൻ മുനേ
തഥേതി സ സ്മയൻ പ്രാഗാത് ബദര്യാശ്രമമീശ്വരഃ

മുനെ ഹേശൌനക മുനയെ
ഋഷിണാ മാക്കണ്ഡേയ മുനിയാൽ
ഇതി കാമം ഇപ്രകാരം നല്ലവണ്ണം
ഈഡിതഃ സ്തുതിക്കപ്പെട്ടവരും
അർച്ചിതഃ പൂജിക്കപ്പെട്ടവരുമായ
ഭഗവാൻ സർവ്വജ്ഞനും ആയ
സഃ ആ നാരായണൻ
സ്മയൻ പുഞ്ചിരിതൂകിയവനായ്
തഥാ ഇതി അപ്രകാരം ആകട്ടെ എന്നു പറഞ്ഞ്
ബദര്യാശ്രമം പ്രാഗാദ് } ബദരികാശ്രമം ചെന്നു

8 തമേവചിന്തയന്നർത്ഥമൃഷിഃ സ്വാശ്രമ ഏവ സഃ
വസന്ന ഗ്ന്യക്കസോമാം ബുഭ്രവായുവിദാത്മസു
9 ധ്യായൻ സർവ്വത്രചഹരിം ഭാവദ്രവ്യൈര പൂജയത്
കചചിത്പൂജാം വിസസ്മാര പ്രേമപ്രസര സംപ്ലുതഃ

സഃ ഋഷിഃ ആ മാക്കണ്ഡേയ ഋഷി
തം അർത്ഥം ഏവ } ആ മായാ ദർശനത്തെ തന്നെ
ചിന്തയൻ ആലോചിച്ചുകൊണ്ട്
സ്വാശ്രമെവസൻ } തന്റെ ആശ്രമത്തിൽ തന്നെ വസിക്കുന്ന വരായിട്ട്
അഗ്നക്കസോമാംബു ഭൂവായു വിയദാത്മസു } അഗ്നി, സൂര്യൻ, ചന്ദ്രൻ, ജലം, ഭൂമി വായു ആകാശം മുതലായ മൂർത്തികളിൽ
സർവ്വത്ര എല്ലാ സ്ഥലങ്ങളിലും
ഹിരം ധ്യായൻച ശ്രീഹരിയെ ധ്യാനിച്ചുകൊണ്ടും
ഭാവദ്രവ്യൈഃ മനോ കൽപ്പിതമായ ദ്രവ്യങ്ങളെകൊണ്ട്
അപൂജയത് പൂജിച്ചു
കചചിത് ചിലപ്പോഴ്
പ്രേമ പ്രസര സംപ്ലുതഃ } പ്രേമ പ്രവാഹത്തിൽ നിമഗ്നനായ്.
പൂജാം വിസസ്മാര } പൂജയെ വിസ്മരിച്ചു പോയ്

10 തസ്യൈകദാ ഭൃഗു ശ്രേഷ്ഠ പുഷ്പഭദ്രാ തടെമുനേ
ഉപാസീനസ്യ സന്ധ്യായാം ബ്രഹ്മൻ വായുരഭൂന്മഹാൻ

ഭൃഗുശ്രേഷ്ഠ ഭൃഗുവംശജരിൽ ശ്രേഷ്ഠനായ
ബ്രഹ്മൻ ഹേ ബ്രഹ്മർഷി
തസ്യ മുനേഃ ആ മാക്കണ്ഡേയമുനി
പുഷ്പഭദ്രാ തടെ } പുഷ്പഭദ്രാ നദിക്കരയിൽ
ഉപാസീനസ്യ ഉപവിഷ്ടനായിരിക്കുമ്പോൾ
സന്ധ്യായാം വൈകുന്നേരത്തിൽ
മഹാൻ വായുഃ അഭൂത് } വലിയ കാററു വീശി

11 തം ചണ്ഡശബ്ദം സമുദീരയന്തം ബലാഹകാ അന്വഭവൻ കരാളാഃ
അക്ഷസ്ഥവിഷ്ഠാ മുമുചുസ്തഡിദ്ഭിഃ സ്വനന്ത ഉച്ചൈരഭിവർഷധാരാഃ

ചണ്ഡശബ്ദം ഭയങ്കരമായ ശബ്ദത്തോടുകൂടിയ
സമുദീരയന്തം വീശുന്ന
തം അനു ആ കാററിനെ തുടർന്ന്
കരാളാഃ ബലാഹകാഃ } ക്രൂര മേഘങ്ങൾ
അഭവൻ ഉൽഭവിച്ചു
തഡിദ്ഭിഃ മിന്നലോടുകൂടി
ഉച്ചൈ സ്വനന്തഃ } ഉറക്കെ ഗർജ്ജിച്ചുകൊണ്ട്
അക്ഷസ്ഥ വിഷ്ഠാഃ } അച്ചുതണ്ടുപോൽ തടിച്ച
വർഷധാരാഃ മഴധാരകളെ
അഭിമുമുചു സകലസ്ഥലങ്ങളിലും പൊഴിഞ്ഞു

12 തതോ വ്യദൃശ്യന്തചതുസ്സമുദ്രാഃ സമന്തതഃ ക്ഷ്മാതലമാഗ്രസന്തഃ
സമീരവേഗോർമ്മിഭിരുഗ്രനക്ര മഹാഭയാവർത്തഗഭീരഘോഷാഃ

തതഃ — അപ്പോഴ്
ഉഗ്രനക്രമഹാ ഭയാവർത്ത ഗഭീരഘോഷാ — ക്രൂര മൊളകളോടും വളരെ ഭയങ്കരമായ ചുഴലോടുകൂടിയതും ഗംഭീരമായ ശബ്ദത്തോടു കൂടിയതുമായ
ചതുസ്സമുദ്രാഃ — നാലു സമുദ്രങ്ങളും

സമീര വേഗോർമ്മിഭിഃ — കാററിൻെറ വേഗം കാരണം ഉണ്ടായ അലകളാൽ
ക്ഷ്മാതലം — ഭൂമിയെ
സമന്തതഃ ആഗ്രസന്തഃ — നാലു ഭാഗങ്ങളിലും വിഴുങ്ങുന്നതായ്
കാണപ്പെട്ടു

13 അന്തർബഹിശ്ചാദ്ഭിരത്യദ്യുഭിഃ ഖരൈഃ
ശതഹ്രദാഭിരുപതാപിതം ജഗത്
ചതുർവ്വിധം വീക്ഷ്യ സഹാത്മനാ മുനി
ജലാപ്ലുതാം ക്ഷ്മാം വിമനാഃ സമത്രസത്

മുനി — മുനി
ആത്മനാ സഹ — തന്നോടുകൂടിതന്നെ
ചതുർവ്വിധം — ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജം എന്നു നാലുവിധങ്ങളായ
ജഗത് — ലോകവും
അതിദ്യുഭിഃ — ആകാശം കടന്ന
അദ്ഭിഃ — ജലത്താലും
ഖരൈഃ — വളരെ കഠിനമായ സൂര്യതാപത്താലും

ശതഹ്രദാഭിഃ — മിന്നൽകളാലും
അന്തഃ ബഹിഃ ച — അകത്തും പുറത്തും
ഉപതാപിതം — കൊളുത്തപ്പെട്ടതായും
ക്ഷ്മാം — ഭൂമിയെ
ജലാപ്ലുതാം — ജലത്തിൽ നിമഗ്നമായും
വീക്ഷ്യ — കണ്ടു്
വിമനാഃ — മനം കലങ്ങി
സമത്രസത് — ഭയാക്രാന്തനായ്

14 തസ്യൈവമുദ്വീക്ഷത ഊർമ്മിഭീഷണഃ
പ്രഭഞ്ജനാഘൂർണ്ണിതവാർ മഹാർണ്ണവഃ
ആപൂര്യമാണോ വരഷദ്ഭിരംബുദൈഃ
ക്ഷ്മാമപ്യധാദ് ദ്വീപവർഷാദ്രിഭിഃ സമം

തസ്യ — ആ മുനി
ഏവം ഉദ്വീക്ഷിതഃ — ഈ വിധം നോക്കിക്കൊണ്ടിരിക്കുമ്പോഴും തന്നെ
ഊർമ്മിഭീഷണഃ — അലകളോടുകൂടി വളരെ ഭയങ്കരമായതും
പ്രഭഞ്ജനാഘൂർണ്ണിതവാഃ — കാററിനാൽ ചുഴററപ്പെട്ട ജലത്തോടുകൂടിയതുമായ
മഹാർണ്ണവഃ — പെരുങ്കടൽ

വരഷദ്ഭിഃ അംബുദൈഃ — മഴപെയ്യുന്ന മേഘങ്ങളാൽ
ആപൂര്യമാണഃ — നിറക്കപ്പെടുന്നവകളായ്
ക്ഷ്മാം — ഭൂമിയെ
ദ്വീപവർഷാദ്രിഭിഃ സമം — ദ്വീപങ്ങളോടും, വർഷങ്ങളോടും, മലകളോടും കൂടിത്തന്നെ
അപ്യധാത് — മറച്ചു

15 സക്ഷ്മാന്തരീക്ഷം സദിവം സഭാഗണം
ത്രൈലോക്യമാസീത്സഹ ദിഗ്ഭിരാപ്ലുതം
സ ഏക ഏവോർവ്വരിതോ മഹാമുനിർ
ബഭ്രാമ വിക്ഷിപ്യ ജടാ ജഡാന്ധവത്

ത്രൈലോക്യം മൂന്നുലോകവും
സക്ഷ്മാന്തരീക്ഷം } ഭൂമിയിലും, ആകാശത്തിലും ഇരിക്കുന്ന പ്രാണികളോടും
സദിവം സ്വർഗ്ഗത്തിൽ ഇരിക്കുന്നദേവന്മാരോടും
സഭാഗണം സൂരൻ ചന്ദ്രൻ മുതലായ ജ്യോതിർഗണങ്ങളോടും
ദിഗ്ഭിഃ സഹ ദിക്കുകളോടും
ആപ്ലുതം ആസീത് } മുങ്ങിപ്പോയ്
ഉദ്വരിതഃ ബാക്കിഇരിക്കുന്ന
സഃ മഹാമുനിഃ ആ മഹാമുനിഃ
ഏകഃ ഏവ തനിച്ചുതന്നെ
ജടാഃ വിക്ഷിപ്യ } ജടയെ വിരിച്ചു കൊണ്ടു്
ജഡാന്ധവത് } അറിവില്ലാത്തവൻ പോലെയും കുരുടൻ പോലെയു
ബഭ്രാമ ചുററിയലഞ്ഞു

16 ക്ഷുത്തൃട്പരീതോ മകരൈസ്തിമിംഗിലൈരു
പദ്രുതൊ വീചിനഭസ്വതാഹതഃ
തമസ്യപാരെ പതിതൊ ഭ്രമൻ ദിശോ
ന വേദ. ഖം ഗാം ച പരിശ്രമേഷിതഃ

ക്ഷുത്തൃട് പരീതഃ } വിശപ്പു ദാഹത്താൽ പീഡിതനും
മകരൈഃ വലിയ മത്സ്യങ്ങളാലും
തിമിംഗിലൈഃ തിമിംഗിലങ്ങളാലും
ഉപദ്രുതഃ ഉപദ്രവിക്കപ്പെട്ടവനും
വീചിനഭസ്വത ആഹതഃ } അലക്കററുകളാൽ അടിക്കപ്പെട്ടവനും
അപാരെ തമസി നിസ്സീമമായ ഇരുട്ടിൽ
പതിതഃ ഭ്രമൻ വീണു് ചുഴലുന്നവനും
പരിശ്രമേഷിതഃ } ആയത്തുകൊണ്ടു് വളരെ ക്ഷീണിച്ച വനമായ അദ്ദേഹം
ദിശഃ ഖം ഗാം ച } ദിക്കുകളെയും, ആകാശത്തിനേയും ഭൂമിയേയും
നവേദ അറിഞ്ഞില്ല

17 ക്വചിത്ഗതോമഹാവത്തെ തരളൈസ്താഡിതഃ ക്വചിത്
യാദോഭിർഭക്ഷ്യതെ ക്വാപി സ്വയമന്യോന്യഘാദിഭിഃ

ക്വചിത് ഒരിക്കൽ
മഹാവത്തെ ഗതഃ } വലിയ ചൊഴയിൽ കുടുങ്ങുന്ന
ക്വചിത് ഒരിക്കൽ
തരളൈഃ താഡിതഃ } അലകളാൽ പ്രഹരിക്കപ്പെടുന്നു
ക്വാപി മറെറാരിക്കൽ
അന്യോന്യ ഒന്നോടുന്നു്
ഘാതിഭിഃ തല്ലിക്കൊണ്ടു് കലഹിക്കുന്നു
യാദോഭിഃ ജലജന്തുക്കളാൽ
സ്വയം ഭക്ഷതെ } താനും ഭക്ഷിക്കപ്പെടുന്നു

18 ക്വചിച്ഛോകം ക്വചിന്മോഹം ക്വചിത് ദുഃഖം സുഖംഭയം
ക്വചി ന്മൃത്യുമവാപ്നോതി വ്യാധ്യാദിഭിരുതാ ഭിതഃ

ക്വചിത് ചിലപ്പോൾ
ശോകം ശോകത്തേയും
ക്വചിത് ചിലപ്പോഴ്
മോഹം മോഹത്തേയും
ദുഃഖം ദുഃഖത്തേയും
സുഖം ഭയം സുഖത്തേയും ഭയത്തേയും

കദാചിത് ചിലപ്പോഴാം
വ്യാധ്യാദിഭിഃ വ്യാധി മുതലായവകളാൽ
അർദ്ദിതഃ ബാധിക്കപ്പെട്ടവനായ
മൃത്യും ഉത മരണത്തിനെ പോലും
ആപ്നോതി പ്രാപിക്കുന്നു

19 അയുതായുതവർഷാണാം സഹസ്രാണി ശതാനി ച
വ്യതീയുഃ ഭ്രമതസ്തസ്മിൻ വിഷ്ണുമായാവൃതാത്മനഃ

വിഷ്ണുമായാ വൃതാത്മനഃ — വിഷ്ണുമായയാൽ മറക്കപ്പെട്ട മനസ്സോടു്
തസ്മിൻ — ആ പ്രളയക്കടലിൽ
ഭ്രമതഃ — അവർ ചുഴന്നുകൊണ്ടിരിക്കുമ്പോഴ്
അയുതായുത വർഷാണാം സഹസ്രാണി ശതാനി ച — നൂറായിരം കോടി വർഷങ്ങൾ
വ്യതീയുഃ — കഴിഞ്ഞുപോയ്

20 സ കദാചിദ്ഭ്രമംസ്തസ്മിൻ പൃഥിവ്യാഃ കകുദി ദ്വിജഃ
ന്യഗ്രോധപോതം ദദൃശേ ഫലപല്ലവശോഭിതം

തസ്മിൻ ഭ്രമൻ — ആ പ്രളയക്കടലിൽ ചുററിയലയുന്ന
സഃ ദ്വിജഃ — ആ, മുനി
കദാചിത് — ഒരിക്കൽ
പൃഥിവ്യാഃ കകുദി — ഭൂമിയുടെ മേടായ ഒരു സ്ഥലത്തിൽ
ഫലപല്ലവ ശോഭിതം — പഴങ്ങളാലും, തളിർകളാലും ശോഭിക്കുന്ന
ന്യഗ്രോധ പോതം — ഒരു ഇളയ ആലുമരത്തെ
ദദൃശെ — കണ്ടു

21 പ്രാഗുത്തരസ്യാം ശാഖായാം തസ്യാപി ദദൃശെ ശിശും
ശയാനം പർണ്ണപുടകെ ഗ്രസന്തം പ്രഭയാ തമഃ

തസ്യ — ആ മരത്തിന്റെ
പ്രാഗുത്തരസ്യാം ശാഖയാം — വടക്കുകിഴക്കു ശാഖയിൻ (കാമ്പിൽ)
ശയാനം — കിടന്നിരിക്കുന്നതും
പ്രഭയാ — തന്റെ പ്രശാന്തയാൽ
തമഃ ഗ്രസന്തം — ഇരുളിനെ വിഴുങ്ങുന്ന (ഇല്ലാതാക്കുന്നു)
ശിശും അപി ദദൃശെ — ഒരു കുഞ്ഞിനെയും കണ്ടു

22 മഹാമരകതശ്യാമം ശ്രീമദ്വദനപങ്കജം
കമ്പുഗ്രീവം മഹോരസ്കം സുനാസം സുന്ദരഭ്രുവം

23 ശ്വാസൈജദളകാഭാതം കംബുശ്രീകർണ്ണദാഡിമം
വിദ്രുമാധരഭാസേഷച്ഛോണായിത സുധാസ്മിതം

24 പദ്മഗർഭാരുണാപാംഗം ഹൃദ്യഹാസാവലോകനം
ശ്വാസൈജദ്വലിസംവിഗ്ന നിമ്നനാഭിദളോദരം

25 ചാർവ്വംഗുളിഭ്യാം പാണിഭ്യാമുന്നീയ ചരണാംബുജം
മുഖെനിധായ വിപ്രേന്ദ്രോ ധയന്തം വീക്ഷ്യ വിസ്മിതഃ

26 തദ്ദർശനാ ദ്വീത പരിശ്രമോ മുദാ
പ്രോത്ഫുല്ലഹൃദ്പദ്മ വിലോചനാംബുജഃ
പ്രഹൃഷ്ടരോമാത്ഭുത ഭാവശങ്കിതഃ
പ്രഷ്ടും പുരസ്തം പ്രസസാര ബാലകം

വിപ്രേന്ദ്രഃ — ബ്രാഹ്മണരിൽ ശ്രേഷ്ഠനായ ആ മാർക്കണ്ഡേയൻ
മഹാമരകതശ്യാമം — വിലയുയർന്ന മരകതരത്നംപോലെ ശ്യാമളവർണ്ണനും
ശ്രീമദ്വദന പങ്കജം — പ്രകാശിക്കുന്ന മുഖകമലത്തോടുകൂടിയവനും
കംബുഗ്രീവം — ശംഖംപോലുള്ള കണ്ഠത്തോടുകൂടിയവനും
മഹോരസ്കം — വിരിഞ്ഞുമലർന്ന മാർത്തടത്തോടുകൂടിയവനും
സുനാസം — സുന്ദരമായ നാസികയോടുകൂടിയവനും
സുന്ദരഭ്രുവം — സൌന്ദര്യമേറിയ പുരികങ്ങളോടുകൂടിയവനും
ശ്വാസൈജദള കാളാതം — ശ്വാസവായുവിനാൽ അനങ്ങുന്ന കുന്തളങ്ങളാൽ ശോഭിക്കുന്നവനും
കംബുശ്രീ കർണ്ണാദാഡിമം — ശംഖംപോലെ അകത്തേ വളഞ്ഞു് സുന്ദരമായ ചെവിപ്പുടങ്ങളിൽ മാതളം പൂക്കളണിഞ്ഞവനും
വിദ്രുമാധരഭാസാ — പവിഴസദൃശമായ അധരകാന്തിയാൽ
ഈഷച്ഛോണായിത സുധാസ്മിതം — ലേശം ചുവന്ന അമൃതതുല്യമായ പുഞ്ചിരിയോടുകൂടിയവനും
പദ്മഗർഭാരുണാപാംഗം — താമരയുടെ ഉൾഭാഗംപോലെ കുറച്ചുചുവന്ന കടമിഴിക്കോണുകളോടുകൂടിയവനും
ഹൃദ്യഹാസാവലോകനം — മനസ്സിനെ ആകർഷിക്കുന്ന പുഞ്ചിരിയോടു് ചേർന്ന ദൃഷ്ടിയുള്ളവനും
ശ്വാസൈജദ്വലി സംവിഗ്ന നിമ്നനാഭി ദളോദരം — ശ്വാസവായുവിനാൽ അനങ്ങുന്ന ത്രിവളിയിനാൽ ചലിക്കുന്ന ആഴമായ നദിയോടുകൂടിയ അരയാൽ ഇലപോലുള്ള ഉദരത്തോടുകൂടിയവനും

ചാർവ്വം ഗുളിഭ്യാം — സുന്ദരങ്ങളായ വിരൽകളോടുകൂടിയ
പാണിഭ്യാം — ഇരുകൈകളാലും
ചരണാംബുജം — തൻപാദകമലത്തിനെ
ഉന്നിയ മുഖെനിധായ — ഉയരേ തൂക്കി മുഖത്തിൽ വെച്ചുകൊണ്ടു്
ധയന്തം — പാനം ചെയ്യുന്നവനമായ കുഞ്ഞിനെ
വീക്ഷ്യ — കണ്ടു്
വിസ്മിതഃ — അത്ഭുതപ്പെട്ടു്
തദ്ദർശനാത് — ആ കുഞ്ഞിനെ കണ്ടതുകൊണ്ടു്
വീതപരിശ്രമം — ക്ഷീണം തെളിഞ്ഞവനായു്

മുദാ — സന്തോഷത്താൽ
പ്രോത്ഫുല്ല — വികസിതമായ
ഹൃത്പദ്മ — ഹൃദയകമലത്തേയും
വിലോചനാംബുജഃ — താമരപോലെ കണ്ണുകളോടു കൂടിയവനുമായു്
പ്രഹൃഷ്ടരോമാ — രോമാഞ്ചിതനായു്
അത്ഭുത ഭാവശംകിതഃ — അത്ഭുതകരമായ രൂപത്തിനെക്കണ്ടു് സംശയിച്ചവനായു്
തം ബാലകം — ആ കുഞ്ഞിനോടു്
പ്രഷ്ടും — സംസാരിക്കുവാൻ
പുരഃ പ്രസസാര — അരികിൽ ചെന്നു്

27 താവച്ഛിശോർവ്വൈ ശ്വസിതേന ഭാർഗ്ഗവഃ
സോന്തഃ ശരീരം മശകോ യഥാവിശത്

തത്രാപ്യദോന്യസ്തമചഷ്ടകൃത്സ്നശോ
യഥാപുരാമുഹ്യദതീവ വിസ്മിതഃ

| | |
|---|---|
| താവത് വൈ | അതിനുമുമ്പേതന്നെ |
| സഃ ഭാർഗ്ഗവഃ | ആ മക്കണ്ഡേയൻ |
| ശിശോഃ ശ്വസിതേന | ആ കുഞ്ഞിന്റെ ശ്വാസവായുവാൽ |
| അന്തഃ ശരീരം | ശരീരത്തിന്റെ ഉള്ളിൽ |
| മശഃ ഇവ | ഒരു കൊതുകുപോലെ |
| അവിശത് | പ്രവേശിച്ചുകളഞ്ഞു |
| തത്ര അപി | അവിടെയും |
| അദഃ കൃത്സ്നശഃ | ഈ ലോകം മുഴുവനും |
| പുരായഥാ | പ്രളയത്തിനു മുമ്പ് ഇരുന്നതു പോലെതന്നെ |
| ന്യസ്തം | സ്ഥാതിചെയ്യപ്പെട്ടതായ |
| അചഷ്ട | കണ്ടു |
| അതീവ സിസ്മിതഃ | ആയതിനാൽ വളരെ അത്ഭുതപ്പെട്ട് |
| അമുഹ്യത് | മൂർച്ഛിച്ചു |

28 ഖം രോദസീഭഗണാനദ്രി സാഗരാൻ
ദ്വീപാൻ സവർഷാൻ കകുഭഃ സുരാസുരാൻ
വനാനി ദേശാൻ സരിതഃ പുരാകരാൻ
വേടാൻ വ്രജാനാശ്രമവർണ്ണവൃത്തയഃ

29 മഹാന്തി ഭൂതാന്യഥ ഭൗതികാന്യസൗ
കാലം ച നാനായുഗ കൽപ്പ കൽപ്പനം
യത്കിഞ്ചിദന്യത് വ്യവഹാര കാരണം
ദദർശ വിശ്വം സദിവാവഭാസിതം

| | |
|---|---|
| ഖം | ആകാശത്തിനെയും |
| രോദസീ | ഭൂമിയേയും സ്വർഗ്ഗത്തിനേയും |
| ഭഗണാൻ | നക്ഷത്രസമൂഹങ്ങളേയും |
| അദ്രിസാഗരാൻ | മലകളേയും സാഗരങ്ങളേയും |
| സവർഷാൻ | വർഷങ്ങളോടു കൂടിയ |
| ദ്വീപാൻ | ദ്വീപങ്ങളേയും |
| കകുഭഃ | ദിക്കുകളേയും |
| സുരാസുരാൻ | ദേവന്മാരേയും അസുരന്മാരേയും |
| വനാനി | കാടുകളേയും |
| ദേശാൻ | ദേശങ്ങളേയും |
| സരിതഃ | പുഴകളേയും |
| പുരാകരാൻ | പട്ടണങ്ങളേയും ചുരംഗങ്ങളേയും |
| വേടാൻ | കൃഷകർ വസിക്കുന്ന സ്ഥലങ്ങളേയും |
| വ്രജാൻ | ഇടയരുടെ കുടിൽകളേയും |
| ആശ്രമവർണ്ണ വൃത്തയഃ | ആശ്രമങ്ങളേയും, വർണ്ണങ്ങളേയും അവരുടെ ധർമ്മങ്ങളേയും |
| മഹാന്തിഭൂതാനി | മഹാഭൂതങ്ങളേയും |
| അഥ | അപ്രകാരം തന്നെ |
| ഭൗതികാനി | ഭൂതങ്ങളിൽ നിന്നുണ്ടായ വസ്തുക്കളേയും |
| നാനായുഗ കല്പകല്പനം | പലയുഗങ്ങളേയും, കല്പങ്ങളേയും അഭ്യസിക്കുന്ന |
| കാലം ച | മഹാ കാലത്തേയും |
| വ്യവഹാര കാരണം | വ്യവഹാര കാരണമായ |
| അന്യത് യത്കിഞ്ചിത് | മററവയേയും |
| സത് ഇവ അവഭാസിതം | സത്യവസ്തുപോലെ പ്രകാശിപ്പിക്കപ്പെട്ട |
| വിശ്വം | പ്രപഞ്ചത്തിനേയും |
| അസൗ | ആ മാക്കണ്ഡേയ മുനി |
| ദദർശ | കണ്ടു |

30 ഹിമാലയം പുഷ്പവഹാം ച താം നദീം
നിജാശ്രമം തത്ര ഋഷീനപശ്യത്
വിശ്വം വിപശ്യൻ ശ്വസിതാച്ഛിശോർവൈ
ബഹിർനിരസ്തോ ന്യപതല്ലയാബ്ധൗ

| | | | |
|---|---|---|---|
| ഹിമാലയം | ഹിമവത്പർവ്വതവും | വിപശ്യൻ | നോക്കികൊണ്ടിരി |
| പുഷ്പവഹാം താം നദീം ച | പുഷ്പവഹാ എന്ന ആ ആററിനേയും | | ക്കമ്പോൾ തന്നെ |
| | | ശിശോഃ | ആ കുഞ്ഞ ന്റെ |
| നിജാശ്രമം | തൻ ആശ്രമത്തിനേയും | ശ്വസിതാത് | മൂച്ചക്കാററിനാൽ |
| തത്ര ഋഷീൻ | അവിടെ ഋഷികളേയും | ബഹിഃ നിരസ്തഃ | പുറത്തു് എറിയപ്പെട്ടവരായ് |
| അപശ്യൻ | അവർ കണ്ടു | ലയാബ്ധൗ | പ്രളയപയോധിയിൽ |
| വിശ്വം | അവ എല്ലാവററിനേയും | ന്യപതത് | വീണു |

31 തസ്മിൻ പൃഥിവ്യാഃ കകുദി പ്രരൂഢം
വടം ച തത്പർണ്ണപുടെ ശയാനം
തോകം ച തത്പ്രേമ സുധാസ്മിതേന
നിരീക്ഷിതോപാംഗ നിരീക്ഷണേന

32 അഥതം ബാലകം വീക്ഷ്യ നേത്രാഭ്യാം ധിഷ്ഠിതം ഹൃദി
അഭ്യയാദതി സംക്ലിഷ്ടഃ പരിഷ്വക്തു മധോക്ഷജം

| | | | |
|---|---|---|---|
| തസ്മിൻ | ആ പ്രളിയ സമുദ്രത്തിങ്കൽ | നിരീക്ഷിതഃ | നോക്കപ്പെട്ടവരായ് |
| | | അഥ | അതിനുശേഷം |
| പൃഥിവ്യാഃ കകുദി | ഭൂമിയുടെ ഒരു ഉയരമായ സ്ഥലത്തിൽ | നേത്രാഭ്യാം | കൺവഴി |
| | | ഹൃദിധിഷ്ഠിതം | ഹൃദയത്തിൽ പ്രവേശിച്ച |
| പ്രരൂഢം വടം ച | മുളച്ചിരിക്കുന്ന ആലമരത്തിനേയും | | |
| തത്പർണ്ണ പുടെ ശയാനം | അതിന്റെ ഇലയിൽ ശയനനായ | ബാലകം | ശിശുരൂപത്തിൽ ഉള്ള |
| | | തം അധോക്ഷജം | ആ ഭഗവാനെ |
| തോകം ച വീക്ഷ്യ | ആ കുഞ്ഞിനേയും കണ്ടു് | പരിഷ്വക്തും | ആലിംഗനം ചെയ്യുവാനായി |
| തത്പ്രേമ സുധാസ്മിതേന | അവരുടെ പ്രേമയാൽ അമൃതസദൃശമായ പുഞ്ചിരിയോടുകൂടിയ | അതി സംക്ലിഷ്ടഃ | വളരെ ക്ലിഷ്ടനായ് |
| അപാംഗ നിരീക്ഷണേന | കടക്കൺ ദൃഷ്ടിയാൽ | അഭ്യയാൽ | അരുകിൽ ചെന്നു |

33 താവത്സ ഭഗവാൻ സാക്ഷാദ്യോഗാധീശോ ഗുഹാശയഃ
അന്തർദധ ഋഷേഃ സദ്യോ യഥേഹാനീശനിർമ്മിതാ

| | | | |
|---|---|---|---|
| താവത് | അതിന്നിടയിൽ | അനീശ നിർമ്മിതാ | സാമർത്ഥ്യമില്ലാത്തവൻ ചെയ്യുന്ന |
| സാക്ഷാത് | സാക്ഷാത് | | |
| യോഗാധീശഃ | യോഗീശ്വരനും | ഈഹാ യഥാ | പ്രവൃത്തിയെപോലെ। |
| | | സദ്യഃ | ഉടൻതന്നെ |
| ഗുഹാശയഃ | മനസ്സിൽ വസിക്കുന്നവനുമായ (ശയിക്കുന്ന) | ഋഷേഃ | മഹർഷിയുടെ മുമ്പിൽ നിന്നും |
| സഃ ഭഗവാൻ | ആ ഭഗവാൻ | അന്തർദധെ | മറഞ്ഞു |

പന്ത്രണ്ടാം സ്കന്ധം ഒമ്പതാം അദ്ധ്യായം

34 തമന്വഥ വടോ ബ്രഹ്മൻ സലിലം ലോക സംപ്ലവഃ
നിരോധായി ക്ഷണാദസ്യ സ്വാശ്രമെ പൂർവ്വവത്സ്ഥിതഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ | ക്ഷണാത് | ഒരു ക്ഷണത്തിൽ |
| തം അന്ന | അവർ മറഞ്ഞുപോയ തിന്നശേഷം | അസ്യ | അവരുടെ മുമ്പാകെ തന്നെ |
| വടഃ | ആലമരവും | തിരോധായി | മറഞ്ഞു കളഞ്ഞു |
| സലിലം | ജലവും | സ്വാശ്രമെ | തൻ ആശ്രമത്തിൽ |
| ലോക സംപ്ലവഃ | പ്രളയവും | പൂർവ്വവത് | മുമ്പുപോലെ |
| | | സ്ഥിതഃ | അവർ ഇരുന്നു |

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം ദ്വാദശസ്കന്ധം

ഒമ്പതാമദ്ധ്യായം സമാപ്തം " 9 "

ആദിതഃ ശ്ലോകങ്ങൾ 13916 ദ്വാദശ സ്കന്ധ ശ്ലോകങ്ങൾ 383

# ദശമോഽധ്യായഃ || 10 ||

## പത്താം അദ്ധ്യായം

❀ ❀ ❀

ദശമേ ശിവ ആഗത്യ മുനേസ്സന്തുഷ്ടോ വരാനദാത്।
തേന സാകമതി പ്രീത്യാ സമാഭാഷ്യ സഭാജയൻ ||

പത്താമത്തെ അദ്ധ്യായത്തിൽ ശിവൻ സന്തുഷ്ടനായി ആ മുനിയോടു കൂടി വളരേ പ്രിയമായി സംഭാഷണം ചെയ്ത് ബഹുമാനിക്കപ്പെട്ടവനായി മുനിക്ക് വരങ്ങളെ പ്രദാനംചെയ്തു എന്നത് വിവരിക്കപ്പെടുന്നു.

സൂത ഉവാച — സൂതർ പറയുന്നു.

1 സ ഏവമനുഭൂയേദം നാരായണവിനിർമ്മിതം
വൈഭവം യോഗമായായാസ്തമേവ ശരണം യയൗ

| | | | |
|---|---|---|---|
| സഃ | ആ മാർക്കണ്ഡേയ മുനി | ഇദം വൈഭവം | ഈ വൈഭവത്തിനെ |
| നാരായണ | നാരായണനാൽ | ഏവം അനുഭൂയ | ഇപ്രകാരം അനുഭവിച്ച് |
| വിനിർമ്മിതം | ഉണ്ടാക്കപ്പെട്ട | തം ഏവ | അവരെ തന്നെ |
| യോഗമായയാഃ | യോഗമായയിൽ | ശരണം യയൗ | ശരണം പ്രാപിച്ചു |

മാർക്കണ്ഡേയ ഉവാച — മാർക്കണ്ഡേയൻ പറയുന്നു

2 പ്രപന്നോഽസ്മ്യംഘ്രിമൂലം തേ പ്രപന്നാഭയദം ഹരേ
യന്മായയാപി വിബുധാ മുഹ്യന്തി ജ്ഞാനകാശയാ

| | | | |
|---|---|---|---|
| ഹരേ | ഹേ ശ്രീഹരിയെ! | മുഹ്യന്തി | മോഹം പ്രാപിക്കുന്നുവോ |
| ജ്ഞാന കാശയാഃ | ജ്ഞാനം പോൽ പ്രകാശിക്കുന്ന | തേ | ആ തങ്ങളുടെ |
| യന്മായയാ | തങ്ങളുടെ ഏതൊരു മായയാൽ | പ്രപന്നാഭയദം | തന്നെ ശരണം പ്രാപിച്ചവർക്ക് അഭയം നൽകുന്ന |
| വിബുധാഃ അപി | ജ്ഞാനികളും കൂടി (സ്വയം ജ്ഞാനികളെന്ന അഹങ്കാരത്താൽ) | അംഘ്രിമൂലം | തൃപ്പാദങ്ങളെ |
| | | പ്രപന്നഃ അസ്മി | ഞാൻ ശരണം പ്രാപിക്കുന്നു |

ശ്രീനാരായണനെ തന്റെ മായയെ കണ്ടതുകൊണ്ട് ക്ഷീണിച്ചിരുന്ന ആ മാർക്കണ്ഡേയരേ ശിവരൂപം കൊണ്ട് അവരെ സമാധാനിപ്പിച്ചു എന്നു പറയുന്നു

സൂത ഉവാച — സൂതർ പറയുന്നു.

3 തമേവം നിഭൃതാത്മാനം വൃഷേണ ദിവി പര്യടൻ
രുദ്രാണ്യാ ഭഗവാൻ രുദ്രോ ദദർശ സ്വഗണൈർവൃതഃ

| | | | |
|---|---|---|---|
| സ്വഗണൈ: | തന്റെ പ്രമഥഗണങ്ങളാൽ | ഭഗവൻ രുദ്രഃ | രുദ്രഭഗവാൻ |
| വൃതഃ | ആവൃതരായി | ഏവം | ഇപ്രകാരം |
| രുദ്രാണ്യാ | പാർവ്വതിയോടു കൂടി | നിഭൃതാത്മാനം | ചലനരഹിതമായ മനസ്സോടുകൂടിയ |
| വൃഷേണ | വൃഷഭാരൂഢനായി | തം ദദർശ | ആ മാർക്കണ്ഡേയരെ കണ്ടു |
| ദിവി പര്യടൻ | ആകാശത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന | | |

4 അഥോമാ തമൃഷിം വീക്ഷ്യ ഗിരിശം സമഭാഷത
പശ്യേമം ഭഗവൻ വിപ്രം നിഭൃതാത്മേന്ദ്രിയാശയം

5 നിഭൃതോദഝഷവ്രാതം വാതാപായേ യഥാർണ്ണവം
കുർവ്വസ്യ തപസഃ സാക്ഷാത് സംസിദ്ധിം സിദ്ധിദോ ഭവാൻ

| | | | |
|---|---|---|---|
| അഥ | അപ്പോൾ | നിഭൃതാത്മേന്ദ്രിയാശയം | ചലനമില്ലാത്ത ദേഹം ഇന്ദ്രിയങ്ങൾ മനസ്സ് ഇവകളുടെ |
| ഉമാ | ഉമാദേവി | ഇമം വിപ്രം | ഈ ബ്രാഹ്മണനെ |
| തം ഋഷിം വീക്ഷ്യ | ആ ഋഷിയെക്കണ്ട് | പശ്യ | നോക്കിയാലും |
| ഗിരിശം | പരമേശ്വരനേകണ്ട് | അസ്യ | ഇവക്ക് |
| ഭഗവൻ | സ്വാമിൻ! | തപസഃ സംസിദ്ധിം | തപസ്സിന്റെ ഫലത്തിനെ |
| വാതാപായേ | കാററില്ലാത്തപ്പോൾ | ഭവാൻ | താങ്കൾ |
| നിഭൃതോദ | ചലനമില്ലാത്തജലം | സിദ്ധിദഃ | ഫലം നൽകുന്നവരല്ലയോ |
| ഝഷവ്രാതം | മത്സ്യക്കൂട്ടങ്ങൾ ഇവയോടു കൂടിയ | സമഭാഷത | എന്നു പറഞ്ഞു |
| അർണ്ണവം യഥാ | സമുദ്രംപോലെ | | |

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ ഉത്തരം പറഞ്ഞു

6 നൈവേച്ഛത്യാശിഷഃ ക്വാപി ബ്രഹ്മർഷിർമ്മോക്ഷമപ്യുത
ഭക്തിം പരാം ഭഗവതി ലബ്ധവാൻ പുരുഷേഽവ്യയേ

| | | | |
|---|---|---|---|
| അവ്യയേ | നാശം ഇല്ലാത്തവരും | ഭഗവതി | ഭഗവാനിങ്കൽ |
| പുരുഷേ | പുരുഷോത്തമനമായ | പരാം ഭക്തിം | ഉത്തമഭക്തിയെ |

| | | | |
|---|---|---|---|
| ന ലബ്ധവാൻ | നേടിയ | ന ഏവ ഇച്ഛതി | ഇച്ഛിക്കുന്നതേ ഇല്ല |
| ബ്രഹ്മർഷി | ഈ ബ്രഹ്മർഷി | മോക്ഷം | മോക്ഷവും കൂടി |
| കദാപി | ഒരിക്കലും | അപി | ആഗ്രഹിക്കുന്നില്ല |
| ആശിഷഃ | വരങ്ങളെ | ഉത | ഇതു തീർച്ചതന്നെ |

7 അഥാപി സംവദിഷ്യാമോ ഭവാന്യേതേന സാധുനാ
അയം ഹി പരമോ ലാഭോ നൃണാം സാധുസമാഗമഃ

| | | | |
|---|---|---|---|
| അഥാപി | എങ്കിലും | ഹി | എന്തുകൊണ്ടെന്നാൽ |
| ഭവാനി | ഹേ പാർവ്വതി | നൃണാം | മനുഷ്യന്മാർക്ക് |
| സാധുനാ ഏതേന | സാധുവായ ഇവരോട് | സാധുസമാഗമഃ | സാധുസംഗമം എന്നത് |
| സംവദിഷ്യാമഃ | സംസാരിക്കാം | അയം | ഇതു തന്നെയാണ് |
| | | പരമഃ ലാഭഃ | വളരെ അമൂല്യമായ ലാഭം |

സൂത ഉവാച — സൂതർ പറയുന്നു.

8 ഇത്യുക്ത്വാ തമുപേയായ ഭഗവാൻ സ സതാം ഗതിഃ
ഈശാനഃ സർവ്വവിദ്യാനാമീശ്വരഃ സർവ്വദേഹിനാം

| | | | |
|---|---|---|---|
| സർവ്വവിദ്യാനാം | സകലവിദ്യകൾക്കും | സതാം | സാധുജനങ്ങളും |
| | | ഗതിഃ | ഗതിയായ |
| ഈശാനഃ | ഈശ്വരനും | സഃ ഭഗവാൻ | ആ ഭഗവാൻ |
| സർവ്വദേഹിനാം | സമസ്തപ്രാണികൾക്കും | ഇതി ഉക്ത്വാ | ഇപ്രകാരം പറഞ്ഞു |
| | | തം ഉപേയായ | അവരുടെ അരികിൽചെന്നു |
| ഈശ്വരഃ | നിയാമകനും | | |

9 തയോരാഗമനം സാക്ഷാദീശയോർജ്ജഗദാത്മനോഃ
ന വേദ രുദ്ധധീവൃത്തിരാത്മാനം വിശ്വമേവ ച

| | | | |
|---|---|---|---|
| രുദ്ധധീവൃത്തിഃ | ബുദ്ധിവൃത്തികളെ നിഗ്രഹിച്ച അവർ | സാക്ഷാത് ആഗമനം | നേരിട്ടുവരുന്നതിനേയും |
| ജഗദാത്മനോഃ | സർവ്വജഗത് രൂപികളും | ആത്മാനം ച | തൻ ദേഹത്തേയും |
| ഈശയോഃ | സർവ്വേശ്വരന്മാരുമായ | വിശ്വം ഏവ | പ്രപഞ്ചത്തിനേയും തന്നെ |
| തയോഃ | അവരുടെ | ന വേദ | ഉണർന്നില്ല |

10 ഭഗവാംസ്തദഭിജ്ഞായ ഗിരീശോ യോഗമായയാ
ആവിശത്തദ്ഗുഹാകാശം വായുശ്ഛിദ്രമിവേശ്വരഃ

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനും | യോഗമായയാ | തന്റെ യോഗമായയാൽ |
| ഈശ്വരഃ | അണിമാദി ഐശ്വര്യത്തോടുകൂടിയവനുമായ | വായുഃ | കാറ്റ് |
| ഗിരീശഃ | കൈലാസ നാഥൻ | ഛിദ്രം ഇവ | ദ്വാരത്തിൽ പ്രവേശിക്കുന്നതുപോലെ |
| തത് അഭിജ്ഞായ | അതറിഞ്ഞ് | തദ് ഗുഹാകാശം | അവരുടെ ഹൃദയാകാശത്തിൽ |
| | | ആവിശത് | പ്രവേശിച്ചു |

11 ആത്മന്യപി ശിവം പ്രാപ്തം തഡിത്പിംഗജടാധരം
ത്ര്യക്ഷം ദശഭുജം പ്രാംശുമുദ്യന്തമിവ ഭാസ്കരം

12 വ്യാഘ്രചർമ്മാംബരധരം ശൂലഖട്വാംഗചർമ്മഭിഃ
അക്ഷമാലാഡമരുകകപാലാസിധനുഃ സഹ

13 ബിഭ്രാണം സഹസാ ഭാതം വിചക്ഷ്യ ഹൃദി വിസ്മിതഃ
കിമിദം കുത ഏവേതി സമാധേർവ്വിരതോ മുനിഃ

| | | | |
|---|---|---|---|
| ആത്മനി അപി | പുറത്തു മാത്രമല്ലാതെ ഹൃദയാകാശത്തിങ്കലും | അക്ഷമാലാ ഡമരുകകപാലാസിധനുഃ | രുദ്രാക്ഷമാല, ഉടുക്ക്, കത്തി, തലയോട്, വില്ല് ഇവകളെ |
| പ്രാപ്തം | വന്നിരിക്കുന്നവനും | ബിഭ്രാണം | ധരിക്കുന്നവനുമായ |
| തഡിത്പിംഗജടാധരം | മിന്നൽപോലെ മഞ്ഞനിറമായ ജടാമുടിയുള്ളവനും | ശിവം | പരമേശ്വരനെ |
| ത്ര്യക്ഷം | മൂന്നു കണ്ണുകൾ ഉള്ളവനും | സഹസാ | പെട്ടെന്ന് |
| ദശഭുജം | പത്തുകൈകൾ ഉള്ളവനും | ഹൃദി | ഹൃദയത്തിൽ |
| പ്രാംശും | ഉയരമുള്ളവനും (പൊക്കം) | ഭാതം | പ്രകാശിക്കുന്നതായി |
| ശൂലഖട്വാംഗ | ശൂലം, മഴു, പരിച | വിചക്ഷ്യ | കണ്ട് |
| ചർമ്മഭിഃ | ഇവകളോടും കൂടി | ഇദം കിം | ഇത് എന്ത്? |
| സഹ | | കുതഃ ഏവ | എങ്ങിനെ ഉണ്ടായി |
| | | ഇതി | എന്ന് അത്ഭുതാവ |
| | | വിസ്മിതഃ | ഹനായി |
| | | മുനിഃ | മാർക്കണ്ഡേയമുനി |
| | | സമാധേഃ | സമാധിയിൽ നിന്ന് |
| | | വിരതഃ | വിരമിച്ചു |

14 നേത്രേ ഉന്മീല്യ ദദൃശേ സഗണം സോമയാഽഗതം
രുദ്രം ത്രിലോകൈകഗുരും നനാമ ശിരസാ മുനിഃ

| | | | |
|---|---|---|---|
| സഃ മുനിഃ | ആ മുനി | ത്രിലോകൈകഗുരും | ത്രിലോകങ്ങൾക്കും ഏകഗുരുവുമായ |
| സഗണം | ഗണങ്ങളോടുകൂടിയവനും | രുദ്രം | രുദ്രഭഗവാനെ |
| ഉമയാ ആഗതം | ഉമയോടുകൂടി വന്നവനും | നേത്രേ ഉന്മീല്യ | കണ്ണുകൾ തുറന്ന് |

| | | | |
|---|---|---|---|
| ദദൃശേ | ദർശനം ചെയ്തു | ശിരസാ നനാമ | (തലയാൽ) നമസ്കരിച്ചു |

15 തസ്മൈ സപര്യാം വ്യദധാത് സഗണായ സഹോമയാ
സ്വാഗതാസന പാദ്യാർഘ്യഗന്ധസ്രഗ്ധൂപദീപകൈഃ

| | | | |
|---|---|---|---|
| സഗണായ | ഗണങ്ങളോടു കൂടിയ | സ്വാഗതാസന പാദ്യാർഘ്യഗന്ധ സ്രഗ്ധൂപ ദീപകൈഃ | സ്വാഗതം പറയുക, ആസനം, പാദ്യം, അർഘ്യം, പൂമാല, ഗന്ധം, ധൂപം, ദീപം ഇവകളാൽ |
| തസ്മൈ | അദ്ദേഹത്തിന്ന് | | |
| ഉമയാ സഹ | ഉമയോടുകൂടി | സപര്യാം വ്യധാത് | പൂജചെയ്തു |

16 ആഹ ചാത്മാനുഭാവേന പൂർണ്ണകാമസ്യ തേ വിഭോ
കർവാമ കിമീശാന യേനേദം നിർവൃതം ജഗത്

| | | | |
|---|---|---|---|
| ഈശാന വിഭോ | ഹേ സർവ്വേശ്വര! ഹേ പ്രഭുവേ! | നിർവൃതം | ആനന്ദം പ്രാപിച്ചിരിക്കുന്നുവോ |
| ആത്മാനുഭാവേന | ആത്മാനുഭാവത്താൽ | തേ | അപ്രകാരനായ അങ്ങേക്ക് |
| പൂർണ്ണകാമസ്യ യേന | പൂർണ്ണകാമരും ഏതൊരു തങ്ങളാൽ | കിം കരവാമ | ഞങ്ങൾ എന്താണ് ചെയ്യേണ്ടുന്നത്? |
| ഇദം ജഗത് | ഈ ജഗം മുഴുവനും | ആഹ ച | എന്നും അപേക്ഷിച്ചു |

17 നമഃ ശിവായ ശാന്തായ സത്വായ പ്രമൃഡായ ച
രജോ ജുഷേപ്യഘോരായ നമസ്തുഭ്യം തമോജുഷേ

| | | | |
|---|---|---|---|
| ശിവായ | ഏതുഗുണസംബന്ധവുമില്ലാത്തവനും മംഗളരൂപിയും | രജോ ജുഷേ അപി | ലോകസൃഷ്ടിക്കായി കൊണ്ട് രജോഗുണം ലഭിച്ചവൻ എങ്കിലും |
| ശാന്തായ | ആയതുകൊണ്ട് ശാന്തനും | അഘോരായ | ക്രൂരത ഇല്ലാത്തവനും |
| സത്വായ | ലോകം രക്ഷിപ്പാനായി സത്വഗുണം ലഭിച്ചവനും | തമോ ജുഷേ | ലോകത്തിനെ നശിപ്പിക്കുവാനായി തമോഗുണം ലഭിച്ചവനും ആയ |
| പ്രമൃഡായ | അതുകൊണ്ട് ലോകത്തിനെ സുഖമായി ചെയ്യുന്നവനും | തുഭ്യം നമഃ | തങ്ങൾക്ക് നമസ്കാരം |
| | | നമഃ | വീണ്ടും നമസ്കാരം |

സൂത ഉവാചഃ — സൂതർ പറയുന്നു:—

18 ഏവം സ്തുതഃ സ ഭഗവാനാദിദേവഃ സതാം ഗതിഃ
പരിതുഷ്ടഃ പ്രസന്നാത്മാ പ്രഹസംസ്തമഭാഷത

| | |
|---|---|
| ഏവം സ്തുതഃ | ഇപ്രകാരം സ്തുതി ചെയ്യപ്പെട്ടവരും |
| ആദിദേവഃ | ആദിദേവനും |
| സതാം ഗതിഃ | സാധുജനങ്ങൾക്ക് ഗതിയുമായ |
| സഃ ഭഗവാൻ | ആ ഭഗവാൻ |
| പരിതുഷ്ടഃ | വളരെ സന്തുഷ്ടനായി |
| പ്രസന്നാത്മാ | മനം തെളിഞ്ഞവനായി |
| പ്രഹസൻ | ചിരിച്ചുംകൊണ്ട് |
| താം അഭാഷത | അവരോട് പറഞ്ഞു |

ശ്രീഭഗവാനുവാച — ശ്രീഭഗവാൻ പറഞ്ഞു: —

19 വരം വൃണീഷ്വ നഃ കാമം വരദേശാ വയം ത്രയഃ
അമോഘം ദർശനം യേഷാം മർത്ത്യോ യദ്വിന്ദതേഽമൃതം

| | |
|---|---|
| യേഷാം | ഏവരുടെ |
| ദർശനം അമോഘം | ദർശനം വൃഥാവായി ഭവിക്കുന്നില്ലയോ |
| മർത്ത്യ | മരണധർമ്മത്തോട് കൂടിയ മനുഷ്യൻ |
| യത് | ആരിൽ നിന്ന് |
| അമൃതം | മരണമില്ലാത്ത സ്ഥിതിയെ (മോക്ഷം) |
| വിന്ദതേ | പ്രാപിക്കുന്നുവോ |
| ത്രയഃ | ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ എന്ന മൂന്നുപേർ ആയ |
| വയം | ഞങ്ങൾ |
| വരദേശാഃ | വരം നൽകുന്നവർക്കും ഈശ്വരന്മാർ |
| നഃ | അപ്രകാരമായ ഞങ്ങളിൽ നിന്ന് |
| കാമം വരം | ഇഷ്ടമായ വരം |
| വൃണീഷ്വ | വരിക്കുക |

അ— വരം നൽകുക മുതലായവയാൽ ഞങ്ങൾ നിങ്ങൾക്ക് സേവനം ചെയ്യുന്നു എന്നല്ലാതെ അനുഗ്രഹം ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ ലോകവന്ദ്യർ എന്ന് ബ്രാഹ്മണന്മാരെ സ്തുതിക്കുന്നു: —

20 ബ്രാഹ്മണാഃ സാധവഃ ശാന്താഃ നിസ്സംഗാ ഭൂതവത്സലാഃ
ഏകാന്തഭക്താ അസ്മാസു നിർവൈരാഃ സമദർശിനഃ

| | |
|---|---|
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| സാധവഃ | സദാചാരമുള്ളവർ |
| ശാന്താഃ | മാത്സര്യമില്ലാത്തവർ |
| നിസ്സംഗാഃ | ഒന്നിലും ബന്ധമില്ലാത്തവർ |
| ഭൂതവത്സലാഃ | ഭൂതദയ ഉള്ളവർ |
| അസ്മാസു | ഞങ്ങളിൽ |
| ഏകാന്ത ഭക്താഃ | ഏകാന്തഭക്തിയോട് കൂടിയവർ |
| നിർവൈരാഃ | വൈരമില്ലാത്തവർ |
| സമദർശിനഃ | സമദർശനമുള്ളവർ |

21 സ ലോകാലോകപാലസ്താൻ വന്ദന്ത്യർച്ചന്ത്യുപാസതേ
അഹം ച ഭഗവാൻ ബ്രഹ്മാ സ്വയം ച ഹരിരീശ്വരഃ

| | |
|---|---|
| സലോകാഃ | ലോകസഹിതരായ |
| ലോകപാലാഃ | ലോകപാലന്മാർ |
| താൻ | അവരെ |
| വന്ദന്തി | വണങ്ങുന്നു |
| അർച്ചന്തി | പൂജിക്കുന്നു |
| ഉപാസതേ | ഉപാസിക്കുന്നു |
| അഹം ച | അവർ മാത്രമല്ല ഞാനും |
| ഭഗവാൻ | സർവ്വജ്ഞനായ |
| ബ്രഹ്മാ | ബ്രഹ്മദേവരും |
| ഈശ്വരഃ | സർവ്വേശ്വരനായ |
| ഹരിഃ ച | ശ്രീഹരിയും |
| സ്വയം | താങ്കളായതന്നെ വണങ്ങുന്നു, പൂജിക്കുന്നു, ഉപാസിക്കുന്നു. |

22 ന തേ മയ്യച്യുതേഽജേ ച ഭിദാമണ്വപി ചക്ഷതേ
നാത്മനശ്ച ജനസ്യാപി തദ്യുഷ്മാൻ വയമീമഹി

| | |
|---|---|
| തേ | അവർ |
| മയി | എന്നിലും |
| അച്യുതേ | ശ്രീ വിഷ്ണുവിങ്കലും |
| അജേ ച | ബ്രഹ്മദേവനിലും |
| അണു അപി | അണുമാത്രവും |
| ഭിദാം ന ചക്ഷതേ | ഭേദം കാണുന്നില്ല. |
| ആത്മനഃ ച | അപ്രകാരം തന്നെ തങ്ങൾക്കും |
| ജനസ്യ അപി | അന്യജനങ്ങൾക്കും |
| ന | ഭേദം കാണുന്നില്ല |
| തത് | ആയതുകൊണ്ടുതന്നേയാണു് |
| യുഷ്മാൻ | അപ്രകാരനായ തങ്ങളെ |
| വയം ഈമഹി | ഞങ്ങൾ സേവിക്കുന്നു |

23 ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാശ്ചേതനോജ്ഝിതാഃ
തേ പുനന്ത്യുരുകാലേന യൂയം ദർശനമാത്രതഃ

| | |
|---|---|
| അമ്മയാനി | ജലമയങ്ങളായ |
| തീർത്ഥാനി | തീർത്ഥങ്ങളും |
| ചേതനോജ്ഝിതാഃ | ചൈതന്യമില്ലാത്ത |
| ദേവാഃ ഹി | ദൈവവിഗ്രഹങ്ങളും |
| ന പുനന്തി | ശുദ്ധിയാക്കുന്നില്ല എന്നില്ല |
| തേ | അവ |
| ഉരുകാലേന | വളരെക്കാലസേവനം കൊണ്ടു് |
| യൂയം | നിങ്ങൾ |
| ദർശനമാത്രതഃ | ദർശനം മാത്രത്തിൽ തന്നെ ശുദ്ധി ചെയ്യുന്നു. |

24 ബ്രാഹ്മണേഭ്യോ നമസ്യാമോ യേഽസ്മദ്രൂപം ത്രയീമയം
ബിഭ്രത്യാത്മസമാധാനതപഃസ്വാധ്യായസംയമൈഃ

| | |
|---|---|
| യേ | ഏവർ |
| ആത്മസമാധാന തപഃ സ്വാധ്യായഃ | ചിത്തിന്റെ ഏകാഗ്രത്താലും ആലോചനായാലും, വേദം ഓതുന്നതുകൊണ്ടും |
| | വാക്കു് മുതലായവയെ അടക്കുന്നതുകൊണ്ടും |
| ത്രയീമയം | മൂന്നുവേദരൂപമായ |
| അസ്മദ്രൂപം | ഞങ്ങളുടെ രൂപത്തിനെ |
| ബിഭ്രതി | ധരിക്കുന്നുവോ |
| ബ്രാഹ്മണേഭ്യഃ | അപ്രകാരമായ ബ്രാഹ്മണന്മാരെ |
| നമസ്യാമഃ | ഞങ്ങൾ നമസ്കരിക്കുന്നു |

25 ശ്രവണാദ്ദർശനാദ്വാപി മഹാപാതകിനോऽപി വഃ
ശുദ്ധ്യേരന്നന്ത്യജാശ്ചാപി കിമു സംഭാഷണാദിഭിഃ

| | | | |
|---|---|---|---|
| മഹാപാതകിനഃ അപി | മഹാപാപികളും | വാ ദർശനാത് അപി | അഥവാ കണ്ടക്ഷണത്തിൽ തന്നെയോ |
| അന്ത്യജാഃ ച അപി | ചണ്ഡാലന്മാരും കൂടി | ശുദ്ധ്യേരൻ | ശുദ്ധന്മാരായി ഭവിക്കും |
| വഃ ശ്രവണാൽ | നിങ്ങളെപ്പററി കേൾക്കുന്നമാത്രത്തിൽ തന്നെ | സംഭാഷണാദിഭിഃ കിമു | സംഭാഷണം മുതലായവയാൽ ശുദ്ധന്മാരാകുന്നതിൽ എന്താണ് തടസ്ഥം |

സൂത ഉവാച — സൂതർ പറഞ്ഞു —

26 ഇതി ചന്ദ്രലലാമസ്യ ധർമ്മഗുഹ്യോപബൃംഹിതം
വചോऽമൃതായനമൃഷിർനാതൃപ്യത് കർണ്ണയോഃ പിബൻ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | വചഃ | വാക്കിനെ |
| ചന്ദ്രലലാമസ്യ | ചന്ദ്രശേഖരന്റെ | കർണ്ണയോഃ പിബൻ | കാതുകളാൽ പാനം ചെയ്യുന്ന |
| ധർമ്മഗുഹ്യോപബൃംഹിതം | ധർമ്മരഹസ്യത്തോട് കൂടിയതും | ഋഷിഃ | മാർക്കണ്ഡേയഋഷി |
| അമൃതായനം | അമൃതതുല്യവുമായ | ന അതൃപ്യത് | മതി എന്ന് തൃപ്തിപ്പെട്ടില്ല |

27 സ ചിരം മായയാ വിഷ്ണോർഭ്രാമിതഃ കർശിതോ ഭൃശം
ശിവവാഗമൃതധ്വസ്തക്ലേശപുഞ്ജസ്തമബ്രവീത്

| | | | |
|---|---|---|---|
| വിഷ്ണോഃ മായയാ | വിഷ്ണുവിന്റെ മായയാൽ | ശിവവാഗമൃതധ്വസ്ത ക്ലേശഃ പുഞ്ജഃ | പരമേശ്വരന്റെ വാക്കാകുന്ന അമൃതത്താൽ ക്ഷീണം തീർക്കപ്പെട്ടവരായി |
| ചിരം ഭ്രാമിതഃ | വളരെക്കാലം ചുററു മാററു ചെയ്യപ്പെട്ടവരും | തം അബ്രവീത് | അവരോട് പറഞ്ഞു |
| ഭൃശം കർശിതഃ | വളരെ ക്ഷീണം പ്രാപിക്കപ്പെട്ടവരുമായ | ഋഷിരുവാച | മാർക്കണ്ഡേയഋഷി പറയുന്നു |
| സഃ | അവർ | | |

28 അഹോ ഈശ്വരലീലേയം ദുർവ്വിഭാവ്യാ ശരീരിണാം
യന്നമന്തീശിതവ്യാനി സ്തുവന്തി ജഗദീശ്വരാഃ

| | | | |
|---|---|---|---|
| ഇയം ഈശ്വരലീലാ | ഈശ്വരന്മാരുടെ ഈ ലീലാ എന്നത് | ദുർവ്വിഭാവ്യാ | ഊഹിക്കുവാൻ അസാദ്ധ്യമായിരിക്കുന്നു |
| ശരീരിണാം | പ്രാണികൾക്ക് | | |

| | | | |
|---|---|---|---|
| അഹോ | ആശ്ചര്യം | ഈശിതവ്യാനി | തങ്ങളാൽ നിയന്ത്രിച്ച് ഭരിക്കപ്പെടേണ്ടവയെ |
| യത് | എന്തുകൊണ്ടെന്നാൽ | നമന്തി | നമസ്കരിക്കുന്നു |
| ജഗദീശ്വരാഃ | ജഗദീശ്വരന്മാരേ! | സ്തുവന്തി | സ്തുതിക്കുന്നു |

29 ധർമ്മം ഗ്രാഹയിതും പ്രായഃ പ്രവക്താരശ്ച ദേഹിനാം
ആചരന്ത്യനുമോദന്തേ ക്രിയമാണം സ്തുവന്തി ച

| | | | |
|---|---|---|---|
| പ്രവക്താരഃ ച | ധർമ്മോപദേശം ചെയ്യുന്നവരായിരുന്നാൽ പോലും | ആചരന്തി | അനുഷ്ഠിക്കുന്നു |
| ദേഹിനാം | ശരീരികൾക്ക് | ക്രിയമാണം | അന്യരാൽ അനുഷ്ഠിക്കപ്പെടുന്നതിനെ |
| ധർമ്മം ഗ്രാഹയിതും | ധർമ്മം അറിയിപ്പാനായി | അനുമോദന്തേ | അനുമോദിക്കുന്നു |
| പ്രായഃ | പ്രായേണ സ്വയം | സ്തുവന്തി ച | പ്രശംസിക്കുകയും ചെയ്യുന്നു |

അ:— ഇത് എന്റെ മഹിമയെ കുറയ്ക്കുവാൻ കാരണമായതിനാൽ ഞാൻ എങ്ങിനെ ചെയ്യും എന്ന ചോദ്യത്തിനു് ഉത്തരം പറയുന്നു:—

30 നൈതാവതാ ഭഗവതഃ സ്വമായാമയവൃത്തിഭിഃ
ന ദുഷ്യേതാനുഭാവസ്തൈർമായിനഃ കുഹകം യഥാ

| | | | |
|---|---|---|---|
| ഏതാവതാ | ഇത് ലോകസംഗ്രഹമാത്രമായതുകൊണ്ട് | മായിനഃ | പ്രസിദ്ധനായ മായാവിയുടെ |
| സ്വമായാമയ | തന്റെ മായാമയ | കുഹകം | കപടം |
| വൃത്തിഭിഃ | വൃത്തികളുടെ | യഥാ | എങ്ങിനെ അവൻ മഹിമയെ |
| തൈഃ | നമസ്കാരം മുതലായവയാൽ | ന | ദൂഷിക്കുവാൻ ചെയ്യുന്നില്ലയോ |
| ഭഗവതഃ | മായിയായ ഭഗവാന്റെ | ന ദുഷ്യേത | അങ്ങിനെ ദൂഷിക്കുന്നില്ല |
| അനുഭാവഃ | മാഹാത്മ്യം | | |

31 സൃഷ്ട്വേദം മനസാ വിശ്വമാത്മനാനുപ്രവിശ്യ യഃ
ഗുണൈഃ കുർവ്വദ്ഭിരാഭാതി കർത്തേവ സ്വപ്നദൃഗ്യഥാ

| | | | |
|---|---|---|---|
| യഃ | ആരു് | ഗുണൈഃ | ഗുണങ്ങൾ |
| ഇദം വിശ്വം | ഈ പ്രപഞ്ചത്തിനെ | കുർവ്വദ്ഭിഃ | ചെയ്യുമ്പോൾ |
| മനസാ സൃഷ്ട്വാ | മനസാൽ സൃഷ്ടിച്ച് | സ്വപ്നദൃക് യഥാ | സ്വപ്നം കാണുന്നവൻ പോലെ |
| ആത്മനാ | ജീവരൂപത്തോടുകൂടി | കർത്താ ഇവ | കർത്താപോലെ |
| അനുപ്രവിശ്യ | അതിന്റെ ഉള്ളിൽ നുഴഞ്ഞു് | ആഭാതി | ഭാസിക്കുന്നുവോ |

32 തസ്മൈ നമോ ഭഗവതേ ത്രിഗുണായ ഗുണാത്മനേ
കേവലായാ ദ്വിതീയായ ഗുരവേ ബ്രഹ്മമൂർത്തയേ

| | | | |
|---|---|---|---|
| ത്രിഗുണായ | ഗുണത്രയങ്ങളോടു കൂടിയവനും | അദ്വിതീയായ | തന്നേപ്പോലെ രണ്ടാമത് ഒരാൾ ഇല്ലാത്തവനും |
| ഗുണാത്മനേ | എങ്കിലും ജീവൻ പോലെ ഗുണങ്ങൾക്ക് അധീനനാകാതെ ആ ഗുണങ്ങൾക്ക് നിയാമകനും | ഗുരവേ | എല്ലാവർക്കും ഗുരുവും |
| | | ബ്രഹ്മമൂർത്തയേ | വേദസ്വരൂപിയും |
| | | ഭഗവതേ | സർവ്വജ്ഞനുമായ |
| കേവലായ | ഒരുവനും | തസ്മൈ നമഃ | ആ വിധനായ അങ്ങേക്ക് നമസ്കാരം |

33 കം വൃണേ ന പരം ഭൂമൻ വരം ത്വദ്വരദർശനാത്
യദ്ദർശനാത് പൂർണ്ണകാമഃ സത്യകാമഃ പുമാൻ ഭവേത്

| | | | |
|---|---|---|---|
| യദ്ദർശനാത് | ഏതൊരുവിധമായ തങ്ങളുടെ ദർശനത്താൽതന്നെ | ഭവേത് | ഭവിക്കും |
| പുമാൻ | മനുഷ്യൻ | വരദർശനാത് | ആ വിധമായ ഉത്തമ ദർശനത്തോടു കൂടിയ |
| പൂർണ്ണകാമഃ | സർവ്വാനന്ദ സമൂഹരൂപനായും | ത്വത് | തങ്ങളിൽ നിന്ന് |
| സത്യകാമഃ | തന്റെ ഇച്ഛാനുസാരം സർവ്വാനന്ദത്തിനേയും പ്രാപിച്ചവനായും | പരം കം ന | വേറെ ഏതു വരം |
| | | വരം | തന്നേയാണ് |
| | | വൃണേ | ഞാൻ വരിക്കുക |

34 വരമേകം വൃണേഽഥാപി പൂർണ്ണാത് കാമാഭിവർഷണാത്
ഭഗവത്യച്യുതാം ഭക്തിം തത്പരേഷു തഥാ ത്വയി

| | | | |
|---|---|---|---|
| അഥാപി | എങ്കിലും | ഏകം വരം | ഒരുവരമായി |
| ഭഗവതി | ഭഗവാനിങ്കലും (ശ്രീവിഷ്ണുവിങ്കലും) | പൂർണ്ണകാമാഭിവർഷണാത് | പൂർണ്ണനും അഭീഷ്ടങ്ങളെ വർഷിക്കുന്നവനുമായ തങ്ങളിൽ നിന്ന് |
| തത്പരേഷു | അവരുടെ ഭക്തന്മാരിങ്കലും | | |
| തഥാ ത്വയി | അതുപോലെ ഭവാനിങ്കലും | | |
| അച്യുതാം ഭക്തിം | സ്ഥിരമായ ഭക്തിയെ | വൃണേ | പ്രാർത്ഥിക്കുന്നു (വരിക്കുന്നു) |

സൂത ഉവാച — സൂതർ പറയുന്നു —

35 ഇത്യർച്ചിതോഽഭിഷ്ടുതശ്ച മുനിനാ സൂക്തയാ ഗിരാ
തമാഹ ഭഗവാൻശർവ്വഃ ശർവ്വയാ ചാഭിനന്ദിതഃ

| | | | |
|---|---|---|---|
| ഇതി മുനിനാ | ഇപ്രകാരം മാർക്കണ്ഡേയരാൽ | ശർവ്വഃ | പരമേശ്വരൻ |
| സൂക്ത്യാ ഗിരാ | നല്ലവണ്ണം ഉച്ചരിക്കപ്പെട്ട വാക്കുകളാൽ | ശർവ്വയാ ച | പാർവ്വതിയാലും |
| അർച്ചിതഃ | പൂജിക്കപ്പെട്ടവരും | അഭിനന്ദിതഃ | അഭിനന്ദിക്കപ്പെട്ടവരായി |
| അഭിഷ്ടുതശ്ച | സ്തുതിക്കപ്പെട്ടവരും | തം | അവരെ നോക്കി |
| ഭഗവാൻ | സർവ്വജ്ഞനായ | ആഹ | ചുവടെ കാണുന്ന പ്രകാരം പറഞ്ഞു |

36 കാമോ മഹർഷേ സർവ്വോഽയം ഭക്തിമാംസ്ത്വമധോക്ഷജേ
ആകല്പാന്താദ്യശഃ പുണ്യമജരാമരതാ തഥാ

37 ജ്ഞാനം ത്രൈകാലികം ബ്രഹ്മൻ വിജ്ഞാനം ച വിരക്തിമത്
ബ്രഹ്മവർച്ചസ്വിനോ ഭൂയാത് പുരാണാചാര്യതാഽസ്തു തേ

| | | | |
|---|---|---|---|
| മഹർഷേ! | ഹേ മഹർഷേ! | തഥാ | അതുപോലെ |
| ത്വം | താങ്കൾ | അജരാമരതാ | ജരാമരണരഹിതരും |
| അധോക്ഷജേ | ശ്രീവിഷ്ണുവിങ്കൽ | ബ്രഹ്മവർച്ചസ്വിനഃ | ബ്രഹ്മവർച്ചസ്സോടുകൂടിയ താങ്കൾക്ക് |
| ഭക്തിമാൻ | ഭക്തിയുള്ളവർ | ഭൂയാത് | ഉണ്ടാകുമാറാകട്ടെ |
| അയം | ആയതുകൊണ്ട് | തേ | താങ്കൾക്ക് |
| സർവ്വഃ കാമഃ | ഈ സകല ആഗ്രഹങ്ങളും | പുരാണാചാര്യതാ | പുരാണാചാര്യനായിരിക്കുവാനുള്ള യോഗ്യത |
| ആകല്പാന്താത് | കല്പാന്തം വരെ | അസ്തു | ഉണ്ടാകട്ടെ |
| പുണ്യഃ യശഃ | പുണ്യമായ കീർത്തിയും | | |

സൂത ഉവാച — സൂതർ പറയുന്നു —

38 ഏവം വരാൻ സ മുനയേ ദത്ത്വാഽഗാത്ത്ര്യക്ഷ ഈശ്വരഃ
ദേവ്യൈ തത്കർമ്മ കഥയന്നനുഭൂതം പുരാമുനാ

| | | | |
|---|---|---|---|
| ഈശ്വരഃ | സർവ്വേശ്വരനായ | വരാൻ ദത്ത്വാ | വരങ്ങൾ നല്കി |
| സഃ ത്ര്യക്ഷഃ | ആ മൂന്നുനേത്രങ്ങളോടുകൂടിയവൻ | തത്കർമ്മ | അവരുടെ തപസ്സ് മുതലായ പ്രവൃത്തിയേയും |
| മുനയേ | മാർക്കണ്ഡേയമുനിക്ക് | അമുനാ | അവരാൽ |
| ഏവം | ഇപ്രകാരം | പുരാ | മുമ്പ് |

| | | | |
|---|---|---|---|
| അനുഭൂതം | അനുഭവിക്കപ്പെട്ട മായാവൈഭവത്തിനേയും | ദേവ്യൈ കഥയൻ | പാർവ്വതിക്ക് പറഞ്ഞു കൊണ്ട് |
| | | അഗാത് | പോയി |

39 സോഽപ്യവാപ്തമഹായോഗമഹിമാ ഭാഗവതോത്തമഃ
വിചരത്യധുനാഽപ്യദ്ധാ ഹരാവേകാന്തതാം ഗതഃ

| | | | |
|---|---|---|---|
| അവാപ്തമഹാ യോഗ മഹിമാ | മഹായോഗ മഹിമയെ പ്രാപിച്ചവനും | ഏകാന്തതാം ഗതഃ | ഏകാന്തഭക്തിലഭിച്ചവരായി |
| ഭാഗവതോ ത്തമഃ | ഭാഗവതന്മാരിൽ ശ്രേഷ്ഠനുമായ | അധുനാ അപി | ഇപ്പോഴുംകൂടി |
| സഃ അപി | ആ മാർക്കണ്ഡേയനും | വിചരതി | ലോകത്തിൽ സഞ്ചരിക്കുന്നു |
| ഹരൌ | ശ്രീഹരിയിങ്കൽ | അദ്ധാ | അദ്ഭുതം |

40 അനുവർണ്ണിതമേതത്തേ മാർക്കണ്ഡേയസ്യ ധീമതഃ
അനുഭൂതം ഭഗവതോ മായാവൈഭവമദ്ഭുതം

| | | | |
|---|---|---|---|
| ധീമതഃ | ബുദ്ധിമാനായ | ഭഗവതഃ | ഭഗവാന്റെ |
| മാർക്കണ്ഡേയസ്യ | മാർക്കണ്ഡേയന്റെ | അദ്ഭുതം | അദ്ഭുതാവഹമായ |
| ഏതത് | ഈ ചരിത്രവും | മായാ വൈഭവം | മായയുടെ വൈഭവവും |
| അനുഭൂതം | അവരാൽ അനുഭവിക്കപ്പെട്ട | തേ അനുവർണ്ണിതം | താങ്കൾക്ക് വിവരിക്കപ്പെട്ടു |

അവ— അപ്രകാരമാണെങ്കിൽ ഞങ്ങളുടെ കുലത്തിൽ ജനിച്ച അവക്ക് ഏഴ് കല്പകാലം ആയുസ്സ് ഉണ്ടെന്ന് മഹാന്മാർ പറഞ്ഞത് വ്യർത്ഥമാകുന്നുവല്ലോ എന്ന ചോദ്യത്തിന് ഉത്തരം പറയുന്നു

41 ഏതത് കേചിദവിദ്വാംസോ മായാ സംസൃതിമാത്മനഃ ।
അനാദ്യാവർത്തിതം നൃണാം കാദാചിത്കം പ്രചക്ഷതേ ॥

| | | | |
|---|---|---|---|
| നൃണാം | മനുഷ്യന്മാരുടെ | അവിദ്വാംസഃ | അറിവില്ലാത്ത |
| സംസൃതിം | സൃഷ്ടിപ്രളയ രൂപമായ പ്രപഞ്ചത്തിനെ | കേചിത് | ചിലർ |
| ആത്മനഃ | പരമാത്മാവിന്റെ | കാദാചിത്കം | ഈശ്വരേച്ഛയാൽ ഏതോ ഒരിക്കൽ ഉണ്ടായ |
| മായാ | മായാ എന്ന് | | |

| | | | |
|---|---|---|---|
| ഏതത് | മാർക്കണ്ഡേയരാൽ അനുഭവിക്കപ്പെട്ടതും പല കല്പരൂപമായതു മായ ഭഗവാന്റെ മായാവൈഭവത്തെ | അനാദ്യാവർത്തിതം | അനാദിയായി വളരെ കാലം തുടങ്ങി ആവർത്തിക്കപ്പെട്ടതായിട്ട് അതായത് രണ്ടായിരം ദേവയുഗങ്ങളുടെ കാലപരിണാമത്താൽ വീണ്ടും വീണ്ടും നടത്തപ്പെട്ടതായി |
| | | ആചക്ഷതേ | പറയുന്നു. |

വിദ്വാന്മാരാണെങ്കിൽ മായാ ശിശുവിന്റെ ശ്വാസോച്ഛ്വാസങ്ങളാൽ ഏഴു പ്രാവശ്യം അവരുടെ വയററിൽ പ്രവേശിപ്പാൻ വരുന്നതുകൊണ്ടും തിരിച്ച് പുറത്തുവരുന്നതുകൊണ്ടും അതേ ക്ഷണനേരത്തിൽ ഏഴുകല്പങ്ങളാം എന്നും പറയുന്നു. അതുകൊണ്ട് വിരോധമില്ല എന്നു താൽപര്യം.

42 യ ഏവമേതത് ഭൃഗുവര്യവർണ്ണിതം |
രഥാംഗപാണേരനുഭാവ ഭാവിതം
സംശ്രാവയേത്സംശൃണുയാദുതാവുഭൌ
തയോർ ന കർമ്മാശയ സംസൃതിർ ഭവേത് ||

| | | | |
|---|---|---|---|
| ഭൃഗുവര്യ | ഹേ ശൌനകരേ! | സംശൃണുയാത് | നല്ലവണ്ണം ശ്രവണം ചെയ്യുമോ |
| യഃ | ആരു് | ഉ | അഥവാ |
| രഥാംഗ പാണേഃ | ചക്രപാണിയുടെ | സംശ്രാവയേത് | നല്ലവണ്ണം കേൾക്കവാൻ ചെയ്യുമോ; |
| അനുഭാവ | മഹിമയോടു | തൌ ഉഭൌ | ആ രണ്ടുപേരും തന്നെ കൃതാർത്ഥന്മാർ |
| ഭാവിതം | കൂടിയതും | തയോഃ | ആ രണ്ടുപേർക്കും |
| ഏവം | ഇപ്രകാരം എന്നാൽ | കർമ്മാശയ | കർമ്മവാസനകൊണ്ടുണ്ടായ |
| വർണ്ണിതം | വർണ്ണിക്കപ്പെട്ടതുമായ | സംസൃതിഃ | സംസാരം |
| ഏതത് | ഈ ചരിത്രത്തിനെ | ന ഭവേത് | ഉണ്ടാകുകയില്ല |

ഇതി ശ്രീമദ്ഭാഗവതം മഹാപുരാണം ദ്വാദശസ്കന്ധം
പത്താമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകാഃ 13958 ദ്വാദശസ്കന്ധം ആദിതഃ ശ്ലോകാഃ 425

# ഏകാദശോഽധ്യായഃ 11

## പതിനൊന്നാം അദ്ധ്യായം

ഏകാദശേ തു പൂജാർത്ഥം മഹാപുരുഷവർണ്ണനം
രവിവ്യൂഹസ്യ ചാഖ്യാനം പ്രതിമാസം പൃഥക് പൃഥക്
യേനാമർത്ത്യത്വമാപന്നോ മർത്ത്യോഽപ്യസൌ ഭാർഗവോത്തമഃ
തം പൃച്ഛതി ക്രിയായോഗം സാംഗോപാംഗാദികല്പിതം

പതിനൊന്നാം അധ്യായത്തിൽ പൂജക്കായി കൊണ്ട് വിരാട് പുരുഷന്റെ വർണ്ണനവും പ്രതിമാസം പൃഥക് പൃഥകായി സൂര്യന്റെ വ്യൂഹവും വിവരിക്കപ്പെടുന്നു. മനുഷ്യനായി ഇരുന്ന മാർക്കണ്ഡേയൻ ഏതു ക്രിയാ യോഗം കൊണ്ട് മരണരഹിതമായ സ്ഥിതിയെ പ്രാപിച്ചുവോ ആ അംഗങ്ങളും ഉപാംഗങ്ങളും ഇവകളോട് അഭ്യസിപ്പിക്കപ്പെട്ട ക്രിയാ യോഗത്തിനെ ശൌനകർ ചോദിക്കുന്നു.

ശൌനക ഉവാച — ശൌനകർ പറയുന്നു —:

1 അഥേമമർത്ഥം പൃച്ഛാമോ ഭവന്തം ബഹുവിത്തമം |
സമസ്ത തന്ത്രരാദ്ധാന്തേ ഭവാൻ ഭാഗവതതത്ത്വവിത് ||

| | | | |
|---|---|---|---|
| ഭാഗവത | ഹേ ഭഗവത് ഭക്ത | ബഹുവിത്തമം | അനേക വിഷയങ്ങളെ അറിഞ്ഞവരിൽ ശ്രേഷ്ഠനായ |
| ഭവാൻ | താങ്കൾ | | |
| സമസ്തതന്ത്രരാദ്ധാന്തേ | സമസ്തമായ തന്ത്രശാസ്ത്രങ്ങളുടെ സിദ്ധാന്തങ്ങളിൽ | ഭവന്തം | താങ്കളോട് തന്നെ |
| തത്ത്വവിത് | തത്ത്വങ്ങളെ അറിഞ്ഞവർ | ഇമം അർത്ഥം | ഈ ക്രിയായോഗത്തിനെ സംബന്ധിച്ച് |
| അഥ | ആയതിനാൽ | പൃച്ഛാമഃ | ചോദിക്കുന്നു |

2 താന്ത്രികാഃ പരിചര്യായാം കേവലസ്യ ശ്രിയഃ പതേഃ |
അംഗോപാംഗായുധാകല്പം കല്പയന്തി യഥാ ച യൈഃ ||
3 തന്നോ വർണ്ണയ ഭദ്രം തേ ക്രിയായോഗം ബുഭുത്സതാം |
യേന ക്രിയാനൈപുണേന മർത്ത്യോ യായാദമർത്ത്യതാം ||

| | | | |
|---|---|---|---|
| താന്ത്രികാഃ | തന്ത്രമാർഗ്ഗത്തിനെ അവലംബിച്ചവർ | കേവലസ്യ | ചൈതന്യനായ |
| | | ശ്രിയഃ പതേഃ | ലക്ഷ്മീപതിക്ക് |
| പരിചര്യായാം | ഭഗവാനെ പൂജചെയ്യുവാൻ വേണ്ടി | യഥാ | എങ്ങിനെ |
| | | യൈഃ ച | ഏവകളെക്കൊണ്ടും |

| | |
|---|---|
| അംഗോപാംഗായുധാകല്പം | പാദം മുതലായ അംഗങ്ങളേയും ഗരുഡൻ മുതലായ ഉപാംഗങ്ങളേയും കൗസ്തുഭം മുതലായ ആഭരണങ്ങളേയും |
| കല്പയന്തി | കല്പിക്കുന്നുവോ |
| തത് | അതിനേയും |
| യേന | ഏതു് |
| ക്രിയാ നൈപുണേന | പൂജചെയ്യുന്നതിൽ നൈപുണ്യത്താൽ |
| മർത്യഃ | മരണധർമ്മമുള്ള മനുഷ്യൻ |
| അമർത്യതാം | മരണരാഹിത്യത്തിനെ (മോക്ഷത്തിനെ) |
| യായാത് | പ്രാപിക്കുമോ |
| ക്രിയായോഗം | ആ പൂജാവിധികളേയും |
| ബുഭുത്സതാം | അറിവാനിച്ഛിക്കുന്ന |
| നഃ | ഞങ്ങൾക്ക് |
| വർണ്ണയ | ഉപദേശിക്കേണം |
| തേ ഭദ്രം | താങ്കൾക്ക് ക്ഷേമമുണ്ടാകം |

സൂത ഉവാച — സൂതർ പറയുന്നു: —

4 നമസ്കൃത്യ ഗുരൂൻ വക്ഷ്യേ വിഭൂതീർവൈഷ്ണവീരപി ।
യാഃ പ്രോക്താ വേദതന്ത്രാഭ്യാമാചാര്യൈഃ പദ്മജാദിഭിഃ ॥

| | |
|---|---|
| പദ്മജാദിഭിഃ | ബ്രഹ്മദേവൻ മുതലായ |
| ആചാര്യൈഃ | ആചാര്യന്മാരാൽ |
| വേദതന്ത്രാഭ്യാം | വേദത്താലും, തന്ത്രശാസ്ത്രത്താലും |
| യാഃ | ഏതൊരു വിരാഡ് വിഗ്രഹാദികളേയും |
| പ്രോക്താഃ | ഉപദേശിക്കപ്പെട്ടുവോ |
| വൈഷ്ണവീഃ | വിഷ്ണുഭഗവാന്റെ |
| വിഭൂതീഃ അപി | ആ വിരാഡ്വിഗ്രഹാദികളേയും |
| ഗുരൂൻ | ആചാര്യന്മാരെ |
| നമസ്കൃത്യ | നമസ്കരിച്ച് |
| വക്ഷ്യേ | പറയാം |

5 മായാദ്യൈർ നവഭിസ്തത്ത്വൈഃ സ വികാരമയോ വിരാട് ।
നിർമ്മിതോ ദൃശ്യതേ യത്ര സചിത്കേ ഭുവനത്രയം ॥

| | |
|---|---|
| സചിത്കേ | ചൈതന്യാധിഷ്ഠിതമായ |
| യത്ര | ഏതൊരു വിരാഡ് രൂപത്തിൽ |
| ഭുവനത്രയം | ത്രിലോകവും |
| ദൃശ്യതേ | കാണപ്പെടുന്നുവോ |
| സഃ | ആ |
| വികാരമയഃ | പതിനൊന്ന് ഇന്ദ്രിയങ്ങൾ അഞ്ചുമഹാഭൂതങ്ങൾ ഇവകളായവ |
| വിരാട് | വിരാട് വിഗ്രഹം |
| മായാദ്യൈഃ | പ്രകൃതി, സൂത്രം, മഹത്, അഹങ്കാരം, പഞ്ചതന്മാത്രകൾ എന്ന |
| നവഭിഃ തത്ത്വൈഃ | ഒമ്പതു തത്ത്വങ്ങളാൽ |
| നിർമ്മിതഃ | നിർമ്മിക്കപ്പെട്ട |

6 ഏതദ്വൈ പൌരുഷം രൂപം ഭൂഃ പാദൌ ദ്യൌഃ ശിരോ നഭഃ ।
നാഭിഃ സൂര്യോഽക്ഷിണീ നാസേ വായുഃ കർണ്ണൌ ദിശഃ പ്രഭോഃ ॥
7 പ്രജാപതിഃ പ്രജനനമപാനോ മൃത്യുരീശിതുഃ ।
തദ്ബാഹവോ ലോകാപാലാ മനശ്ചന്ദ്രോഭ്രുവൌയമഃ ॥
8 ലജ്ജോത്തരോഽധരോ ലോഭോ ദന്താ ജ്യോത്സ്നാ സ്മയോ ഭ്രമഃ ।
രോമാണി ഭൂരുഹാ ഭൂമ്നോ മേഘാഃ പുരുഷ മൂർദ്ധജാഃ ॥

| | |
|---|---|
| ഏതത് വൈ | ഇതു തന്നെയാണ് |
| പൌരുഷം | വിരാഡ് പുരുഷന്റേതായ |
| രൂപം | രൂപം |
| പ്രഭോഃ | വിരാഡ് പുരുഷന്റ് |
| ഭൂഃ പാദൌ | ഭൂമി പാദങ്ങളായും |
| ദ്യൌഃ ശിരഃ | ദ്യുലോകം ശിരസ്സായും |
| നഭഃ നാഭിഃ | ആകാശം നാഭിയായും |
| സൂര്യഃ അക്ഷിണീ | സൂര്യൻ രണ്ടുകണ്ണുകളായും |
| വായുഃ നാസേ | വായു നാസികകളായും |
| ദിശഃ കർണ്ണൌ | ദിക്കുകൾ ഇരുചെവികളായും |
| പ്രജാപതിഃ | പ്രജാപതി |
| പ്രജനനം | ആൺകുറിയായും |
| ഈശിതുഃ | സർവ്വേശ്വരന്റ് |
| മൃത്യുഃ | മൃത്യു അപാനനായും |
| ലോകപാലാഃ | ലോകപാലന്മാർ |
| തദ്ബാഹവഃ | അവരുടെ കരങ്ങളായും |
| ചന്ദ്രഃ മനഃ | ചന്ദ്രൻ മനസായും |
| യമഃ ഭ്രുവൌ | യമൻ പുരുവങ്ങളായും |
| ലജ്ജാ ഉത്തരഃ | ലജ്ജാ മേൽചുണ്ടായും (ഓഷ്ഠം) |
| ലോഭഃ അധരഃ | ലോഭം കീഴ്ചുണ്ടായും (അധരം) |
| ജ്യോത്സ്ന ദന്താഃ | നിലാവ് ദന്തങ്ങളായും |
| ഭ്രമഃ സ്മയഃ | ഭ്രമഃ പുഞ്ചിരിയായും |
| ഭൂമ്നഃ | സർവ്വവ്യാപിയായ സൂര്യന്റ് |
| ഭൂരുഹാഃ രോമാണി | മരങ്ങൾ രോമങ്ങളായും |
| മേഘാഃ | മേഘങ്ങൾ |
| പുരുഷമൂർദ്ധജാഃ | പുരുഷന്റെ കേശങ്ങളായും ഭവിക്കുന്നു |

9 യാവാനയം വൈ പുരുഷോ യാവത്യാ സംസ്ഥയാ മിതഃ ।
താവാനസാവപി മഹാപുരുഷോ ലോകസംസ്ഥയാ ॥

| | |
|---|---|
| അയം പുരുഷഃ | ഈ വ്യഷ്ടിശരീരമായത് |
| യാവത്യാ സംസ്ഥയാ | എത്ര അവയവ സന്നിവേശം കൊണ്ട് |
| യാവാൻ വൈ മിതഃ | എത്ര അളവുള്ളതായി അളക്കപ്പെട്ടിട്ടുള്ളതോ |
| അസൌ മഹാപുരുഷഃ അപി | ആ സമഷ്ടിശരീരമായ മഹാപുരുഷനും |
| ലോകസംസ്ഥയാ | ലോകങ്ങളാകുന്ന അവയവങ്ങളുടെ സംസ്ഥയാൽ |
| താവാൻ | അത്ര അളവുള്ളതായി |
| മിതഃ | അളക്കപ്പെട്ടിരിക്കുന്നു. |

10 കൌസ്തുഭവ്യപദേശേന സ്വാത്മജ്യോതിർബിഭർത്ത്യജഃ ।
തത് പ്രഭാ വ്യാപിനീ സാക്ഷാച്ഛ്രീവത്സമുരസാ പ്രഭുഃ ॥

| | | | |
|---|---|---|---|
| അജഃ | ജനനമില്ലാത്ത | തത്പ്രഭാ | ആ കൌസ്തുഭത്തിന്റെ ഏതൊരു പ്രഭ ഉണ്ടോ |
| പ്രഭുഃ | ആ പ്രഭു | സാക്ഷാത് | അതിനെത്തന്നെ |
| കൌസ്തുഭവ്യപദേശേന | കൌസ്തുഭം എന്ന പേരാൽ | ശ്രീവത്സം | സാക്ഷാത് ശ്രീവത്സമായി |
| സ്വാത്മജ്യോതിഃ | ശുദ്ധജീവചൈതന്യത്തിനേയും | ഉരസാ | മാറിടം കൊണ്ട് |
| വ്യാപിനീ | വ്യാപിച്ചിരിക്കുന്ന | ബിഭർത്തി | ധരിക്കുന്നു |

11 സ്വമായാം വനമാലാഖ്യാം നാനാഗുണമയീം ദധത് ।
വാസശ്ഛന്ദോമയം പീതം ബ്രഹ്മസൂത്രം ത്രിവൃത്സ്വരം ॥

| | | | |
|---|---|---|---|
| നാനാഗുണമയീം | പലവിധമായ ഗുണങ്ങളാൽ നിറഞ്ഞ | ഛന്ദോമയം | വേദസ്വരൂപമായ |
| സ്വമായാം | തന്റെ മായയെ | പീതം വാസഃ | മഞ്ഞവസ്ത്രത്തേയും |
| വനമാലാഖ്യം | വനമാല എന്ന പേരോടു കൂടിയ മാലയായും | ത്രിവൃത്സ്വരം | മൂന്നുമാത്രകളോടുകൂടിയ പ്രണവത്തെ |
| | | ബ്രഹ്മസൂത്രം | ബ്രഹ്മസൂത്രമായും |
| | | ദധത് | ധരിക്കുന്നു |

12 ബിഭർത്തി സാംഖ്യം യോഗം ച ദേവോ മകരകുണ്ഡലേ ।
മൌലിം പദം പാരമേഷ്ഠ്യം സർവ്വലോകാഭയങ്കരം ॥

| | | | |
|---|---|---|---|
| ദേവഃ | സർവ്വേശ്വരൻ | സർവ്വലോകാഭയങ്കരം | സകലലോകങ്ങൾക്കും അഭയം നല്കുന്ന |
| സാംഖ്യം | സാംഖ്യത്തേയും | പാരമേഷ്ഠ്യം പദം | ബ്രഹ്മലോകത്തെ |
| യോഗം ച | യോഗത്തേയും | മൌലിം | കിരീടമായും |
| മകരകുണ്ഡലേ | രണ്ട് മകരകുണ്ഡലങ്ങളായും | ബിഭർത്തി | ധരിക്കുന്നു. |

13 അവ്യാകൃതമനന്താഖ്യമാസനം യദധിഷ്ഠിതഃ
ധർമ്മജ്ഞാനാദിഭിര്യുക്തം സത്ത്വം പദ്മമിഹോച്യതേ

| | | | |
|---|---|---|---|
| അനന്താഖ്യം | അനന്തൻ എന്ന പേരോടുകൂടിയ | അധിഷ്ഠിതഃ | ഉപവിഷ്ടനായിരിക്കുന്നുവോ |
| യത് ആസനം | ഏതൊരു ആസനത്തിൽ | അവ്യാകൃതം | അവ്യാകൃതമായ പ്രധാനം എന്നും |

| | | | |
|---|---|---|---|
| ധർമ്മജ്ഞാനാദിഭിഃ | ധർമ്മം, ജ്ഞാനം, മുതലായവയോട് | പദ്മം | അവരുടെ ആസനം പദ്മം എന്നും |
| യുക്തം സത്വം | കൂടിയ സത്വഗുണം എന്നത് | ഇഹ ഉച്യതേ | ഈ പൂജാവിധിയിൽ പറയപ്പെടുന്നു. |

14 ഓജസ്സഹോ ബലയുതം മുഖ്യതത്ത്വം ഗദാം ദധത് |
അപാം തത്ത്വം ദരവരം തേജസ്തത്ത്വം സുദർശനം ||

15 നഭോനിഭം നഭസ്തത്ത്വമസിം ചർമ്മ തമോമയം |
കാലരൂപം ധനുഃ ശാർങ്ഗം തഥാ കർമ്മ മയേഷുധിം ||

| | | | |
|---|---|---|---|
| ഓജസ്സഹോ ബലയുതം | ദേഹബലം, ഇന്ദ്രിയ ബലം, മനോബലം ഇവകളോട് | നഭസ്തത്ത്വം | നഭസ്തത്ത്വമായ |
| | | അസിം | വാളിനേയും |
| | | തമോമയം ചർമ്മ | തമോഗുണമായ പരിചയേയും |
| മുഖ്യതത്ത്വം | പ്രാണതത്ത്വമാകുന്ന | കാലരൂപം | കാലരൂപമായ |
| ഗദാം | ഗദയേയും | ശാർങ്ഗം ധനുഃ | ശാർങ്ഗം എന്ന വില്ലിനേയും |
| അപാം തത്ത്വം | ജലതത്ത്വമായ | | |
| ദരവരം | ശംഖത്തെയും | തഥാ കർമ്മ | അതുപോലെ കർമ്മ |
| തേജസ്തത്ത്വം | തേജസ്തത്ത്വമായ | മയേഷുധിം | മയമായ അമ്പുകളേയും |
| സുദർശനം | സുദർശനത്തേയും | | |
| നഭോനിഭം | ആകാശത്തിനുതുല്യമായ (നീല നിറം) | ദധത് | ധരിച്ചും കൊണ്ടിരിക്കുന്ന |

16 ഇന്ദ്രിയാണി ശരാനാഹുരാകൂതിരസ്യ സ്യന്ദനം |
തന്മാത്രാണ്യസ്യാഭിവ്യക്തിം മുദ്രയാർത്ഥ ക്രിയാത്മതാം ||

| | | | |
|---|---|---|---|
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളെ | അഭിവ്യക്തിം | വെളിയിൽ തോന്നുന്ന രൂപമെന്നും |
| ശരാൻ | ബാണങ്ങൾ എന്നും | ആഹുഃ | പറയുന്നു. |
| ആകൂതിഃ | ക്രിയാശക്തിയോടു കൂടിയ മനസ്സിനെ | മുദ്രയാ | അഭയം, വരദാനം മുതലായ മുദ്രയാൽ |
| അസ്യ | അവരുടെ തേര് | അർത്ഥക്രിയാ | അഭയദാനം, വരദാ |
| സ്യന്ദനം | എന്നും (രഥം എന്നും) | ത്മതാം | നം മുതലായ ക്രിയകളേയും ഭാവിക്കേണ്ട–താകുന്നു |
| തന്മാത്രാണി | പഞ്ചതന്മാത്രകൾ | | |
| അസ്യ | ആ രഥത്തിന്റെ | | |

17 മണ്ഡലം ദേവയജനം ദീക്ഷാസംസ്കാര ആത്മനഃ |
പരിചര്യാ ഭഗവതഃ ആത്മനോ ദുരിതക്ഷയഃ ||

| | | | |
|---|---|---|---|
| ദേവയജനം | ദേവനെ പൂജിക്കുന്ന സ്ഥലം | ദീക്ഷാ | ആചാര്യൻ ചെയ്യുന്ന മന്ത്രദീക്ഷാ |
| മണ്ഡലം | സൂര്യ മണ്ഡലമെന്ന് | ആത്മനാ | തനിക്ക് |

| | | | |
|---|---|---|---|
| സംസ്കാര: | ദേവനെ പൂജചെയ്യുവാനുള്ള യോഗ്യത എന്നും | ആത്മന: | തന്റെ |
| ഭഗവതാ | ഭഗവാന് | ദുരിതക്ഷയ: | പാപങ്ങളുടെ നാശത്തിനായ് |
| പരിചര്യാ | ചെയ്യുന്ന പൂജ | | കൊണ്ടെന്നു് ഭാവിക്കേണ്ടതാകുന്നു |

18 ഭഗവാൻ ഭഗശബ്ദാർത്ഥം ലീലാകമലമുദ്വഹൻ |
ധർമ്മം യശശ്ച ഭഗവാംശ്ചാമര വ്യജനേഽഭജത് ||

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീ ഭഗവാൻ | ഭഗവാൻ | (ജ്ഞാനാദിഷഡ്ഗുണോപേതനായ) ശ്രീ ഭഗവാൻ |
| ഭഗശബ്ദാർത്ഥം | ഭഗശബ്ദാർത്ഥമായ ജ്ഞാനം മുതലായവയുടെ രൂപമായ | ധർമ്മ: യശ: ച | ധർമ്മത്തിനേയും യശസ്സിനേയും |
| ലീലാകമലം | ലീലാകമലത്തിനെ | ചാമര | വെൺചാമരമായും, |
| ഉദ്വഹൻ | ധരിച്ചുകൊണ്ടിരിക്കുന്ന | വ്യജനേ | വിശറിയായും |
| | | അഭജത് | ധരിച്ചു |

19 ആതപത്രം തു വൈകുണ്ഠം ദ്വിജാ ധാമാകുതോഭയം |
ത്രിവൃദ്വേദ: സുപർണ്ണാഖ്യോ യജ്ഞം വഹതി പൂരുഷം ||

| | | | |
|---|---|---|---|
| ദ്വിജാ: | ഹേ ബ്രാഹ്മണരെ ! | ത്രിവൃത് | ഋഗ്, യജുസ്, സാമമെന്നു് മൂന്നു വിധമായ |
| വൈകുണ്ഠം | വൈകുണ്ഠം | | |
| ആതപത്രം തു | കുടയായും | വേദ: | വേദം |
| അകുതോഭയം | കൈവല്യം | യജ്ഞം പുരുഷം | യജ്ഞപുരുഷനെ |
| ധാമ | വീടായും ഭവിക്കുന്നു | വഹതി | വഹിക്കുന്നു (വെളിപ്പെടുത്തുന്നു) |
| സുപർണ്ണാഖ്യ: | ഗരുഡരൂപമായ | | |

20 അനപായിനീ ഭഗവതീ ശ്രീ: സാക്ഷാദാത്മനോ ഹരേ: |
വിഷ്വക്സേനസ്തന്ത്രമൂർത്തി വിദിത: പാർഷദാധിപ: ||
നന്ദാദയോഷ്ടൌ ദ്വാ:സ്ഥാശ്ച തേഽണിമാദ്യാ ഹരേർഗ്ഗുണാ: ||

| | | | |
|---|---|---|---|
| ശ്രീ: | ശ്രീദേവി | തന്ത്രമൂർത്തി: | പാഞ്ചരാത്രം മുതലായ ആഗമരൂപിയായ |
| സാക്ഷാത് ആത്മന: | സ്വസ്വരൂപഭൂതനായ | | |
| ഹരേ: | ശ്രീഹരിയുടെ | വിഷ്വക്സേന: | വിഷ്വക്സേനൻ |
| അനപായിനീ | എന്നും വിട്ടുപിരിഞ്ഞു പോകാത്ത (നിത്യയായ) | പാർഷദാധിപ: | പാർഷദന്മാരുടെ അധിപൻ |
| | | വിദിത: | എന്നു് അറിയപ്പെടുന്നു. |

| | | | |
|---|---|---|---|
| അണിമാദ്യാഃ | അണിമാദികളായ | ഹരേഃ | ശ്രീഹരിയുടെ |
| അഷ്ടൗ ഗുണാഃ | ഏതൊരു എട്ടുഗുണങ്ങളുണ്ടോ | നന്ദാദ്യാഃ | നന്ദൻ മുതലായ |
| തേ | അവ | ദ്വാഃസ്ഥാഃ ച | ദ്വാരപാലകന്മാരാകുന്നു |

21 വാസുദേവഃ സങ്കർഷണഃ പ്രദ്യുമ്നഃ പുരുഷഃ സ്വയം |
അനിരുദ്ധ ഇതി ബ്രഹ്മൻ മൂർത്തി വ്യൂഹോഽഭിധീയതേ ||

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷിയെ! | പ്രദ്യുമ്നഃ | പ്രദ്യുമ്നൻ |
| പുരുഷഃ | പരമാത്മാ | അനിരുദ്ധഃ ഇതി | അനിരുദ്ധൻ എന്നു |
| സ്വയം | ഒരുത്തൻ തന്നേയാണു് | മൂർത്തി വ്യൂഹഃ | മൂർത്തികളുടെ സമൂഹമായി |
| വാസുദേവഃ | വാസുദേവൻ | അഭിധീയതേ | പറയപ്പെടുന്നു. |
| സങ്കർഷണഃ | സങ്കർഷണൻ | | |

22 സ വിശ്വസ്തൈജസഃ പ്രാജ്ഞസ്തുരീയ ഇതി വൃത്തിഭിഃ |
അർത്ഥേന്ദ്രിയാശയജ്ഞാനൈർ ഭഗവാൻ പരിഭാവ്യതേ ||

| | | | |
|---|---|---|---|
| സഃ ഭഗവാൻ | ആ ഭഗവാൻതന്നെ | വൃത്തിഭിഃ | ജാഗ്രത, സ്വപ്നം സുഷുപ്തി, തുരീയാവസ്ഥ എന്ന അവസ്ഥകളാൽ ക്രമത്തിൽ |
| അർത്ഥേന്ദ്രിയാശയജ്ഞാനൈഃ | വെളിവിഷയങ്ങൾ, മനസ്സു് ഈ രണ്ടിന്റെ സംസ്കാരത്തോടു് അജ്ഞാനം എന്ന ഉപാധികളാൽ ഉണ്ടാകുന്ന | വിശ്വഃ | വിശ്വൻ |
| | | തൈജസഃ | തൈജസൻ |
| | | പ്രാജ്ഞഃ | പ്രാജ്ഞൻ |
| | | തുരീയഃ | തുരീയൻ |
| | | ഇതി | എന്ന ശബ്ദങ്ങളാൽ |
| | | പരിഭാവ്യതേ | അറിയപ്പെടുന്നു. |

23 അംഗോപാംഗായുധാകല്പൈർഭഗവാംസ്തച്ചതുഷ്ടയം |
ബിഭർത്തി സ്മ ചതുർമ്മൂർത്തിർ ഭഗവാൻ ഹരിരീശ്വരഃ ||

| | | | |
|---|---|---|---|
| അംഗോപാംഗായുധാകല്പൈഃ | പാദം മുതലായ അംഗങ്ങളോടും ഗരുഡൻ മുതലായ ഉപാംഗങ്ങളോടും, സുദർശനം മുതലായ ആയുധങ്ങളോടും, കൌസ്തുഭം മുതലായ ആഭരണങ്ങളോടും കൂടിയ | ഭഗവാൻ | സർവ്വേശ്വരനായ |
| | | ഹരിഃ | ശ്രീഹരി |
| | | ചതുർമ്മൂർത്തിഃ (സൻ) | വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്ന നാലുമൂർത്തികളോടു കൂടിയവരായി തന്നെ |
| | | തത് | വിശ്വൻ, തൈജ |

| | | | |
|---|---|---|---|
| ചതുഷ്ടയം | സൻ, പ്രാജ്ഞൻ, തുരീയൻ, എന്ന രൂപചതുഷ്ടയങ്ങളേയും | ബിഭർത്തി സ്മ | ധരിക്കുന്നു. (ധരിച്ചു) |

വിശ്വാദി അവസ്ഥയിലുംകൂടി അവക്ക് നിയാമകനായ ഭഗവാന്ന് ജീവഭാവമില്ല എന്ന് പറയുന്നു: —

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വശക്തനായ ഭഗവാൻ വിശ്വാദി രൂപം ധരിച്ചാലുംകൂടി | ഈശ്വരഃ | എല്ലാററിനും ഈശ്വരൻ തന്നെയാകുന്നു. |

24 ദ്വിജഋഷഭ സ ഏഷ ബ്രഹ്മയോനി സ്വയം ദൃക്
സ്വമഹിമപരിപൂർണ്ണോ മായയാ ച സ്വയൈതത് ।
സൃജതി ഹരതി പാതീത്യാഖ്യയാഽനാവൃതാക്ഷോ
വിവൃത ഇവ നിരുക്തസ്തത്പരൈരാത്മലഭ്യഃ ॥

| | | | |
|---|---|---|---|
| ദ്വിജഋഷഭ | ഹേ ബ്രാഹ്മണശ്രേഷ്ഠ | ഇതി ആഖ്യയാ എന്നതുകൊണ്ട് | |
| ബ്രഹ്മയോനിഃ | വേദങ്ങൾക്കുകാരണനും | അനാവൃതാക്ഷഃ | ബ്രഹ്മാ, രുദ്രൻ, വിഷ്ണു എന്നപേരു കൊണ്ട് മറക്കപ്പെടാത്ത ജ്ഞാനസമ്പന്നനായ് ഇരുന്നിട്ടുംകൂടി |
| സ്വയം ദൃക് | സ്വ പ്രകാശനും | നിവൃതഃ | ഇവ |
| സ്വമഹിമ പരിപൂർണ്ണഃ | തന്റെ മഹിമ കൊണ്ട് സകല സ്ഥലങ്ങളിലും നിറഞ്ഞിരിക്കുന്നവനുമായ | നിരുക്തഃ | വ്യത്യാസമുള്ളവനേപോലെ ശാസ്ത്രങ്ങളാൽ പറയപ്പെടുന്നു. (പക്ഷേ വ്യത്യാസപ്പെട്ടവൻ അല്ല) |
| സഃ | ആ | | |
| ഏഷഃ | ഭഗവാൻ ഒരുത്തൻ തന്നെ | | |
| സ്വയയാ | തന്റെ | തത്പരൈഃ | എന്തുകൊണ്ടെന്നാൽ ആത്മാനുഭവത്തിൽ ലയിച്ചിരിക്കുന്നതിനാൽ |
| മായയാ | മായയാൽ | | |
| ഏതത് | ഈ പ്രപഞ്ചത്തിനെ | | |
| സൃജതി | സൃഷ്ടിക്കുന്നു, | | |
| ഹരതി | നശിപ്പിക്കുന്നു, | ആത്മലഭ്യഃ | ആത്മാ എന്ന് അറിയപ്പെടുന്നു. |
| പാതി | രക്ഷിക്കുന്നു, | | |

25 ശ്രീകൃഷ്ണ കൃഷ്ണസഖ വൃഷ്ണ്യൃഷഭാവനിധ്രുഗ്രാജന്യ
വംശദഹനാനപവർഗ്ഗവീര്യ ।
ഗോവിന്ദ ഗോപവനിതാ വ്രജഭൃത്യഗീത-
തീർത്ഥ ശ്രവഃ ശ്രവണമംഗള പാഹി ഭൃത്യാൻ

| | |
|---|---|
| കൃഷ്ണസഖ | അർജ്ജുനസഖാവും |
| വൃഷ്ണിഋഷഭ | വൃഷ്ണികളിൽ ഉത്തമനും |
| അവനിധ്രുഗ്രാജന്യവംശദഹന | ഭൂമിക്ക് ദ്രോഹം ചെയ്യുന്ന രാജാക്കന്മാരുടെ വംശമാകുന്ന മുളകൾക്ക് അഗ്നിയും |
| അനപവർഗ്ഗവീര്യ | കുറയാത്ത വീര്യമുള്ളവരും |
| ഗോവിന്ദ | പശുക്കളെ കാത്തവരും |
| ഗോപവനിത | ഗോപസ്ത്രീകൂട്ടങ്ങളാ |
| വ്രജ ഭൃത്യഗീത | ലും നാരദർ മുതലായ |
| തീർത്ഥശ്രവ: | ഭൃത്യന്മാരാലും പാടപ്പെട്ട പുണ്യകീർത്തിയോടു കൂടിയവരും |
| ശ്രവണമംഗള: | ശ്രവണം മാത്രത്തിൽ മംഗളപ്രദരുമായ |
| ശ്രീകൃഷ്ണ | ഹേ! ശ്രീകൃഷ്ണ! |
| ഭൃത്യാൻ | തങ്ങളുടെ ഭക്തന്മാരെ |
| പാഹി | രക്ഷിക്കേണം. |

ഇഹ മഹാപുരുഷലക്ഷണത്തിനെ ജപിക്കുന്നതിനു തന്നെ ബ്രഹ്മജ്ഞാനം ഫലം എന്നു പറയുന്നു.

26 യ ഇദം കല്യ ഉത്ഥായ മഹാപുരുഷലക്ഷണം |
തച്ചിത്ത: പ്രയതോ ജപ്ത്വാ ബ്രഹ്മ വേദ ഗുഹാശയം ||

| | |
|---|---|
| കല്യ | ഉഷഃ കാലത്തിൽ |
| ഉത്ഥായ | എണീററ് |
| യ: | ആര് |
| തച്ചിത്ത: | ഭഗവാനിങ്കൽ മനസ്സിനെ ലയിപ്പിച്ചവനായും |
| പ്രയത: | ശുചിയായുമിരിക്കുന്നുവോ അവൻ |
| മഹാപുരുഷലക്ഷണം | ഈ മഹാപുരുഷലക്ഷണത്തിനെ |
| ജപ്ത്വാ | ജപിച്ച് |
| ഗുഹാശയം | ഹൃദയത്തിലിരിക്കുന്ന |
| ബ്രഹ്മ വേദ | ബ്രഹ്മത്തിനെ അറിയുന്നു. |

ശൌനക ഉവാച – ശൌനകർ ചോദിക്കുന്നു

27 ശുകോ യദാഹ ഭഗവാൻ വിഷ്ണുരാതായ ശൃണ്വതേ |
സൌരോ ഗണോ മാസി മാസി നാനാ വസതി സപ്തക: |

28 തേഷാം നാമാനി കർമ്മാണി സംയുക്താനാമധീശ്വരൈ: |
ബ്രൂഹി ന: ശ്രദ്ധധാനാനാം വ്യൂഹം സൂര്യാത്മനോ ഹരേ: ||

| | |
|---|---|
| സൌര: | സൂര്യസംബന്ധരായ |
| സപ്തക: | 1 ഋഷികൾ 2 ഗന്ധർവ്വന്മാർ 3 അപ്സരസ്സുകൾ 4 നാഗന്മാർ 5 ഗ്രാമണിമാർ 6 രാക്ഷസന്മാർ 7 ദേവന്മാർ എന്ന ഏഴുപേർ ഉൾപ്പെട്ട |
| ഗണ: | സമൂഹം |
| മാസി മാസി | ഒരോ മാസവും |
| നാനാ വസതി | പല വിധമായിരിക്കുന്നു. |
| യത് | എന്ന് ഏതൊന്നുണ്ടോ അതിനെ |
| ഭഗവാൻ ശുക: | സർവ്വജ്ഞനായ ശുകൻ |

| | | | |
|---|---|---|---|
| ശൃണ്വതേ | ശ്രവണം ചെയ്യുന്ന | നാമാനി | പേരുകളേയും |
| വിഷ്ണുരാതായ | പരീക്ഷിത്തു മഹാരാജന്നു് | കർമ്മാണി | പ്രവൃത്തികളേയും |
| ആഹ | ഉപദേശിച്ചുവോ | സൂര്യാത്മനഃ | സൂര്യസ്വരൂപിയായ |
| അധീശ്വരേഃ | അവരവരുടെ അധിപതികളോടു് | ഹരേഃ വ്യൂഹം | ശ്രീഹരിയുടെ വ്യാപ്തിയേയും |
| സംയുക്താനാം | കൂടിയ | ശ്രദ്ദധാനാം | വളരെ ശ്രദ്ധയോടെ ഇരിക്കുന്ന |
| തേഷാം | ആ ഏഴു ഗണങ്ങളോടും | നഃ ബ്രൂഹി | ഞങ്ങാം ഉപദേശിക്കേണം |

സൌര വിഭാഗത്തിനെ പറയുവാൻ ആദ്യം സൂര്യ സ്വരൂപത്തിനെ പറയുന്നു.

സൂത ഉവാച:— സൂതർ പറയുന്നു:—

29 അനാദ്യവിദ്യയാ വിഷ്ണോരാത്മന: സർവ്വദേഹിനാം ।
നിർമ്മിതോ ലോകതന്ത്രോƒയം ലോകേഷു പരിവർത്തതേ ॥

| | | | |
|---|---|---|---|
| സർവ്വദേഹിനാം | സകല പ്രാണികളുടേയും | നിർമ്മിത | നിർമ്മിക്കപ്പെട്ട |
| ആത്മന: | അന്തരാത്മാവായ | അയം | ഈ സൂര്യൻ |
| വിഷ്ണോ: | ശ്രീ വിഷ്ണു ഭഗവാൻെറ | ലോകതന്ത്രഃ | ലോകയാത്രയെ നിർവഹിക്കുന്നവനായി |
| അനാദ്യ വിദ്യയാ | അനാദിയായ മായയാൽ | ലോകേഷു | ലോകങ്ങളിൽ |
| | | പരിവർത്തതേ | സഞ്ചരിക്കുന്നു |

30 ഏക ഏവ ഹി ലോകാനാം സൂര്യ ആത്മാƒƒദികൃദ്ധരിഃ ।
സർവ്വവേദ ക്രിയാ മൂല മൃഷിഭിർ ബഹുധോദിതഃ ॥

| | | | |
|---|---|---|---|
| ലോകാനാം | ചരാചര പ്രപഞ്ചങ്ങാക്കു് | സർവ്വവേദ | വേദോക്തമായ |
| ആത്മാ | അന്തരാത്മാവും | ക്രിയാമൂലം | സകല ക്രിയകാക്കും മൂലകാരണമായതുകൊണ്ടു് അതു സംബന്ധിച്ചു് |
| ആദി കൃത് | സൃഷ്ടികർത്താവുമായ | | |
| ഹരിഃ ഏവ | ശ്രീ ഹരി തന്നേയാണു് | ഋഷിഭി | ഋഷികളാൽ |
| ഏകഃ സൂര്യൻ | ഒരേ സൂര്യൻ | ബഹുധാ | പലവിധമായി |
| ഹി | ഇതു പ്രസിദ്ധം | ഉദിതാഃ | പറയപ്പെടുന്നു |

കാലരൂപിയായ ശ്രീഹരി പന്ത്രണ്ടു് ആദിത്യ രൂപമായ ഭേദം ക്രിയ ഭേദത്താൽ ഉണ്ടായി എന്നു് കാണിക്കുവാനായി ആദ്യം സർവ്വകർമ്മങ്ങളുടേയും പ്രവൃത്യർത്ഥം മായാകൃതമായ ഒമ്പതു ഭേദത്തിനെ പറയുന്നുഃ—

31 കാലോ ദേശഃ ക്രിയാ കർത്താകരണം കാര്യമാഗമഃ ।
ദ്രവ്യം ഫലമിതി ബ്രഹ്മന്നവധോക്തോऽജയാഹരിഃ ॥

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ ! |
| ഹരിഃ | ശ്രീഹരി |
| മായയാ | മായയാൽ |
| കാലഃ | പ്രാതഃകാലം മുതലായ കാലം |
| ദേശഃ | സമമായ സ്ഥലം മുതലായ ദേശം |
| ക്രിയാ | അനുഷ്ഠാനം |
| കർത്താ | ബ്രാഹ്മണൻ മുതലായ കർത്താ |
| കരണം | സ്രുക്ക് മുതലായ ഉപകരണം |
| കാര്യം | ചെയ്യേണ്ടുന്ന യാഗം മുതലായ കാര്യം |
| ആഗമഃ | മന്ത്രം മുതലായവ |
| ദ്രവ്യം | നെല്ല് മുതലായ ദ്രവ്യം |
| ഫലം ഇതി | സ്വർഗ്ഗം മുതലായ ഫലമെന്നീവിധം |
| നവധാ | ഒമ്പതു വിധമായി |
| ഉക്തഃ | പറയപ്പെട്ടിരിക്കുന്നു. |

32 മധ്വാദിഷു ദ്വാദശസു ഭഗവാൻ കാലരൂപധൃക് ।
ലോകതന്ത്രായ ചരതി പൃഥഗ് ദ്വാദശഭിർഗണൈഃ ॥

| | |
|---|---|
| കാലരൂപധൃക് | കാലരൂപധാരിയായ |
| ഭഗവാൻ | ഭഗവാൻ |
| മധ്വാദിഷു | ചൈത്രം മുതലായ |
| ദ്വാദശസു | പന്ത്രണ്ടുമാസങ്ങളിൽ |
| ലോകതന്ത്രായ | ലോകയാത്ര നടപ്പാനായികൊണ്ട് |
| ദ്വാദശഭിഃ | പന്ത്രണ്ട് |
| ഗണൈഃ | ഗണമായി |
| പൃഥഗ് ചരതി | തനിച്ച് സഞ്ചരിക്കുന്നു. |

33 ധാതാ കൃതസ്ഥലീ ഹേതിർവാസുകീ രഥകൃന്മുനേ ।
പുലസ്ത്യസ്തുംബുരുരിതിമധുമാസം നയന്ത്യമീ ॥

| | |
|---|---|
| മുനേ | ഹേ മുനിയെ ! |
| ധാതാ | ധാതാ എന്ന സൂര്യൻ |
| കൃതസ്ഥലീ | കൃതസ്ഥലീ എന്ന അപ്സരസ് |
| ഹേതിഃ | ഹേതി എന്ന രാക്ഷസൻ |
| വാസുകീ | വാസുകീ എന്ന നാഗൻ |
| രഥകൃത് | രഥകൃത് എന്ന യക്ഷൻ |
| പുലസ്ത്യഃ | പുലസ്ത്യൻ എന്ന ഋഷി |
| തുംബുരു | തുംബുരു എന്ന ഗന്ധർവ്വൻ |
| ഇതി അമീ | എന്ന ഇവർ |
| മധുമാസം | ചൈത്രമാസത്തിനെ |
| നയന്തി | നടത്തുന്നു. |

34 അര്യമാ പുലഹോऽഥൌജാഃ പ്രഹേതിഃ പുഞ്ജികസ്ഥലീ ।
നാരദഃ കച്ഛനീരശ്ച നയന്ത്യേതേ സ്മ മാധവം ॥

| | |
|---|---|
| അര്യമാ | അര്യമാ എന്ന സൂര്യൻ |
| പുലഹഃ | പുലഹൻ എന്ന ഋഷി |
| അഥൌജാഃ | അഥൌജസ് എന്ന യക്ഷൻ |
| പ്രഹേതി | പ്രഹേതി എന്ന രാക്ഷസൻ |
| പുഞ്ജിക സ്ഥലീ | പുഞ്ജികസ്ഥലീ എന്ന അപ്സരസ് |
| നാരദഃ | നാരദൻ എന്ന ഗന്ധർവ്വൻ |
| കച്ഛനീരഃ ച | കച്ഛനീരൻ എന്ന നാഗൻ |
| ഏതേ | എന്നിവർ |
| മാധവം നയന്തി സ്മ | വൈശാഖമാസത്തിനെ നടത്തുന്നു. |

35 മിത്രോഽത്രിഃ പൌരുഷേയോഽഥ തക്ഷകോ മേനകാ ഹഹാഃ ।
രഥസ്വന ഇതി ഹ്യേതേ ശുക്രമാസം നയന്ത്യമീ ॥

| | |
|---|---|
| അഥ | അതുപോലെ |
| മിത്രഃ | മിത്രൻ എന്ന സൂര്യൻ |
| അത്രിഃ | അത്രി എന്ന ഋഷി |
| പൌരുഷേയഃ | പൌരുഷേയൻ എന്ന രാക്ഷസൻ |
| തക്ഷകഃ | തക്ഷകൻ എന്ന നാഗം |
| മേനകാ | മേനകാ എന്ന അപ്സരസ് |
| ഹഹാഃ | ഹഹാ എന്ന ഗന്ധർവ്വൻ |
| രഥസ്വനഃ | രഥസ്വനൻ എന്ന യക്ഷൻ |
| ഇതി ഏതേ അമീ | എന്നിവർ |
| ശുക്രമാസം നയന്തി ഹി | ജ്യേഷ്ഠമാസത്തിനെ നടത്തുന്നു. |

36 വസിഷ്ഠോ വരുണോ രംഭാ സഹജന്യസ്തഥാ ഹൂഹൂഃ ।
ശുക്രശ്ചിത്രസ്വനശ്ചൈവ ശുചിമാസം നയന്ത്യമീ ॥

| | |
|---|---|
| തഥാ | അപ്രകാരം തന്നെ |
| വരുണഃ | വരുണൻ എന്ന സൂര്യൻ |
| വസിഷ്ഠഃ | വസിഷ്ഠൻ എന്ന ഋഷി |
| രംഭാ | രംഭാ എന്ന അപ്സരസ് |
| സഹജന്യഃ | സഹജന്യൻ എന്ന യക്ഷൻ |
| ഹൂഹൂഃ | ഹൂഹൂ എന്ന ഗന്ധർവ്വൻ |
| ശുക്രഃ | ശുക്രൻ എന്ന നാഗൻ |
| ചിത്രസ്വനഃ | ചിത്രസ്വനൻ രാക്ഷസൻ |
| അമീ ഏവ ച | എന്നിവർ |
| ശുചിമാസം | ആഷാഢമാസത്തിനെ |
| നയന്തി | നടത്തുന്നു. |

37 ഇന്ദ്രോ വിശ്വാവസുഃ ശ്രോതാ ഏലപത്രസ്തഥാംഗിരാഃ ।
പ്രമ്ലോചാ രാക്ഷസോ വര്യോ നഭോമാസം നയന്ത്യമീ ॥

| | |
|---|---|
| തഥാ | അപ്രകാരം തന്നെ |
| ഇന്ദ്രഃ | ഇന്ദ്രൻ എന്ന സൂര്യൻ |
| വിശ്വാവസു | വിശ്വാവസു എന്ന ഗന്ധർവ്വൻ |
| ശ്രോതാ | ശ്രോതാ എന്ന യക്ഷൻ |
| ഏലാപത്രഃ | ഏലപത്രൻ എന്ന നാഗൻ |

| | | | |
|---|---|---|---|
| അംഗിരാഃ | അംഗിരസ് എന്ന ഋഷി | അമീ | എന്നിവർ |
| പ്രമ്ലോചാ | പ്രമ്ലോചാ എന്ന അപ്സരസ് | നഭോമാസം | ശ്രാവണ മാസത്തിനെ |
| വര്യഃ രാക്ഷസഃ | വര്യൻ എന്ന രാക്ഷസൻ | നയന്തി | നടത്തുന്നു. |

38 വിവസ്വാനുഗ്രസേനശ്ച വ്യാഘ്ര ആസാരണോ ഭൃഗുഃ ।
അനുമ്ലോചാ ശംഖപാലോ നഭസ്യാഖ്യം നയന്ത്യമീ ॥

| | | | |
|---|---|---|---|
| വിവസ്വാൻ | വിവസ്വാൻ എന്ന സൂര്യൻ | ഭൃഗുഃ | ഭൃഗു എന്ന ഋഷി |
| ഉഗ്രസേനഃ | ഉഗ്രസേനൻ എന്ന ഗന്ധർവ്വൻ | അനുമ്ലോചാ | അനുമ്ലോചാ എന്ന അപ്സരസ് |
| വ്യാഘ്രഃ | വ്യാഘ്രൻ എന്ന രാക്ഷസൻ | ശംഖപാലഃ | ശംഖപാലൻ എന്ന നാഗൻ |
| ആസാരണഃ | ആസാരണൻ എന്ന യക്ഷൻ | അമീച | എന്നിവർകളും |
| | | നഭസ്യാഖ്യം | ഭാദ്രപദമാസത്തിനെ |
| | | നയന്തി | നടത്തുന്നു. |

39 പൂഷാ ധനഞ്ജയോ വാതഃ സുഷേണഃ സുരുചിസ്തഥാ ।
ഘൃതാചീ ഗൗതമശ്ചേതി തപോമാസം നയന്ത്യമീ ॥

| | | | |
|---|---|---|---|
| തഥാ | അപ്രകാരം തന്നെ | സുരുചിഃ | സുരുചിഃ എന്ന യക്ഷൻ |
| പൂഷാ | പൂഷാ എന്ന സൂര്യൻ | ഘൃതാചീ | ഘൃതാചീ എന്ന അപ്സരസ് |
| ധനഞ്ജയഃ | ധനഞ്ജയൻ എന്ന നാഗൻ | ഗൗതമഃ | ഗൗതമൻ എന്ന ഋഷി |
| വാതഃ | വാതൻ എന്ന രാക്ഷസൻ | ഇതി അമീ | എന്നിവർ |
| സുഷേണഃ | സുഷേണൻ എന്ന ഗന്ധർവ്വൻ | തപോമാസം | മാഘമാസത്തേയും |
| | | നയന്തി | നടത്തുന്നു. |

40 ക്രതുർവ്വർച്ചാ ഭരദ്വാജഃ പർജ്ജന്യഃ സേനജിത്തഥാ ।
വിശ്വ ഐരാവതശ്ചൈവ തപസ്യാഖ്യം നയന്ത്യമീ ॥

| | | | |
|---|---|---|---|
| തഥാ | അതുപോലെ തന്നെ | പർജ്ജന്യഃ | പർജ്ജന്യൻ എന്ന സൂര്യൻ |
| ക്രതുഃ | ക്രതു എന്ന യക്ഷൻ | സേനജിത് | സേനജിത് എന്ന അപ്സരസ് |
| വർച്ചാ | വർച്ചസ് എന്ന രാക്ഷസൻ | വിശ്വഃ | വിശ്വൻ എന്ന ഗന്ധർവ്വൻ |
| ഭരദ്വാജഃ | ഭരദ്വാജർ എന്ന ഋഷി | | |

| | | | |
|---|---|---|---|
| ഐരാവതഃ | ഐരാവതൻ എന്ന നാഗൻ | തപസാഖ്യം ച | ഫാൽഗുനമാസത്തിനെ |
| അമീ ഏവ | എന്നിവർ തന്നെയാണ് | നയതി | നടത്തുന്നവർ |

41 അഥാംശുഃ കശ്യപഃ താർക്ഷ്യഃ ഋതസേനസ്തഥോർവ്വശീ ।
വിദ്യുച്ഛത്രുർമ്മഹാ ശംഖഃ സഹോമാസം നയന്ത്യമീ ॥

| | | | |
|---|---|---|---|
| അഥ | അപ്രകാരം തന്നെ | തഥാ ഉർവ്വശീ | അപ്രകാരം തന്നെ ഉർവ്വശീ എന്ന അപ്സരസ് |
| അംശുഃ | അംശു എന്ന സൂര്യൻ | വിദ്യുച്ഛത്രുഃ | വിദ്യുച്ഛത്രു എന്ന രാക്ഷസൻ |
| കശ്യപഃ | കശ്യപൻ എന്ന ഋഷി | മഹാശംഖഃ | മഹാശംഖൻ എന്ന നാഗൻ |
| താർക്ഷ്യഃ | താർക്ഷീയൻ എന്ന യക്ഷൻ | അമീ | എന്നിവർ |
| ഋതസേനഃ | ഋതസേനൻ എന്ന ഗന്ധർവ്വൻ | സഹോമാസം | മാർഗ്ഗശീർഷമാസത്തിനെ |
| | | നയന്തി | നടത്തുന്നു. |

42 ഭഗഃ സ്ഫൂർജ്ജോഽരിഷ്ടനേമിരൂർണ്ണ ആയുശ്ച പഞ്ചമഃ ।
കർക്കോടകഃ പൂർവ്വചിത്തിഃ പുഷ്യമാസം നയന്ത്യമീ ॥

| | | | |
|---|---|---|---|
| ഭഗഃ | ഭഗൻ എന്ന സൂര്യൻ | ആയുഃ | ആയു എന്ന ഋഷി |
| സ്ഫൂർജ്ജഃ | സ്ഫൂർജ്ജൻ എന്ന രാക്ഷസൻ | കർക്കോടകഃ | കർക്കോടകൻ എന്ന നാഗൻ |
| അരിഷ്ടനേമിഃ | അരിഷ്ടനേമി എന്ന ഗന്ധർവ്വൻ | പൂർവ്വചിത്തിഃ | പൂർവ്വചിത്തി എന്ന അപ്സരസ് |
| ഊർണ്ണഃ | ഊർണ്ണൻ എന്ന യക്ഷൻ | അമീ ച | എന്നിവർതന്നെ |
| പഞ്ചമഃ | അഞ്ചാമത്തേതായി | പുഷ്യമാസം | പുഷ്യമാസത്തെ |
| | | നയന്തി | നടത്തുന്നു. |

43 ത്വഷ്ടാ ഋചീകതനയഃ കംബളശ്ച തിലോത്തമാ ।
ബ്രഹ്മാപേതോഽഥ ശതജിത് ധൃതരാഷ്ട്ര ഇഷംഭരാഃ ॥

| | | | |
|---|---|---|---|
| അഥ | അപ്രകാരംതന്നെ | തിലോത്തമാ | തിലോത്തമാ എന്ന അപ്സരസ് |
| ത്വഷ്ടാ | ത്വഷ്ടാ എന്ന സൂര്യൻ | ബ്രഹ്മാപേതഃ | ബ്രഹ്മാപേതൻ എന്ന രാക്ഷസൻ |
| ഋചീകതനയഃ | ജമദഗ്നി എന്ന ഋഷി | ശതജിത് | ശതജിത് എന്ന യക്ഷൻ |
| കംബളഃ | കംബളൻ എന്ന നാഗൻ | | |

| | | | |
|---|---|---|---|
| ധൃതരാഷ്ട്രഃ | ധൃതരാഷ്ട്രൻ എന്ന ഗന്ധർവ്വൻ | ഇഷംഭരാഃ | എന്നിവർ ആശ്വിന മാസത്തിനെ നടത്തുന്നു |

44 വിഷ്ണുരശ്വതരോ രംഭാ സൂര്യവർച്ചാശ്ച സത്യജിത് |
വിശ്വാമിത്രോ മഖാപേത ഊർജമാസം നയന്ത്യമീ ||

| | | | |
|---|---|---|---|
| വിഷ്ണുഃ | വിഷ്ണു എന്ന സൂര്യൻ | വിശ്വാമിത്രഃ | വിശ്വാമിത്രൻ എന്ന ഋഷി |
| അശ്വതരഃ | അശ്വതരൻ എന്ന നാഗൻ | മഖാപേതഃ | മഖാപേതൻ എന്ന രാക്ഷസൻ |
| രംഭാഃ | രംഭാ എന്ന അപ്സരസ്സ് | അമീ | എന്നിവർതന്നേ |
| സൂര്യവർച്ചാഃ | സൂര്യവർച്ചസ്സ് എന്ന ഗന്ധർവൻ | ഊർജ്ജമാസം | കാർത്തികമാസത്തിനെ |
| സത്യജിത് | സത്യജിത് എന്ന യക്ഷൻ | നയന്തി | നടത്തുന്നു. |

45 ഏതാ ഭഗവതോ വിഷ്ണോരാദിത്യസ്യ വിഭൂതയഃ |
സ്മരതാം സന്ധ്യയോ നൄണാം ഹരന്ത്യംഹോ ദിനേ ദിനേ |

| | | | |
|---|---|---|---|
| ഏതാഃ | ഇവർ | നൄണാം | മനുഷ്യന്മാരുടെ |
| ദിനേ ദിനേ | ഓരോദിവസവും | അംഹഃ | പാപത്തിനെ |
| സന്ധ്യയോ | ഇരുസന്ധ്യകളിലും | ഹരന്തി | ഇല്ലാതാക്കിത്തീർക്കുന്നു. |
| സ്മരതാം | സ്മരിക്കുന്ന | | |

46 ദ്വാദശസ്വപി മാസേഷു ദേവോഽസൗ ഷഡ്ഭിരസ്യ വൈ |
ചരൻ സമന്താത്തനുതേ പരത്രേഹ ച സന്മതിം ||

| | | | |
|---|---|---|---|
| അസൗ ദേവഃ | ഈ സൂര്യൻ | സമന്താത് | നാലുഭാഗങ്ങളിലും |
| ദ്വാദശസു | പന്ത്രണ്ടുമാസങ്ങളിലും | ചരൻ | സഞ്ചാരം ചെയ്തുകൊണ്ട് |
| മാസേഷു അപി | ഗന്ധർവൻ മുതലായ | ഇഹ | ഈ ലോകത്തിങ്കൽ |
| ഷഡ്ഭിഃ | ആറുപേരോട് | പരത്ര ച | പരലോകത്തിങ്കലും |
| | | സന്മതിം | നല്ലബുദ്ധിയെ |
| അസ്യ | ഈ ജനങ്ങളുടെ | തനുതേ | നല്കുന്നു. |

47 സാമർഗ്യജുർഭിസ്തല്ലിംഗൈർ ഋഷയഃ സംസ്തുവന്ത്യമും |
ഗന്ധർവാസ്തം പ്രഗായന്തി നൃത്യന്ത്യപ്സരസോഽഗ്രതഃ ||

| | | | |
|---|---|---|---|
| ഋഷയ | ഋഷികൾ | സാമർഗ്യജുർഭി | സാമവേദത്താലും ഋഗ്വേദത്താലും യജുർവ്വേദത്താലും |
| തല്ലിംഗൈഃ | സൂര്യനെ വെളിപ്പെടുത്തുന്ന | | |

| | | | |
|---|---|---|---|
| അമും സ്തുവന്തി | ആ സൂര്യനെ നല്ല പോലെ സ്തുതിക്കുന്നു | അപ്സരസ: | അപ്സരസ്സുകൾ |
| ഗന്ധർവ്വാ: | ഗന്ധർവ്വന്മാർ | അഗ്രത: | മുമ്പാകെ |
| തം പ്രഗായന്തി | അവരെക്കുറിച്ച് നല്ലപോലെ ഗാനം ചെയ്യുന്നു | നൃത്യത: | നൃത്തം വെക്കുന്നു |

48 ഉന്നഹ്യന്തി രഥം നാഗാ ഗ്രാമണ്യാ രഥയോജകാ: ।
ചോദയന്തി രഥം പൃഷ്ഠേ നൈർഋതാ: ബലശാലിന: ॥

| | | | |
|---|---|---|---|
| നാഗാ: | നാഗന്മാർ | ബലശാലിനഃ | ബലശാലികളായ |
| രഥം | രഥത്തിനെ | നൈർഋതാ: | രാക്ഷസന്മാർ |
| ഉന്നഹ്യന്തി | ദൃഢമായി നിർമ്മിക്കുന്നു | രഥം | തേരിനെ |
| ഗ്രാമണ്യ: | യക്ഷകന്മാർ | പൃഷ്ഠേ | പിൻഭാഗത്തിൽ നിന്നു് |
| രഥയോജകാ: | രഥത്തിനെ യോജിപ്പിക്കുന്നു | ചോദയന്തി | ഉന്തിതള്ളുന്നു |

49 വാലഖില്യാഃ സഹസ്രാണി ഷഷ്ടിർബ്രഹ്മർഷയോഽമലാ: ।
പുരതോഽഭിമുഖം യാന്തി സ്തുവന്തി സ്തുതിഭിർവിഭും ॥

| | | | |
|---|---|---|---|
| അമലാ: | പരിശുദ്ധന്മാരായ | പുരത: | മുമ്പാകെ |
| വാലഖില്യാ: | വാലഖില്യന്മാർ എന്ന | അഭിമുഖം | എതിരിൽ ഇരുന്നുകൊണ്ടു് |
| ഷഷ്ടി: സഹസ്രാണി | അറുപതിനായിരം | യാന്തി | സഞ്ചരിക്കുന്നു |
| ബ്രഹ്മർഷയ: | ബ്രഹ്മർഷികൾ | സ്തുതിഭി | സ്തുതികളാൽ |
| വിഭും | പ്രഭുവായ സൂര്യനു് | സ്തുവന്തി | സ്തുതിക്കുകയും ചെയ്യുന്നു |

50 ഏവം ഹ്യനാദിനിധനോ ഭഗവാൻ ഹരിരീശ്വര: ।
കല്പേ കല്പേ സ്വമാത്മാനം വ്യൂഹ്യ ലോകാനവത്യജ: ॥

| | | | |
|---|---|---|---|
| ഏവം ഹി | ഇപ്രകാരം തന്നെ | ഹരി: | ശ്രീഹരി പരമാത്മാ |
| അനാദിനിധന: | ആദ്യന്തരഹിതനും | കല്പേ കല്പേ | ഓരോ കല്പത്തിലും |
| ഭഗവാൻ | ഐശ്വര്യാദി ഷഡ്ഗുണങ്ങൾ നിറഞ്ഞവനും | സ്വം ആത്മാനം | തന്നെത്താൻ |
| ഈശ്വരഃ | സർവ്വശക്തനും | വ്യൂഹ്യ | പിരിച്ചുകൊണ്ടു് |
| അജ: | ജനനമില്ലാത്തവനും ആയ | ലോകാൻ | ലോകങ്ങളെ |
| | | അവതി | രക്ഷിക്കുന്നു |

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം ദ്വാദശസ്കന്ധം
പതിനൊന്നാമദ്ധ്യായം സമാപ്തം

ആദിത: ശ്ലോകങ്ങൾ 14008 ദ്വാദശസ്കന്ധശ്ലോകങ്ങൾ— 475

***

# ദ്വാദശോഽധ്യായഃ 12

## പന്ത്രണ്ടാം അദ്ധ്യായം

ദ്വാദശേത്ര പുരാണോക്ത സർവ്വാർത്ഥാനുക്രമഃ കൃതഃ ।
പ്രഥമസ്കന്ധമാരഭ്യ പ്രാധാന്യേന സമാസതഃ ॥

പന്ത്രണ്ടാമത്തെ അദ്ധ്യായത്തിൽ ആദ്യസ്കന്ധം ആരംഭിച്ച് ഈ പുരാണത്തിൽ പ്രതിപാദ്യമായ സകല വിഷയങ്ങളുടെയും ക്രമങ്ങൾ പ്രധാനമായിട്ടും ചുരുക്കത്തിലും പറയപ്പെട്ടിരിക്കുന്നു.

സൂത ഉവാച:— സൂതർ പറയുന്നു.

1 നമോ ധർമ്മായ മഹതേ നമഃ കൃഷ്ണായ വേധസേ ।
ബ്രാഹ്മണേഭ്യോ നമസ്കൃത്യ ധർമ്മാൻ വക്ഷ്യേ സനാതനാൻ ॥

| | | | |
|---|---|---|---|
| മഹതേ | ഹരിഭക്തി രൂപമായ ശ്രേഷ്ഠമായ | നമഃ | നമസ്കരിക്കുന്നു |
| ധർമ്മായ | ധർമ്മത്തിന് | ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണരെ |
| നമസ്കാരഃ | നമസ്കാരം | നമസ്കൃത്യ | നമസ്കരിച്ച് |
| വേധസേ | ലോകങ്ങളെ സൃഷ്ടിച്ച | സനാതനാൻ | അനാദികളായ |
| കൃഷ്ണായ | ശ്രീ കൃഷ്ണഭഗവാനെ | ധർമ്മാൻ | ധർമ്മങ്ങളെയും, ഈ പുരാണോക്ത വിഷയങ്ങളേയും |
| | | വക്ഷ്യേ | പറയുവാൻ പോകുന്നു |

2 ഏതദ്വഃ കഥിതം വിപ്രാ വിഷ്ണോശ്ചരിതമത്ഭുതം ।
ഭവത്ഭിര്യദഹം പൃഷ്ടോ നരാണാം പുരുഷോചിതം ॥

| | | | |
|---|---|---|---|
| വിപ്രാഃ | ഹേ ബ്രാഹ്മണരേ! | പൃഷ്ടഃ | ചോദിക്കപ്പെട്ടവോ |
| നരാണാം | മനുഷ്യരിൽ | ഏതത് | ഈ |
| പുരുഷോചിതം | പുരുഷന്മാർക്കുചിതമായ | വിഷ്ണോഃ | വിഷ്ണുവിന്റെ |
| യത് | യാതൊന്ന് | അത്ഭുതം | അത്ഭുതകരമായ |
| ഭവത്ഭിഃ | നിങ്ങളാൽ | ചരിതം | ചരിത്രം |
| അഹം | ഞാൻ | വഃ | നിങ്ങൾക്ക് |
| | | കഥിതം | പറയപ്പെട്ടു |

3 അത്ര സംകീർത്തിതഃ സാക്ഷാത് സർവ്വപാപഹരോ ഹരിഃ ।
നാരായണോ ഹൃഷീകേശോ ഭഗവാൻ സാത്വതാം പതിഃ ॥

| | | | |
|---|---|---|---|
| അത്ര | ഈ ഭാഗവതത്തിൽ | ഭഗവാൻ | ഐശ്വര്യം മുതലായ ഷട്ഗുണസംപന്നനായവനും |
| സർവ്വപാപ ഹരഃ | സകലപാപങ്ങളേയും നിവർത്തിക്കുന്നവനും | സാത്വതാം പതിഃ | ഭക്തന്മാരെ രക്ഷിക്കുന്നവനുമായ |
| ഹരിഃ | ആയതിനാൽ ഹരി എന്ന നാമം നേടിയവനും | നാരായണഃ | ശ്രീമന്നാരായണൻ |
| ഹൃഷീകേശഃ | ഇന്ദ്രിയങ്ങൾക്ക് അധിപതിയും | സാക്ഷാത് സംകീർത്തിതഃ | പറയപ്പെട്ടിരിക്കുന്നു |

ഇതിനാൽ ദേവതാകാണ്ഡാർത്ഥം പറയപ്പെട്ടു

4 അത്രബ്രഹ്മപരം ഗുഹ്യം ജഗതഃ പ്രഭവാപ്യയം ।
ജ്ഞാനം ച തദുപാഖ്യാനം പ്രോക്തം വിജ്ഞാനംസയുതം ।

| | | | |
|---|---|---|---|
| അത്ര | ഇതിൽ | വിജ്ഞാന | അപരോക്ഷജ്ഞാനം |
| ഗുഹ്യം | നിർഗ്ഗുണവും | സംയുതം | വരെയുള്ള |
| ജഗതഃ | ജഗത്തിന്റെ | ജ്ഞാനം | ജ്ഞാനവും |
| പ്രഭവാപ്യയം | ഉൽപത്തിപ്രളയങ്ങൾക്ക് കാരണമായ | തദുപാഖ്യാനം ച | ജ്ഞാന സാധനവും |
| പരംബ്രഹ്മ | പരബ്രഹ്മവും | പ്രോക്തം | പറയപ്പെട്ടു. |

ഇതുകൊണ്ട് ബ്രഹ്മകാണ്ഡാർത്ഥം പറയപ്പെട്ടു.
ഭക്തിയോഗഃ സമാഖ്യാതാ വൈരാഗ്യം ച തദാശ്രയം ।

| | | | |
|---|---|---|---|
| ഭക്തിയോഗഃ | സാധ്യഭക്തിയും സാധന ഭക്തിയും | തദാശ്രയം | ഭക്തിയോഗത്തിൽ നിന്നുമുണ്ടായ |
| സമാഖ്യാതഃ | പറയപ്പെട്ടു | വൈരാഗ്യം ച | വൈരാഗ്യവും പ്രതിപാദിക്കപ്പെട്ടു |

ഇതിനാൽ കർമ്മകാണ്ഡാർത്ഥം പ്രതിപാദിക്കപ്പെട്ടു

ഇപ്രകാരം സാമാന്യമായ് പറഞ്ഞിട്ട് പന്ത്രണ്ടുസ്കന്ധങ്ങളിലും പറഞ്ഞ വിഷയങ്ങളെ പറയുന്നു; അതിൽ പ്രഥമസ്കന്ധാർത്ഥത്തെ പറയുന്നു.

5 ഭക്തിയോഗഃ സമാഖ്യാതോ വൈരാഗ്യം ച തദാശ്രയം
പരീക്ഷിതമുപാഖ്യാനം നാരദാഖ്യാനമേവ ച ।

6 പ്രായോപവേശോ രാജർഷേർവ്വിപ്രശാപാത് പരീക്ഷിതഃ ।।
ശുകസ്യ ബ്രഹ്മർഷഭസ്യ സംവാദശ്ച പരീക്ഷിതഃ

| | | | |
|---|---|---|---|
| പരീക്ഷിതം | പരീക്ഷിത്തിന്റെ ജനനം മുതലായ | നാരദാഖ്യാനം ഏവ ച | അതുപോലെ നാരദർ ചരിത്രവും |
| ഉപാഖ്യാനം | ചരിത്രവും | | |

| | | | |
|---|---|---|---|
| വിപ്രശാപാത് | ബ്രാഹ്മണശാപത്താൽ | ബ്രഹ്മർഷഭസ്യ | ബ്രാഹ്മണോത്തമനായ |
| രാജർഷേഃ | രാജർഷിയായ | ശുകസ്യ | ശ്രീ ശുകബ്രഹ്മത്തിന്റെയും |
| പരീക്ഷിതഃ | പരീക്ഷിത്തിന്റെ | പരീക്ഷിതഃ | പരീക്ഷിത്തിന്റെ |
| പ്രായോപവേശഃ ച | പ്രായോപവേശവും | സംവാദഃ ച | സംവാദവും പറയപ്പെട്ടു |

രണ്ടാമത്തെ സ്കന്ധാർത്ഥം പറയുന്നു

7 യോഗധാരണയോത്ക്രാന്തിഃ സംവാദോ നാരദാജയോഃ |
അവതാരാനുഗീതം ച സർഗ്ഗഃ പ്രാധാനികോഽഗ്രതഃ ||

| | | | |
|---|---|---|---|
| യോഗധാരണയാ | യോഗധാരണയാൽ | സംവാദഃ | സംവാദവും |
| ഉൽക്രാന്തിഃ | അച്ചിരാദി മാർഗ്ഗത്തിന്റെ ഗതിയും | അവതാരാനുഗീതം ച | അവതാരചരിത്രവും |
| നാരദാജയോഃ | നാരദനും ബ്രഹ്മദേവനും തമ്മിൽ നടന്ന | അഗ്രതഃ | മഹദാദിക്രമമായ |
| | | പ്രാധാനികഃ സർഗ്ഗഃ | വിരഡ് സൃഷ്ടിയും പറയപ്പെട്ടു |

മൂന്നാമത്തെ സ്കന്ധാർത്ഥം പറയുന്നു

8 വിദുരോദ്ധവ സംവാദഃ ക്ഷത്തൃമൈത്രേയയോസ്തതഃ |
പുരാണസംഹിതാ പ്രശ്നോ മഹാപുരുഷസംസ്ഥിതിഃ ||
9 തതഃ പ്രാകൃതികഃ സർഗ്ഗഃ സപ്തവൈകൃതികാശ്ചയേ |
തതോ ബ്രഹ്മാണ്ഡസംഭൂതിർവൈരാജഃ പുരുഷോയതഃ |
10 കാലസ്യ സ്ഥൂല സൂക്ഷ്മസ്യ ഗതിഃ പത്മസമുൽഭവഃ |
ഭുവ ഉദ്ധരണേഽംഭോധേർഹിരണ്യാക്ഷവധോ യഥാ ||
11 ഊർദ്ധ്വതിര്യഗവാക്സർഗ്ഗോ രുദ്രസർഗ്ഗസ്തഥൈവ ച |
അർദ്ധനാരീ നരസ്യാഥ യതഃ സ്വായംഭുവോ മനുഃ ||
12 ശതരൂപാ ച യാസ്ത്രീണാമാദ്യാ പ്രകൃതിരുത്തമാ ||
സന്താനോ ധർമ്മപത്നീനാം കർദ്ദമസ്യപ്രജാപതേഃ |
13 അവതാരോ ഭഗവതഃ കപിലസ്യ മഹാത്മനഃ |
ദേവഹൂത്യാശ്ചസംവാദഃ കപിലേന ച ധീമതാ ||

| | | | |
|---|---|---|---|
| വിദുരോദ്ധവ സംവാദഃ | വിദുരനും ഉദ്ധവനും നടന്ന സംവാദവും | പുരാണസംഹിതാ പ്രശ്നഃ | പുരാണ സംഹിതകളെക്കുറിച്ച് ചോദ്യങ്ങളും |
| തതഃ | തദനന്തരം | | |
| ക്ഷത്തൃമൈത്രേയയോഃ | വിദുരന്റെയും മൈത്രേയന്റെയും സംവാദവും | മഹാപുരുഷസംസ്ഥിതിഃ | പ്രളയത്തിൽ മഹാപുരുഷന്റെ നിർവ്യാപാരസ്ഥിതിയും |

| | |
|---|---|
| സംതതഃ | അതിനു പിന്നീട് |
| പ്രാകൃതികാഃ | പ്രകൃതിയിൽ നിന്നുമുണ്ടായ ഗുണക്ഷോഭരൂപമായ |
| സർഗ്ഗഃ | സൃഷ്ടിയും |
| യേ | താതൊരു |
| വൈകൃതികാഃ | മഹത്ത്, അഹങ്കാരം പഞ്ചതന്മാത്രകം |
| സപ്ത | ഏഴുപദാർത്ഥങ്ങളുണ്ടോ അവയുടെയും |
| തതഃ | അതിന്നുശേഷം |
| യതഃ | ഏതിൽനിന്നും |
| വൈരാജഃ | വിരാഡഭിമാനിയായ |
| പുരുഷഃ | പുരുഷൻ ഉണ്ടാകുന്നുവോ |
| ബ്രഹ്മാണ്ഡ സംഭൂതിഃ | ബ്രഹ്മണ്ഡത്തിൻെറ ഉൽപത്തിയും |
| സ്ഥൂല സൂക്ഷ്മസ്യ | സ്ഥൂലവും സൂക്ഷ്മവുമായ |
| കാലസ്യ | കാലത്തിൻെറ |
| ഗതിഃ | സ്വരൂപവും |
| പത്മസ | ബ്രഹ്മദേവൻെറ |
| മുത്ഭവഃ | ഉൽപത്തിയും |
| അംഭോധേഃ | സമുദ്രത്തിൽനിന്നും |
| ഭുവഃ | ഭൂമിയെ ഉയർത്തികൊ |
| ഉദ്ധരണേ | ണ്ടുവരുമ്പോഠം |
| ഹിരണ്യാക്ഷവധഃ | ഹിരണ്യാക്ഷവധം |
| യഥാ | എങ്ങിനെ സംഭവിച്ചുവോ |
| ഊർദ്ധ്വതിര്യഗ | ദേവന്മാരുടെയും, |
| വാക് സ്വർഗ്ഗഃ | പശുക്കളുടേയും മനുഷ്യന്മാരുടെയും സൃഷ്ടിയും |
| തഥാ ഏവ | അപ്രകാരം തന്നെ |
| രുദ്രസർഗ്ഗഃ ച | രുദ്രസൃഷ്ടിയും |
| അഥ | പിന്നീട് |
| യതഃ | ഏതിൽനിന്ന് |
| സ്വായംഭുവഃ മനുഃ | സ്വായംഭൂ മനുവും |
| സ്ത്രീണാം | സ്ത്രീകളിൽവെച്ച് |
| ആദ്യാ | ആദ്യയും |
| ഉത്തമാ | ഉത്തമയും |
| പ്രകൃതി | കാരണഭൂതയുമായ |
| യാ ശതരൂപാ ച | ഏതു ശതരൂപമുണ്ടോ അവളും ഉണ്ടായയോ |
| അർദ്ധനാരീ നരസ്യ | ആ രണ്ടു ഭാഗങ്ങളിൽ ഒന്നിൽ നിന്ന് നാരീനരന്മാരുടെ ഉൽപത്തിയും |
| കർദ്ദമസ്യ പ്രജാപതേഃ | കർദ്ദമപ്രജാപതിയുടെ |
| ധർമ്മപത്നീനാം | ധർമ്മപത്നികളിൽ |
| സന്താന: | സന്താനവും |
| ഭഗവതഃ | സർവ്വജ്ഞനും |
| മഹാത്മനഃ | മഹാത്മാവുമായ |
| കപിലസ്യ | കപിലൻെറ |
| അവതാരഃ | അവതാരവും |
| ധീമതാ | ബുദ്ധിമാനായ |
| കപിലേന | കപിലനോട് |
| ദേവഹൂത്യാഃ | ദേവഹൂതിയുടെ |
| സംവാദഃ ച | സംവാദവും പറയപ്പെട്ടിരിക്കുന്നു |

നാലാമത്തെ സ്കന്ധം പറയുന്നു.

14 നവബ്രഹ്മസമുത്പത്തിർ ദക്ഷയജ്ഞവിനാശനം ।
ധ്രുവസ്യ ചരിതം പശ്ചാത് പ്രഥോഃ പ്രാചീന ബർഹിഷഃ ॥

| | |
|---|---|
| നവബ്രഹ്മസമുത്പത്തിഃ | മരീചിമുതലായ ഒമ്പതു മഹർഷിമാരുടെ ജനനവും |
| ദക്ഷയജ്ഞവിനാശനം | ദക്ഷപ്രജാപതിയുടെ യാഗനാശവും |
| ധ്രുവസ്യ | ധ്രുവൻെറ |

| | | | |
|---|---|---|---|
| ചരിതം | ചരിത്രവും | പ്രാചീന ബർഹിഷഃ | പ്രാചീനബർഹിസ്സിന്റെ ചരിത്രവും പറയപ്പെട്ടിരിക്കുന്നു |
| പശ്ചാത് | അനന്തരം | | |
| പ്രഥോഃ | പ്രഥുവിന്റെയും | | |

അഞ്ചാം സ്കന്ധാർത്ഥം പറയുന്നു

15 നാരദസ്യ ച സംവാദസ്തതഃ പ്രൈയവ്രതം ദ്വിജാഃ ।
നാഭേസ്തതോഽനുചരിതമൃഷഭസ്യ ഭരതസ്യ ച ॥

16 ദ്വീപവർഷസമുദ്രാണാം ഗിരിനദ്യുപവർണ്ണനം ।
ജ്യോതിശ്ചക്രസ്യ സംസ്ഥാനം പാതാളനരകസ്ഥിതിഃ ॥

| | | | |
|---|---|---|---|
| ദ്വിജാഃ | ഹേ ബ്രാഹ്മണന്മാരേ! | ഗിരിനദ്യുപ വർണ്ണനം | കുലപർവ്വതങ്ങളുടെയും മഹാനദികളുടെയും വർണ്ണനയും |
| നാരദസ്യ | നാരദന്റെ | | |
| സംവാദഃ ച | സംവാദവും | | |
| തതഃ | അതിനുശേഷം | ജ്യോതിശ്ച | ജ്യോതിശ്ചക്രത്തിന്റെ |
| നാഭേഃ | നാഭിയുടെയും | | |
| ഋഷഭസ്യ | ഋഷഭദേവന്റെയും | ക്രസ്യ സംസ്ഥാനം | സംസ്ഥിതിയും |
| ഭരതസ്യ ച | ഭരതന്റെയും | | |
| അനുചരിതം | ചരിത്രവും | പാതാളനരക സ്ഥിതിഃ | പാതാളത്തിന്റെയും നരകത്തിന്റെയും സ്ഥിതി പറയപ്പെട്ടിരിക്കുന്നു |
| ദ്വീപവർഷ | ദ്വീപങ്ങളുടെയും, | | |
| സമുദ്രാണാം | വർഷങ്ങളുടെയും സമുദ്രങ്ങളുടെയും | | |

ആറാമത്തെ സ്കന്ധാർത്ഥം പറയുന്നു

17 ദക്ഷജന്മ പ്രചേതോഭ്യസ്തത്പുത്രീണാം ച സന്തതിഃ ।
യതോ ദേവാസുരനരാസ്തിര്യങ് നഗഖഗാ ദയഃ ॥

18 ത്വാഷ്ട്രസ്യ ജന്മനിധനം പുത്രയോശ്ച ദിതേർദ്വിജാഃ ।
ദൈത്യേശ്വരസ്യ ചരിതം പ്രഹ്ലാദസ്യ മഹാത്മനഃ ॥

| | | | |
|---|---|---|---|
| പ്രചേതോഭ്യഃ | പ്രചേതസ്സുകളിടയിൽനിന്നു | തത്പുത്രീണാം | അപ്രകാരമായ അവരുടെ പെൺമക്കളുടെ |
| ദക്ഷജന്മ | ദക്ഷന്റെ ജനനവും | | |
| യതഃ | ഏവരിൽനിന്നു | സന്തതിഃ | സന്തതിയും |
| ദേവാസുര നരാഃ | ദേവന്മാരും, അസുരന്മാരും, മനുഷ്യന്മാരും | ത്വാഷ്ട്രസ്യ | ത്വഷ്ടാവിന്റെ സുതനായ വൃത്രാസുരന്റെ |
| തിര്യങ്നഗഖ ഗാദയഃ | മൃഗങ്ങളും, മരം, പക്ഷികൾ മുതലായവയും ഉണ്ടായയോ | ജന്മനിധനം | ജനനവും മരണവും പറയപ്പെട്ടിരിക്കുന്നു. |

ഏഴാമത്തെ സ്കന്ധാർത്ഥം പറയുന്നു.

| | | | |
|---|---|---|---|
| ദ്വിജാഃ | ഹേ ബ്രാഹ്മണന്മാരേ | ദൈത്യേ | അസുരചക്ര |
| ദിതേഃ | ദിതിയുടെ ഹിരണ്യാ | ശ്വരസ്യ | വർത്തിയും |
| പുത്രയോഃ ച | ക്ഷൻ, ഹിരണ്യകശി പു എന്ന രണ്ടു പുത്ര ന്മാരുടേയും | മഹാത്മനഃ | മഹാത്മാവുമായ |
| | | പ്രഹ്ലാദസ്യ | പ്രഹ്ലാദന്റെ |
| | | ചരിതം ച | ചരിത്രവും പറയ പ്പെട്ടിരിക്കുന്നു |

എട്ടാം സ്കന്ധാർത്ഥം പറയുന്നു

19 മന്വന്തരാനുകഥനം ഗജേന്ദ്രസ്യ വിമോക്ഷണം ।
മന്വന്തരാവതാരാശ്ച വിഷ്ണോർഹയശിരാദയഃ ।
20 കൗർമ്മം ധാന്വന്തരം മാത്സ്യം വാമനം ച ജഗത്പതേഃ ।
ക്ഷീരോദമഥനം തദ്വദമൃതാർത്ഥേ ദിവൗകസാം ॥
21 ദേവാസുര മഹായുദ്ധം രാജവംശാനുകീർത്തനം ।
ഇക്ഷ്വാകുജന്മ തദ്വംശഃ സുദ്യുമ്നസ്യ മഹാത്മനഃ ॥

| | | | |
|---|---|---|---|
| മന്വന്തരാനു കഥനം | മന്വന്തരചരിത്രവും | ജഗത്പതേഃ | ജഗദീശ്വരന്റെ |
| ഗജേന്ദ്രസ്യ വിമോക്ഷണം | ഗജേന്ദ്രമോക്ഷവും | കൗർമ്മം | കൂർമ്മാവതാരവും |
| | | ധാന്വന്തരം | ധന്വന്തരി അവതാ രവും |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ | മാത്സ്യം | മത്സ്യാവതാരവും |
| ഹയശിരാദയഃ | ഹയഗ്രീവൻ മുതലായ | വാമനം | വാമനാവതാരവും |
| | | തദ്വത് | അതുപോലെ |
| മന്വന്തരാ വതാരാഃ | മന്വന്തരാവതാരങ്ങ ളും | ദിവൗകസാം | ദേവന്മാരുടെ |
| | | അമൃതാർത്ഥേ | അമൃതത്തിനുവേണ്ടി |
| | | സമുദ്രമഥനം | പാലാഴികടയുന്നതും |

ദേവാസുര മഹായുദ്ധം ദേവാസുരയുദ്ധവും പറയപ്പെട്ടിരിക്കുന്നു.

ഒമ്പതാമത്തെ സ്കന്ധാർത്ഥം പറയുന്നു

| | | | |
|---|---|---|---|
| രാജവംശാനു കീർത്തനം | രാജവംശം പറയുന്നതും | തദ്വംശഃ | അവരുടെ വംശവും |
| ഇക്ഷ്വാകുജന്മ | ഇക്ഷ്വാകുവിന്റെ ജനനവും | മഹാത്മനഃ | മഹാത്മാവായ |
| | | സുദ്യുമ്നസ്യ | സുദ്യുമ്നന്റെ ചരിത്ര വും പറയപ്പെട്ടിരി ക്കുന്നു |

22 ഇളോപാഖ്യാനമത്രോക്തം താരോപാഖ്യാനമേവ ച ।
സൂര്യവംശാനു കഥനം ശശാദാദ്യാ നൃഗാദയ ॥

23 സൌകന്യം ചാഥ ശര്യാതേ: കകുത്സ്ഥസ്യ ച ധീമത: ।
ഖട്വാംഗസ്യ ച മാന്ധാതു: സൌഭരേ: സഗരസ്യ ച ॥

24 രാമസ്യ കോസലേന്ദ്രസ്യ ചരിതം കിൽബിഷാപഹം ।
നിമേരംഗ പരിത്യാഗോ ജനകാനാം ച സംഭവഃ ॥

25 രാമസ്യ ഭാർഗ്ഗവേന്ദ്രസ്യ നിഃക്ഷേത്രകരണം ഭുവഃ ।
ഐളസ്യ സോമവംശസ്യ യയാതേർ നഹുഷസ്യ ച

26 ദൌഷ്യന്തേർഭരതസ്യാപി ശന്തനോസ്തത്സുതസ്യ ച ।
യായാതേർ ജ്യേഷ്ഠപുത്രസ്യ യദോർവംശോനുകീർത്തിതഃ ॥

27 യത്രാവതീർണ്ണോ ഭഗവാൻ കൃഷ്ണാഖ്യോ ജഗദീശ്വരഃ ।
വസുദേവ ഗൃഹേ ജന്മ തതോ വൃദ്ധിശ്ച ഗോകുലേ ॥

| | |
|---|---|
| അത്ര | ഇതിൽ |
| ഇളോപാഖ്യാനം | ഇളരാജചരിത്രവും |
| താരോപാഖ്യാനം ഏവ ച | താരയുടെ ചരിത്രവും |
| സൂര്യവംശാനു കഥനം | സൂര്യവംശകഥയും |
| ശശാദാദ്യാഃ | ശശാദൻ മുതൽ പേരും |
| നൃഗാദയഃ | നൃഗൻ മുതൽപേരും പറയപ്പെട്ടു |
| സൌകന്യം ച | സുകന്യാചരിത്രവും |
| അഥ | പിന്നീട് |
| ശര്യാതേ: | ശര്യാതിയുടെയും |
| ധീമതഃ | ബുദ്ധിമാനായ |
| കകുസ്ഥസ്യ ച | കകുസ്ഥന്റെയും |
| ഖട്വാംഗസ്യ | ഖട്വാംഗന്റെയും |
| മാന്ധാതു: | മാന്ധാതാവിന്റെയും |
| സൌഭരേ: | സൌഭരിയുടേയും |
| സഗരസ്യ ച | സഗരന്റെയും |

| | |
|---|---|
| കോസലേന്ദ്രസ്യ | കോസലദേശാധിപതിയായ |
| രാമസ്യ | ശ്രീരാമന്റെയും |
| കിൽബിഷാപഹം | പാപം നശിപ്പിക്കുന്ന |
| ചരിതം ച | ചരിത്രവും |
| നിമേ: | നിമിചക്രവർത്തി |
| അംഗപരിത്യാഗം | ശരീരത്യാഗം ചെയ്തതും |
| ജനകാനാം | ജനകന്മാരുടെ ഉത് |
| സംഭവഃ ച | പത്തിയും |
| ഭാർഗ്ഗവേന്ദ്രസ്യ | ഭൃഗുകുലശ്രേഷ്ഠനായ |
| രാമസ്യ | പരശുരാമൻ |
| ഭുവഃ | ഭൂമിയിൽ |
| നിഃക്ഷത്രകരണം | ക്ഷത്രിയന്മാർ ഇല്ലാതെ ചെയ്തതും |
| സോമവംശസ്യ | ചന്ദ്രവംശത്തിന്റെ നേതാവായ |
| ഐളസ്യ | ഐളന്റെയും |
| യയാതേ: | യയാതിയുടെയും |
| നഹുഷസ്യ | നഹുഷന്റെയും |
| ദൌഷ്യന്തേഃ | ദുഷ്യന്തപുത്രനായ |
| ഭരതസ്യ അപി | ഭരതന്റെയും |

| | | | |
|---|---|---|---|
| ശന്തനോഃ | ശന്തനുവിൻെറയും | കൃഷ്ണാഖ്യഃ | ശ്രീകൃഷ്ണൻ എന്ന നാമധേയത്തോടെ |
| തത്സുതസ്യ | അവരുടെ മകൻ | അവതീർണ്ണഃ | തിരുഅവതാരം ചെയ്തു. |
| ച | ഭീഷ്മൻെറയും | വസുദേവ | വസുദേവൻെറ |
| യയാതേഃ | യയാതിയുടെ | ഗൃഹേ | ഗൃഹത്തിൽ |
| ജ്യേഷ്ഠ പുത്രസ്യ | ജ്യേഷ്ഠപുത്രനായ | ജന്മ | ജനിച്ചതും |
| യദോഃ വംശഃ | യദുവംശം | തതഃ | പിന്നീട് ഗോകുല |
| അനു കീർത്തിതഃ | പറയപ്പെട്ടിരിക്കുന്നു. | ഗോകുലേ | ത്തിൽ |
| യത്ര | ആ വംശത്തിൽ | വൃദ്ധിഃ ച | വളർന്നതും പറയപ്പെട്ടിരിക്കുന്നു. |
| ഭഗവാൻ | സർവ്വശക്തിമാനായ | | |
| ജഗദീശ്വരഃ | ജഗദീശ്വരൻ | | |

28 തസ്യ കർമ്മാണ്യപാരാണികീർത്തിതാന്യസുരദ്വിഷഃ
പൂതനാസു പയഃപാനം ശകടോച്ചാടനം ശിശോഃ ||
29 തൃണാവർത്തസ്യ നിഷ്പേഷസ്തഥൈവ ബകവത്സയോഃ |
ധേനുകസ്യ സഹഭ്രാതുഃ പ്രലംബസ്യ ച സംക്ഷയഃ ||
30 ഗോപാനാം ച പരിത്രാണം ദാവാഗ്നേഃ പരിസർപതഃ |
ദമനം കാളിയസ്യാഹേർമഹാഹേർനന്ദ മോക്ഷണം ||
31 വ്രതചര്യാതു കന്യാനാം യത്ര തുഷ്ടോഽച്യുതോ വ്രതൈഃ
പ്രസാദോ യജ്ഞപത്നീഭ്യോ വിപ്രാണാം ചാനുതാപനം ||
32 ഗോവർദ്ധനോദ്ധാരണഞ്ച ശക്രസ്യ സുരഭേരഥ |
യജ്ഞാഭിഷേകം കൃഷ്ണസ്യ സ്ത്രീഭിഃ ക്രീഡാ ച രാത്രിഷു ||
33 ശംഖചൂഡസ്യ ദുർബുദ്ധേർവധോഽരിഷ്ടസ്യ കേശിനഃ |
അക്രൂരാഗമനം പശ്ചാത് പ്രസ്ഥാനം രാമകൃഷ്ണയോഃ ||
34 വ്രജസ്ത്രീണാം വിലാപശ്ച മഥുരാലോകനം തതഃ |
ഗജമുഷ്ടികചാണൂരകംസാദീനാം ച യോ വധഃ ||
35 മൃതസ്യാനയനം സൂനോഃ പുനഃ സാന്ദീപനേർഗുരോഃ |
മഥുരായാം നിവസതാ യദുചക്രസ്യ യത്പ്രിയം ||
36 കൃതമുദ്ധവരാമാഭ്യാം യുതേന ഹരിണാ ദ്വിജാഃ |
ജരാസന്ധസമാനീത സൈന്യസ്യ ബഹുശോ വധഃ
ഘാതനം യവനേന്ദ്രസ്യ കുശസ്ഥല്യാ നിവേശനം

| | | | |
|---|---|---|---|
| അസുരദ്വിഷഃ | അസുരശത്രുവായ | കീർത്തിതാനി | പ്രതിപാദിക്കപ്പെട്ട |
| തസ്യ | ആ ശ്രീകൃഷ്ണൻെറ | ശിശോഃ | ശിശുവായിരിക്കുമ്പോഴ് |
| അപരാണി | അസാധ്യമായ | | |
| കർമ്മാണി | കാര്യങ്ങൾ | | |

| | |
|---|---|
| പൂതനാസു പയഃ പാനം | പൂതനയുടെ ജീവനോടു് കൂടി പാൽ കുടിച്ചതും |
| ശകടോച്ചാടനം | ശകടാസുരവധവും |
| തൃണാവർത്തസ്യ | തൃണാവർത്തന്റെയും |
| തഥാ ഏവ | അപ്രകാരം തന്നെ |
| ബകവത്സയോഃ | ബകാസുരന്റെയും വത്സാസുരന്റെയും |
| സഹഭ്രാതുഃ | സഹോദരസഹിതം |
| ധേനുകസ്യ | ധേനുകന്റെയും |
| പ്രലംബസ്യ ച | പ്രലംബന്റെയും |
| സംക്ഷയഃ | നാശവും |
| പരിസർപ്പതഃ | പടർന്നുപിടിക്കുന്ന |
| ദാവാഗ്നേഃ | കാട്ടുതീയിൽനിന്നു് |
| ഗോപാനാം | ഗോപന്മാരെ |
| പരിത്രാണം ച | രക്ഷിച്ചതും |
| കാലിയസ്യ | കാലിയൻ എന്ന |
| അഹേഃ | നാഗത്തെ |
| ദമനം | അടക്കിയതും |
| മഹാഹേഃ | മലമ്പാമ്പിൽനിന്നും |
| നന്ദമോക്ഷണം | നന്ദനെ മോചിപ്പിച്ചതും |
| യത്ര | ഏതൊരു വ്രതാനുഷ്ഠാനത്തിൽപ്പെട്ട |
| വ്രതൈഃ | വ്രതങ്ങളാൽ |
| അച്യുതഃ | ശ്രീകൃഷ്ണൻ സന്തുഷ്ട |
| തുഷ്ടഃ | നായ് ഭവിച്ചുവോ |
| കന്യാനാം | ഗോപീകന്നികമാരുടെ |
| വ്രതചര്യാ തു | ആ വ്രതാനുഷ്ഠാനവും |
| യജ്ഞപത്നീഭ്യഃ | യജ്ഞപത്നിമാർക്കു് |
| പ്രസാദഃ | അനുഗ്രഹവും |
| വിപ്രാണാം | ബ്രാഹ്മണന്മാരുടെ |
| അനുതാപനം | പശ്ചാത്താപവും |

| | |
|---|---|
| ഗോവർദ്ധനോദ്ധാരണം ച | ഗോവർദ്ധനഗിരിയെ പൊക്കി എടുത്തതും |
| അഥ ശക്രസ്യ | ഇന്ദ്രനും കാമദേവനും |
| സുരഭേഃ യജ്ഞാഭിഷേകം | ചെയ്ത പൂജയും അഭിഷേകവും |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| സ്ത്രീഭിഃ സഹ | ഗോപസ്ത്രീകളോടു് കൂടി |
| രാത്രിഷു | രാത്രിയിൽ നടന്ന |
| ക്രീഡാ ച | രാസക്രീഡയും |
| ദുർബുദ്ധേഃ | ദുഷ്ടബുദ്ധിയായ |
| ശംഖചൂഡസ്യ | ശംഖചൂഡന്റെയും |
| കേശിതഃ | കേശിയുടെയും |
| വധഃ | വധവും |
| അക്രൂരാഗമനം | അക്രൂരാഗമനവും |
| പശ്ചാത് | പിന്നീടു് |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാർ |
| പ്രസ്ഥാനം | മധുരാപുരിക്കു് പുറപ്പെട്ടതും |
| വ്രജസ്ത്രീണാം | ഗോകുലസ്ത്രീകളുടെ |
| വിലാപഃ ച | വിലാപവും |
| തതഃ | പിന്നീടു് |
| മധുരാലോകനം | മധുരയെ ദർശിക്കുന്നതും |
| മൃതസ്യ സൂനോഃ | മൃതനായ പുത്രനെ |
| പുനഃ | തിരിച്ചുകൊണ്ടുവന്ന |
| ആനയനം | തും |
| ദ്വിജാഃ | ഹേ ബ്രാഹ്മണന്മാരേ |
| മഥുരായാം | മഥുരയിൽ വസിച്ചു |
| നിവസതാ | വന്ന |
| ഉദ്ധവരാമാഭ്യാം | ഉദ്ധവരോടും ബലരാമരോടും |
| യുതേന | കൂടിയ |
| ഹരിണാ | ശ്രീകൃഷ്ണനാൽ |
| യദുചക്രസ്യ | യാദവന്മാർക്കു് |
| പ്രിയം യത് | പ്രിയമായതു് ഏതൊന്നു് |
| കൃതം | ചെയ്യപ്പെട്ടതോ അതും |

| | |
|---|---|
| ബഹുശഃ | പലപ്രാവിശ്യം |
| ജരാസന്ധ | ജരാസന്ധനാൽ |
| സമാനീത | സമാനീതമായ |
| സൈന്യസ്യ | സൈന്യത്തിന്റെ |
| വധഃ | വധവും |
| യവനേന്ദ്രസ്യ | യവനാധിപതിയെ |
| ഘാതനം | മുചുകുന്ദനാൽ വധം ചെയ്യിച്ചതും |
| കുശസ്ഥല്യാഃ | ദ്വാരകയെ |
| നിവേശനം | നിർമ്മാണിച്ചതും |

37 ആദാനം പാരിജാതസ്യ സുധർമ്മായാഃ സുരാലയാത്
രുക്മിണ്യാ ഹരണം യുദ്ധേ പ്രമഥ്യ ദ്വിഷതോ ഹരേഃ ||

38 ഹരസ്യ ജൃംഭണം യുദ്ധേ ബാണസ്യ ഭുജകൃന്തനം |
പ്രാഗ്ജ്യോതിഷപതിം ഹത്വാ കന്യാനാം ഹരണം ച യത് ||

39 ചൈദ്യ പൌണ്ഡ്രക ശാല്വാനാം ദന്തവക്ത്രസ്യ ദുർമ്മതേഃ |
ശംബരോ ദ്വിവിദഃ പീഠോ മുരഃ പഞ്ചജനാദയഃ ||

40 മാഹാത്മ്യഞ്ച വധസ്തേഷാം വാരാണസ്യാശ്ച ദാഹനം |
ഭാരാവതരണം ഭൂമേർന്നിമിത്തീകൃത്യ പാണ്ഡവാൻ ||

| | |
|---|---|
| സുരാലയാത് | ദേവലോകത്തിൽ നിന്ന് |
| പാരിജാതസ്യ | പാരിജാതത്തേയും |
| സുധർമ്മായാഃ | സുധർമ്മാ എന്ന ദേവസഭയേയും |
| ആദാനം | കൊണ്ടുവന്നതും |
| യുദ്ധേ | യുദ്ധത്തിൽ |
| ദ്വിഷതഃ | ശത്രുക്കളെ മഥനം |
| പ്രമഥ്യ | ചെയ്ത് |
| ഹരേഃ | ശ്രീകൃഷ്ണൻ |
| രുക്മിണ്യാഃ | രുക്മിണിയെ |
| ഹരണം | കൊണ്ടുവന്നതും |
| യുദ്ധേ | യുദ്ധത്തിൽ |
| ഹരസ്യ | പരമശിവനെ |
| ജൃംഭണം | അടക്കിയതും |
| ബാണസ്യ | ബാണാസുരന്റെ |
| ഭുജകൃന്തനം | കരങ്ങളെ വെട്ടിയതും (മുറിച്ചതും) |
| പ്രാഗ്ജ്യോതിഷപതിം | പ്രാഗ്ജ്യോതിഷാധിപതിയായ നരകാസുരനെ |
| ഹത്വാ | വധിച്ച് |
| കന്യാനാം | കന്യകളെ |
| ഹരണഃ | രക്ഷിച്ചുകൊണ്ടുവന്നതും |
| യത് ച | എന്ന യാതൊന്നുണ്ടോ |
| ചൈദ്യപൌണ്ഡ്രക ശാല്വാനാം | ശിശുപാലൻ, പൌണ്ഡ്രകൻ, ശാല്വൻ ഇവന്മാരുടെയും |
| ദുർമ്മതേഃ ദന്തവക്ത്രസ്യ | ദുർബുദ്ധിയായ ദന്തവക്ത്രന്റെയും |
| ശംബരഃ | ശംബരൻ |
| ദ്വിവിദഃ | ദ്വിവിദൻ |
| പീഠഃ മുരഃ | പീഠൻ, മുരൻ |
| പഞ്ചജനാദയഃ | പഞ്ചജനൻ മുതലായവരും |
| തേഷാം | അവരുടെ |
| മഹാത്മ്യം | പ്രഭാവവും |
| വധഃ ച | വധവും |
| വരാണസ്യാഃ ച | കാശിയെ |
| ദാഹനം ച | എരിച്ചതും |
| പാണ്ഡവാൻ | പാണ്ഡവന്മാരെ |
| നിമിത്തീകൃത്യ | നിമിത്തമായി വെച്ചും കൊണ്ട് |
| ഭൂമേഃ | ഭൂമിയുടെ |
| ഭാരാവതരണം | ഭാരം കുറച്ചതും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു |

പതിനൊന്നാം സ്കന്ധം പറയുന്നു

41 വിപ്രശാപാപദേശേന സംഹാരഃ സ്വകുലസ്യ ച ।
ഉദ്ധവസ്യ ച സംവാദോ വാസുദേവസ്യ ചാദ്ഭുതഃ ॥

42 യത്രാത്മവിദ്യാ ഹ്യഖിലാ പ്രോക്താ ധർമ്മവിനിർണയഃ ।
തതോ മർത്ത്യ പരിത്യാഗ ആത്മയോഗാനുഭാവതഃ ॥

| | |
|---|---|
| വിപ്രശാപാപ | ബ്രാഹ്മണശാപ |
| ദേശേന | വ്യാജംകൊണ്ട് |
| സ്വകുലസ്യ | തന്റെ കുലത്തിന്റെ |
| സംഹാരഃ | അവസാനവും |
| ച | |
| യത്ര | ഏതിൽ |
| ആത്മവിദ്യാ | ആത്മവിദ്യ |
| അഖിലാ | സമഗ്രമായ് പ്രദി |
| ആഖ്യാതാ | പാദിക്കപ്പെട്ടുവോ |
| ധർമ്മവിനി ർണ്ണയഃ | വർണ്ണാശ്രമധർമ്മങ്ങളുടെ നിശ്ചയവും പറയപ്പെട്ടുവോ അപ്രകാരമായ |
| ഉദ്ധവസ്യ | ഉദ്ധവനും |
| വാസുദേവസ്യ | വാസുദേവനും |
| ച | തമ്മിൽ നടന്ന |
| അത്ഭുതഃ | ആശ്ചര്യകരമായ |
| സംവാദഃ ച | സംവാദവും |
| തതഃ | പിന്നീട് |
| ആത്മയോഗാ നുഭാവതഃ | ആത്മയോഗവൈഭവത്താൽ |
| മർത്ത്യ പരിത്യാഗഃ | മനുഷ്യശരീരത്യാഗവും പ്രതിപാദിക്കപ്പെട്ടു |

പന്ത്രണ്ടാമത്തെ സ്കന്ധാർത്ഥം പറയുന്നു

43 യുഗലക്ഷണവൃത്തിശ്ച കലൌ നൃണാമുപപ്ലവഃ ।
ചതുർവ്വിധശ്ച പ്രളയ ഉൽപത്തിസ്ത്രിവിധാ തഥാ ॥

44 ദേഹത്യാഗശ്ച രാജർഷേർവ്വിഷ്ണുരാതസ്യ ധീമതഃ ।
ശാഖാ പ്രണയനമൃഷേർ മാർക്കണ്ഡേയസ്യ സത് കഥാ ॥
മഹാപുരുഷവിന്യാസഃ സൂര്യസ്യ ജഗദാത്മനഃ ।

45 ഇതി ചോക്തം ദ്വിജശ്രേഷ്ഠാഃ യത് പൃഷ്ടോऽഹമിഹാസ്മി വഃ ॥
ലീലാവതാരകർമ്മാണി കീർത്തിതാനീഹ സർവ്വശഃ

| | |
|---|---|
| യുഗനലക്ഷണ | യുഗങ്ങളുടെ ലക്ഷണ |
| വൃത്തിഃ | വും അവക്കു തക്കതായ വൃത്തിയും |
| കലൌ | കലിയുഗത്തിൽ |
| നൃണാം | മനുഷ്യരുടെ |
| ഉപപ്ലവഃ ച | (ബുദ്ധിമോഹവും) നാശവും |
| ചതുർവ്വിധഃ | നാലുവിധമായ |
| പ്രളയഃ | പ്രളയവും |
| തഥാ | അപ്രകാരം തന്നെ |
| ത്രിവിധാ | പ്രാകൃതം, നൈമിത്തികം, നിത്യം എന്നു മൂന്നുവിധമായ |

| | |
|---|---|
| ഉൽപത്തി: ച | ഉൽപത്തിയും |
| ധീമത: | ബുദ്ധിമാനായ |
| വിഷ്ണുരാതസ്യ | പരീക്ഷിത് |
| രാജഷേ: | രാജഷിയുടെ |
| ദേഹത്യാഗ: ച | ദേഹത്യാഗവും |
| ഋഷേ: | വ്യാസ ഋഷി |
| ശാഖാ | വേദശാഖകളെ |
| പ്രണയനം | പിരിച്ചതും |
| മാക്കണ്ഡേയസ്യ | മാക്കണ്ഡേയന്റെ |
| സത്കഥാ | ശ്രേഷ്ഠമായചരിത്രവും |
| ജഗദാത്മനഃ | ജഗദാത്മാവായ |
| സൂര്യസ്യ | സൂര്യന്റെയും |
| മഹാപുരുഷവിന്യാസഃ | മഹാപുരുഷവിന്യാസവും |
| ഇതി ച ഉക്തം | ഇപ്രകാരം പറയപ്പെട്ട |
| ദ്വിജശ്രേഷ്ഠാ: | ബ്രാഹ്മണോത്തമന്മാരെ |
| വ: | നിങ്ങളാൽ |
| അഹം | ഞാൻ |
| 'യത് പ്രഷ്ട: | യാതൊന്ന് ചോദിക്കപ്പെട്ടുവോ |
| ലീലാവതാര കമ്മാണി | ലീലകളും, അവതാരങ്ങളും, പ്രവൃത്തികളും |
| സവ്വശ: | അതാതു ലീലകളുടെ പ്രയോജനങ്ങളെ പറയുക എന്ന വഴിയിൽ സകലവും |
| ഇഹകീത്തിതാനി | ഇതിൽ എന്നാൽ പ്രദിപാദിക്കപ്പെട്ട |

46 പതിത; സ്ഖലിതശ്ചാത്ത: ക്ഷുത്വാ വാ വിവശോ ബ്രുവൻ ।
ഹരയേ നമ ഇത്യുച്ചൈർമുച്യതേ സവ്വപാതകാത് ॥

| | |
|---|---|
| പതിത: | പതിച്ചവനോ |
| സ്ഖലിത: ച | സ്ഖലിതനോ |
| ആത്ത: | ആത്തനോ |
| ക്ഷുത്വാ | തുമ്മൽ ഉണ്ടായിട്ട് |
| വിവശ: വാ | ആയത്തുകൊണ്ട് പരവശനായോ |
| ഹരയെ നമ ഇതി | "ശ്രീഹരിക്ക് നമസ്കാരം" എന്ന് |
| ഉച്ചേ: ബ്രുവൻ | ഉറക്കെ പറയുന്നവൻ |
| സവ്വപാതകാത് | സകലവിധമായ പാപങ്ങളിൽനിന്നും |
| മുച്യതേ | മുക്തനായ് ഭവിക്കുന്നു |

47 സങ്കീത്ത്യമാനോ ഭഗവാനനന്തഃ
ശ്രുതാനുഭാവോ വ്യസനം ഹി പുംസാം ।
പ്രവിശ്യ ചിത്തം വിധുനോത്യശേഷം
യഥാ തമോഽക്കോഽഭ്രമിവാതിവാതഃ ॥

| | |
|---|---|
| സംകീർത്യമാനഃ | നല്ലവണ്ണം കീത്തനം ചെയ്യുന്നവരായോ |
| ശ്രുതാനുഭാവഃ | അഥവാ മാഹാത്മ്യം ശ്രവണം ചെയ്യുന്നവരായിട്ടോ ഇരിക്കുന്ന |
| അനന്തഃ | അന്തരിഹിതനായ |
| ഭഗവാൻ | ഭഗവാൻ |
| പുംസാം | മനുഷ്യന്മാരുടെ |
| ചിത്തം പ്രവിശ്യ | ചിത്തത്തിൽ പ്രവിഷ്ടനായ് |
| വ്യസനം | ദുഃഖം |
| അശേഷം | നിശ്ശേഷമായി |

| | | | |
|---|---|---|---|
| അർക്കഃ | സൂര്യൻ | അഭ്രം ഇവ | മേഘത്തെ എന്ന പോലെയും |
| തമഃ യഥാ | ഇരുട്ടിനെ പോലെയും | വിധുനോതി | നശിപ്പിക്കുന്നു |
| അതിവാതഃ | കൊടുംകാറ്റ് | ഹി | ഇത് സുപ്രസിദ്ധമാകുന്നു |

ഹരികീർത്തനം മാത്രമേ മഹാഫലത്തെ നൽകുവാൻ സാധിക്കുള്ളൂ മററുള്ളത് ഒക്കെ വൃഥാ കണ്ഠക്ഷോഭം എന്നു പറയുന്നു.

48 മൃഷാ ഗിരസ്താ ഹ്യസതീരസത്കഥാ
ന കഥ്യതേ യത് ഭഗവാനധോക്ഷജഃ |
തദേവ സത്യം തദു ഹൈവ മംഗളം
തദേവ പുണ്യം ഭഗവത്ഗുണോദയം ||

| | | | |
|---|---|---|---|
| യത് | ഇവകളാൽ | ഭവത് | ഭഗവത് ഗുണങ്ങളെ |
| ഭഗവാൻ | സർവ്വജ്ഞനും സർവ്വശക്തനുമായ | ഗുണോദയം | പ്രകടിപ്പിക്കുന്ന |
| അധോക്ഷജഃ | ശ്രീകൃഷ്ണപരമാത്മാ | തത് ഏവ | ആ വാക്കുതന്നെയാണ് |
| ന കഥ്യതേ | പറയപ്പെടുന്നില്ലയോ | സത്യം | സത്യമായതു |
| അസത്കഥാഃ | അസത്തുക്കളുടെ കഥയായിട്ടും ഇരിക്കുന്നുവോ | ഉഹ | ആഹാ |
| താഃ | ആ | തത് ഏവ | അതു തന്നേയാണ് |
| മൃഷാഗിരഃ | വൃഥാവാക്കുകൾ | മംഗളം | മംഗളകരമായതു |
| അസതീഃ ഹി | അസത്യമായവ തന്നെ | തത് ഏവ | അതു തന്നേയാണ് |
| | | പുണ്യം | പുണ്യമായതു |

49 തദേവ രമ്യം രുചിരം നവം നവം
തദേവ ശശ്വന്മനസോ മഹോത്സവം |
തദേവ ശോകാർണ്ണവശോഷണം നൃണാം
യദുത്തമശ്ലോകയശോऽനുഗീയതേ ||

| | | | |
|---|---|---|---|
| യത് | ഏതിൽ | തത് ഏവ | അതു തന്നേയാണ് |
| ഉത്തമശ്ലോക | ഉത്തമമായ കീർത്തി | ശശ്വത് | എപ്പോഴും |
| യശഃ | യോടു കൂടിയ ഭഗവാന്റെ യശസ്സ് | മനസഃ | മനസ്സിനു |
| അനുഗീയതേ | അനുക്ഷണം പാടപ്പെടുന്നുവോ | മഹോത്സവം | മഹാസന്തോഷദായകമായതു |
| തത് ഏവ | അതുതന്നേയാണ് | തത് ഏവ | അതു തന്നേയാണ് |
| രമ്യം | മനോഹരമായതു | നൃണാം | മനുഷ്യർക്കു |
| നവം നവം | പുതിയ പുതിയ | ശോകാർണ്ണവ | വിചാരസാഗര |
| രുചിരം | രസം നൽകുന്നതു | ശോഷണം | ശോഷണമായതു |

50 ന തദ്വചശ്ചിത്രപദം ഹരേർയശോ
ജഗത് പവിത്രം പ്രഗൃണീത കർഹിചിത് ।
തദ് ധ്വാംക്ഷ തീർത്ഥം ന തു ഹംസസേവിതം
യത്രാച്യുതസ്തത്ര ഹി സാധവോഽമലാഃ ॥

| | |
|---|---|
| ചിത്രപദം | അലങ്കാര ശബ്ദങ്ങളോടുകൂടിയ |
| തത്വചഃ | ആ വാക്ക് |
| ജഗത് പവിത്രം | ജഗത്തിനെ ശുദ്ധമാക്കുന്ന |
| ഹരേഃയശഃ | ശ്രീഹരിയുടെ യശസ്സിനെ |
| കർഹിചിത് | ഒരുസ്ഥലത്തിലെങ്കിലും |
| ന പ്രഗൃണീത | ഉച്ചരിക്കുന്നില്ലയോ |
| തത് | ആ വാക്ക് |
| ധ്വാം | കാക്കതുല്യരായ |
| ക്ഷതീർത്ഥം | മനുഷ്യർക്ക് സന്തോഷം നൽകുന്നതാകുന്നു |
| തു | എന്നതല്ലാതെ |
| നഹംസ | ഹംസതുല്യരായ |
| സേവിതം | ജ്ഞാനികളിൽ സേവിക്കപ്പെടുന്നതാകുന്നു, കാരണം |
| അച്യുത | ഭക്തന്മാരെ കൈവെടിയാത്തഭഗവാൻ എവിടെ ഇരിക്കുന്നുവോ |
| തത്രഹി | അവിടെയല്ലയോ |
| അമലാഃ | പരിശുദ്ധന്മാരായ |
| സാധവ: | സജ്ജനങ്ങൾ ഇരിക്കുന്നത് |

51 സ വാഗ്വിസർഗ്ഗോ ജനതാഘസംപ്ലവോ
യസ്മിൻ പ്രതിശ്ലോകമബദ്ധവത്യപി ।
നാമാന്യനന്തസ്യ യശോഽങ്കിതാനി
യച്ഛൃണ്വന്തി ഗായന്തി ഗൃണന്തി സാധവഃ ॥

| | |
|---|---|
| യസ്മിൻ | ഏതു വാക്കിന്റെ പ്രയോഗം |
| പ്രതി ശ്ലോകം | ഓരോ ശ്ലോകത്തിലും |
| അബദ്ധവതി അപി | അപശബ്ദം (തെറ്റ്) ഉള്ളതായി ഇരുന്നാലും |
| സ: വാഗ്വിസർഗ്ഗ | ആ വാക്കിന്റെ പ്രയോഗം |
| ജനതാഘ സംപ്ലവഃ | ജനങ്ങളുടെ പാപത്തെ നശിപ്പിക്കുന്നു |
| യത് | എന്തുകൊണ്ടെന്നാൽ |
| അന്തസ്യ | അന്തമില്ലാത്ത ഭഗവാന്റെ |
| യശോഽങ്കിതാനി | യശസ്സോടു കൂടി |
| നമാനി | നാമങ്ങൾ |
| സാധവഃ | സാധുജനങ്ങൾ |
| ശൃണ്വന്തി | അന്യർ പാടുമ്പോൾ ശ്രവണം ചെയ്യുന്നു |
| ഗായന്തി | ശ്രോതാക്കൾ ഇരിക്കുമ്പോൾ പാടുന്നു |
| ഗൃണന്തി | ആരും ഇല്ലാത്ത സമയം സ്വയം അനുഭവിക്കുന്നു |

ജ്ഞാനം കർമ്മം ഇവകളെ ആദരിക്കുന്നതിനേക്കാൾ ഭഗവൽനാമസംകീർത്തനത്തെ ആദരിക്കേണ്ടതാകുന്നു എന്നു പറയുന്നു

52 നൈഷ്കർമ്മ്യമപ്യച്യുത ഭാവവർജ്ജിതം
ന ശോഭതേ ജ്ഞാനമലം നിരഞ്ജനം |
കുതഃ പുനഃ ശശ്വദഭദ്രമീശ്വരേ
ന ഹ്യർപ്പിതം കർമ്മ യദപ്യനുത്തമം ||

| | | | |
|---|---|---|---|
| നിരഞ്ജനം | അവിദ്യാദി ഉപാധികളെ നിവർത്തിക്കുന്നതായി ഇരുന്നാലും | കർമ്മ | കർമ്മം |
| നൈഷ്കർമ്മ്യം | ബ്രഹ്മമോ | അനുത്തമം യദപി | വളരെ ഉത്തമമാണെങ്കിലും |
| ജ്ഞാനം അപി | അതിനെ പ്രകാശിപ്പിക്കുന്ന ജ്ഞാനവും കൂടി | ഈശ്വരേ ന അർപ്പിതം | സർവ്വേശ്വരനിങ്കൽ സമർപ്പിച്ചില്ലെങ്കിൽ |
| അച്യുത ഭാവ വർജ്ജിതം | അച്യുതഭക്തിരഹിതമായി ഇരിക്കുമെങ്കിൽ | കുതഃ പുന ? | എങ്ങിനെ ശോഭിക്കും |
| | | ഹി | കാരണം |
| അലം ന ശോഭതേ | വേണ്ടതുപോലെ ശോഭിക്കുന്നില്ല (അപരോക്ഷസാക്ഷാൽകാരത്തിനു കാരണമാകുന്നില്ല) | ശശ്വത് | അത് അനുഷ്ഠിക്കപ്പെടുമ്പോഴും |
| | | അഭദ്രം | ദുഃഖപ്രദമാകുന്നതാകുന്നു. |

53 യശഃ ശ്രിയാമേവ പരിശ്രമഃ പരോ
വർണ്ണാശ്രമാചാര തപഃ ശ്രുതാദിഷു |
അവിസ്മൃതിഃ ശ്രീധരപാദപദ്മയോർ
ഗുണാനുവാദശ്രവണാദിഭിർഹരേഃ ||

| | | | |
|---|---|---|---|
| വർണ്ണാശ്രമാചാരതപശ്രുതാദിഷു | വർണ്ണാശ്രമധർമ്മങ്ങളും, സദാചാരം, തപസ്, വിദ്യ ഇവക്കായി | ഗുണാനുവാദശ്രവണാദിഭിഃ | ഗുണഗണഗാനം ചെയ്യുക, അവയെ ശ്രവണംചെയ്യുക, എന്നീ കാര്യങ്ങളാലോ എങ്കിൽ |
| പരഃ പരിശ്രമഃ | ചെയ്യുന്ന ഉദ്യമം | | |
| യശഃ ശ്രിയാമേവ | കീർത്തി, ഐശ്വര്യം ഇവക്കായിക്കൊണ്ട് തന്നെയാണ് | ശ്രീധരപാദപദ്മയോഃ | ലക്ഷ്മീപതിയുടെ തൃപ്പാദകമലങ്ങളുടെ |
| ഹരേഃ | ശ്രീഹരിയുടെ | അവിസ്മൃതിഃ | സ്മരണയുണ്ടാകുന്നതാകുന്നു. |

54 അവിസ്മൃതിഃ കൃഷ്ണപദാരവിന്ദയോഃ
ക്ഷിണോത്യഭദ്രാണി ശമം തനോതി ച |
സത്വസ്യ ശുദ്ധിം പരമാത്മഭക്തിം
ജ്ഞാനം ച വിജ്ഞാനവിരാഗയുക്തം ||

| | | | |
|---|---|---|---|
| കൃഷ്ണപദാരവിന്ദയോഃ | ശ്രീകൃഷ്ണതൃപ്പാദങ്ങളെ | പരമാത്മഭക്തിം | പരമാത്മാവോട് ഭക്തിയേയും |
| അവിസ്മൃതിഃ | സ്മരിക്കുന്നത് | വിജ്ഞാന | അപരോക്ഷ |
| അഭദ്രാണി | അമംഗളങ്ങളെ | വിരാഗയുക്തം | സാക്ഷാൽകാരം വൈരാഗ്യം ഇവയോടുകൂടിയ |
| ക്ഷിണോതി | പോക്കുന്നു. | | |
| ശമം ച | ശാന്തിയേയും | | |
| സത്വസ്യ | അന്തഃകരണ ശുദ്ധിയേയും | ജ്ഞാനം ച | ആത്മജ്ഞാനത്തെയും |
| ശുദ്ധിം | | തനോതി | നൽകുന്നു |

55 യൂയം ദ്വിജാഗ്ര്യാ ബത ഭൂരിഭാഗാ
യച്ഛശ്വദാത്മന്യഖിലാത്മഭൂതം ।
നാരായണം ദേവമദേവമീശ-
മജസ്രഭാവാ ഭജതാവിവേശ്യ ॥

| | | | |
|---|---|---|---|
| ദ്വിജാഗ്ര്യാഃ | ഹേ ബ്രാഹ്മണോത്തമന്മാരേ! | അദേവം | താനല്ലാതെ അന്യദേവൻ ഇല്ലാത്തവനും |
| യൂയം ബത | നിങ്ങളല്ലയോ | ഈശം | സർവ്വേശ്വരനുമായ |
| ഭൂരി ഭാഗാഃ | മഹാഭാഗ്യവാന്മാർ | നാരായണം | ശ്രീനാരായണനെ |
| യത് | എന്തെന്നാൽ | ആത്മനി | മനസ്സിൽ |
| ശശ്വത് | പലസമയവും | ആവിവേശ്യ | ധരിച്ചുകൊണ്ട് |
| അഖിലാത്മഭൂതം | സകലത്തിലും അന്തര്യാമിയും | അജസ്രഭാവാഃ | നിരന്തരമായ ചിത്തവൃത്തിയോടുകൂടിയവരായി |
| ദേവം | സ്വയം പ്രകാശവും | ഭജത | ഭജിക്കുന്നു |

56 അഹം ച സംസ്മാരിത ആത്മതത്വം
ശ്രുതം പുരാ മേ പരമർഷിവക്ത്രാത് ।
പ്രായോപവേശേ നൃപതേഃ പരീക്ഷിതഃ
സദസ്യൃഷീണാം മഹതാം ച ശൃണ്വതാം ॥

| | | | |
|---|---|---|---|
| പുരാ | പണ്ടൊരുകാലത്തിൽ | പരമർഷി | ശുകബ്രഹ്മഋഷിയുടെ |
| പരീക്ഷിതഃ നൃപതേഃ | പരീക്ഷിത് രാജന്റെ | വക്ത്രാത് | മുഖത്തിൽനിന്നും |
| പ്രായോപവേശേ | പ്രായോപവേശകാലത്തിൽ | മയാശ്രുതം | എന്നാൽ കേൾക്കപ്പെട്ടതായ |
| സദസി | സഭയിൽ | ആത്മതത്വം | ആത്മതത്വത്തെ |
| മഹതാം | മഹർഷികളും | അഹം ച | ഞാനും |
| ഋഷീണാം ച ശൃണ്വതാം | ശ്രവണം ചെയ്തുകൊണ്ടിരിക്കുമ്പോൾ | സംസ്മാരിതഃ | സ്മരിക്കുമാറുചെയ്യപ്പെട്ട |

57 ഏതദ്വഃ കഥിതം വിപ്രാഃ കഥനീയോരു കർമ്മണഃ ।
മാഹാത്മ്യം വാസുദേവസ്യ സർവ്വാശുഭവിനാശനം ॥

| | | | |
|---|---|---|---|
| വിപ്രാഃ | ഹേ ബ്രഹ്മണന്മാരേ! | സർവ്വാശുഭ | സർവ്വാശുഭങ്ങളേയും |
| കഥനീയോരു | കീർത്തനാർഹമായ | വിനാശനം | നശിപ്പിക്കുന്ന |
| കർമ്മണഃ | അനേകകർമ്മങ്ങളോടു കൂടിയ ശ്രീ വാസുദേവന്റെ | മഹാത്മ്യം | മഹാത്മ്യം |
| | | ഏതത് കഥിതം | ഇതാ പറയപ്പെട്ടു |

58 യ ഏവം ശ്രാവയേന്നിത്യം യാമക്ഷണമനന്യധീഃ ।
ശ്രദ്ധാവാൻ യോഽനുശൃണുയാത് പുനാത്യാത്മാനമേവ സഃ ॥

| | | | |
|---|---|---|---|
| യഃ | ആര് | ഏവം ശ്രാവയേത് | ഇപ്രകാരം അന്യരെ ശ്രവണം ചെയ്യിപ്പിക്കുന്നുവോ |
| അനന്യധീഃ | മറ്റേതൊരു ചിന്തയുമില്ലാതെ | യഃ | ആര് |
| | | അനുശൃണുയാത് | ശ്രവണം ചെയ്യുന്നുവോ |
| ശ്രദ്ധാവാൻ | സശ്രദ്ധം | | |
| നിത്യം | ദിവസവും | സഃ | അവൻ |
| യാമക്ഷണ | യാമത്തിലും ക്ഷണത്തിലും | ആത്മാനം ഏവ | ആത്മാവിനെത്തന്നെ |
| | | പുനാതി | പരിശുദ്ധമാക്കുന്നു |

59 ദ്വാദശ്യാമേകാദശ്യാം വാ ശൃണ്വന്നായുഷ്യവാൻ ഭവേത് ।
പഠത്യനശ്നൻ പ്രയതസ്തതോ ഭവത്യപാതകീ ॥

| | | | |
|---|---|---|---|
| ദ്വാദശ്യാം | ദ്വാദശി ദിവസമോ | ഭവേത് | ഭവിക്കും |
| ഏകാദശ്യാം വാ | ഏകാദശി ദിവസമോ | പ്രയതഃ | പരിശുദ്ധനായും |
| | | അനശ്യൻ | നിരാഹാരനായും |
| ശൃണ്വൻ | ശ്രവണം ചെയ്യുന്നവൻ | പഠതി | ആര് വായിക്കുന്നുവോ അവൻ |
| | | അപാതകീ | പാപരഹിതനായി |
| ആയുഷ്യവാൻ | ദീർഘായുഷ്മാനായി | ഭവതി | ഭവിക്കുന്നു |

60 പുഷ്കരേ മഥുരായാം ച ദ്വാരവത്യാം യതാത്മവാൻ ।
ഉപോഷ്യ സംഹിതാമേതാം പഠിത്വാ മുച്യതേ ഭയാത് ॥

| | | | |
|---|---|---|---|
| പുഷ്കരേ | പുഷ്കരക്ഷേത്രത്തിൽ വെച്ചോ | ഉപോഷ്യ | ഉപവാസമിരുന്ന് |
| | | ഏതാം സംഹിതാം | ഈ ഭാഗവത സംഹിതയെ |
| മഥുരായാം | മഥുരയിലോ | പഠിത്വാ | വായിക്കുമെങ്കിൽ |
| ദ്വാരവത്യാം | ദ്വാരകാപുരിയിലോ | ഭയാത് | സംസാര ഭയത്തിൽ നിന്ന് |
| യതാത്മവാൻ | മനോനിയന്ത്രിതനായി | മുച്യതേ | മുക്തനായ് ഭവിക്കുന്നു |

61 ദേവതാഃ മുനയഃ സിദ്ധാഃ പിതരോ മനവോ നൃപാഃ |
യച്ഛന്തി കാമാൻ ഗൃണതഃ ശൃണ്വതോ യസ്യ കീർത്തനാത് ||

| | | | |
|---|---|---|---|
| യത്ര | പൂർവ്വോക്തസ്ഥലങ്ങളിൽ | മുനയഃ | മുനിമാരും |
| ഗൃണതഃ | ഗാനം ചെയ്യുന്നവനും | സിദ്ധാഃ | സിദ്ധന്മാരും |
| കീർത്തനാത് | കീർത്തനം വഴിയായി | പിതരഃ | പിതൃക്കളും |
| ശൃണ്വതഃ | ശ്രവണം ചെയ്യുന്നവനും | മനവഃ | മനുക്കളും |
| ദേവതാഃ | ദേവതകളും | നൃപാഃ | രാജാക്കന്മാരും |
| | | കാമാൻ | ആഗ്രഹിക്കുന്നവയെ |
| | | യച്ഛന്തി | നൽകുന്നു |

62 ഋചോ യജൂംഷി സാമാനി ദ്വിജോഽധീത്യാനുവിന്ദതേ |
മധുകുല്യാ ഘൃതകുല്യാഃ പയഃകുല്യാശ്ച തത്ഫലം ||

63 പുരാണസംഹിതാമേതാമധീത്യ പ്രയതോ ദ്വിജഃ |
പ്രോക്തം ഭഗവതാ യത്തു തത്പദം പരമം വ്രജേത് ||

| | | | |
|---|---|---|---|
| ദ്വിജഃ | ബ്രഹ്മണ ക്ഷത്രിയ വൈശ്യന്മാർ | പ്രയതഃ | വളരെ പരിശുദ്ധമായ |
| ഋചഃ | ഋഗ്വേദവും | ഏതാം പുരാണസംഹിതാം | ഈ പുരാണസംഹിതയെ |
| യജൂംഷി | യജുർവേദവും | അധീത്യ | അദ്ധ്യയനംചെയ്ത് |
| സാമാനി | സാമവേദവും | തത് ഫലം ച | പൂർവ്വോക്തഫലങ്ങളെ പ്രാപിക്കുന്നു. |
| അധീത്യ | അദ്ധ്യയനംചെയ്ത് ക്രമമായി | തു | എന്നുമാത്രമല്ല |
| പയഃ കുല്യാഃ | പാൽതോടുകളേയും | ഭഗവതാ | ഭഗവാനാൽ |
| ഘൃതകുല്യാഃ | നെയ് തോടുകളേയും | യത് | ഏതു സ്ഥലം |
| മധു കുല്യാ | തേൻ തോടുകളേയും | പരമം | ഉത്തമമായി പറയ |
| അനുവിന്ദതേ | അവയുടെ ഫലമായി ലഭിക്കുന്നു. | പ്രോക്തം | പ്പെട്ടിട്ടുള്ളതോ ആ സ്ഥലവും |
| ദ്വിജഃ | ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ | വ്രജേത് | ലഭിക്കും |

64 വിപ്രോഽധീത്യാപ്നുയാത് പ്രജ്ഞാം രാജന്യോദധിമേഖലാം
വൈശ്യോ നിധിപതിത്വം ച ശൂദ്രഃ ശുദ്ധ്യേത പാതകാത്

| | | | |
|---|---|---|---|
| വിപ്രഃ | ബ്രാഹ്മണൻ | മേഖലാം | ഉള്ള ഭൂമിയും |
| അധീത്യ | ഈ ഭാഗവതം പഠിച്ച് | വൈശ്യഃ | വൈശ്യൻ |
| | | നിധിപതിത്വം ച | ധനപത്യഹ്മായും |
| പ്രജ്ഞാം | പ്രജ്ഞയും | ആപ്നുയാത് | ഭവിക്കും |
| രാജന്യഃ (രാജാവ്) | ക്ഷത്രിയൻ | ശൂദ്രഃ | ശൂദ്രൻ |
| | | പാതകാത് | പാപത്തിൽനിന്ന് |
| ഉദധി | സാഗരപര്യന്തം | ശുദ്ധ്യേത | വിമുക്തനാകുന്നതാണ് |

65 കലിമലസംഹതികാലനോഽഖിലേശോ
ഹരിരിതരത്ര ന ഗീയതേ ഹ്യഭീക്ഷ്ണം ।
ഇഹ തു പുനർഭഗവാനശേഷമൂർത്തിഃ
പരിപഠിതോഽനുപദം കഥാപ്രസംഗൈഃ ॥

| | |
|---|---|
| കലിമല സംഹതി കാലനഃ | കലിദോഷ സമൂഹ സംഹാരകനും |
| അഖിലേശഃ | സർവ്വേശ്വരനുമായ |
| ഹരിഃ | ശ്രീഹരി |
| ഇതരത്ര | അന്യസ്ഥലങ്ങളിൽ |
| അഭീക്ഷ്ണം | വീണ്ടും വീണ്ടും |
| ന ഗീയതേ ഹി | കീർത്തനം ചെയ്യപ്പെടുന്നില്ലല്ലോ |
| ഇഹ തു പുനഃ | ഈ ഭാഗവതത്തിലോ എങ്കിൽ |
| അശേഷമൂർത്തിഃ | സർവ്വസ്വരൂപിയായ |
| ഭഗവാൻ | ഭഗവാൻ |
| കഥാപ്രസംഗൈഃ | കഥാപ്രസംഗങ്ങൾ വഴിയായി |
| അനുപദം | വീണ്ടും വീണ്ടും |
| പരിപഠിത | പറയപ്പെട്ടിരിക്കുന്നു. |

66 തമഹമജമനന്തമാത്മതത്ത്വം
ജഗദുദയസ്ഥിതിസംയമാത്മശക്തിം ।
ദ്യുപതിഭിരജശക്രശങ്കരാദ്യൈർ-
ദുരവസിതസ്തവമച്യുതം നതോഽസ്മി ॥

| | |
|---|---|
| അജം | ജന്മരഹിതനും |
| അനന്തം | മൃത്യു രഹിതനും |
| ആത്മതത്ത്വം | ആത്മതത്ത്വരൂപനും |
| ജഗദുദയസ്ഥിതിസംയമാത്മശക്തിം | ജഗത്സൃഷ്ടി, സ്ഥിതി സംഹാരം ഇവകൾക്കു കാരണങ്ങളായ രജസ്സ്, സത്ത്വം, തമസ്സ് എന്ന ശക്തിയോടുകൂടിയവനും |
| അജശക്ര ശങ്കരാദ്യൈഃ | ബ്രഹ്മേന്ദ്രശങ്കര പ്രഭൃതികൾ |
| ദ്യുപതിഭി | ദേവന്മാരാൽ |
| ദുരവസിത സ്തവം | അറിയുവാൻ സാധിക്കാത്ത സ്തോത്രത്തോടുകൂടിയവനുമായ |
| തം അച്യുതം | ആ അച്യുതനെ |
| അസ്മി നതഃ | ഞാൻ നമസ്കരിക്കുന്നു |

67 ഉപചിത നവശക്തിഭിഃ സ്വ
ആത്മന്യുപരചിതസ്ഥിരജംഗമാലയായ ।
ഭഗവത ഉപലബ്ധിമാത്രധാമ്നേ
സുരഋഷഭായ നമഃ സനാതനായ ॥

| | |
|---|---|
| ഉപചിത നവ ശക്തിഭിഃ | വൃദ്ധിയേ പ്രാപിച്ച, പ്രകൃതി, പുരുഷൻ, മഹത്തത്ത്വം അഹങ്കാരം അഞ്ചു തന്മാത്രകൾ എന്ന നവശക്തികൾ |
| സ്വ ആത്മനി | തന്നിടത്തിൽ തന്നെ |
| ഉപരചിത സ്ഥിരജംഗ മാലയാ | സൃഷ്ടിക്കപ്പെട്ട ചരാചരപ്രപഞ്ചത്തിൽ അന്തര്യാമിയായി ഇരിക്കുന്നവനും |

| | | | |
|---|---|---|---|
| ഉപലബ്ധിമാത്ര ധാമ്നേ | കേവലജ്ഞാനാധിഷ്ഠാനമായവനും | സുരർഷഭായ | ദേവന്മാരിൽവെച്ച് ശ്രേഷ്ഠനും |
| | | സനാതനായ | സനാതനനുമായ |
| | | ഭഗവതേ നമഃ | ഭഗവാന്ന് നമസ്കാരം |

68 സ്വസുഖ നിഭൃത ചേതാസ്തദ്വ്യുദസ്താന്യഭാവോऽ
പ്യജിതരുചിരലീലാകൃഷ്ടസാരസ്തദീയം |
വ്യതനുത കൃപയാ യസ്തത്ത്വദീപം പുരാണം
തമഖില വൃജിനഘ്നം വ്യാസസൂനും നതോऽസ്മി ||

| | | | |
|---|---|---|---|
| സ്വസുഖനിഭൃതചേതാഃ | ആത്മാനന്ദത്താൽ പൂർണ്ണമായ മനസ്സോടുകൂടിയ | തത്ത്വദീപം | പരമാത്മവസ്തുവിനെ വ്യാഖ്യാനിക്കുന്ന |
| തദ്വ്യുദസ്താന്യഭാവഃ | അതുകൊണ്ട് അന്യവിഷയസുഖവിരക്തനുമായി | തദീയം പുരാണം | ആ ഭഗവാന്റെ പുരാണത്തെ ഭാഗവതത്തെ |
| അപി | ഇരുന്നിട്ടും കൂടി | വ്യതനുത | വിസ്തരിച്ചു പറഞ്ഞുവോ |
| അജിത രുചിരലീലാകൃഷ്ടസാരഃ | ശ്രീകൃഷ്ണന്റെ മനോഹരമായ ലീലകളാൽ വശീകൃത ധൈര്യത്തോടു കൂടിയവനായി | അഖില വൃജിനഘ്നം | സകലദുരിതങ്ങളേയും നശിപ്പിക്കുന്ന |
| | | തം വ്യാസസൂനും | ആ വ്യാസസുതനായ ശുകബ്രഹ്മത്തെ |
| യഃ | ആര് | അസ്മിനതഃ | ഞാൻ നമസ്കരിക്കുന്നു |

ഇതി ശ്രീമദ്ഭാഗവതമഹാപുരാണത്തിൽ പന്ത്രണ്ടാം സ്കന്ധം
പന്ത്രണ്ടാമദ്ധ്യായം സമാപ്തം.

ആദിത ശ്ലോകങ്ങൾ 14076 ദ്വാദശസ്കന്ധങ്ങൾ 543

# ത്രയോദശോऽധ്യായഃ 13

## പതിമൂന്നാം അദ്ധ്യായം

ത്രയോദശേ പുരാണാനാം സംഖ്യാമാഹ യഥാക്രമം |
ദാനം ദാനസ്യ മാഹാത്മ്യം ശ്രീമദ്ഭാഗവതസ്യ ച |

പതിമൂന്നാമത്തെ അദ്ധ്യായത്തിൽ യഥാക്രമം പുരാണങ്ങളുടെ (ശ്ലോക) സംഖ്യയും ശ്രീമദ്ഭാഗവതത്തിന്റെ ദാനത്തിനേയും ദാനത്തിന്റെ മഹിമയേയും പറയുന്നു.

സൂത ഉവാച — സൂതൻ പറയുന്നു

1 യം ബ്രഹ്മാ വരുണേന്ദ്രരുദ്രമരുതഃ സ്തുന്വന്തി ദിവ്യൈഃ സ്തവൈഃ
വേദൈഃ സാംഗപദക്രമോപനിഷദൈർഗ്ഗായന്തി യം സാമഗാഃ ।
ധ്യാനാവസ്ഥിത തത്ഗതേന മനസാ പശ്യന്തി യം യോഗിനഃ
യസ്യാന്തം ന വിദുഃ സുരാസുരഗണാ ദേവായ തസ്മൈ നമഃ ॥

| | |
|---|---|
| യം | ആരെ |
| ബ്രഹ്മാ | ബ്രഹ്മദേവനും |
| വരുണേന്ദ്രരു | വരുണനും, ഇന്ദ്രനും, |
| ദ്രമരുതഃ | രുദ്രനും, മരുത്തുക്കളും |
| ദിവ്യൈഃ സ്തവൈഃ | ശ്രേഷ്ഠമായ സ്തുതികളാലും |
| സാംഗപദ ക്രമോപനിഷദൈഃ | ശിക്ഷാ മുതലായ ഷട്ശാസ്ത്രങ്ങളായ അംഗങ്ങളും പദം, ക്രമം, ഉപനിഷത്തുക്കളും ഇവകളോടു കൂടിയ |
| വേദൈഃ | വേദങ്ങളെക്കൊണ്ടും |
| സ്തുന്വന്തി | സ്തുതിക്കുന്നുവോ |
| യം | ആരെ |
| സാമഗാഃ ഗായന്തി | സാമഗാനം ചെയ്യുന്നവൻ ഗാനം ചെയ്യുന്നുവോ |

| | |
|---|---|
| യം | ആരെ |
| ധ്യാനാവസ്ഥി ത തത്ഗതേന | ധ്യാനത്താൽ സ്ഥിരമായതും, ആയതു കൊണ്ട് ഭഗവാനിങ്കൽ ചെന്നതുമായ |
| മനസാ | മനസ്സിനാൽ |
| യോഗിനഃ | യോഗികൾ നേരിട്ട് |
| പശ്യന്തി | കാണുന്നുവോ |
| സുരാസുര ഗണാഃ | ദേവഗണങ്ങളും അസുരഗണങ്ങളും |
| യസ്യ അന്തം | ആരുടെ അന്തത്തിനെ |
| ന വിദുഃ | അറിഞ്ഞില്ലയോ |
| ദേവായ | സ്വയം പ്രകാശരൂപിയായ |
| തസ്മൈ നമഃ | അവക്ക് നമസ്കാരം |

2 പൃഷ്ഠേ ഭ്രാമ്യദമന്ദമന്ദരഗിരി ഗ്രാവഗ്രകണ്ഡൂയനാദ്
നിദ്രാളോഃ കമഠാകൃതേർഭഗവതഃ ശ്വാസാനിലാഃ പാന്തു വഃ ।
യത്സംസ്കാരകലാനുവർത്തന വശാദ്വേലാ നിഭേനാംഭസാം
യാതായാത മതന്ദ്രിതം ജലനിധേർനാദ്യാപി വിശ്രാമ്യതി ॥

| | |
|---|---|
| യത്സംസ്കാര | ഏതൊരു മൂച്ചക്കാറ്റിന്റെ |
| കലാനുവർത്തനവശാത് | സംസ്കാരലേശത്തിന്റെ തുടർച്ചയാൽ |
| വേലാനിഭേന | കരയെ കലക്കുക എന്ന വ്യാജത്താൽ |
| ജലനിധേ അംഭസാം | സമുദ്രജലത്തിന്റെ |
| അതന്ദ്രിതം | ഇടവിടാത്ത |

| | |
|---|---|
| യാതായാതം | ഗമനാഗമനം |
| അദ്യ അപി | ഇന്നും കൂടി |
| ന വിശ്രാമ്യതി | വിശ്രമിക്കുന്നില്ലയോ |
| പൃഷ്ഠേ | പുറത്ത് |
| ഭ്രാമ്യദമന്ദമന്ദ രഗിരിഗ്രാവാ ഗ്രകണ്ഡൂയ നാത് | കറങ്ങുന്ന വലിയ മന്ദര മലയുടെ കൽതുറം കൊണ്ട് ചൊറിയുന്നതുകൊണ്ട് |

| | | | |
|---|---|---|---|
| നിദ്രാളോഃ | ഉറങ്ങുന്ന | ശ്വാസാനിലാഃ | അപ്രകാരമായ ശ്വാസക്കാററ് |
| കമഠാകൃതേഃ | ആമരൂപം ധരിച്ച | വഃ പാന്തു | നിങ്ങളെ രക്ഷിക്കട്ടെ |
| ഭഗവതഃ | ഭഗവാന്റെ | | |

3 പുരാണ സംഖ്യാസംഭൂതിമസ്യ വാച്യപ്രയോജനേ ।
ദാനം ദാനസ്യ മാഹാത്മ്യം പാഠാദേശ്ച നിബോധത ॥

| | | | |
|---|---|---|---|
| പുരാണ | പുരാണസംഖ്യാ | ദാനം | ദാനത്തിനേയും |
| സംഖ്യാ | സംഗ്രഹത്തേയും | ദാനസ്യ | ദാനത്തിന്റേയും |
| സംഭൂതി | | പാഠാദേഃ ച | പാരായണം മുതലായവയുടേയും |
| അസ്യ | ഈ ഭാഗവതത്തിന്റെ | | |
| വാച്യപ്രയോ | വിഷയത്തേയും | മാഹാത്മ്യം | മഹിമയേയും |
| ജനേ | പ്രയോജനത്തേയും | നിബോധ | അറിഞ്ഞുകൊള്ളുക |

4 ബ്രാഹ്മം ദശസഹസ്രാണി പാദ്മം പഞ്ചോനഷഷ്ടി ച ।
ശ്രീ വൈഷ്ണവം ത്രയോവിംശച്ചതുർവ്വിംശതി ശൈവകം ॥

| | | | |
|---|---|---|---|
| ബ്രാഹ്മം | ബ്രഹ്മപുരാണം | ശ്രീവൈഷ്ണവം | ശ്രീ വിഷ്ണുപുരാണം |
| ദശസഹസ്രാണി | പത്തായിരം ഗ്രന്ഥങ്ങൾ | ത്രയോവിംശത് | ഇരുപത്തിമൂന്നായിരം ഗ്രന്ഥങ്ങൾ ഉള്ളതാകുന്നു |
| പാദ്മം ച | പദ്മപുരാണം | ശൈവകം | ശൈവപുരാണം |
| പഞ്ചോനഷഷ്ടി | അമ്പത്തിഅയ്യായിരം ഗ്രന്ഥങ്ങൾ ഉള്ളത് ആകുന്നു | ചതുർവ്വിംശതി | ഇരുപത്തിനാലായിരം ഗ്രന്ഥങ്ങൾ ആകുന്നു |

5 ദശാഷ്ടൌ ശ്രീ ഭാഗവതം നാരദം പഞ്ചവിംശതിഃ ।
മാർക്കണ്ഡം നവ വാഹ്നം ച ദശ പഞ്ച ചതുശ്ശതം ॥

| | | | |
|---|---|---|---|
| ശ്രീ ഭാഗവതം | ശ്രീ ഭാഗവതം | വാഹ്നം | അഗ്നിപുരാണം |
| ദശ അഷ്ടൌ | പതിനെട്ടായിരം ഗ്രന്ഥങ്ങൾ ആകുന്നു | ദശപഞ്ചചതുശ്ശതം | പതിനഞ്ചായിരത്തിനാനൂറ് ഗ്രന്ഥങ്ങൾ ആകുന്നു |
| നാരദം | നാരദപുരാണം | | |
| പഞ്ചവിംശതി | ഇരുപത്തിഅയ്യായിരം ഗ്രന്ഥങ്ങൾ | | |

6 ചതുർദശ ഭവിഷ്യം സ്യാത് തഥാപഞ്ചശതാനി ച ।
ദശാഷ്ടൌ ബ്രഹ്മവൈവർത്തം ലിംഗമേകാദശൈവ തു ॥

| | |
|---|---|
| തഥാ | അപ്രകാരം തന്നെ |
| ഭവിഷ്യം | ഭവിഷ്യത് പുരാണം |
| ചതുർദശപഞ്ച | പതിനാലായിരത്തി |
| ശതാനി ച | അഞ്ഞൂറ് ഗ്രന്ഥങ്ങൾ ആകുന്നു |
| ബ്രഹ്മവൈവർത്തം | ബ്രഹ്മവൈവർത്ത പുരാണം |
| ദശ അഷ്ടൗ | പതിനെട്ടായിരം ഗ്രന്ഥങ്ങൾ |
| ലിംഗം തു | ലിംഗപുരാണവും |
| ഏകാദശ ഏവ | പതിനോരായിരം ഗ്രന്ഥങ്ങൾ തന്നെയാണ് |

7 ചതുർവ്വിംശതി വരാഹമേകാശീതിസഹസ്രകം ।
സ്കാന്ദം ശതം തഥാ ചൈകം വാമനം ദശ കീർത്തിതം ॥

| | |
|---|---|
| വാരാഹം | വാരാഹപുരാണം |
| ചതുർവ്വിംശതി | ഇരുപത്തിനാലായിരം ഗ്രന്ഥങ്ങൾ ഉള്ളതാകുന്നു |
| തഥാ | അതുപോലെ |
| സ്കാന്ദം | സ്കാന്ദപുരാണം |
| ഏകാശീതി സഹസ്രകം ഏകം | എൺപത്തൊന്നായിരത്തി ഒരുനൂറുഗ്രന്ഥങ്ങൾ ആകുന്നു |
| വാമനം | വാമനപുരാണം |
| ദശ | പതിനായിരം ഗ്രന്ഥങ്ങൾ |
| കീർത്തിതം | എന്നുപറയപ്പെട്ടിരിക്കുന്നു |

8 കൗർമ്മം സപ്തദശാഖ്യാതം മാത്സ്യം തത്തു ചതുർദശ ।
ഏകോനവിംശത്സൗപർണ്ണം ബ്രഹ്മാണ്ഡം ദ്വാദശൈവ തു ॥

| | |
|---|---|
| കൗർമ്മം | കൂർമ്മപുരാണം |
| സപ്തദശ | പതിനേഴായിരം ഗ്രന്ഥങ്ങൾ |
| ആഖ്യാതം | എന്നുപറയപ്പെട്ടിട്ടുണ്ട് |
| തത് മാത്സ്യം തു | ആ മത്സ്യപുരാണവും |
| ചതുർദശ | പതിനാലായിരം ഗ്രന്ഥങ്ങൾ |
| സൗപർണ്ണം | ഗരുഡപുരാണം |
| ഏകോന വിംശത് | പത്തൊമ്പതായിരം ഗ്രന്ഥങ്ങൾ ഉള്ളതാകുന്നു |
| ബ്രഹ്മാണ്ഡം തു | ബ്രഹ്മാണ്ഡപുരാണം |
| ദ്വാദശ ഏവ | പന്ത്രണ്ടായിരം ഗ്രന്ഥങ്ങൾ മാത്രം തന്നെയാണ് |

9 ഏവം പുരാണസന്ദോഹശ്ചതുർലക്ഷ ഉദാഹൃതഃ ।
തത്രാഷ്ടാദശസാഹസ്രം ശ്രീ ഭാഗവതമിഷ്യതേ ॥

| | |
|---|---|
| ഏവം | ഇപ്രകാരം |
| പുരാണ | പുരാണങ്ങളുടെ |
| സന്ദോഹഃ | സമൂഹം |
| ചതുർലക്ഷഃ | നാലുലക്ഷം ഗ്രന്ഥങ്ങൾ ഉള്ളതാകുന്നു |
| ഉദാഹൃതഃ | എന്നുപറയപ്പെട്ടിരിക്കുന്നു |
| തത്ര | അവയിൽ |
| ശ്രീ ഭാഗവതം | ശ്രീ ഭാഗവതം |
| അഷ്ടാദശ | പതിനെട്ടായിരം |
| സാഹസ്രം | ഗ്രന്ഥങ്ങൾ ഉള്ളതാകുന്നു |
| ഇഷ്യതേ | എന്ന് കരുതപ്പെടുന്നു |

10 ഇദം ഭഗവതാപൂർവ്വം ബ്രഹ്മണേ നാഭിപങ്കജേ ।
സ്ഥിതായ ഭവഭീതായ കാരുണ്യാത്സംപ്രകാശിതം ॥

| | | | |
|---|---|---|---|
| ഇദം | ഈ ഭാഗവതം | ഭവഭീതായ | സംസാരഭയഭീതനുമായ |
| പൂർവ്വം | മുമ്പ് | ബ്രഹ്മണേ | ബ്രഹ്മദേവന്ന് |
| ഭഗവതാ | ഭഗവാനാൽ | കാരുണ്യാത് | കരുണയാൽ |
| നാഭിപങ്കജേസ്ഥിതായ | നാഭീകമലത്തിൽ ഇരിക്കുന്നവനും | സംപ്രകാശിതം | നല്ലപോലെ വിവരിക്കപ്പെട്ട |

11 ആദിമദ്ധ്യാവസാനേഷു വൈരാഗ്യാഖ്യാന സംയുതം ।
ഹരിലീലാ കഥാ വ്രാതാമൃതാനന്ദിതസത്സുരം ॥

| | | | |
|---|---|---|---|
| ആദിമദ്ധ്യാവസാനേഷു | ആദിയിലും, മദ്ധ്യത്തിലും, അന്ത്യത്തിലും | ഹരിലീലാ | ശ്രീഹരിയുടെ ലീലാ |
| വൈരാഗ്യാഖ്യാനസംയുതം | വൈരാഗ്യോപദേശത്തോടുകൂടിയ | കഥാവ്രാതാനന്ദിത സത്സുരം | കഥകളുടെ സമൂഹത്താൽ ആനന്ദം പ്രാപിപ്പിക്കപ്പെട്ട സാധുക്കളോടും ദേവന്മാരോടും കൂടിയതാകുന്നു. |

12 സർവ്വവേദാന്തസാരം യത് ബ്രഹ്മാത്മൈകത്വലക്ഷണം
വസ്ത്വദ്വിതീയം തന്നിഷ്ഠം കൈവല്യൈകപ്രയോജനം

| | | | |
|---|---|---|---|
| സർവ്വവേദാന്തസാരം | സകലവേദാന്തങ്ങളുടേയും സാരമായത് | യത് വസ്തു | ഏതൊരു വസ്തു ഉണ്ടോ |
| ബ്രഹ്മാത്മൈകത്വലക്ഷണം | ബ്രഹ്മാത്മൈക്യരൂപമായതും | തന്നിഷ്ഠം | അതിനെ വിഷയമായികൊണ്ടതാകുന്നു. |
| അദ്വിതീയം | അദ്വിതീയവുമായ | കൈവല്യൈകപ്രയോജനം | മോക്ഷം ഒന്നിനേ പ്രയോജനമായിട്ടുള്ളതാകുന്നു. |

13 പ്രൌഷ്ഠപദ്യാം പൌർണ്ണമാസ്യാം ഹേമസിംഹസമന്വിതം ।
ദദാതി യോ ഭാഗവതം സ യാതി പരമാം ഗതിം ॥

| | | | |
|---|---|---|---|
| പ്രൌഷ്ഠപദ്യാം പൌർണ്ണമാസ്യാം | ഭാദ്രപദപൌർണ്ണമാസിയിൽ | യഃ ദദാതി | ആര് ദാനമായി നല്കുന്നുവോ |
| ഹേമസിംഹസമന്വിതം | സ്വർണ്ണസിംഹാസനത്തിൽ കയറ്റിവെച്ച | സഃ | അവൻ |
| ഭാഗവതം | ശ്രീഭാഗവതത്തിനെ | പരമാം ഗതിം | ഉത്തമഗതിയെ |
| | | യാതി | പ്രാപിക്കുന്നു |

14 രാജന്തേ താവദന്യാനി പുരാണാനി സതാം ഗണേ ।
യാവന്നദൃശ്യതേ സാക്ഷാദ്ശ്രീമദ്ഭാഗവതം പരം ॥

| | | | |
|---|---|---|---|
| പരം | ഉത്തമമായ | താവത് | അതുവരേതന്നേയാണ് |
| ശ്രീമദ്ഭാഗവതം | ശ്രീമദ്ഭാഗവതം | | |
| സാക്ഷാത് | നേരിൽ | അന്യാനി | വേറെ പുരാണങ്ങൾ |
| യാവത് ന | ഏതുവരെ കാണപ്പെ | പുരാണാനി | |
| ദൃശ്യതേ | ടുന്നില്ലയോ | രാജന്തേ | പ്രകാശിക്കുന്നു. |

15 സർവ്വവേദാന്തസാരം ഹി ശ്രീഭാഗവതമിഷ്യതേ ।
തദ്രസാമൃതതൃപ്തസ്യ നാന്യത്ര സ്യാദ്രതിഃ ക്വചിത് ॥

| | | | |
|---|---|---|---|
| ശ്രീ ഭാഗവതം | ശ്രീ ഭാഗവതം | തദ്രസാമൃത തൃപ്തസ്യ | ആ ഭാഗവത രസമാകുന്ന അമൃതത്താൽ തൃപ്തിലഭിച്ചവന്നു് |
| സർവ്വവേദാന്തസാരം ഹി | സർവ്വവേദാന്തങ്ങളിന്റെയും സാരമല്ലയോ | അന്യത്ര ക്വചിത് | വേറെ ഒന്നിലും |
| ഇഷ്യതേ | ആഗ്രഹിക്കപ്പെടുന്നതു് | രതിഃ ന സ്യാത് | ആഗ്രഹമുണ്ടാകുകയില്ല |

16 നിമ്നഗാനാം യഥാ ഗംഗാ ദേവാനാമച്യുതോ യഥാ ।
വൈഷ്ണവാനാം യഥാ ശംഭുഃ പുരാണാനാമിദം തഥാ ॥

| | | | |
|---|---|---|---|
| നിമ്നഗാനാം | നദികളിൽ | ശംഭുഃ യഥാ | പരമേശ്വരൻ എങ്ങിനെയോ |
| ഗംഗാ യഥാ | ഗംഗാ എങ്ങിനെയോ | പുരാണാനാം | പുരാണങ്ങളിൽ |
| ദേവാനാം | ദേവന്മാരിൽ | ഇദം തഥാ | ഈ ഭാഗവതവും അപ്രകാരം തന്നേയാകുന്നു |
| അച്യുതഃ യഥാ | അച്യുത എങ്ങിനേയോ | | |
| വൈഷ്ണവാനാം | വിഷ്ണുഭക്തന്മാരിൽ | | |

17 ക്ഷേത്രാണാം ചൈവ സർവ്വേഷാം യഥാ കാശീ ഹ്യനുത്തമാ ।
തഥാ പുരാണവ്രാതാനാം ശ്രീമദ്ഭാഗവതം ദ്വിജാഃ ॥

| | | | |
|---|---|---|---|
| ദ്വിജാഃ | ഹേ! ബ്രാഹ്മണർകളേ | യഥാ അനുത്തമാ | എപ്രകാരം ഉത്തമമോ |
| സർവ്വേഷാം ക്ഷേത്രാണാം ച ഏവ | സകല ക്ഷേത്രങ്ങളിലും വെച്ച് | പുരാണവ്രാതാനാം | പുരാണസമൂഹങ്ങളാകളിൽവെച്ച് |
| കാശീ ഹി | കാശീ ഒന്നുതന്നേയാണ് | ശ്രീമദ് ഭാഗവതം | ശ്രീമദ്ഭാഗവതം |
| | | തഥാ | അതുപോലെ ശ്രേഷ്ഠമാകുന്നു |

18 ശ്രീമദ്ഭാഗവതം പുരാണമമലം യദ്വൈഷ്ണവാനാം പ്രിയം
യസ്മിൻ പാരമഹംസ്യമേകമമലം ജ്ഞാനം പരം ഗീയതേ ।
തത്രജ്ഞാനവിരാഗഭക്തി സഹിതം നൈഷ്കർമ്യമാവിഷ്കൃതം
തച്ഛൃണ്വന്വിപഠന്വിചാരണപരോ ഭക്ത്യാവിമുച്യേന്നരഃ ॥

| | |
|---|---|
| ശ്രീമദ് ഭാഗവതം പുരാണം | ശ്രീമദ്ഭാഗവതപുരാണം |
| അമലം | വളരെപരിശുദ്ധമായത് |
| യത് | ഏതൊരു പുരാണം |
| വൈഷ്ണവാനാം | വിഷ്ണുഭക്തന്മാർക്ക് |
| പ്രിയം | പ്രിയമായതോ |
| യസ്മിൻ | ഏതിൽ |
| പാരമഹംസ്യം | പരമഹംസ (സന്യാസി)ന്മാരാൽ പ്രാപ്യം നേടപ്പെടുന്നതും |
| ഏകം | രണ്ടാമത്തേത് (അദ്വിതീയം) ഇല്ലാത്തതും |
| അമലം | അവിദ്യാകൃതത് കാര്യങ്ങളുടെ സംബന്ധമില്ലാത്തതും |
| ജ്ഞാനം | ജ്ഞാനസ്വരൂപവുമായ |
| പരം | പരബ്രഹ്മസ്വരൂപം |
| ഗീയതേ | പാടപ്പെടുന്നുവോ |
| തത്ര | ആ ഭാഗവതത്തിൽ |
| ജ്ഞാനവിരാഗഭക്തിസഹിതം | ജ്ഞാനം, വൈരാഗ്യം, ഭക്തി, ഇവകളോടുകൂടിയ |
| നൈഷ്കർമ്മ്യം ആവിഷ്കൃതം | സർവ്വകർമ്മപരിത്യാഗം എന്നത് |
| തത് | ആ ഭാഗവതത്തിനെ |
| ഭക്ത്യാ | ഭക്തിയോടെ |
| ശൃണ്വൻ | കേൾക്കുന്നവനും |
| വിപഠൻ | പാരായണം ചെയ്യുന്നവനും |
| വിചാരണപരഃ | അർത്ഥവിചാരം ചെയ്യുന്നവനുമായ |
| നരഃ | മനുഷ്യൻ |
| വിമുച്യേത് | മോക്ഷം പ്രാപിക്കുന്നു. |

19 കസ്മൈ യേന വിഭാസിതോഽയമതുലോ ജ്ഞാനപ്രദീപഃ പുരാ
തദ്രൂപേണ ച നാരദായ മുനയേ കൃഷ്ണായ തദ്രൂപിണാ ।
യോഗീന്ദ്രായ തദാത്മനാഽഥ ഭഗവദ്രാതായ കാരുണ്യതഃ
തച്ഛുദ്ധം വിമലം വിശോകമമൃതം സത്യം പരം ധീമഹി ॥

| | |
|---|---|
| യേന | ഏതൊരു ഭഗവാനാൽ |
| പുരാ | കല്പാദിയിൽ |
| കസ്മൈ | ബ്രഹ്മദേവനും |
| തദ്രൂപേണ | ആ ബ്രഹ്മദേവരൂപിയായ ഭഗവാനാൽ |
| നാരദായ മുനയേ | നാരദമുനിക്കു |
| തദ്രൂപിണാ | നാരദരൂപിയായ ഭഗവാനാൽ |
| കൃഷ്ണായ | വ്യാസമുനിക്കും |
| തദാത്മനാ | വ്യാസരൂപിയായ ഭഗവാനാൽ |
| യോഗീന്ദ്രായ | ശ്രീശുകയോഗിക്കു |
| അഥ | അനന്തരം |
| തദാത്മനാ | ശുകരൂപിയായ ഭഗവാനാൽ |
| കാരുണ്യതഃ | കരുണയാൽ |
| ഭഗവദ്രാതായ | പരീക്ഷിത് രാജനും |
| അയം അതുലഃ | ഈ അതുല്യമായ |
| ജ്ഞാനപ്രദീപഃ | ജ്ഞാനദീപം |
| വിഭാസിതഃ | പ്രകാശിപ്പിക്കപ്പെട്ടുവോ |
| തത് | ആ |
| ശുദ്ധം | ശുദ്ധമായതും |
| വിമലം | മായാ സംബന്ധമില്ലാത്തതും |
| വിശോകം | ശോകരഹിതവും |
| അമൃതം | നാശമില്ലാത്തതും |
| സത്യം | സത്യസ്വരൂപവുമായ |
| പരം | പരബ്രഹ്മത്തിനെ |
| ധീമഹി | (ഞങ്ങൾ) ധ്യാനിക്കുന്നു |

ആദ്യം 'സത്യം പരം ധീമഹി' എന്നു് ഉപക്രമം ചെയ്തു് 'സത്യം പരം ധീമഹി' എന്നു് ഗായത്രീയാൽതന്നേ ഉപസംഹാരം ചെയ്തു് ഈഭാഗവതം ഗായത്രീഎന്ന ബ്രഹ്മവിദ്യാ എന്നു പറയുന്നു

20 നമസ്തസ്മൈ ഭഗവതേ വാസുദേവായ സാക്ഷിണേ ।
യ ഇദം കൃപയാ കസ്മൈ വ്യാചചക്ഷേ മുമുക്ഷവേ ॥

| | | | |
|---|---|---|---|
| യഃ | ഏതൊരുവ്യക്തി | തസ്മൈ | ആ |
| ഇദം | ഈ ഭാഗവതത്തേ | ഭഗവതേ | സർവ്വജ്ഞനും |
| മുമുക്ഷവേ | മോക്ഷേച്ഛുവായ | സാക്ഷിണേ | സർവ്വസാക്ഷിയുമായ |
| കസ്മൈ | ബ്രഹ്മദേവനു് | വാസുദേവായ | ശ്രീകൃഷ്ണനു് |
| കൃപയാ | കരുണയാൽ ഉപദേ | നമഃ | നമസ്കാരം |
| ആചചക്ഷേ | ശിച്ചുവോ | | |

21 യോഗീന്ദ്രായ നമസ്തസ്മൈ ശുകായ ബ്രഹ്മരൂപിണേ ।
സംസാരസർപ്പദഷ്ടം യോ വിഷ്ണുരാതമമൂമുചത് ॥

| | | | |
|---|---|---|---|
| യഃ | ആരു് | യോഗീന്ദ്രായ | യോഗികളിൽ ശ്രേഷ്ഠനും |
| സംസാര | സംസാരമാകുന്ന | ബ്രഹ്മരൂപിണേ | ബ്രഹ്മരൂപിയുമായ |
| സർപ്പദഷ്ടം | പാമ്പിനാൽ കൊത്തപ്പെട്ട | തസ്മൈ ശുകായ | ആ ശുകമുനിക്കു് |
| വിഷ്ണുരാതം | പരീക്ഷിത് മഹാരജനെ | നമഃ | നമസ്കാരം |
| അമൂമുചത് | മുക്തനായ് ചെയ്തുവോ | | |

22 ഭവേ ഭവേ യഥാ ഭക്തി പാദയോസ്തവ ജായതേ ।
തഥാ കുരുഷ്വ ദേവേശ നാഥസ്ത്വം നോ യതഃ പ്രഭോ ॥

| | | | |
|---|---|---|---|
| ദേവേശ | ദേവന്മാക്കും ഈശനായ | യഥാ ജായതേ | എങ്ങിനെ ഉണ്ടാകുമോ |
| പ്രഭോ | ഹെ പ്രഭുവെ! | തഥാ കുരുഷ്വ | അപ്രകാരം ചെയ്യരുളേണം |
| ഭവേ ഭവേ | ഒരോ ജന്മത്തിലും | യതഃ | എന്തുകൊണ്ടെന്നാൽ |
| തവപാദയോഃ | താങ്കളുടെ തിരുവടികളിൽ | ത്വം | ഭവാൻ |
| ഭക്തിഃ | ഭക്തി | നഃ നാഥഃ | ഞങ്ങൾക്കനാഥൻ |

23 നാമസങ്കീർത്തനം യസ്യ സർവ്വപാപപ്രണാശനം |
പ്രണാമോ ദുഃഖശമനസ്തം നമാമി ഹരിം പരം ||

| | | | |
|---|---|---|---|
| യസ്യ | ആരുടെ | പ്രണാമഃ | ഏതൊരു വ്യക്തിക്ക് ചെയ്യുന്ന നമസ്കാരം |
| നാമസങ്കീർത്തനം | നാമസങ്കീർത്തനം എന്നത് | ദുഃഖശമനഃ | ദുഃഖങ്ങളെ ശമിപ്പിക്കുവാൻ അർഹമോ |
| സർവ്വപാപപ്രണാശനം | സകലപാപങ്ങളേയും നശിപ്പിക്കുന്നുവോ | തം ഹരിം പരം | ആ ശ്രീഹരി പരമാത്മാവിനെ |
| | | നമാമി | (ഞാൻ) നമസ്കരിക്കുന്നു |

ഇതി ശ്രീമദ്ഭാഗവതം മഹാപുരാണം ദ്വാദശസ്കന്ധം
ത്രയോദശോഽദ്ധ്യായം സമാപ്തം ''13''

ആദിതഃ ശ്ലോകാഃ 14099 ദ്വാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 566

---

ത്വദീയം വസ്തുഗോവിന്ദ തുഭ്യമേവ സമർപ്പയേ |
തേന ത്വത്പാദകമലേ രതിർമേഽസ്തു അനപായിനീ ||

ശ്രീകൃഷ്ണായ നമോഽസ്തു
''ഓം തത് സത്''
''ബ്രഹ്മാർപ്പണമസ്തു''